
വാല്യം 5

തിരുവനന്തപുരം റൂറൽ ബ്ലോക്ക്

(തിരുവനന്തപുരം ജില്ല)

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി


അധികാരം ജനങ്ങളിൽ



വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് - 1996



ഒരു ദശാബ്ദത്തിലേറെയായി നമ്മുടെ പഞ്ചായത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് പ്രചോദനവും എല്ലാവിധ സഹായങ്ങളും ചെയ്തുതരുന്ന പ്രിയങ്കരനായ എം.എൽ.എ. ആദരണീയനായ കേരള നിയമസഭാ സ്പീക്കർ **ശ്രീ. എം. വിജയകുമാർ** അവർകളെ നന്ദിപൂർവ്വം സ്മരിക്കുന്നു.



ഉപദേശക സമിതി

എസ്. അനിരുദ്ധൻ (ചെയർമാൻ)
(പ്രസിഡൻറ്, വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്)

റ്റി. ഗണേശൻ പിള്ള
ജി. തങ്കപ്പൻ നായർ
മംഗലത്ത് പത്മനാഭൻ
ഡോ. കടവിൽ ചന്ദ്രൻ

എഡിറ്റർ
കെ.സി ലീലാംബിക
സെക്രട്ടറി

ടി. വേണുകുമാർ
കീ. റിസോഴ്സ് പെഴ്സൺ

D.R.P മാർ

കെ. പത്മനാഭൻ
പി.ജെ. ജയരാജ്
ബി. സതീഷ്കുമാർ
സി. ഹരീഷ് കുമാർ
എൻ.എസ് ഹരികുമാർ

ഉള്ളടക്കം

I. ആമുഖം
   1. പഞ്ചായത്ത് മാപ്പ്,
   2. നിലവിലുള്ള ഭരണ സമിതി.
II. സാമൂഹ്യ സാംസ്കാരിക ചരിത്രം
III. 1. ഭരണ ചരിത്രം,
   2. മുൻ ഭരണ കർത്താക്കൾ
IV. ഭൂപ്രകൃതി
V. വികസന റിപ്പോർട്ട്
   1. കൃഷിയും ജലസേചനവും
   2. മൃഗപരിപാലനം, മത്സ്യബന്ധനം
   3. വിദ്യാഭ്യാസം
   4. കുടിവെള്ളവും പൊതുജനാരോഗ്യവും
   5. വ്യവസായം
   6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   7. പാർപ്പിടവും സാമൂഹ്യക്ഷേമവും
   8. സംസ്കാരം
   9. വനിതാക്ഷേമം
   10. സഹകരണ മേഖല
   11. പട്ടിക ജാതി - പട്ടികവർഗ്ഗ ക്ഷേമം
   12. വിഭവ സമാഹരണം
VI. ഉപസംഹാരം

സഹായികൾ : - വി.എസ് ലാലി, കൃഷി ഓഫീസർ, ആർ. സുനിൽ കുമാർ (വെറ്റിനറി സർജൻ),
അബ്ദുൾ റഷീദ് (HM), പി. ശിവശങ്കരൻ നായർ, ഭാസ്കരപിള്ള (HM). നെട്ടയം മധു,
എസ്. വേണുകുമാരൻ നായർ, ചിന്മയൻ നായർ

ആമുഖം

സ്വതന്ത്ര ഭാരതത്തിന്റെ അമ്പതാം വാർഷിം ആഘോഷിക്കുന്നതിന് തയ്യാറെടുക്കുന്ന ഈ വേളയിൽ അദ്ധ്യാനിക്കുന്നവന് അധികാരത്തിൽ പങ്കാളിത്തം എന്ന മഹാശയം ജനകീയാസൂത്രണത്തിലൂടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരു ഉണർത്തുപാട്ടായ് നമ്മുടെ ഗ്രാമ-നഗര ഹൃദയങ്ങളെ കുളിരണിയിച്ചു. ഒപ്പം രാഷ്ട്രപിതാവായ മഹാത്മജിയുടെ 'ഗ്രാമസ്വരാജ്' എന്ന സങ്കല്പത്തിന് പൊന്തൂവലേകി. കേരള സംസ്ഥാനം രൂപം കൊണ്ടതിന് ശേഷം യാഥാർത്ഥ്യമാകാൻ പോകുന്ന വികസന രാഷ്ട്രീയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

അടിമത്വം, ഉച്ചനീചത്വം, ബ്രിട്ടീഷ് ആധിപത്യം എന്നിവയിൽ നിന്ന് മോചനം നേടിയ ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ, വട്ടിയൂർക്കാവ് സമ്മേളനവും പ്രാധാന്യമർഹിക്കുന്നു.

9-ാം പദ്ധതിയുടെ സമീപന രേഖ കേരളത്തിലെ ഓരോ ഗ്രാമങ്ങളും നേരിടുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നവയാണ്. അധികാര വികേന്ദ്രീകരണത്തിന്റേയും ജനപങ്കാളിത്തത്തിന്റേയും ലക്ഷ്യബോധം സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്നിവ നമ്മുടെ ഗ്രാമങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കും. വികസന രംഗത്ത് ഇതുവരെ നാം നേടിയിട്ടുള്ള നേട്ടങ്ങൾ, ഭൂപരിഷ്കരണ നടപടി, ആരോഗ്യപരിപാലനം, വിദ്യാഭ്യാസ നയം പാർപ്പിട പദ്ധതി, സാക്ഷരത, തൊഴിലാളി ക്ഷേമപദ്ധതികൾ എന്നിവ ലോകത്തിന് തന്നെ മാതൃകയാണ്.

ഓരോ ഗ്രാമവും ഓരോ ചെറു സമൂഹവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഒരേ പ്രശ്നത്തിന് രണ്ട് ഗ്രാമങ്ങളിൽ ഒരേ പരിഹാര മാർഗ്ഗം പ്രായോഗികമല്ല. ഇവിടെയാണ് വികേന്ദ്രീകരണത്തിന്റേയും, ജനപങ്കാളിത്തത്തിന്റേയും പ്രാധാന്യം, സ്വയം പര്യാപ്തത ഗ്രാമങ്ങളുടെ ലക്ഷ്യത്തിനായി സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

1994-ൽ കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമത്തിൽ പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണത്തിൽ ജനകീയ സഭകൾക്ക് ഫലപ്രദമായ അധികാരങ്ങൾ നല്കിയിട്ടുണ്ട്. ഇതിന്റെ അനന്തരനടപടിയായി 1996 ജൂലായ് 14-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ആസൂത്രണ ബോർഡ് യോഗം ''9-ാം പദ്ധതി ജനകീയ പദ്ധതി', വികേന്ദ്രീകരണവും ജനപങ്കാളിത്തവും - ബഹുജനപ്രസ്ഥാനം' എന്ന പരിപാടിക്ക് രൂപം നല്കി. തുടർന്ന് ആഗസ്റ്റ് 17 (ചിങ്ങം 1-ന്) അധികാരം ജനങ്ങളിലേക്ക് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

വികസനരംഗത്തെ ഈ 'കേരള മോഡൽ അന്താർഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റി. നാളിതുവരെ നടന്ന വികസന പരിപാടികൾ ഉദ്ദേശിച്ച ഫലപ്രാപ്തി നേടിയെടുക്കാൻ സാധിച്ചില്ല. അതിനാലാണ് വികസന പ്രവർത്തനങ്ങൾ അടിത്തട്ടിൽ നിന്ന് തുടങ്ങുവാനും ജനകീയാസൂത്രണപദ്ധതി ആവിഷ്കരിക്കുവാനും തീരുമാനിച്ചത്. പ്രാരംഭ നടപടിയായി 'ഗ്രാമസഭ'കളുടെ യോഗം ചേരുകയും ജനങ്ങളുടെ ആവശ്യങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

വട്ടിയൂർക്കാവ് പഞ്ചായത്തിൽ 1996 സെപ്തംബർ മാസം 11-ാം തീയതി കൂടിയ ഭരണസമിതിയോഗം ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുവാൻ തീരുമാനിച്ചു. ആദ്യമായി പ്രാദേശിക പരിശീലകരുടെ യോഗം 17-ാം തീയതി നടന്നു. 19-ാം തീയതി തുടങ്ങിയ ഗ്രാമസഭകൾ തുടർച്ചയായി നടക്കുകയും 29-ാം തീയതിയോടെ പൂർത്തിയാകുകയും ചെയ്തു.

പ്രവൃത്തി ദിവസങ്ങളിലാണ് ഗ്രാമസഭകൾ കൂടുതലും നടന്നെങ്കിലും വളരെ സജീവവും, ആശാവഹങ്ങളായ നിർദ്ദേശങ്ങളും ഉണ്ടായി. രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തല ശില്പശാല നവംബർ 13-ന് നടന്നു. 103 പേർ പങ്കെടുത്തതിൽ 21 പേർ ഉദ്യോഗസ്ഥന്മാർ പങ്കെടുത്തു. രണ്ടാംഘട്ട പ്രവർത്തനത്തിൽ ഉദ്യോഗസ്ഥ പങ്കാളിത്തം ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാരിന്റെ നിർദ്ദേശങ്ങളനുസരിച്ച് യഥാസമയത്ത് ജനകീയാസൂത്രണ പരിപാടികൾ നടപ്പിലാക്കുവാൻ കഴിഞ്ഞു. ദ്വിതീയ സ്ഥിതിവിവരശേഖരണം, പഠന പര്യടനം, ചരിത്രപഠനം, ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം എന്നിവ സമയബന്ധിതമായി തന്നെ പൂർത്തീകരിച്ചു.

9-ാം പദ്ധതിയിലേക്കുള്ള വികസന റിപ്പോർട്ടിൽ ഓരോ മേഖലയെപ്പറ്റിയും സവിസ്തരം പ്രതിപാദനം നടത്തിയിട്ടുണ്ടെങ്കിലും വരുന്ന 5 വർഷത്തിനകം വിവിധ മേഖലയിൽ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഒരു സംയോജിത മാസ്റ്റർപ്ലാൻ പഞ്ചായത്ത് സമിതി വിശദമായി ചർച്ചചെയ്ത് 26-10-96-ന് തിരുവനന്തപുരം മെട്രോ പൊളിറ്റൻ കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്.

ഗ്രാമസഭകൾ

തീയതി	വാർഡ്	സ്ത്രീകൾ	പുരുഷന്മാർ	ആകെ
19-9-96	III-മണികണ്ഠേശ്വരം	75	101	176
20-9-96	തുരുത്തുംമൂല	26	62	88
21-9-96	മണലയം	58	85	143
22-9-96	കാച്ചാണി	13	103	116
22-9-96	വേറ്റിക്കോണം	37	191	228
23-9-96	പിടയാന്നൂർ	37	105	142
24-9-96	കുലശേഖരം	94	98	192
25-9-96	തിട്ടമംഗലം	32	73	105
26-9-96	കൊടുങ്ങാനൂർ	126	134	260
27-9-96	മഠത്ത്വിളാകം	43	87	130
28-8-96	വെള്ളെക്കടവ്	34	109	143
29-9-96	നെട്ടയം	5	102	107
29-9-96	വാഴോട്ടുകോണം	29	122	151

മെട്രോ പൊളിറ്റൻ കൗൺസിലിന് നൽകിയ സ്കീം പ്രൊപ്പോസൽ : മാതൃക

	ഉദ്ദേശം	വാർഡ്/സ്ഥലം	അടങ്കൽതുക
1.	**ശുദ്ധജല വിതരണം**		
	എ. ചെപ്പള്ളി - ഒഴുക്കുപാറ വാട്ടർ ഷെഡ്	മണലയം	10 ലക്ഷം
	ബി. കല്ല്മലസ്കീം വിപുലീകരിച്ചുള്ള പമ്പിംഗ്	വാഴോട്ടുകോണം-വെണ്മണലികുളം	8 ലക്ഷം
	സി. മുള്ളൻചാണി	കുലശേഖരം-മുടിയാൻകോട് കുളം	20 ലക്ഷം
	ഡി. കാവടിത്തലയ്ക്കൽ	വേറ്റിക്കോണം - കിള്ളിയാറ്റിന് സമീപം പമ്പ്ഹൗസ് സ്ഥാപിക്കുക.	
	ഇ. നിലവിലുള്ള മാറ്റി വികാസം കൂടിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന്		30 ലക്ഷം
	എഫ്. പൈപ്പ് നീട്ടൽ		18 ലക്ഷം
	ജി. മലമുകളിൽ നിലവിലുള്ളവ കൂടാതെ പമ്പിംഗ് ലൈനുകളുടെ നീളംകൂടിയ ചെപ്പള്ളി-മുള്ളൻചാണി പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുവാനുള്ള പരിപാടി (നിലവിലുള്ള ടാങ്ക് വ്യാസം കൂട്ടുക, പുതിയ പമ്പ് സ്ഥാപിക്കുക)		50 ലക്ഷം
2.	**വഴിവിളക്കുകൾ**	പുതിയതായി 500 ഫിറ്റിംഗ്സ്	7.5 ലക്ഷം
3.	**ഡ്രെയിനേജ്**	ഓടകൾ നിർമ്മിക്കുവാനും മലനജലം ഒഴുക്കി വിടാനുമുള്ള ക്രമീകരണം	25 ലക്ഷം
4.	**സ്കൂളുകൾ**	കെട്ടിടനിർമ്മാണം, ലാബ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ	35 ലക്ഷം

5.	ആശുപത്രി	ആയുർവേദം, അലോപ്പതി, ഹോമിയോപ്പതി കെട്ടിട നിർമ്മാണം	40 ലക്ഷം
		പ്രാഥമിക ചിലവുകൾ	15 ലക്ഷം
6.	പാർപ്പിടം (ഭവനരഹിതർക്ക്) 1000 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന്		1.5 കോടി 5 കോടി
7.	റോഡുകൾ	പുതിയതായി നിർമ്മിക്കുന്നതിനും പഴയവ അറ്റകുറ്റപ്പണി നടത്തുന്നതിനും	10 കോടി
8.	വിനോദസഞ്ചാരവികസനം	അരുവിക്കോണം വട്ടം ടൂറിസ്റ്റ് വികസനം വെയിറ്റിംഗ് ഷെഡുകൾ	2 കോടി
9.	വ്യവസായം	പേരൂർക്കട അടുപ്പ് കൂട്ടാമ്പാറ പ്രദേശത്തെ സർക്കാവക റവന്യൂ ഭൂമിയിൽ മിനി ഇൻഡ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കൽ പ്രാഥമിക വികസനം	4 ലക്ഷം
		അടങ്കൽ തുക	5 കോടി
10.	സാസ്കാരിക രംഗം	സാംസ്കാരിക കേന്ദ്രം, കമ്മ്യൂണിറ്റി ഹാൾ, പാർക്ക്, റീഡിംഗ് റും, ലൈബ്രറി എന്നിവ സ്ഥാപിക്കൽ	50 ലക്ഷം
അധീഷണൽ		1. മഠത്ത്വിളാകം-പേരൂർക്കട-നെട്ടയം റോഡ് വികസനം	50 ലക്ഷം
		2. കുലശേഖരം-കോവിൽകടവ്-പേയാട് പാലം നിർമ്മാണം (വട്ടിയൂർക്കാവ്, വിളപ്പിൽ പഞ്ചായത്ത് അതിർത്തിക്കുള്ളിൽപ്പെടുന്നത്)	1 കോടി
		3. പൊതു സ്മശാനം	50 ലക്ഷ



ഗ്രാമസഭ - ഉദ്ഘാടനം



ഗ്രാമസഭ



ഗ്രാമസഭ

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

സ്ഥലനാമം :

വട്ടിയൂർക്കാവ് എന്ന സ്ഥലനാമത്തിന് ഒരു ചരിത്രമുണ്ട്. പണ്ട് കാലത്ത് നെടുമങ്ങാട്ടും പ്രാന്ത പ്രദേശങ്ങളിൽ നിന്നും ചെറുകച്ചവടക്കാർ ചാല കമ്പോളത്തിലേക്ക് തലചുമടായും കാള വണ്ടിയിലും കാർഷിക കോൽപ്പന്നങ്ങൾ കൊണ്ടുവന്നിരുന്നത് ഈ സ്ഥലത്ത് കൂടിയായിരുന്നു. രാജവീഥിയിലേക്ക് കടക്കുന്നതിനു മുമ്പ് പേരൂർക്കട-കവടിയാർ റോഡിൽ (ടോൾ ജംഗ്ഷനിൽ) ടോൾ-അഥവാ നികുതി ഏർപ്പെടുത്തിയിരുന്നു. അതിനാൽ കച്ചവടക്കാരും കാളവണ്ടിക്കാരും വട്ടിയൂർക്കാവിലൂടെയുള്ള വഴി തെരഞ്ഞെടുത്തിരുന്നു.

ഇപ്പോൾ വില്ലേജ് ഓഫീസ് പോലീസ്, സ്റ്റേഷൻ എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പണ്ട് കാവും - കുളവും ആയിരുന്നു. പ്രസ്തുത സ്ഥലത്ത് സത്രവും ചുറ്റുമുള്ള താങ്ങി കാളതൊട്ടിയും ഉണ്ടായിരുന്നു. 'വട്ടി'(കുട്ട) ഇറക്കിവയ്ക്കുന്ന കാവിന് പിന്നീട് ''വട്ടിയൂർക്കാവ്'' എന്ന് പേരായി.

കരമനയാറ്, കിള്ളിയാറ്, എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രകൃതി രമണീയത നിറഞ്ഞ പഞ്ചായത്താണ് വട്ടിയൂർക്കാവ്. നഗര സമീപത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ഒരു ഗ്രാമത്തിന്റെ എല്ലാ സവിശേഷതയും ഇവിടെ കാണാം. വയലോലകളും അവയോടു ചേർന്നു കിടക്കുന്നതെങ്ങിൻതോപ്പുകളും ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. കുന്നുകളും കീഴ്ക്കാം തൂക്കായ മലഞ്ചരുവുകളും, താഴ്വരകളും, പാറക്കെട്ടുകളും,കൈത്തോടുകളും ഈ പഞ്ചായത്തിന്റെ പ്രകൃതി സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.

ഇവിടെ ജനകോടികൾ ചാർത്തുന്നു നിങ്ങളിൽ
സമരപുളകങ്ങൾ തൻ സിന്ധൂര മാലകൾ!!



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉജ്ജ്വല സ്മരണകളുണർത്തുന്ന വട്ടിയൂർക്കാവ് സമ്മേളന ശിലാഫലകം

ഇൻഡ്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിൽ വട്ടിയൂർക്കാവ് സുപ്രധാനമായ പങ്ക് വഹിച്ചിരിക്കുന്നു. ''സ്വാതന്ത്ര്യം ജന്മാവാശമാണ് അത് നേടിയേ അടങ്ങൂ'' എന്ന മുദ്രാവാക്യവുമായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് തങ്ങളുടെ സമരപരിപാടിയുമായി മുന്നോട്ട് നീങ്ങി. എന്നാൽ ഈ സമരങ്ങളെല്ലാം അടിച്ചമർത്തിക്കൊണ്ട് തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ കോൺഗ്രസ് പാർട്ടിയെ നിരോധിക്കുകയും സമരഭടന്മാരെ ജയിലിലടക്കുകയും ചെയ്തു.

1938 ആഗസ്റ്റ് മൂന്നാം തീയതി പൊതു സ്ഥലങ്ങളിലും വ്യക്തികളുടെ വസ്തുക്കളിലും കൂട്ടുംകൂടുന്നതും സമരപ്രചരണയോഗങ്ങൾ നടത്തുന്നതും നിരോധിച്ചുകൊണ്ട് സർക്കാർ വിളംബരം പുറപ്പെടുവിച്ചു.

അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന ശ്രീ പട്ടം. എ. താണുപിള്ളയുടെ അടുത്ത പരിചയക്കാരനായിരുന്നു രണ്ടാമട പകുതിയിലെ അധികാരിയായിരുന്നു വട്ടിയൂർക്കാവ് വലിയവീട്ടിൽ ശ്രീ. എം. കൃഷ്ണപിള്ള (1879-1955). കച്ചേരിക്കു മുൻവശമുള്ള തൻെറ കുടുംബവക 31 ഏക്കർ സ്ഥലം (പഴയ മരിച്ചിനി വിള) ദിവാൻ സർ സി.പി. യുടെ നിരോധനാജ്ഞയെ വെല്ലുവിളിച്ചുകൊണ്ട് ഉത്തരവാദിത്ത ഭരണം നേടിയെടുക്കുന്നതിനുള്ള തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് വാർഷിക സമ്മേളനത്തിന് വിട്ടുകൊടുക്കുകയും സമ്മേളന പന്തൽ കെട്ടാനുള്ള സാമ്പത്തിക സഹായം കൊടുക്കുകയും ചെയ്തു. ഇതറിഞ്ഞ സർ. സി.പി. യുടെ ഗുണ്ടകളും പോലീസും വട്ടിയൂർക്കാവ് പ്രദേശത്ത് ഭീഷണിയും, മർദ്ദനമുറകളും ആരംഭിച്ചു. ശ്രീ. കൃഷ്ണപിള്ള മലബാറിലെ ഒറ്റുപാലം ഒളിസങ്കേതത്തിൽ അഭയം പ്രാപിച്ചു.

തിരുവിതാകൂർ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം സർക്കാരിൻെറ നിരോധനാജ്ഞയെ ലംഘിച്ച് 1938 ഡിസംബർ 22 -ാം തീയതി വൈകുന്നേരം 4 മണിക്ക് വട്ടിയൂർക്കാവ് മൈതാനത്ത് നടത്തുന്നതിനു തീരുമാനിച്ചു. (ഇന്നത്തെ എൻ.എസ്സ്.എസ്സ് കരയോഗമന്ദിര സ്ഥലം, ചിത്രനഗർ വി.എസ്സ്.എസ്സ്.സി ഫൈബർ പ്ലാൻറ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം). ഇതിനും ആഴ്ചകൾക്ക് മുമ്പുതന്നെ സമ്മേളനത്തിൻെറ ആലോചനയോഗം കുലശേഖരം ജംഗ്ഷനിൽ വച്ച് കൂടിയിരുന്നു. അനേകം പ്രധാന വ്യക്തികൾ പങ്കെടുത്തിരുന്നു. ഡിസംബർ 21-ാം തീയതി രാത്രി നാനാഭാഗത്തുനിന്നും സമ്മേളനസ്ഥലത്തേക്ക് ചെറിയ കൂട്ടങ്ങളായി ഓരോ നേതാക്കന്മാരുടെ പിന്നിൽ പ്രച്ഛന്നവേഷത്തിൽ പോലീസിൻെറ കണ്ണിൽ പെടാതെ വലിയവീട് കാവിലും, പരിസരപ്രദേശത്തും എത്തിച്ചേർന്നു. ഡിസംബർ 21-ാം തീയതി രാത്രി സമ്മേളന പന്തൽ സി.പി. യുടെ ഗുണ്ടകൾ നശിപ്പിച്ചു കളഞ്ഞു. ഡിസംബർ 22-ാം തീയതി പ്രഭാതം പൊട്ടി വിടർന്നപ്പോൾ വട്ടിയൂർക്കാവ് കണികണ്ടത് സി.പി. യുടെ പോലീസിനെയും കുതിരപട്ടാളത്തേയുമായിരുന്നു. സമ്മേളനപരിസരം പോലീസും പട്ടാളവും വളഞ്ഞു. കമണ്ടൻറ് വാട്സ്കി, ജില്ലാ മജിസ്ട്രേറ്റ് പരമേശ്വരപണിക്കർ പോലീസ് കമ്മിഷണർ അബ്ദുൽ കരിം എന്നിവർ പോലീസിന് നേതൃത്വം നൽകി.

സമ്മേളനത്തിൻെറ അദ്ധ്യക്ഷനായി നിശ്ചയിച്ചിരുന്ന ശ്രീ. നാരായണപിള്ളയെ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ വച്ച് അറസ്റ്റു ചെയ്തു. എന്നാൽ സമ്മേളനമൈതാനം ശൂന്യമായതിനാൽ പോലീസ് തിരികെ പോയി. ഈ അവസരത്തിൽ വൈകുന്നേരം ആറ് മണിയോടുകൂടി വോളൻറിയർ ക്യാപ്റ്റൻ ശ്രീ. ജി. ചന്ദ്രശേഖര പിള്ളയുടെ നേതൃത്വത്തിൽ സമരഭടന്മാർ സമ്മേളനമൈതാനത്തേക്ക് നുഴഞ്ഞുകയറുകയും ശ്രീ. കുഞ്ഞൻ നാടാരുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തുകയും പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. സമ്മേളനം നടക്കുന്നതറിഞ്ഞ് പോലീസും, കുതിരപട്ടാളവും സമ്മേളനസ്ഥലം വളഞ്ഞു. വിവരമറിഞ്ഞ ആയിരക്കണക്കിനു നാട്ടുകാരും സ്വാതന്ത്ര്യ സമര ഭടന്മാരുടെ പോലീസിൻെറ വലയത്തിനു പുറത്ത് മനുഷ്യമതിൽ സൃഷ്ടിച്ച് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കി. സമ്മേളനം സമാധാനപരമായി പര്യവസാനിച്ചു. വൈസ്രോയിയുടെ തിരുവിതാംകൂർ സന്ദർശനസമയത്താണ് ഈ സമ്മേളനം നടന്നത്. അതിനാൽ ഇത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. ശ്രീ. ജി. ഭാസ്കരൻ നായർ, ശ്രീ. കുഞ്ഞുകൃഷ്ണ പിള്ള, ശ്രീ. വേലുക്കുട്ടി, മേസ്തരി, ശ്രീ. ഗുമസ്തൻ, എസ്. ദാമോദരൻപിള്ള, കമ്യൂണിസ്റ്റ് കുട്ടൻപിള്ള എന്നിവർ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വ്യക്തികളാണ്. ഇവരുടെ സംഭാവനകൾ ഞങ്ങൾ ഈ അവസരത്തിൽ നന്ദിപുരസ്സരം സ്മരിക്കുന്നു.

അധികാരി കൃഷ്ണപിള്ള

വട്ടിയൂർക്കാവിലെ പുരാതനമായ വലിയവീട് തറവാട്ടിൽ 1879 ആഗസ്റ്റ് മാസം 24-ാം തീയതി ശ്രീ. എം. കൃഷ്ണപിള്ള ജനിച്ചു. വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം രണ്ടാംമട പകുതിയിൽ (വില്ലേജ് ആഫീസ്) പാർവ്വത്യയാർ ആയി സർക്കാർ ജോലിയിൽ പ്രവേശിച്ചു. 1935 കാലഘട്ടത്തിൽ അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന ശ്രീ പട്ടം താണുപിള്ളയുമായുള്ള അടുത്ത സുഹൃത്ത് ബന്ധം കൃഷ്ണപിള്ളയെ സ്വാതന്ത്ര്യ സമരത്തിലേക്ക് ആകർഷിച്ചു.

നിരോധിക്കപ്പെട്ട കോൺഗ്രസ്സിന് വാർഷിക സമ്മേളനം നടത്തുന്നതിനു വേണ്ടി തൻെറ കുടുംബ സ്വത്ത് ആയ 31 ഏക്കർ സ്ഥലം വിട്ടുകൊടുക്കുകയും സമ്മേളനപന്തൽ കെട്ടാനുള്ള സാമ്പത്തിക സഹായവും ചെയ്തു. സർ സി.പി. യുടെ വിരോധത്തിനു പാത്രമായ ശ്രീ. കൃഷ്ണപിള്ള ഒറ്റപ്പാലത്തുള്ള ഒളിസങ്കേതത്തിൽ അഭയം പ്രാപിച്ചു. സി.പി.യുടെ കാലശേഷമാണ് അദ്ദേഹം തിരികെ സ്വദേശത്ത് വന്നത്. 1595 ജൂലായ് 18-ാം തീയതി അദ്ദേഹം സ്വവസതിയായ ലക്ഷമീവിലാസത്തിൽ വച്ച് നിര്യാതനായി.

വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്ത്

പൊതുവിവരണം

പേര്	വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്
ജില്ലാ പഞ്ചായത്ത്	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
ജില്ലാ ഡിവിഷൻ	വട്ടിയൂർക്കാവ്
ലോകസഭാ മണ്ഡലം	തിരുവനന്തപുരം
നിയോജകമണ്ഡലം	തിരുവനന്തപുരം നോർത്ത്
ബ്ലോക്ക്	തിരുവനന്തപുരം റൂറൽ ബ്ലോക്ക്
താലൂക്ക്	തിരുവനന്തപുരം
വിസ്തീർണ്ണം	10.61 ച. കി. മീറ്റർ

അതിർത്തികൾ

വടക്ക്	വഴയില പള്ളിത്തറ ക്രൈസ്റ്റ് നഗർ ജംഗ്ഷൻ മുതൽ കരകുളം പഞ്ചായത്ത് മുക്കോല കാച്ചാണി, അരുവിക്കര പഞ്ചായത്ത് മുട്ടത്തറവു കരമനയാറ്.
കിഴക്ക്	കരമന ആറ് മുട്ടത്തറവു മുതൽ കുണ്ടമൺകടവുവരെ
തെക്ക്	കുണ്ടമൺ കടവ് തട്ടാരശ്ശേരി കടവു മുതൽ തിരുവനന്തപുരം കോർപ്പറേഷൻ
പടിഞ്ഞാറ്	തിരുവനന്തപുരം കോർപ്പറേഷൻ പേരൂർക്കട എ.കെ.ജി നഗർ റോഡ്, കുന്നിൻപുറം വരെ (വഴയില)

		പുരുഷന്മാർ	*സ്ത്രീകൾ*
ആകെ ജനസംഖ്യ	33653	16839	17014
സാക്ഷരത നിരക്ക്		92 %	87%
ശരാശരി	89%		
പട്ടികജാതി		1962	2080
ആകെ വീടുകളുടെ എണ്ണം	9872		
ലോകസഭാ അംഗം	ശ്രീ. കെ.വി. സുരേന്ദ്രനാഥ്		
നിയമസഭാസാമാജികൻ	ശ്രീ. എം. വിജയകുമാർ		
ജില്ലാ പഞ്ചായത്ത് അംഗം	ശ്രീ. അഡ്വ. കെ. മോഹൻകുമാർ		
ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ			
നെട്ടയം ഡിവിഷൻ	ശ്രീ. പേരൂർക്കട ശ്രീകുമാർ		
കൊടുങ്ങാനൂർ ഡിവിഷൻ	ശ്രീ. ജെ. അരവിന്ദൻ		

ഭരണചരിത്രം

എ. ഭരണംചരിത്രം

ഇൻഡ്യ സ്വാതന്ത്ര്യമായതിനുശേഷം തിരുവിതാംകൂർ കൊച്ചി എന്ന ചെറിയ സംസ്ഥാനത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നത് 1953 ജൂലൈ മാസത്തിലാണ്. ഇന്നത്തെ വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്ത്. രണ്ടു വില്ലേജിലെ ഭാഗങ്ങൾ ചേർന്ന പ്രദേശം ഉൾപ്പെട്ടതാണ് 1953-ലെ വട്ടിയൂർക്കാവ് പഞ്ചായത്ത് അഞ്ചാമട വില്ലേജിലെ സ്ഥലങ്ങൾ മാത്രം ഉള്ളതും രണ്ടാമട പഞ്ചായത്ത് രണ്ടാമട (ഇപ്പോഴത്തെ പേരൂർക്കട) വില്ലേജിലെ പ്രദേശം മാത്രം ഉൾപ്പെട്ടതുമാണ് 1961-ൽ തിരുവനന്തപുരം കോർപ്പറേഷൻ വിപുലീകരിച്ചപ്പോൾ ഈ രണ്ടു പഞ്ചായത്തുകൾ ഉൾപ്പെടെ നിരവധി സമീപ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടി ചേർത്ത് കോർപ്പറേഷൻ വിപുലീകരിച്ചു.

ബി. മുൻഭരണകർത്താക്കൾ

വട്ടിയൂർക്കാവ് പഞ്ചായത്ത്



എൻ. കൃഷ്ണപിള്ള
1953 Aug. 15 മുതൽ പ്രസിഡന്റ്

ആദ്യമായി പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നത് 1953 ജൂലൈ മാസത്തിലാണ് ശ്രീ എൻ. കൃഷ്ണപിള്ള പ്രസിഡന്റും ശ്രീ. എം. പരമേശ്വരൻ പിള്ള വൈസ് പ്രസിഡന്റുമായ ഏഴ് അംഗ പഞ്ചായത്തു സമിതി അധികാരത്തിൽ വന്നു. കൊടുങ്ങാനൂർ വാർഡ് അംഗം ഏതാനും മാസങ്ങൾ കഴിഞ്ഞ് തൽസ്ഥാനം രാജിവച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ വി. പരമേശ്വരൻ നായർ വിജയിച്ചു.

അതിരുകൾ

വടക്ക്	ഊളൻപാറ എസ്.എ.പി. ക്യമ്പിന് കിഴക്കുവശം മുതൽ രണ്ടാംമട വില്ലേജിന് തെക്കുവശം അരുവിക്കോണം വരെ
കിഴക്ക്	കരമനയാറ് അരുവിക്കോണം മുതൽ കുണ്ടമൺകടവു വരെ
തെക്ക്	കുണ്ടമൺ കടവ് വലിയവിള
പടിഞ്ഞാറ്	മരുതൻകുഴി കാടുവെട്ടി അണ

പഞ്ചായത്തു സമിതിയുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു. വട്ടിയൂർക്കാവ് ശാസ്താ ക്ഷേത്രത്തിന് എതിർവശമുള്ള പറയ്ക്കോട്ടുകോണം കൊച്ചുകൃഷ്ണപിള്ളയുടെ വസതിയിലാണ് പഞ്ചായത്താഫീസ് പ്രവർത്തിച്ചുവന്നത്.

പട്ടിക എ.

വാർഡിന്റെ പേര്	അംഗത്തിന്റെ പേര്
ചിറ്റാറ്റിൻകര	ശ്രീ. വേലുകുട്ടി
ദയാംഗം	ശ്രീ. രാഘവൻ
വട്ടിയൂർക്കാവ്	ശ്രീ. എം. പരമേശ്വരൻ പിള്ള വൈസ് പ്രസിഡന്റ്
കരിമൺകുളം	ശ്രീ. എൻ. കൃഷ്ണപിള്ള, പ്രസിഡന്റ്
കൊടുങ്ങാനൂർ	എസ്. നാരായണപിള്ള
കുലശേഖരം	എസ്. ദാമോദരൻ പിള്ള
വെള്ളൈക്കടവ്	ആർ. ദാമോദരൻ നാടാർ

രണ്ടാംമട പഞ്ചായത്ത്



കെ. കൃഷ്ണൻ നായർ
1953 Aug. 15 to 1961

ആദ്യമായി പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നത് 1953-ലാണ്, ആഗസ്റ്റ് മാസം 15-ാം തിയ്യതി ശ്രീ. കെ. കൃഷ്ണൻ നായർ പ്രസിഡന്റ്,ശ്രീ. ഭാസ്കരപിള്ള, വൈസ് പ്രസിഡന്റുമായി ഏഴ് അംഗ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നു. ടി പഞ്ചായത്തിന്റെ കാലത്തായിരുന്നു വട്ടിയൂർക്കാവ് ഗവൺമെന്റ് പ്രൈമറി സ്ക്കൂൾ, അപ്പർ പ്രൈമറിസ്ക്കൂൾ, തുടർന്ന് ഹൈസ്ക്കൂളുമായി ഉയർന്നത്. മേക്കാർ പാറയിൽ സ്ക്കൂളിന് ഒരേക്കർ സ്ഥലം ശ്രീകൃഷ്ണൻ നായർ സംഭാവന ചെയ്തു. തിരുവനന്തപുരം കമ്മ്യൂണിറ്റി ഡവലപ്മെൻറ് ബ്ലോക്ക് ആഫീസ് മന്ദിരം പണിയാൻ ആവശ്യമായ സ്ഥലം ശ്രീ കൃഷ്ണൻനായർ നൽകിയതുകൊണ്ട് ടി ആഫീസ് ഇവിടെ പ്രവർത്തിക്കുന്നത്. വിവിധോദ്ദേശ സഹകരണസംഘത്തിന് 4 സെൻറ്

സ്ഥലം സൗജന്യവിലക്ക് കൊടുത്തു. രണ്ടാമട പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്നത് പ്രസിഡൻറ് കൃഷ്ണൻനായരുടെ വീട്ടിന് മുൻവശം റോഡിന് കിഴക്കുവശമാണ്. പുതിയ കോർപ്പറേഷൻ രൂപീകരണത്തിൽ ടിയാൻെറ വാർഡ് കോർപ്പറേഷനിൽ ചേർത്തു. 1964-ൽ നടന്ന കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ പാങ്ങോട്ടു വാർഡിൽ നിന്ന് മത്സരിച്ചു വിജയിച്ചു.

അതിരുകൾ

വടക്ക്	വഴയില പള്ളിത്തറ കാച്ചാണി മുട്ടതെരുവു കരമനയാറുവരെ
കിഴക്ക്	കരമനയാറ് മുട്ടതെരുവു മുതൽ അരുവിക്കോണം വരെ
തെക്ക്	വട്ടിയൂർക്കാവ് പഞ്ചായത്ത്
പടിഞ്ഞാറ് :	കാടുവെട്ടി അണ മുതൽ പേരൂർക്കട കുന്നിൻപുറം പുള്ളിത്തറ.

പട്ടിക ബി.
രണ്ടാമട പഞ്ചായത്ത്


വാർഡുനമ്പരും പേരും	പഞ്ചായത്ത് സാരഥികളുടെ പേരു വിവരം
തുരുത്തുമൂല ദയാംഗമണ്ഡലം	ശ്രീ. ചന്ദ്രശേഖരൻ നായർ ചെല്ലപ്പൻ
പുതിച്ചക്കോണം	വേലക്കുട്ടിനായർ
കാവല്ലൂർ	കെ. കൃഷ്ണൻനായർ, പ്രസിഡൻറ്
കടിയക്കോണം	ശ്രീ. ഭാസ്ക്കരപിള്ള, വൈസ് പ്രസിഡൻറ്
പിടയന്നി	ശ്രീ. സി. രാഘവൻ
നെട്ടയം	ശ്രീ. എ. തൊപ്പയ്യാപിള്ള

കേരളപ്പിറവിക്കുശേഷം കേരള സംസ്ഥാനത്തു നിലവിൽ വന്ന ഏകീകൃത പഞ്ചായത്തു നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി 1964-ലാണ് പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്നത്. ദീർഘായിസ്സുള്ള ഒരു പഞ്ചായത്തു സമിതിയാണ് ഇത്. വട്ടിയൂർക്കാവ് പഞ്ചായത്തിൻെറയും രണ്ടാമട പഞ്ചായത്തിൻറയും ഭാഗങ്ങൾ കോർപ്പറേഷനിൽ ചേർത്തു ബാക്കിയുള്ള രണ്ടു പഞ്ചായത്തിൻെറയും ഭാഗങ്ങൾ ഉൾപ്പെടുത്തി വട്ടിയർക്കാവ് പഞ്ചായത്ത് എന്ന പേരിൽ പുതിയ പഞ്ചായത്തുണ്ടായി അഞ്ചാമട വില്ലേജിൽപ്പെട്ട മൂന്നു വാർഡുകളും രണ്ടാമട വില്ലേജിൽപ്പെട്ട 5 വാർഡുകളും ഒരു വനിത നോമിനിയുള്ള 9 അംഗങ്ങ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നു ശ്രീ. ടി. അരുണാചലംപിള്ള പ്രസിഡൻറും ശ്രീ. എസ്. ഗംഗാധരൻ നായർ വൈസ് പ്രസിഡൻറും ശ്രീമതി ഷെറീഫ ബീവി നോമിനിയായുള്ള 9 അംഗ ഭരണസമിതി അധികാരത്തിൽ വന്നു.

ഈ പഞ്ചായത്തിൻെറ അവസാനഘട്ടത്തിൽ ശ്രീ. അരുണാചലംപിള്ളയെ അവിശ്വാസം കൊണ്ടുവന്നു പുറത്താക്കുകയും ശ്രീ. എ. തൊപ്പയ്യാപ്പിള്ള പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.



ടി. അരുണാചലംപിള്ള
1964 to 1972




എ. തൊപ്പയ്യാപ്പിള്ള
1972 to 1976

ഈ പഞ്ചായത്തിൽ നെട്ടയം കൊടുങ്ങാനൂർ കുലശേഖരം എന്നീ പ്രദേശങ്ങളിൽ 5 ഏക്കർ സ്ഥലമെടുത്ത് 100 പേർക്ക് ലക്ഷം വീട് നിർമ്മിച്ചുകൊടുക്കുകയും 50 പേർക്ക് 4 സെൻറു പ്ലോട്ടോട്ടു കൊടുക്കാൻ കാച്ചാണിയിൽ 2 ഏക്കർ സ്ഥലവും കുലശേഖരം ലക്ഷം വീട് പ്ലോട്ടു ചേർന്ന് 50 സെൻറ് ഭൂമിയും വാങ്ങി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു. Food for work പദ്ധതിയിൽപ്പെടുത്തി നിരവധി റോഡുകൾ നിർമ്മിച്ചു നെട്ടയം ആശ്രമം റോഡ് ടാർ ചെയ്തു നെട്ടയം മണലയം മലമുകൾ മുളവുകാട് റോഡ് മെറ്റൽ ചെയ്തു. മൂന്നാംമൂട് കടയിൽ മുടുമ്പ് കുലശേഖരം റോഡ് നെട്ടയം മണികണ്ഠേശ്വരം മടത്തുവിളാകം ഇന്ദിരാ നഗർ റോഡ് വഴയില ആയൂർക്കോണം റോഡ് എന്നിവശ്രദ്ധേയമാണ്. കാച്ചാണി സർക്കാർ വക സ്ക്കൂൾ തുടങ്ങാൻ ശ്രീ. എ. സുബ്രമണ്യപിള്ള സംഭാവന ചെയ്ത ഒരു ഏക്കർ 50 സെൻറ് സ്ഥലത്ത് എൽ. പി.എസിന് ഒരു കെട്ടിടത്തിൻെറ പണി നാട്ടുകാരുടെ സഹായത്തോടെ പൂർത്തിയാക്കി നെട്ടയം ജംഗ്ഷനിൽ ശ്രീ മാധവൻ നായരുടെ വാടകകെട്ടിടത്തിൽ നടന്നുവന്ന ആഫീസ് കെട്ടിടം യശ.ശരീരനായ ശ്രീ. എ. സുബ്രഹ്മണ്യപിള്ള സംഭാവന ചെയ്ത 20 സെൻറിൽ 10

സെൻറിൽ പഞ്ചായത്താഫീസും മിഡ് വൈഫറി സെൻററും നിർമ്മിച്ചു. വാഴോട്ടുകോണത്ത് അന്തി ചന്ത നടത്താൻ 25 സെൻറ് സ്ഥലം വാങ്ങി.

വാർഡിന്റെ നമ്പർ	വാർഡിന്റെ പേരു വിവരം	സാരഥികളുടെ പേരു വിവരം
I.	തുരുത്തുമൂല	ശ്രീ. കെ. ദിവാകരപണിക്കർ
II.	മണികണ്ഠേശ്വരം	ശ്രീ കെ. കുട്ടപ്പൻ പിള്ള
III.	നെട്ടയം	ശ്രീ. റ്റി. അരുണാചലം പിള്ള
IV.	കാച്ചാണി	ശ്രീ. എ തൊപ്പച്ചാപിള്ള
V.	പിടയണി	എസ്. ഗംഗാധരൻ നായർ
VI.	വെള്ളൈക്കടവ്	ശ്രീ. ആർ. ദാമോദരൻ നാടാർ
VII.	കുലശേഖരം	ശ്രീ. രാഘവൻപിള്ള
VIII.	കൊടുങ്ങാനൂർ	ശ്രീ. ആർ. സേതു
IX.	വനിതാ നോമിനി	ശ്രീമതി ഷെറീഫാബീവി

1979 സെപ്റ്റംബർ മാസം 11 അംഗങ്ങളുള്ള പഞ്ചായത്തു സമിതി അധികാരത്തിൽ വന്നു. ശ്രീ. ജി. തങ്കപ്പൻനായർ പ്രസിഡൻറും ശ്രീ. കെ. സോമൻ വൈസ് പ്രസിഡൻറുമായി. ടി പഞ്ചായത്ത് അഞ്ചുവർഷം ഭരണം നടത്തി കാലാവധി പൂർത്തിയായപ്പോൾ പഞ്ചായത്തു പിരിച്ചുവിട്ടു.



ജി. തങ്കപ്പൻ നായർ
1979 to 1984

ശ്രീ. ജി. തങ്കപ്പൻ നായർ പ്രസിഡൻറായിരുന്ന ഭരണസമിതിയുടെ കാലഘട്ടത്തിൽ നിരവധി ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചു. കക്ഷിരാഷ്ട്രീയം മറന്നു ഒരു ടീംസ്പിരിട്ടോടെയും ജനപങ്കാളിത്തത്തോടെയും നിരവധി കാര്യങ്ങൾ നടത്തി. പഞ്ചായത്താഫീസിന്റെ പ്രവർത്തനം നെട്ടയം ജംഗ്ഷനിലുള്ള വാടകകെട്ടിടത്തിൽ മാറ്റിക്കൊണ്ട് സ്വന്തം കെട്ടിടത്തിൽ ആയുർവേദ ഡിസ് പെൻസറി നടത്താനുള്ള നടപടി സ്വീകരിച്ചു.

നെട്ടയം ജംഗ്ഷനിലുള്ള ഒരേക്കർ സ്ഥലം അക്വയർ ചെയ്ത് പഞ്ചായത്താഫീസും മാർറ്റിംഗ് കോംപ്ലക്സും ആർ.ഡി.ബി യുടെ വായ്പ എടുത്ത് കെട്ടിത്തീർത്തു. ഏഴിനപരിപാടിയുടെ ഭാഗമായി വാഴോട്ടുകോണത്ത് ചന്തക്കുവേണ്ടി വാങ്ങിയ ഭൂമിയിൽ അതിമനോഹരമായ ഒരു കമ്മ്യൂണിറ്റി ഹാൾ പണിയാൻ സാധിച്ചു. കമ്മ്യൂണിറ്റിഹാൾ ഭാവിയിൽ കല്യാണമണ്ഡപം ആകുന്നതിനു വേണ്ടി പഞ്ചായത്തു വക അവശേഷിക്കുന്ന സ്ഥലത്ത് ബ്ലോക്കിന്റെ എൻ.ആർ.ഇ.പി യിൽ ഉൾപ്പെടുത്തി സദ്യാലയത്തിന്റെ പണി തുടങ്ങി. പഞ്ചായത്തു ഫണ്ട് ഉപയോഗിച്ച് സദ്യാലയത്തിന്റെ അടുക്കളയുടേയും പണിനടന്നുവരികയാണ്. മണലയം പ്രദേശത്ത് തിരുവനന്തപുരം റൂറൽ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാൻ 1 ഏക്കർ 75 സെൻറ് വസ്തു പൊന്നുംവിലയ്ക്ക് എടുത്തു. തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽ നിന്നും ശുദ്ധജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾ ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി നെട്ടയം ജംഗ്ഷനിൽ പഞ്ചായത്തുവക സ്ഥലത്ത് ഒരു ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് മണലയം ഹൈലവൽ ടാങ്കിലേക്ക് പമ്പ് ചെയ്ത് ഉയർന്ന പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുവാൻ നടപടി സ്വീകരിച്ചു. ഈയ്യകുഴിയിൽ 2 ഏക്കർ സ്ഥലം വാങ്ങി ഭൂരഹിതർക്ക് വിതരണം ചെയ്തു. നെട്ടയം, മണലയം, മുന്നാംമൂട് റോഡിന്റെ പണി എം.എൽ.എ റോഡ് സ്കീമിൽ ഉൾപ്പെടുത്തി പണി നടത്താനുള്ള നടപടി സ്വീകരിച്ചു. നെട്ടയം, മണികണ്ഠേശ്വരം, മടത്തുവിളാകം റോഡിന്റെ പണി എൻ.ആർ.ഇ.പി. യിൽ ഉൾപ്പെടുത്തി നടത്താനുള്ള നടപടി സ്വീകരിച്ചു ദീർഘകാലം ഈ പഞ്ചായത്തിന്റെ പ്രസിഡൻറായിരുന്ന ശ്രീ. ടി. അരുണാചലംപിള്ളയുടെ സ്മരണ നിലനിറുത്തുവാൻ വാഴോട്ടുകോണം കമ്മ്യൂണിറ്റി ഹാളിന് അരുണാചലം പിള്ള മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ എന്ന് നാമകരണം ചെയ്യാൻ തീരുമാനിച്ചു.

1979-ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിജയിച്ച പഞ്ചായത്തു സമിതിയുടെ പേരു വിവരം

വാർഡു നമ്പർ	വാർഡിന്റെ പേര്	പേരു വിവരം
1.	തുരുത്തുമൂല വാർഡ്	ശ്രീമതി പ്രസന്ന വിജയൻ
2.	മണികണ്ഠേശ്വരം	ശ്രീ പട്ടം സുകുമാരൻ നായർ

3.	നെട്ടയം	ശ്രീ. എസ്സ്. വെങ്കിടാചലം പിള്ള
4.	കാച്ചാണി	ശ്രീ. ടി. ഗണേശൻ പിള്ള
5.	മണലയം	ശ്രീ. പി. ദേവദാസ്സ്
6.	പിടയണി	ശ്രീ. ജി. തങ്കപ്പൻ നായർ, പ്രസിഡൻറ്
7.	വെള്ളൈക്കടവ്	ശ്രീ. ആർ. ലക്ഷ്മണൻ നാടാർ
8.	കുലശേഖരം	ശ്രീ. മംഗലത്തു പത്മനാഭൻ
9.	കൊടുങ്ങാനൂർ	ശ്രീ. പന്തുകളം. സോമൻ (വൈസ് പ്രസിഡൻറ്)



ടി. ഗണേശൻ പിള്ള
1988 Feb. to 1995 Oct 2nd

1988 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ടി. ഗണേശൻ പിള്ള പ്രസിഡൻറും ശ്രീമതി പി.ആർ. രാജമ്മ, വൈസ്പ്രസിഡൻറുമായ 11 അംഗ ഭരണസമിതി അധികാരത്തിൽ വന്നു.

പതിനൊന്നിന പരിപാടിയുടെ ഭാഗമായി തുരുത്തുമൂല വിന്നേഴ്സ് ക്ലബിൻെറ കിഴക്കുവശത്തുള്ള കുളം നികത്തി കളിസ്ഥലം നിർമ്മിച്ചു. സാമ്പത്തിക പരിമതി മൂലം പണിപൂർത്തിയാക്കാൻ സാധിച്ചില്ല. കൊടുങ്ങാനൂർ ന്യൂസ്റ്റാർ തിയേറ്റേഴ്സ് സൗജന്യമായി വിട്ടുതന്ന സ്ഥലത്ത് ഒരു സാംസ്ക്കാരിക നിലയത്തിൻെറ പണി പൂർത്തിയാക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. ശിശുമന്ദിരത്തിനു വേണ്ടി പേരൂർക്കാട്ടിൽ ശ്രീമതി. പാറുകുട്ടിഅമ്മ സംഭാവന നല്കി. നിരവധി നട വരമ്പുകൾ ബണ്ട് കം റോഡ് എന്ന പേരിൽ യാത്രായോഗ്യമായ റോഡായി മാറി. മടത്തുവിളാകം ആയൂർക്കോണം ബണ്ട് റോഡ്, ഇരുകുന്നം പടിഞ്ഞാറെകര റോഡ്, കല്ലിംഗവിള, കിഴിക്കോണം റോഡ്, പുന്നാംകോണം റോഡ്, ഒഴുകുപാറക്കുഴി റോഡ്, കല്ലിംഗവിള മുസ്ലീം അസോസ്സിയേഷൻ നെല്ലിവിള കാച്ചാണി റോഡ് വയലിനടപ്പാട് റോഡ് എന്നിവ യാത്ര രംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കി.

കുലശേഖരം, കടയിൽ മുടുമ്പ്, വെള്ളൈക്കടവ് റോഡ്, ഗതാഗത തടസ്സം നീക്കി യാത്രായോഗ്യമാക്കുവാൻ കഴിഞ്ഞു. നെട്ടയം മണികണ്ഠേശ്വരം മടത്തുവിളാകം റോഡ് ആർ. എൽ.ഇ. ജി.പി. യിൽ 8 മീറ്റർ വീതിയുള്ള ടാർ ഇട്ട റോഡാക്കാനും, ബസ്സ് സർവ്വീസ് തുടങ്ങാനും ബഹു. എം.എൽ.എ. എം. വിജയകുമാറിൻെറ സഹായത്തോടെ സാധിച്ചു, വട്ടിയൂർക്കാവ് പഞ്ചായത്തിൻെറ വികസന കവാടമായ മടത്തുവിളാകം പാലം ന്യൂ എം.എൽ.എ. സ്കീമിൽ ഏറ്റെടുത്തു. നിരവധി മേഖലകളിൽ ലൈൻ നീട്ടി തെരുവുവിളക്കു സ്ഥാപിക്കാനും ശുദ്ധജലം എത്തിക്കാനും സാധിച്ചു. ഈയ കുഴിയിൽ 15 ഭൂരഹിതർക്ക് രണ്ടു സെൻറു ഭൂമി കൊടുക്കാൻ ആവശ്യമായ 35 സെൻറ് വസ്തു വാങ്ങി വിതരണം ചെയ്തു. അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള തീവ്രയത്നത്തിൻെറ ഫലമായി സർക്കാരിൻെറയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ 18 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കി.


ഓലമേയാനുള്ള സാമ്പത്തികസഹായം, സൗജന്യവൈദ്യുതീകരണം, കക്കൂസ് നിർമ്മാണം മുതലായവ സാമൂഹ്യക്ഷേമരംഗത്ത് പുതിയ ഉണർവുണ്ടാക്കി സാധുക്കളായ പട്ടികജാതി പട്ടികവർഗ്ഗക്കാരും മറ്റു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും. JAY' JRY' മില്യൻവെൽ എന്നീ ഫണ്ടുകൾ ഉപയോഗിച്ചു. അണ്ടർറ്റൈയിഡ് ഫണ്ട് ഉപയോഗിച്ചും വീടുകൾ നിർമ്മിച്ചു. ഇന്ദിരാവികാസ് പത്ര ഇൻസെൻറീവ് ഗ്രാൻറ് ഉപയോഗിച്ച് പഞ്ചായത്തിലെ 100 ലക്ഷം വീടുകളുടെ പുനരുദ്ധാരണ പണി (വീടൊന്നിന് 2000 രൂപ വീതം) ചെയ്തു കൊടുത്തു. കോളനി പ്രദേശത്ത് റോഡുകൾ നന്നാക്കുകയും ശുദ്ധജലവിതരണം, കക്കൂസ് നിർമ്മാണം, വീട് സൗജന്യവൈദ്യുതീകരണം, തെരുവുവിളക്ക് സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങൾ ടി ഫണ്ട് ഉപയോഗിച്ചു ചെയ്തു തീർത്തു. കുലശേഖർത്തെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നാട്ടുകാർ സംഭാവന ചെയ്ത 42 സെൻറ് വസ്തുവിൽ സർക്കാരിൻെറ അനുമതിയോടുകൂടി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികൾ പൂർത്തിയായി. പഞ്ചായത്തിൽ നിരവധി റോഡുകൾ ടാർ ചെയാനും ഈ കാലയളവിൽ സാധിച്ചു. സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ള സമ്പൂർണ്ണ സാക്ഷരതായജ്ഞം വിജയകരമായി നടപ്പിലാക്കി. പൊതുജനസമ്പർക്ക പരിപാടി ഒരു വമ്പിച്ച ജനോപകരമാക്കി മാറ്റി.

അടുപ്പുകൂട്ടാൻ പാറ, ലക്ഷം വീട്, കോളനികൾ തുടങ്ങിയ പ്രദേശങ്ങളിലുള്ളവർക്ക് കൈവശഭൂമിക്ക് ജന്മാവകാശം കൊടുക്കുന്ന പട്ടയദാനപരിപാടികൾക്ക് നേതൃത്വം കൊടുത്തു.

വാർഡ് നമ്പർ	വാർഡിന്റെ പേര്	പഞ്ചായത്ത് അംഗങ്ങളുടെ പേരുവിവരം
1.	തുരുത്തുംമൂല	ശ്രീ. എസ്സ്. അനിരുദ്ധൻ
2.	മടത്തുവിളാകം	ശ്രീ. എം.സി. സുരേന്ദ്രൻ
3.	മണികണ്ടേശ്വരം	ശ്രീമതി എ. സാവിത്രീ അമ്മ
4.	നെട്ടയം	ശ്രീ. എസ്സ്. വെങ്കിടചലം പിള്ള
5.	കാച്ചാണി	ശ്രീ. ടി. ഗണേശൻ പിള്ള (പ്രസിഡൻറ്)
6.	മണലയം	ശ്രീ. കെ.എസ്. താംസൺ
7.	പിടയാണി	ശ്രീ. ജി. തങ്കപ്പൻനായർ
8.	വെള്ളെക്കടവ്	ശ്രീ. കെ. സദാശിവൻ നായർ
9.	കുലശേഖരം	ശ്രീ. ജി. മുരളീധരൻ
10.	കൊടുങ്ങാനൂർ	ശ്രീ. പന്തുകളം സോമൻ
11.	തിട്ടമംഗലം	ശ്രീമതി പി.ആർ. രാജമ്മ (വൈസ് പ്രസിഡൻറ്)

പഞ്ചായത്ത്രാജ് നഗരപാലിക നിയമം അനുസരിച്ച് 1995 സെപ്തമ്പർ മാസം 23-ാം തീയതി നടന്ന ഗ്രാമപഞ്ചായത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ ശ്രീ. എസ്സ്. അനിരുദ്ധൻ, പ്രസിഡൻറും ശ്രീ. കെ. വി. മോഹനൻ, വൈസ് പ്രസിഡൻറും, ശ്രീ. ബി. ജയകുമാർ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനും ആയുള്ള 13 അംഗ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നു.

1995 ഒക്ടോബർ മാസം 2-ാം തീയതി അധികാരമേറ്റ വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് സമിതി



എസ്. അനിരുദ്ധൻ
1995 Oct. 2 to

വാർഡ് നമ്പർ	വാർഡിന്റെ പേര്	പഞ്ചായത്ത് അംഗങ്ങളുടെ പേരുവിവരം
1.	തുരുത്തുംമൂല (വനിതാ സംവരണം)	ശ്രീമതി ടി.വി. ശാന്തി അശോക് കുമാർ
2.	മടത്തുവിളാകം	ശ്രീ. എസ്സ്. അനിരുദ്ധൻ പ്രസിഡൻറ്
3.	മണികണ്ടേശ്വരം (വനിതാ സംവരണം)	ശ്രീമതി കെ.വത്സല കുമാരി
4.	വേറ്റിക്കോണം (എസ്സ്. സി. പുരുഷ സംവരണം)	ശ്രീ. നെട്ടയം സതീഷ് കുമാർ
5.	നെട്ടയം	ശ്രീ. ബി. വിജയകുമാർ, സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
6.	കാച്ചാണി	ശ്രീ. ടി. ഗണേശൻ പിള്ള
7.	മണലയം വനിതാ സംവരണം	ശ്രീമതി മേഴ്സി ജോൺ
8.	പിടയണി	ശ്രീ. ആർ സതീഷ ചന്ദ്രൻ നായർ
9.	വാഴോട്ടുകോണം	ശ്രീ. കെ. വി. മോഹനൻ കുമാർ, വൈസ് പ്രസിഡൻറ്
10.	വെള്ളെക്കടവ്	ശ്രീ. മൂന്നാംമൂട് വിക്രമൻ
11.	കുലശേഖരം എസ്സ്.സി. വനിതാ സംവരണം	ശ്രീമതി നളിന സുരേഷ്കുമാർ
12.	കൊടുങ്ങാനൂർ	ശ്രീ. കുട്ടികൃഷ്ണൻ നായർ
13.	തിട്ടമംഗലം വനിതാ സംവരണം	ശ്രീമതി. ശ്യാമള കുമാരി അമ്മ

16.11.1996 ലെ കോടതി വിധി പ്രകാരം കൊടുങ്ങാനൂർ വാർഡിലെ തെരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിച്ചു.

പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ഈ ഭരണം നടന്നു വരുന്നു. വിദ്യാഭ്യാസ സാംസ്ക്കാരിക വളർച്ചക്ക് പുതി ആവേശം പകർന്നുകൊണ്ട് കാച്ചാണി മുസ്ലീം അസ്സോസിയേഷൻ ഹൈസ്ക്കൂളിന്റെ തുടക്കം കുറിച്ചു. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ കൂടി ജനപങ്കാളിത്തത്തോടെ വികസനം എന്ന ആശയം സാമാന്യജനങ്ങളെ ആവേശം കൊള്ളിച്ചു.

ഭൂപ്രകൃതി

വട്ടിയൂർക്കാവ് പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി മലനാട്, ഇടനാട് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഈ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽകൂടി കരമനയാർ വടക്കുതെക്കായി ഒഴുകുന്നു. കിള്ളിയാർ ഈ പഞ്ചായത്തിൽ കൂടി പടിഞ്ഞാറേ അതിരിനടുത്തുകൂടി ഒഴുകുന്നു. ഈ പഞ്ചായത്ത് പ്രദേശം സതേൺ അഗ്രോ-ക്ലൈമാറ്റിക് സോണിൽ ഉൾപ്പെടുന്നു. ഭൂമിയുടെ സ്വഭാവമനുസരിച്ച് ഈ പഞ്ചായത്തിനെ നാലായി തരിതിരിക്കുന്നു.

ഭൂമിയുടെ തരം	*വിസ്തീർണ്ണം*	*ശതമാനം*
പാറപ്രദേശം	200 Ha	15.24%
ഫലഭൂയിഷ്ഠമായ ചെമ്മണ് പ്രദേശം	693 ''	52.78%
ക്ലേ-ലോം നെൽപ്പാടങ്ങൾ	70 ''	5.22%
മണൽ കലർന്ന പശിമരാശി മണ്ണോടു കൂടിയ പ്രദേശം	350''	26.66%
ആകെ	1313 Ha	100%

1. പാറപ്രദേശം

പഞ്ചായത്തിലെ ആകെ വിസ്തൃതിയുടെ15.23% പാറപ്രദേശമാണ്. മൊത്തം 200 ഹെക്ടർ വരുന്നതിൽ 110 ഹെക്ടർ സ്ഥലത്ത് യാതൊരു കൃഷിയും ചെയ്യാൻ.പറ്റാത്ത സ്ഥിതിയാണ്. ബാക്കി സ്ഥലങ്ങളിൽ റബ്ബർ, തെങ്ങ്, മരച്ചീനി, വാഴ മുതലായവ കൃഷി ചെയ്തുവരുന്നു. ഈ പ്രദേശത്ത് സ്ഥിതിചെയ്യുന്ന മലകൾ താഴെപ്പറയുന്നവയാണ്.

എ. മലമുകൾകുന്ന്
ബി. ആയിരവല്ലിമല
സി. അടുപ്പുകൂട്ടാംപാറ
ഡി. ഒഴുക്കുപാറക്കുന്ന്
ഇ. ചെപ്പള്ളിക്കുന്ന്
എഫ്. മഞ്ചംപാറക്കുന്ന്

2. ഫലഭൂയിഷ്ടമായ ചെമ്മൺപ്രദേശം

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 52.78% ചെമ്മൺ പ്രദേശമാണ്. ഇത് ഏകദേശം 693 ഹെക്ടർ വരും. കൃഷിയോഗ്യമായതും വിവിധ വിളകൾക്ക് യോജിച്ചതുമായ ഈ പ്രദേശത്ത് തെങ്ങ്, വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, വെറ്റില മുതലായവ കൃഷി ചെയ്തുവരുന്നു. ഇടവിള കൃഷിയാണ് കൂടുതലും ചെയ്യുന്നത്.

3. ക്ലേ-ലോം നെൽപ്പാടങ്ങൾ

70 ഹെക്ടർ വരുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 5.33% വരുന്നു. മുമ്പ് പൂർണ്ണമായും നെൽകൃഷി ചെയ്തിരുന്ന ഈ പ്രദേശത്ത് ഇപ്പോൾ നിലംനികത്തി വാഴ, മരച്ചീനി, തെങ്ങ്, പച്ചക്കറി എന്നിവയും നെല്ലിനോടൊപ്പം കൃഷിചെയ്തുവരുന്നു.

4. മൺകലർന്ന പശിമരാശി മണ്ണോടുകൂടിയ പ്രദേശം

350 ഹെക്ടർ വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 26.66% ആകുന്നു. നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, പച്ചക്കറി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ സമൃദ്ധിയായി കൃഷിചെയ്തുവരുന്നു.

വികസന റിപ്പോർട്ട്

(1) കൃഷിയും ജലസേചനവും

പേരൂർക്കട, വട്ടിയൂർക്കാവ് എന്നീ വില്ലേജുകൾ ചേർന്നതാണ് വട്ടിയൂർക്കാവ് പഞ്ചായത്ത്. തലസ്ഥാന നഗരിയോട് ചേർന്നു കിടക്കുന്ന പ്രദേശമായതിനാൽ ഇവിടെ മറ്റു സ്ഥലങ്ങളിൽ നിന്നും വന്ന് താമസമാക്കിയവർ കൃഷിഭൂമികൾ വാങ്ങി വീടുവയ്ക്കാനായി ഉപയോഗിച്ചിട്ടുണ്ട്. മുമ്പ് ജനങ്ങളിൽ ഭൂരിപക്ഷവും കർഷകർ ആയിരുന്നു. എന്നാൽ ഇന്ന് വളരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാലും ഇന്നും കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായിട്ടുള്ളവർ ഉണ്ട്.

1313 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 1134 ഹെക്ടറിൽ നെല്ല്, തെങ്ങ് റബ്ബർ, വാഴ, ഇഞ്ചി, ഗ്രാമ്പു, പച്ചക്കറികൾ പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ മാവ്, പ്ലാവ് തുടങ്ങിയവ കൃഷി ചെയ്യുന്നു.

കൃഷി ഭൂമിയിൽ ചെയ്തിട്ടുള്ള വിവിധയിനം വിളകളുടെ വിസ്തീർണ്ണവും ഉല്പാദനക്ഷമതയും മൊത്തം ഉത്പാദനവും പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്.

പട്ടിക - 1

വിളവിസ്തീർണ്ണവും ഉൽപാദനവും

	വിസ്തീർണ്ണം	ഉൽപാദനക്ഷമത (ഹെക്ടറിൽ)	മൊത്തം ഉൽപാദനം
1. നെല്ല് (1-ാം വിള)	22 Ha	3680 Kg	80960 Kg
2. നെല്ല് (2-ാം വിള)	22 Ha	3560 Kg	78320 Kg
3. പയർ	10 Ha	360 Kg	3600 Kg
4. തെങ്ങ്	901 Ha	5840 Nos.	5261840 Kg
5. റബർ	75 Ha	960 Kg	72000 Kg
6. വാഴ	60 Ha	9100 Kg	546000 Kg
7. മരച്ചീനി	110 Ha	16000 Kg	1760 MT
8. കുരുമുളക്	12 Ha .	250 Kg	1500 Kg
9. പ്ലാവ്	2500 Nos.	9200 Kg	11040 MT
10. മാവ്	1200 Nos	5600 Kg	6720 MT
11. പച്ചക്കറി	8 Ha	2000 Kg	16 MT

പട്ടിക - 2

വിവിധ കൃഷികൾ - താരതമ്യപഠനം

	1987-88 - ലെ വിസ്തീർണ്ണം/എണ്ണം	1995-96 ലെ വിസ്തീർണ്ണം/എണ്ണം
1. നെല്ല് (1-ാം വിള)	70 Ha	22 Ha
2. നെല്ല് (2-ാം വിള)	70 Ha	22 Ha
3. പയർ	6 Ha	10 Hz
4. തെങ്ങ്	468 Ha	901 Ha
5. റബർ	50 Ha	75 Ha
6. വാഴ	40 Ha	60 Ha
7. മരച്ചീനി	245 Ha	110 Ha
8. കുരുമുളക്	6 Ha	12 Ha
9. പ്ലാവ്	3600 Nox.	2500 Nos.
10. മാവ്	4800 Nox.	1200 Nos.
11. പച്ചക്കറി	2 Ha.	8 Ha.

പട്ടിക - 2 പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിൽ 1987 നും 1995 നും ഇടയ്ക്കു കൃഷിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ മനസ്സിലാക്കാം.

നമ്മുടെ പഞ്ചായത്തിൽ ഒരു രാസവളം വില്പനകേന്ദ്രമോ കീടനാശിനി വില്പനകേന്ദ്രമോ ഇല്ല. ആയതിനാൽ വ്യക്തമായി നമ്മുടെ പഞ്ചായത്തിൽ വളം കീടനാശിനി എന്നിവയുടെ ഉപയോഗം മനസിലാക്കാൻ കഴിയുന്നില്ലാ. കൂടാതെ കർഷകർക്കും ഇതു ബുദ്ധിമുട്ടുണ്ടാക്കുന്നു. കൃഷിക്കാർ കോർപറേഷൻ അതിർത്തിയിലും തൊട്ടടുത്ത പഞ്ചായത്തിലും പ്രവർത്തിക്കുന്ന ഡിപ്പോകളെ ആശ്രയിച്ചാണ് ഈ ആവശ്യം നിറവേറ്റുന്നത്.

കൃഷിഭവന്റെ സബ്സിഡിയോടുകൂടി തെങ്ങു കൃഷിക്ക് നൽകിയ വളത്തിന്റെ വിവരം പട്ടിക 4-ൽ കൊടുക്കുന്നു.

പട്ടിക - 4

	1994-95	1995-96	1996-97
5 തെങ്ങിനുള്ള വളംകിറ്റ്	350 കിറ്റ്	350 കിറ്റ്	350 കിറ്റ്
10 തെങ്ങിന്റെ വളം കിറ്റ്	22.5 കിറ്റ്	220 കിറ്റ്	225 കിറ്റ്
20 തെങ്ങിന്റെ വളം കിറ്റ്	75 കിറ്റ്	50 കിറ്റ്	75 കിറ്റ്

ഈ പഞ്ചായത്തിൽ കൃഷി ചെലവ് വളരെയധികം വർദ്ധിക്കാൻ പ്രധാനകാരണം വർദ്ധിച്ചു വരുന്ന കൂലിയാണ്. പട്ടിക-5 ൽ

പട്ടിക - 5

	1987-88 ൽ	1995-96 ൽ
ഒരു പറ നിലത്തിൽ കൃഷി ചെയ്യുവാൻ ആവശ്യമായ കൂലി	600 രൂപ	1225 രൂപ

കൂലി കൂടികയും കൃഷി പണികൾക്ക് ആവശ്യമായ ആളെ കിട്ടാത്തതും കാർഷിക പുരോഗതിക്ക് ഒരു പ്രശ്നം തന്നെയാണ്.

വിത്തും മറ്റു നടീൽ വസ്തുക്കളും വിതരണം നടത്താൻ ആകെ ഉള്ള ഒരു സ്ഥാപനം കൃഷി ഭവൻ മാത്രമാണ്. പട്ടിക - 6 - ൽ കൃഷിഭവനിൽ കൂടി വിതരണം നടത്തിയ നടീൽ വസ്തുക്കളുടെ വിവരം കൊടുത്തിട്ടുണ്ട്. സൂക്ഷ്മമായി പരിശോധിച്ചാൽ ഈ പഞ്ചായത്തിലേക്ക് ഇത് അപര്യാപ്തമാണ്, എന്ന് മനസ്സിലാക്കാവുന്നതാണ്.

നടീൽ വസ്തു വിതരണം

എണ്ണം

ഇനം	1993-94	1994-95	1995-96
നെല്ല് വിത്ത്	580 Kg.	200 Kg.	400 Kg.
തെങ്ങ്	1030 Nos.	1250 Nos.	357 Nos.
വാഴ	8200 Nos.	--	--
കൊക്കോ	--	50 Nos.	--
മഹാഗണി	--	500 Nos.	--
കുരുമുളക്	9500 Nos.	3875 Nos.	5900 Nos.
ഒട്ടുമാവ്	104 Nos.	15 Nos.	50 Nos.
കവുങ്ങ്	5000 Nos.	--	100 Nos.
തേക്ക്	--	3200 Nos.	--
പ്ലാവ്	110	50	50
മാൾട്ട നാരകം	--	--	100
ജാമ്പ	--	60	25
ജാതി	10	--	30
സപ്പോട്ട	15	5	25
പേര	50	25	--
ചെറി	10	3	20
വടുകപുളി	--	10	10
കൈത	60	--	--
പപ്പായ	60	--	25
ഗ്രാമ്പു	30	--	55
കറുവ	2	15	12
മട്ടി	--	1100	--

നെല്ല് - ഞെട്ടിപ്പിക്കുന്ന സ്ഥിതിവിവരക്കണക്കാണ് നമുക്ക് ലഭിച്ചിട്ടുള്ളത് തലസ്ഥാന നഗരിയോട് തൊട്ടടുത്ത് കിടക്കുന്ന ഈ പഞ്ചായത്തിൽ പാർപ്പിട സൗകര്യത്തിനു വേണ്ടി നെൽപ്പാടങ്ങൾ നികത്തിയും, ലാഭകരമായി വാഴയും മറ്റ് കൃഷികളും ചെയ്യാൻ കഴിയുന്നതുകൊണ്ട് കൃഷിക്കാർ നെൽകൃഷി ഉപേക്ഷിച്ചു. 8 വർഷം കൊണ്ട് നെൽകൃഷി 70 ഹെക്ടറിൽ നിന്നും 22 ഹെക്ടർ ആയി കുറഞ്ഞു നിലം നികത്തുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ജലസേചന പദ്ധതികളും തോടുകളിൽ ചെക്ക്ഡാമും പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്യണം കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള സബ്സിഡി തികച്ചും അപര്യാപ്തമാണ്. 50% സബ്സിഡി അനുവദിച്ചും ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം കൊയ്ത്ത് യന്ത്രം, തുടങ്ങിയവ ലഭ്യമാക്കി. നെൽകൃഷി സംരക്ഷിയ്ക്കേണ്ടിയിരിക്കുന്നു. കൃഷി വിദഗ്ദ്ധരുടെ കാലാകാലങ്ങളിലുള്ള ഉപദേശവും ശാസ്ത്രീയ കൃഷി

രീതിയിലുള്ള ബോധവൽക്കരണവും കൊണ്ട് മാത്രമേ ഇത് പുനരുദ്ധരിയ്ക്കാൻ സാദ്ധ്യമാകൂ. കുറഞ്ഞ പലിശനിരക്കിൽ സമയാസമയങ്ങളിൽ വായ്പാ സൗകര്യങ്ങൾ ധനകാര്യസ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തെങ്ങ്: തെങ്ങ് കൃഷി - 1987-88 ൽ 468 ഹെക്ടറായിരുന്നത് 1995-96ൽ 901 ഹെക്ടറായി കൃഷി വർദ്ധിച്ചു. എന്നാൽ ആധുനിക കൃഷി സമ്പ്രദായങ്ങൾ ഉപയോഗപ്പെടുത്തി തെങ്ങിൽ നിന്നുള്ള ആദായം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ജലസേചന സൗകര്യം വർദ്ധിപ്പിക്കലാണ് ഉല്പാദന വർദ്ധനവിനുള്ള പ്രധാന പരിപാടി. ഡ്രിപ്പ്, സ്പ്രിംക്ളർ, പമ്പ്സെറ്റ് എന്നിവ കൂടുതൽ സബ്സിഡിയോടു കൂടി അനുവദിച്ച് പ്രോത്സാഹിപ്പിക്കണം. സിറ്റിയോട് അടുത്ത് കിടക്കുന്ന സ്ഥലമായതിനാൽ കൈവശഭൂമി കുറവായതുകൊണ്ട് 10 സെൻറ് വരെയുള്ള ആളുകൾക്ക് സബ്സിഡി ഇനത്തിൽ പമ്പ് സെറ്റ് നിയമഭേദഗതി വരുത്തി കൊടുക്കേണ്ടതാണ്. സബ്സിഡി ഇനത്തിൽ വളം (F.A.C.T പാക്കിങ്ങ്)യഥാസമയങ്ങളിൽ നൽകണം.

തെങ്ങു കൃഷിയെ സംബന്ധിച്ചു വാർഡു തിരിച്ചുള്ള വിവരങ്ങൾ പട്ടിക - 7ൽ കൊടുക്കുന്നു.

വാഴ: 40 ഹെക്ടർ സ്ഥലത്ത് നിന്നും 60 ഹെക്ടർ

പട്ടിക - 2

വിവിധ കൃഷികൾ - താരതമ്യപഠനം

വാർഡ് നമ്പർ	തെങ്ങ് കൃഷി വിസ്തീർണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ്റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
I	213.17	8684	14046	22894	--	140	60	35	--	1100
II	174.31	1816	3136	4949	--	80	30	15	--	360
III	196.50	10371	7622	17993	--	180	35	25	--	240
IV	193.52	7393	9004	16397	--	180	55	30	--	265
V	109.83	3651	8101	17752	--	30	10	10	--	50
VI	186.45	4739	6941	11680	--	45	20	40	--	105
VII	371.75	10719	14200	24919	--	100	30	120	--	250
VIII	124.16	5883	5092	10975	2	35	10	35	--	82
IX	102.86	3783	6245	10028	1	40	9	27	--	77
X	203.24	7231	12276	19507	--	60	20	25	--	105
XI	167.67	7552	13695	21247	4	115	35	28	--	182
XII	80.98	1643	7863	9506	--	20	10	--	--	30
XIII	117.13	3287	7276	10565	--	18	7	--	--	25
	2252.58	76752	11547	198212	7	683	331	390	--	2871

സ്ഥലമായി വർദ്ധിച്ചു. പ്രധാനമായും ഏത്തൻ, കപ്പ, പാളയംതോടൻ എന്നിവയാണ്, പാടം നികത്തിയ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നത്. വാഴയ്ക്ക് പ്രധാനമായും കണ്ടുവരുന്നത് കുറുനാമ്പ് രോഗമാണ് അതിന് സബ്സിഡി നിരക്കിൽ കീടനാശിനി ലഭ്യമാക്കേണ്ടതാണ്. വാഴകൃഷിയിൽ നിന്നും തൃപ്തികരമായ ആദായം ലഭിക്കുന്നുണ്ട്.

മരച്ചീനി: കൃഷി വിസ്തീർണ്ണം 245 Ha ൽ 110 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. വില വർദ്ധനവ് അനുഭവപ്പെടുന്നുണ്ടെങ്കിലും ഭീകരമായ പെരുച്ചാഴി ശല്യം കൊണ്ട് മരിച്ചീനി കൃഷി ഉപേക്ഷിയ്ക്കപ്പെട്ട നിലയിലാണ്.

പച്ചക്കറി: 4 ഹെക്ടർ ഉണ്ടായിരുന്ന സ്ഥലത്ത് ഇന്ന് 10 ഹെക്ടർ ആയി വികസിച്ചു ഫലപ്രദമായ രീതിയിൽ നല്ലയിനം വിത്തുകളും ശാസ്ത്രീയമായ ഉല്പാദന രീതികളും ജനങ്ങളെ ബോധവൽക്കരിച്ച് വീട്തോറും കൃഷിത്തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ജാഗ്രതയേറിയ പ്രവർത്തനം ആവശ്യമാണ്. നല്ലയിനം വിത്തുകൾ പഞ്ചായത്തിൽ സംഘടിപ്പിച്ച് എല്ലാവീടുകളിലും എത്തിക്കണം. അതിന് ആവശ്യമായ വളം കീടനാശിനി, പമ്പുകൾ എന്നിവ വിതരണം നടത്തേണ്ടതാണ്. ഇവ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വിപണന സ്ഥലം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

കുരുമുളക്: 8 ഹെക്ടർ കൃഷിചെയ്തിരുന്നത് ഇപ്പോൾ 12 ഹെക്ടർ കൃഷിചെയ്യുന്നു. ദ്രുതവാട്ടം

മൂലം കുരുമുളക് കൃഷി വംശനാശത്തിന്റെ ഭീഷണിയിലാണ്. അതിന് അടിയന്തിരമായി കൃഷിഭവന്റെ ശ്രദ്ധ പതിയണം.

റബ്ബർ: 50 ഹെക്ടർ നിന്ന് 75 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. ഇറക്കുമതി ഭീഷണി നേരിടുന്നു എങ്കിലും ആദായകരമായ വിളയാണ്.

പുഷ്പകൃഷി: പുഷ്പച്ചെടിയുടെ സാധ്യത വളരെ കൂടുതൽ ആണ് പഞ്ചായത്തിൽ തന്നെ ആവശ്യമുള്ള പുഷ്പങ്ങൾക്ക് ഇന്നും വിദേശമാർക്കറ്റിനെ ആശ്രയിച്ചാണ് കഴിയുന്നത്. അത് ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. തൈകളുടെ വിതരണവും കൃഷിരീതിയെ പറ്റിയുള്ള വിവരങ്ങളും നൽകി. പ്രോത്സാഹനം നൽകേണ്ടതാണ്.

ഔഷധകൃഷി: ഔഷധകൃഷി ഇന്ന് പഞ്ചായത്തിൽ ഇല്ല. ഏറ്റവും ഫലപ്രദമായും ലാഭകരമായും നടത്തുവാൻ കഴിയുന്ന ഒന്നാണ് ഔഷധകൃഷി ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണം അടിയന്തിരമായി നടത്തിയാൽ ഇന്നു നമ്മുടെ വീട്ടുമുറ്റത്തുള്ള പലതും ഔഷധകൃഷിയുടെ ഭാഗമായി മാറും.

കൂൺകൃഷി: ആഹാരത്തിനും, ആദായത്തിനും വേണ്ടിയുള്ള ഒരു കൃഷിയാണ് കൂൺകൃഷി. ഈ പഞ്ചായത്തിൽ ഏകദേശം 30 കുടുംബങ്ങൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട് ഈ പഞ്ചവത്സരത്തിൽ 200 കുടുബത്തിനെക്കൂടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇവർക്ക് ആവശ്യമായ ട്രെയിനിംങ്ങും പ്രോത്സാഹനവും നൽകേണ്ടതാണ്.

ജലസേചനം

തോടുകൾ ബണ്ട് കെട്ടി കൃഷിയ്ക്ക് ഉപയുക്തമായ രീതിയിൽ നന്നാക്കണം. പുന്നാംകോണം മുതൽ വയലിക്കടവരെയുള്ള ഭാഗത്ത് തകർന്നു പോയതു ഒഴിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ രണ്ടു വശവും കെട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കണം നിലങ്ങളിൽ മഴക്കാലത്ത് വെള്ളം കേറി നശിക്കാനിടവരും. തോടുകളിൽ ബണ്ടുകൾ കെട്ടി നിലത്തിൽ സൗകര്യമുണ്ടാക്കണം.

കുളങ്ങൾ: 15 കുളങ്ങളും തോട്ടിൽ നിന്നുള്ള ജലവും ഉപയോഗിച്ചായിരുന്നു നെൽകൃഷി നടത്തിപ്പോന്നിരുന്നത്. എന്നാൽ ഇന്ന് കുളങ്ങളുടെ സ്ഥിതി ദയനീയമാണ് മുൻകാലങ്ങളെപ്പോലെ കൃഷിക്ക് ജലം ലഭിക്കുന്ന ഒരു കുളം പോലും ഇല്ല. 2 കുളങ്ങൾ നികത്തി പരിസരവാസികളുടെ കൈയിലായി. കൃഷിക്കുപയുക്തമായി 13 കുളങ്ങളെ ജലസേചനസൗകര്യം പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

തട്ടാൻചിറകുളം: 1 ഏക്കർ 24 സെൻറ് വിസ്തൃതി ഉള്ള ഈ കുളം ഭാഗികമായി നികന്നു കിടക്കുകയാണ്. ഇരുകുന്നം ഏലായിൽ നെല്ലുകൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. വളരെയധികം ജലസമ്പത്ത് ഉള്ള ഈ കുളത്തിൽ നിന്നും മണ്ണ് കോരി 50 സെൻറ് സ്ഥലത്ത് ഇടുകയും 75 സെൻറ് സ്ഥലം കുളമായി രൂപാന്തരപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇരുപ്പൂകൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം പമ്പു ചെയ്യുന്നതിന് ചാലുകൾ നിർമ്മിച്ച് വയലുകളിൽ എത്തിക്കുന്നതിനുള്ള ഏർപ്പാടുകളുണ്ടാക്കുകയാണ് ആവശ്യം.

വെണ്മണലിക്കുളം: ഒരേക്കർ വിസ്തീർണ്ണമുള്ള ഈ കുളം ഭാഗികമായി നികന്നുകിടക്കുകയാണ്. കടിയക്കോണം ഏലായിൽ 20 ഹെക്ടർ ഇരുപ്പു നിലം കൃഷി ചെയ്യുന്നതിന് ഈ കുളം വൃത്തിയാക്കി വെള്ള കെട്ടി നിറുത്തി തോടുകൾ കെട്ടി ഓടവഴി വെള്ളം എത്തിക്കാനുള്ള നടപടികളുണ്ടാവണം പമ്പുസെറ്റ് വച്ചു വെള്ളം എത്തിക്കാവുന്നതാണ്.

ചിറക്കോണം കുളം: നാലുവശവും കല്ലുകെട്ടി വളരെ ആഴമുള്ള കുളമാണ് എല്ലാ മാസവും വെള്ളം കിട്ടുന്ന കുളമാണ്. മുമ്പ് പമ്പ് സെറ്റ് വച്ച് വെള്ളം ആവശ്യത്തിൽ ലഭിച്ചിരുന്നു. എന്നാൽ പുതുതായി പമ്പ് സെറ്റ് സ്ഥാപിച്ചാൽ പുത്താംകോണം ഏലായിൽ അവശേഷിക്കുന്ന 10 ഏക്കർ നിലം കൃഷി ചെയ്യാൻ സാധിക്കും.

പാപ്പാട്ടുകുളം: 1 ഏക്കർ വിസ്തൃതിയുള്ള കുളമാണ്. എല്ലാ മാസവും ധാരാളം വെള്ളം ലഭിക്കുന്നതാണ്. നാലുവശവും കല്ലുകെട്ടി ഷട്ടർ ഇട്ടു സൂക്ഷിച്ചാൽ കടിയക്കോണം നിലത്തിന്റെ ഒരു ഭാഗത്തേക്കുള്ള കൃഷി നടത്തുന്നതിന് സാധിക്കുന്നതാണ്.

പുന്നാം കോണം കുളം: കൂടുതൽ ജോലി ആവശ്യമായി കരുതുന്നില്ല. കാരണം താഴോട്ട് ഉള്ള നിലങ്ങളെല്ലാം നികത്തി തെങ്ങുവച്ചിരിക്കുകയാണ്. കൊടുങ്ങാനൂർ ഏലായിൽ ഇപ്പോൾ ആറ് ഏക്കർ സ്ഥലത്ത് നെൽകൃഷിയുണ്ട്. ജലസേചന സൗകര്യവും, കൃഷിയ്ക്ക് വർദ്ധിപ്പിച്ച സബ്സിഡിയും, നല്ലയിനം വിത്തും കൃഷിയെ സഹായിക്കുന്ന ട്രില്ലർ, ട്രാക്ടർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം

എന്നിവ പ്രവർത്തനക്ഷമമാക്കുകയാണെങ്കിൽ '15' ഏക്കർ കൂടി നെൽകൃഷി വ്യാപിക്കാവുന്നതാണ്, താഴെ പറയുന്ന മൂന്ന് കുളങ്ങളും പ്രവർത്തനക്ഷമമാക്കുകയാണെങ്കിൽ '15' ഏക്കർ കുടി നെൽകൃഷി വ്യാപിപ്പിക്കാവുന്നതാണ്, താഴെ പറയുന്ന മൂന്ന് കുളങ്ങളും പ്രവർത്തനക്ഷമമാക്കണം.

കൊല്ലംകോട് കുളം: എഴുപത്തഞ്ച് സെൻറ് വിസ്തീർണ്ണമുള്ള ഈ കുളത്തിൽ 12 മാസവും വെള്ളം കിട്ടുന്നതാണ് ഒരു 10 HP യുള്ള ഒരു പമ്പ് വർക്ക് ചെയ്യിക്കുകയും, ചാലുകൾ ശരിയാക്കുകയും ചെയ്താൽ '5' ഏക്കർ സ്ഥലം വിജയകരമായി കൃഷിചെയ്യാവുന്നതാണ്.

നമ്പവൻകാവ് കുളം: നാലുവശഡും കൽഭിത്തി കെട്ടിയിട്ടുള്ളത്കൊണ്ട് കുളം ചെളികോരി വൃത്തിയാക്കി മെയിൻറൻസ് ചെയ്യുകയും പമ്പിൻെറ സഹായം കൂടാതെ തന്നെ '6' ഏക്കർ ഓളം സ്ഥലം നെൽകൃഷി ചെയ്യാൻ കഴിയും.

പുതുക്കുളം: ഒര് ഏക്കർ വിസ്തീർണ്ണമുള്ള കുളമാണ് ഇത്. കൊടുങ്ങാനൂർ ഏലായിൽ കൃഷി ചെയ്യുന്നതിന് നാലുവശവും ഭിത്തി കെട്ടി ചെളികോരി മാറ്റിയാൽ പമ്പിൻെറ സഹായം ഇല്ലാതെ തന്നെ 12-മാസവും കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം ഇവിടെ നിന്നും ലഭിക്കുന്നതാണ്.

വഴയില കുളം: ജലസമൃദ്ധിയുള്ള ഈ കുളത്തിൽ ചെളിമാറ്റി മെയിൻറൻസ് ചെയ്ത് ഒരു പമ്പ് സെറ്റ് ഫിറ്റ് ചെയ്ത് 20 ഏക്കർ ഓളം സ്ഥലം നെൽകൃഷിയിലേക്ക് കൊണ്ടുവരാനും പ്രോത്സാഹിപ്പിക്കാനും കഴിയും.

റാന്നിക്കുളം: ഒരു ഏക്കർ വിസ്തീർണ്ണമുള്ള റാന്നിക്കുളം നാലുവശവും കല്ല് കെട്ടി മെയിൻറൻസ് ചെയ്ത് തൊളി മാറ്റിയാൽ മത്സ്യകൃഷിയ്ക്ക് ഉപയോഗിക്കാം നെല്ല് കൃഷി പുനർജീവിപ്പിക്കാൻ പ്രയാസമായ അവസ്ഥയിലാണ് സമീപപ്രദേശം. അലക്കുകാർക്ക് അവരുടെ തൊഴിൽ ചെയ്യുന്നതിനുള്ള ഒരു അനുബന്ധ സൗകര്യം കൂടി ചെയ്ത് കൊടുക്കേണ്ടതാണ്. പ്രത്യക്ഷവും പരോക്ഷവുമായി മൂന്ന് നാല് പേർക്ക് തൊഴിൽകിട്ടാൻ സാദ്ധ്യതയുള്ളതാണ്.

പുന്നച്ചിറക്കുളം: 50 സെൻറ് വിസ്തീർണ്ണമുള്ള ഈ കുളം ഇരുകുന്നം ഏലായിൽ നെൽകൃഷിക്ക് സഹായിക്കുന്നു. അതോടൊപ്പം തന്നെ ഭിത്തി ഉയർത്തിക്കെട്ടി വെള്ളം സംഭരിച്ചാൽ മത്സ്യകൃഷിക്ക് സാദ്ധ്യതയുണ്ട്.

ഞറിക്കാട്ടിക്കോണം കുളം: 50 സെൻറ് വിസ്തീർണ്ണമുള്ള ഈ കുളം ചുറ്റുമതിൽ കെട്ടി വെള്ളം സംഭരിച്ചാൽ മത്സ്യകൃഷിക്ക് അനുയോജ്യമാണ്.

മടയണിക്കോണം കുളം: ജല സമൃദ്ധിയുള്ള കുളമാണ് ഇത് 1114-ലെ സുപ്രസിദ്ധമായ കോൺഗ്രസിൻെറ ആദ്യത്തെ സ്റ്റേറ്റ് സമ്മേളനത്തിൽ പങ്കെടുത്ത ആയിരക്കണക്കിന് ആളുകൾക്ക് കുടിക്കുവാൻ വേണ്ടിയുള്ള ശുദ്ധജലം നൽകി ചരിത്രം സൃഷ്ടിച്ച കുളമാണ്, ഈ കുളത്തിലെ വെള്ളം സംഭരിച്ച് സമീപപ്രദേശത്ത് കുടിവെള്ളം എത്തിക്കാൻ കഴിയും.

മുടിയൻകോട് കുളം: നാലുവശവും കരിങ്കൽ ഭിത്തികെട്ടി പമ്പ് സെറ്റ് സ്ഥാപിച്ച് കൃഷിയ്ക്ക് ഉപയുക്തമായി ഉപയോഗിച്ച് കൊണ്ടിരുന്നതാണ്. പമ്പ് റിപ്പയർ ചെയ്ത് കോൺക്രീറ്റ് ഉറകൾ ഇറക്കി മെയിൻറൻസ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയാൽ കൃഷിക്കും, കുടിവെള്ളത്തിനും ഉപയോഗിക്കാം.

പേങ്ങോട്ട്ക്കോണം കുളം: നാലു വശവും ഭിത്തികെട്ടി ചെളി മാറ്റി ഒരു ഏക്കർ വിസ്തീർണ്ണമുള്ള ഈ കുളം വൃത്തിയാക്കി ഷട്ടർ ഇട്ട് വെള്ളം സംരക്ഷിക്കുകയാണെങ്കിൽ കുലശേഖരം ഏലായിൽ 40 ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്താവുന്നതാണ് വെള്ളൈക്കടവിൽ കരമയാറ്റിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയാൽ പുല്ലേക്കോണം ഏലായിൽ 25 ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്താം. 1987-ൽ ഏലാവികസന സമിതി മൂന്ന് ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതും. എന്നാൽ ഫണ്ടിൻെറ അഭാവം കൊണ്ട് പദ്ധതി മാറ്റി വച്ചതുമാകുന്നു. ഈ സ്ഥലത്തെ സമഗ്ര നെല്ല് കൃഷി വികസനത്തിന് ഈ പദ്ധതിയുടെ പ്രാധാന്യം അവഗണിക്കാവുന്നതല്ല. കടമുടുമ്പിൽ ഒരു കുളം കുഴിച്ചാൽ 50 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യാൻ സാധിക്കും.

ചെക്ക് ഡാം:

ഇരുത്തുംമൂല കിള്ളിയാറ്റിൽ ചെക്ക് ഡാം കെട്ടിയാൽ കുടിവെള്ളത്തിനും കൃഷിക്കും ഒരു പരിധിവരെ സഹായകരമാകും.

മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥന്മാരുടെ സമ്മേളനങ്ങൾ പഞ്ചായത്തിൽ വിളിച്ച് ചേർത്ത് പദ്ധതികൾ അവലോകനം ചെയ്യേണ്ടതാണ്.

ഡ്രിപ്പും, സ്പ്രിങ്കിളും, ഇറിഗേഷൻ കൊണ്ട് തെങ്ങ് കൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് മുട്ടത്തെരുവ് മുതൽ കുണ്ടമൺകടവ് വരെ അഞ്ച് കിലോമീറ്റർ ദൈർഘ്യം വരുന്ന കരമനയാറ്റിൽ അരുവിക്കോണം ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തിയാൽ വെള്ളൈക്കടവ്, കുലശേഖരം തുടങ്ങിയ ഭാഗങ്ങളിൽ നെൽകൃഷിയും മറ്റ് കരകൃഷികളും നടത്തുവാൻ കഴിയും.

നെല്ലുകൃഷി പ്രശ്നങ്ങളും പരിഹാരങ്ങളും

പ്രശ്നങ്ങൾ

1. കൊടുങ്ങാനൂർ ഏലായിൽ ഏറ്റവും താഴെ ആറ്റിൽ നിന്നും വെള്ളം കയറി കൃഷിനാശം ഉണ്ടാകാറുണ്ട്. ആവശ്യത്തിൽ ജലസേചന സൗകര്യം ലഭ്യമല്ല.
2. കുലശേഖരം ഏലായിൽ ചുള്ളയ്ക്കു മണ്ണെടുത്തതിനാൽ നിലത്തിനേക്കാൾ പൊക്കത്തിൽ തോട് സ്ഥിതി ചെയ്യുന്നു. ജലസേചന സൗകര്യം ലഭ്യമല്ല.
3. പിടയണി ഏലായിൽ ജലസേചന സൗകര്യം മെച്ചമല്ല.
4. ഇരുകുന്നം ഏലായിൽ ആറ്റിലെ വെള്ളം മൂലം വിരിപ്പു കൃഷിനാശം ഉണ്ടാകുന്നു. ജലസേചന സൗകര്യമില്ലാത്തതു മൂലം സമയത്തു കൃഷി ഇറക്കാൻ സാധ്യമല്ല.
5. കടിയക്കോണം ഏലായിൽ വീടുവയ്ക്കാനായി പ്ലോട്ടു തിരിച്ച് ഫ്ലാറ്റുകെട്ടുന്നതിന് തയാറാക്കി ഇട്ടിരിക്കുന്നതു സമീപത്തുള്ളവർക്ക് സുഗമമായ കൃഷി നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്.
6. നെൽകൃഷിക്ക് മെതിയടികളും അതാത് ഏലാകളിൽ നിർമ്മിക്കുന്നത് നന്നായിരിക്കും.
7. ഗ്രൂപ്പ് വ്യാപകമാക്കണം.

പരിഹാരമാർഗ്ഗങ്ങൾ

1. ആറ്റിൽ തിട്ടമംഗലം ഭാഗത്തായി 3 അടി വീതിയിൽ ഷട്ടർ ഇട്ട് വെള്ളം കയറുന്നതു തടയണം. നമ്പവൻകാവ്, കൊല്ലംകോട്, പുതുക്കുളങ്ങര എന്നീ കുളങ്ങൾ നന്നായി തോടുകൾ ശരിയാക്കി ജലസേചനസൗകര്യം ഉണ്ടാക്കിയാൽ നിലവിൽ കൊടുങ്ങാനൂർ ഏലായിൽ 7 ഹെക്ടർ കൃഷി ചെയ്യുന്നതു 16 ഹെക്ടറിൽ മൂന്നു പൂകൃഷി ചെയ്യാൻ സാധിക്കും. കൊല്ലം കോട് കുളത്തിൽ പമ്പുസെറ്റ് സ്ഥാപിക്കണം.
2. പേങ്ങാട്ടുകോണം കുളം നന്നാക്കി തോടിന്റെ ബണ്ടുകൾ ബലപ്പെടുത്തി ചെക്ക്ഡാമുകൾ കെട്ടി ജലസേചനസൗകര്യം ഉണ്ടാക്കിയാൽ കുലശേഖരം ഏലായിൽ നിലവിൽ 5 ഹെക്ടറിൽ രണ്ടു പൂകൃഷി ചെയ്യുന്നതു 12 ഹെക്ടറിൽ മൂന്നുപൂ കൃഷി ചെയ്യാൻ സാധിക്കും.
3. പുന്നാംകോണം, ചിറക്കോണം കുളം എന്നീ കുളത്തിൽ പമ്പുസെറ്റ് സ്ഥാപിക്കുകയും ഒഴുകുപാറതോട്ടിൽ പമ്പുസെറ്റ് സ്ഥാപിക്കുകയും ഒഴുകുപാറതോട്ടിൽ ചെക്ക്ഡാമുകൾ കെട്ടി സ്ലൂയിസ് വാൽവുകൾ വച്ചു ജലസേചന സൗകര്യം ഉണ്ടാക്കിയാൽ തട്ടാംവിളാകം മുതൽ വയലിക്കടക്കടുത്തു വരെയുള്ള സ്ഥലത്ത് മൂന്നു പൂകൃഷി ചെയ്യാം. നിലവിൽ പിടയണി ഏലായിൽ 7 ഹെക്ടറിൽ കൃഷി ചെയ്യുന്നത് 15 ഹെക്ടറായി ഉയർത്താൻ കഴിയും.
4. ഇരുകുന്നം ഏലയുടെ ആറ്റിനരുകുഭാഗത്ത് ബണ്ടുകെട്ടി ശരിയാക്കിയും തട്ടാംചിറക്കുളവും പിന്നച്ചിറക്കുളവും നന്നാക്കി തോട്ടിൽ കൂടി വെള്ളം ഇരുകുന്നം ഏലായിൽ എത്തിച്ചാൽ നിലവിൽ 1 ഹെക്ടർ സ്ഥലത്തുള്ള നെൽകൃഷി 4 ഹെക്ടറിൽ മൂന്നു പൂകൃഷി ചെയ്യാൻ സാധിക്കും.
5. പാപ്പാട് കുളവും വെണ്മണലിൽ കുളവും മടയന്നിക്കോണം കുളവും ഇതിനോടമുബന്ധിച്ച കുളവും തോടുകളും ശരിയാക്കി ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ 1 ഹെക്ടറിൽ കൃഷി ചെയ്യുന്നതു 10 ഹെക്ടറായി വർദ്ധിപ്പിക്കാം. കൂടാതെ വീടുവയ്ക്കുവാൻ അനുമതി കർശനമായും നൽകാതിരിക്കുകയും വേണം.

പ്രശ്നങ്ങൾ

തെങ്ങുകൃഷി

1. 30 സെൻറ് വസ്തു ഉള്ളവർക്കു മാത്രമേ പമ്പ്സെറ്റിനും കിണറ്റിനും സബ്സിഡി ലഭിക്കുന്നുള്ളു.

2. അത്യുല്പാദന ശേഷിയുള്ള തൈകൾ ആവശ്യാനുസരണം ലഭിക്കുന്നില്ല. ചന്ദ്രകല്പയുടെ പ്രചരണം വ്യാപകമാക്കണം.
3. ഫലപ്രദമായി മണ്ണ് ഒലിപ്പ് തടയാത്തത് കൊണ്ട് പ്രതിശീർഷ വരുമാനം കുറയുന്നു.
4. ആവശ്യാനുസരണം ജലസേചന സൗകര്യം ഇല്ല.
5. തെങ്ങ് കയറ്റ തൊഴിലാളികളുടെ അഭാവം.
6. കീടനാശിനിയുടെ അഭാവം
7. തെങ്ങ് കൃഷിയോടൊപ്പം കുരുമുളക് കൃഷി കൂടി വ്യാപിപ്പിക്കണം.

പച്ചക്കറി

1. നല്ലയിനം വിത്ത് ലഭ്യമല്ല.
2. പച്ചക്കറിയുടെ വില

വാഴ

1. നല്ലയിനം വാഴകന്നുകൾ ലഭ്യമല്ല.
2. കുറുനാമ്പ്, തടപ്പുഴു എന്നിവയുടെ പ്രശ്നങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്.

പരിഹാരമാർഗ്ഗം

തെങ്ങ്കൃഷി

1. പട്ടണത്തോട് തൊട്ടടുത്ത് കിടക്കുന്ന പ്രദേശമായതുകൊണ്ട് ഈ പഞ്ചായത്തിൽ 10 സെൻറ് വരെ ഉള്ളവർക്ക് പമ്പിനും കിണറിനും നിയമഭേദഗതിവരുത്തി സബ്സിഡി നൽകേണ്ടതാണ്.
2. അത്യുല്പാതന ശേഷിയുള്ള TxD, DxT കോമാടൻ ലക്കടിവ് ചന്ദ്രകല എന്നീ ഇനം തൈകൾ കൃഷിഭവൻ മുഖ്യാന്തരം ആവശ്യമായ തൈകൾ ന്യായമായ വിലയ്ക്ക് നൽകേണ്ടതാണ്.
3. സോയിൽ കൻസർവേഷൻറെ സഹായത്തോടുകൂടി ബണ്ടുകൾ നിർമ്മിക്കുന്നതിനും തെങ്ങിന് തടമിടുന്നതിനും സഹായധനം ചെയ്യേണ്ടതാണ്.
4. അന്യത്ര പ്രസ്താവിച്ച കുളങ്ങൾ ചെക്ക്ഡാം, ലിഫ്റ്റ് ഇറിഗേഷൻ കമ്മ്യൂണിറ്റി ഇറിഗേഷൻ തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കുന്നതു വഴി ജലസേചനം പരിഹരിക്കാവുന്നതാണ്.
5. തെങ്ങ് കയറ്റ യന്ത്രം ലഭ്യമാക്കേണ്ടതാണ്.
6. സബ്സിഡി ഇനത്തിൽ കീടനാശിനി ലഭ്യമാക്കേണ്ടതാണ്.

പച്ചക്കറി

1. തെരഞ്ഞെടുത്ത കർഷകരെ കൊണ്ട് വിത്ത് ഉല്പാദിപ്പിച്ച് അവ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുക.
2. എല്ലാവീട്ടിലും ഒരു പച്ചക്കറിത്തോട്ടം നടപ്പിലാക്കാനായി വിത്തും, വളവും, കീടനാശിനി, പരിശീലനം, നൽകേണ്ടതാണ്, വാർഡുതോറും സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സെമിനാറുകൾ നടത്തി ഈ സംരംഭം വിജയിപ്പിക്കാൻ ശ്രമിക്കണം. പരമാവധി സബ്സിഡി ഇതിന് നൽകേണ്ടതാണ്.

വാഴ

1. ഗവേഷണ കേന്ദ്രത്തിൽ നിന്ന് ഫാമുകളിൽ നിന്നും നല്ലയിനം തൈകൾ, ന്യായമായ വിലയ്ക്ക് കൃഷിഭവനിൽ കൂടി നൽകണം.
2. സബ്സിഡി നിരക്കിൽ കീടനാശിനി ലഭ്യമാക്കുക.

പ്രശ്നങ്ങൾ

കിഴങ്ങ്വർഗ്ഗങ്ങൾ

1. ചേന, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കാച്ചിൽ, കൂവ, മരിച്ചിനി തുടങ്ങിയവ ഇന്ന് സാധാരണയായി കൃഷി ചെയ്തു കാണുന്നില്ല.

കുരുമുളക്

1. ധ്രുതവാട്ടം ഒരു ഭീഷണിയാണ്.

പയർ വർഗ്ഗങ്ങൾ

1. മുതിര, ചെറുപയർ, ഉഴുന്ന്, എന്നിവയുടെ കൃഷി കുറവാണ്.

പരിഹാരം

1. ഇവയുടെ നടീൽ വസ്തുക്കൾ ഫാമുകളിൽ നിന്നോ, CT, CRI യിൽ നിന്നോ കൃഷിഭവനിൽ കൂടി വിതരണം ചെയ്യണം.

കുരുമുളക്

1. വളവും കീടനാശിനിയും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

പയറ് വർഗ്ഗം

1. കൃഷി ഭവനിൽ കൂടി ഇവയുടെ വിത്തുകൾ ആവശ്യത്തിന് സബ്സിഡി നിരക്കിൽ നൽകുക.

(2) മൃഗപരിപാലനവും മത്സ്യബന്ധനവും

കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 90ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ്. കേരളത്തിലെ പ്രാഥമിക മേഖലയിൽ മൃഗസംരക്ഷണമേഖല ഗണ്യമായ സംഭാവനയാണ് നൽകുന്നത്. വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണരംഗത്ത് വിപുലമായ സാധ്യതകളുണ്ട്. പഞ്ചായത്തിലെ കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും, കർഷകതൊഴിലാളികളുമാണ്.

സ്വയംപര്യാപ്തമല്ലാത്ത ഒരു മേഖലയായതിനാൽ നാം ആവശ്യത്തിന് വേണ്ടി ഇന്നും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് വരുകയാണ്. അധികാരവികേന്ദ്രീകരണം താഴ്ന്ന തലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും ഈ രംഗത്തെ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് രൂപം നല്കേണ്ടിയിരിക്കുന്നു. ഉല്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം ഉല്പന്നങ്ങളുടെ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്ക് മുൻഗണന നൽകുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കേണ്ടത്.

കേരളത്തിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ വികസനം പാൽ ഉല്പാദനത്തിലും, ഉപയോഗത്തിലും നേട്ടമുണ്ടാക്കുവാൻ സാധിച്ചു. ഓരോ കേരളീയനും ഉപയോഗിച്ചുവരുന്ന പാലിന്റെ അളവിലും ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. നാടൻ പശുക്കളിൽ നിന്നും മേൽത്തരം ജനുസുകളിൽപ്പെട്ട പശുക്കളിലേക്കുണ്ടായ പരിവർത്തനം വഴിയാണ് പാലുല്പാദനരംഗത്ത് നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞ്. സങ്കരയിനം പശുക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായപ്പോൾ എരുമകൾ, ആടുകൾ എന്നിവയുടെ എണ്ണത്തിൽ കുറവാണ് ഉണ്ടായത്. നാടൻ പശുക്കളുടെ ഉല്പാദനം 30 ശതമാനം വരെ വർദ്ധിച്ചു.

കാലിത്തീറ്റ, പുണ്ണാക്ക് എന്നിവയുടെ ഉയർന്ന വില, പച്ചപുല്ലിന്റെറയും വൈയ്ക്കോലിന്റേറയും ദൗർലഭ്യം, പാലിന് ലഭിക്കുന്ന വിലക്കുറവ് എന്നീ പ്രശ്നങ്ങൾ ഈ മേഖലയിലെ വികസനത്തെ കാര്യമായ രീതിയിൽ പിന്നോക്കം വലിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരുടെ സർക്കാർ ജോലിഭ്രമവും ഈ മേഖലയിലെ മനുഷ്യപ്രയത്നസ്രോതസ്സിന്റെ കുറവിന് കാരണമായി. നെൽകൃഷിയുടെ തോത് കുറവായതിനാൽ വയ്ക്കോലിന്റെ ദൗർലഭ്യത്തിലും, അണുകുടുംബ സംവിധാനം ഭൂവിസ്തൃതിയുടെ കുറവ് വരുത്തി വച്ചത് വഴി പച്ചപുല്ലിന്റെ ഇല്ലായമക്കും കാരണമായി.

മുട്ട, മാംസം എന്നിവയ്ക്ക് വേണ്ടി അന്യ സംസ്ഥാനങ്ങളെ നാമിന്നും. ആശ്രയിച്ചുവരുകയാണ്. കന്നുകാലി പരിപാലനം പോലെ തന്നെ പഞ്ചായത്തിൽ കോഴിവളർത്തൽ വ്യാപിക്കുവാനും, അതുവഴി മുട്ടയുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും കഴിയണം. ഇറച്ചിയുൽപ്പാദനത്തിനായി കാലിവളർത്തലും, ആടുവളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ഒമ്പതിനായിരത്തിൽപ്പരം വരുന്ന കുടുംബങ്ങളുടെ 20 ശതമാനം കുടുംബങ്ങളിൽ മാത്രമേ കന്നുകാലിവളർത്തൽ നിലവിലുള്ളു.

പട്ടിക - I

പഞ്ചായത്തിലെ ജന്തുസമ്പത്തിന്റെ വിവരം

വിഭാഗം	എണ്ണം
സങ്കരയിനം പശു	1285
സങ്കരയിനം കാള	96
നാടൻ കാള	28
നാടൻ പശു	390
എരുമ	93
പോത്ത്	16
പെൺ ആട്	942
ആൺ ആട്	314
കോഴി	18503
താറാവ്	155
പട്ടി	2725

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും, ഒരു സബ്ബ് സെൻററുമാണുള്ളത്. 13 വാർഡുകളുള്ള പഞ്ചായത്തിലെ വിവിധ ഭാഗത്ത് ഇതിന്റെ പ്രയോജനം ഫലപ്രദമായ രീതിയിൽ എത്തിക്കുവാൻ സാധിക്കുന്നില്ല. രാത്രികാലങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ സേവനവും ലഭിക്കുന്നില്ല. സ്വകാര്യ

മേഖലയിലെ മൃഗഡോക്ടർമാരെ കൂടുതലായും ആശ്രയിക്കുന്നതിനാൽ മതിയായ ചികിത്സ ലഭിക്കുന്നില്ല. കൂടാതെ സാമ്പത്തികമായി ധാരാളം ബാധ്യതയും കർഷകന് വരുത്തിവക്കുന്നു. കാലിവസന്ത, കോഴിവസന്ത, കുളമ്പ് രോഗം എന്നിവയെ നിയന്ത്രിക്കാനുള്ള നടപടികൾ ഇന്നും അപര്യാപ്തമാണ്.

കാളവണ്ടികളുടെ എണ്ണം അനുദിനം കുറഞ്ഞ്വരുകയാണ്. കാർഷികമേഖലയിൽ കൃഷിനിലം ഒരുക്കുവാനും ഇന്ന് മൃഗശക്തി കാര്യമായി ഉപയോഗിക്കുന്നില്ല. ഉയർന്നകൂലിയും, മൃഗപരിപാലന ചിലവും തന്നെയാണ് ഈ സ്ഥിതിക്ക് കാതലായ കാരണം.

പാലുല്പാദന മേഖല

വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിൽ നെട്ടയം, വെള്ളൈക്കടവ്, തിട്ടമംഗലം എന്നീഭാഗങ്ങളിൽ പാൽ വിപണന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളിൽ പ്രതിവർഷം 2 ലക്ഷത്തോളം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ഇതിൽ പകുതിയും മിൽമയ്ക്കാണ് നൽകുന്നത്. ഉല്പാദകരിൽ 30-50 ശതമാനം ആൾക്കാർ പ്രാദേശികമായി വില്പന നടത്തുന്നു. ഇതിനെക്കാളേറെ സ്വകാര്യകറവക്കാർ തന്നെ പാൽ സംഭരിച്ച് തലസ്ഥാനനഗരിയിൽ വിപണനം നടത്തുന്നുണ്ട്. ഇത് ഏകദേശം 5 ലക്ഷം ലിറ്ററോളം വരും. ഗാർഹികാവശ്യത്തിന് 2.5 ലക്ഷം ലിറ്ററോളം പാൽ ഉപയോഗിക്കുന്നു. പഞ്ചായത്തിലെ മൊത്തം പാലുല്പാദനം പ്രതിവർഷം 12 ലക്ഷം ലിറ്ററോളം വരും.

മാംസോല്പാദനം

വിസ്തൃതമായ പഞ്ചായത്തായിട്ടും, ആവശ്യക്കാർ ഏറെയുണ്ടായിട്ടും സ്വന്തമായ അംഗീകാരമുള്ള ഒരു അറവ്ശാല ഇല്ലാത്ത അവസ്ഥയാണ്. എന്നാൽ നിയമാനുസൃതമല്ലാത്ത അറവ്ശാലകൾ പഞ്ചായത്തിന്റെ വിവിധഭാഗത്തുണ്ട്. അനധികൃതമായി കശാപ്പ് നടത്തുന്നതിനാൽ ഉല്പാദിപ്പിക്കപ്പെടുന്ന മാംസത്തിന്റെ അളവ് ലഭ്യമല്ല.

ആട് വളർത്തൽ

ആട് വളർത്തൽ താല്പര്യം ക്രമേണ കുറഞ്ഞുവരുന്നുണ്ടെങ്കിലും, മാട്ടിറച്ചിയുടെ മെച്ചപ്പെട്ട വില ഈ രംഗത്ത് ആശാവഹമായ പുനരുദ്ധാരണത്തെ പ്രോത്സാഹിപ്പിക്കുവാൻ തക്കതാണ്. ശാസ്ത്രീയമായ രീതിയിൽ ആട് വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

പന്നിവളർത്തൽ

ഉല്പാദനക്ഷമത കാര്യമായ രീതിയിൽ നേടിയെടുക്കുവാൻ സാധിക്കുന്ന മേഖലയായിട്ടും, പിപണന സാധ്യത കുറവ് പന്നിവളർത്തൽ വ്യവസായത്തെ ആദായകരമാക്കുവാൻ സാധിച്ചിട്ടില്ല. വേണ്ടത്ര പരിശീലനം നൽകിയും, വിപണന സാധ്യതകൾ വർദ്ധിപ്പിച്ചും, നല്ലയിനം പന്നി കുഞ്ഞുങ്ങളെ ലഭ്യമാക്കിയും, വേണ്ടത്ര പരിസരശുചിത്വം പാലിച്ചും പന്നിവളർത്തൽ ലാഭകരമാക്കാവുന്നതാണ്.

ബ്രോയിലർ കോഴിയുല്പാദനം

കുടിൽ വ്യവസായമായി തുടങ്ങി തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിപ്പിക്കുവാൻ സാധിക്കും. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട ബ്രോയിലർ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

മുട്ടയുല്പാദനം

ഉപയോഗിക്കുന്ന മുട്ടയുടെ നല്ലൊരു ശതമാനം ഇന്നും പുറത്ത് നിന്നാണ് വരുന്നത്. ആവശ്യമായ മുട്ടയുൽപ്പാദിപ്പിക്കുവാൻ തരത്തിൽ പുതിയ ജനുസ്സുകളിൽപ്പെട്ട 'ഗിരിരാജ' പോലുള്ള വീട്ടുവളപ്പിൽ വളർത്താൻ പറ്റുന്ന കോഴികളെ വളർത്തേണ്ടിയിരിക്കുന്നു. മുട്ടയുല്പാദനവും ഒരു വരുമാനമാർഗ്ഗമായി സ്വീകരിക്കാവുന്നതാണ്.

കാട, മുയൽ, ടർക്കി, താറാവ്

മാംസത്തിന് വേണ്ടി മുയൽ, കാട, ടർക്കി, താറാവ് എന്നിവ വളർത്തുന്നതും വ്യാപകമാക്കേണ്ടതാണ്. പ്രാദേശികമായുള്ള മാംസദർലഭ്യം പരിഹരിക്കുവാനും, സ്വയംപര്യാപ്തത കുടുംബങ്ങൾക്ക് നേടിയെടുക്കുവാനും സാധിക്കും.

ജൈവവളം

കന്നുകാലി വളർത്തലിലൂടെ കൃഷിക്ക് ആവശ്യമുള്ള ജൈവവള സമ്പത്ത് സ്വായത്തമാക്കുവാൻ സാധിക്കും. ഇതുവഴി കൃത്രിമവളങ്ങൾക്കായുള്ളപാഴ്ചിലവ് കുറക്കുവാൻ കഴിയും.

ബയോഗ്യാസ്

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി ബയോഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. ചാണകോല്പാദനം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുവാൻ ഇനിയും കർഷകർ ശ്രമിച്ച് കാണുന്നില്ല. പാചകവാതകത്തിൻറെയും, വിറകിൻറെയും വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ ബയോഗ്യാസ് സംവിധാനം വളരെ ലാഭകരവും, എളുപ്പവുമാണ്. ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് ബയോഗ്യാസിൻറെ ഉപയോഗം കൂടുതൽ വ്യാപിക്കേണ്ടതാണ്.

വന്ധ്യതാ നിവാരണവും, പേവിഷ നിർമ്മാർജ്ജനവും

ബ്ലോക്ക്തലത്തിൽ വന്ധ്യതാ നിവാരണം, പേവിഷനിർമ്മാർജ്ജനം എന്നിവയ്ക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞവർഷം 450 ൽപ്പരം നായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തുകയുണ്ടായി. വാർഡ്തലത്തിൽ ഈ പദ്ധതികൾ കുറേകൂടി വ്യാപകമാക്കിയാൽ കൂടുതൽ പേർക്ക് ഇതിൻറെ പ്രയോജനം ലഭ്യമാക്കുവാൻ സാധിക്കും.

പട്ടിക - II

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്ത് മൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	1135	270	122
കിടാരി	540	184	98
എരുമ	93	28	11

പട്ടിക - III

പേവിഷബാധ - പ്രതിരോധകുത്തിവയ്പ്പ്

വിവരം	പട്ടി
പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം	250
കടിയേറ്റതിന് ശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം	3

പട്ടിക - IV

വളർത്ത് പക്ഷി വിവരം

പൂവൻകോഴി	പിടക്കോഴി മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	താറാവ് അണ്	പെണ്
2108	11477	4918	59	96

നടപ്പു പദ്ധതികൾ, പോരായ്മകൾ അതിനുവേണ്ട മാറ്റങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഈ പരിപാടിയുടെ ഉദ്ദേശ്യം ജനിതിക ഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാധ്യമാക്കുക. പ്രതിരോധന കുത്തിവയ്പുകളും മരുന്നുകളും പകുതി വിലയ്ക്കു നൽകുക, ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലയ്ക്ക് നൽകുക, ഇൻഷ്വറൻസ് പരിരക്ഷ നൽകുക, തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ. എന്നാൽ ഈ ആനുകൂല്യം ഇപ്പോൾ ഒരു വിഭാഗം കർഷകർക്ക് റേഷൻകാർഡിലെ വരുമാനം അനുസരിച്ചേ കിട്ടുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടിക

ളെയും എരുമകുട്ടികളെയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

2. പേവിഷനിയന്ത്രണ പദ്ധതി

ക്യാമ്പുകൾ സംഘടിപ്പിച്ച് പഞ്ചായത്ത് മേഖലയിലെ വളർത്ത് നായ്ക്കളെ സൗജന്യ നിരക്കിൽ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുന്നുണ്ട്. ആവശ്യാനുസരണം വാക്സിൻ കിട്ടുന്നില്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളെയും നിർബന്ധ കുത്തി വയ്പിന് വിധേയമാക്കുകയും ലൈസൻസിങ്ങ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാതെ അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക, ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ, സൗജന്യമായോ ലഭ്യമാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായസഹകരണത്തോടെ ഇത് നടപ്പിലാക്കാവുന്നതാണ്.

3. കാലിരോഗനിയന്ത്രണ പദ്ധതി

കുളമ്പുരോഗം, കാലിവസന്ത, അടപ്പൻ തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പിനുള്ള സംവിധാനം ഉണ്ട്. പഞ്ചായത്തിലെ എല്ലാ കർഷകരും ഇത് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. കൂടാതെ മൃഗാശുപത്രികളുടെ ആവശ്യാനുസരണം എല്ലായിടത്തും കുത്തിവയ്പുകൾ നടത്താൻ കഴിയുന്നില്ല. തെക്കൻ ജില്ലകളിൽ കുളമ്പുരോഗം നിയന്ത്രണാധീനമാക്കാൻ സാധിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ എല്ലാ കന്നുകാലികളെയും യഥാസമയം പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കേണ്ടതാണ്.

4. ആടുവളർത്തൽ പദ്ധതി

5. മുയൽവളർത്തൽ പദ്ധതി

6. പന്നിവളർത്തൽ പദ്ധതി

7. പശുവളർത്തൽ പദ്ധതി

ജില്ലാ അധികാരികളുടെ നിർദ്ദേശാനുസരണം നടപ്പിലാക്കുന്ന പദ്ധതികളാണിവ. ഈ പദ്ധതി ചില പ്രദേശങ്ങളിലായിട്ടാണ് നടപ്പിലാക്കിവരുന്നത് അർഹതയില്ലാത്തവരും ആവശ്യമില്ലാത്തവരുമാണ്. ഈ ലിസ്റ്റിലേക്ക് കടന്നുവരാറുള്ളത്. നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ലായ പന്നിക്കുഞ്ഞുങ്ങളുടെ അഭാവവും, വളർത്തൽ പദ്ധതി തുടർന്നു പോകാനുള്ള ബുദ്ധിമുട്ടുകളും, താല്പര്യ കുറവുകൊണ്ട് ഇവർ ഇതിനെ വിറ്റ് രക്ഷപ്പെടുന്നു. മുയൽ വളർത്തൽ പദ്ധതിയിൽ ഇവ വിറ്റഴിക്കാൻ സൗകര്യങ്ങളില്ല ആടുവളർത്തലിനും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുക, സ്വകാര്യ മേഖലയിലും കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക. ആടുവളർത്തലിന് നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക, സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതി വലി ഇതിനുവേണ്ടപ്പച്ചിലത്തീറ്റ (പ്ലാവ്, സുബാബുൾ, മൾബറി) കൂടുതൽ പ്രചരിപ്പിയ്ക്കുകയും വേണം.

8. കാലിത്തീറ്റ മിശ്രണം

9. സമീകൃതാഹാരം നിർമ്മാണം

ഇവ ജില്ലാതലത്തിൽ ചിലയിടങ്ങളിൽ ഫാമുകളോടു ചേർന്നു പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും പ്രാദേശികമായിപോലും ഇവമതിയാകുന്നില്ല. മിൽമാ ഏജൻസികളും സ്വകാര്യമേഖലയുമാണ് ഇവ പ്രധാനമായും ഉല്പാദിപ്പിയ്ക്കുന്നത്.

10. വികസനവും പരിശീലനവും, വിജ്ഞാനവ്യാപനവും

കുടപ്പനക്കുന്ന്, ആലുവ, മുണ്ടയാട് എന്നീ സ്ഥലങ്ങളിൽ കർഷക പരിശീലനം നടത്തുന്നുവെങ്കിലും ഇവ എല്ലാവർക്കും പ്രയോജനകരമാക്കാൻ സാധിയ്ക്കുന്നില്ല.

11. ഇറച്ചികോഴി വളർത്തൽ

ഈ പദ്ധതിയുടെ ആനുകൂല്യം വളരെയധികം പേർക്ക് ലഭ്യമായിട്ടുണ്ട്. താലൂക്കുകളിൽ സഹകരണ സംഘങ്ങളും രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിയ്ക്കാനോ ക്രോഡീകരിയ്ക്കാനോ സാധിച്ചിട്ടില്ലാ. ഈ മേഖല ഇന്നു തികച്ചും അസംഘടിതമാണ്. തീറ്റയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. ആവശ്യാനുസരണം കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിനും രണ്ടു മാസമാകുമ്പോൾ വിറ്റഴിക്കാനും തീറ്റ വിതരണം ചെയ്യുന്നതിനും സംഘങ്ങൾക്കു കഴിഞ്ഞിട്ടില്ല. സമയത്തിനു കോഴിത്തീറ്റ നൽകാതിരിയ്ക്കുകയും കുറഞ്ഞ വിലയ്ക്ക് കോഴികളെ വിൽക്കേണ്ടിവരുന്ന സാഹചര്യങ്ങൾ ഉണ്ടാക്കി ഇടത്തട്ടുകാർ പദ്ധതിയെ ഇന്ന് തകർത്തുകൊണ്ടിരിക്കുന്നു. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴി ഇറച്ചിയുടെ വിപണനത്തിനുമായി സഹകരണ സംഘങ്ങൾ സ്ഥാപിയ്ക്കേണ്ടതുമാണ്.

12. അടുക്കള മുറ്റത്തെ കോഴിവളർത്തൽ

ജില്ലാധികാരികൾ തിരഞ്ഞെടുത്ത ചില ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 1/3 എന്ന നിരക്കിൽ ഹരിജനങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ഈ പദ്ധതി കുറെയധികം കുടുംബങ്ങൾക്ക് പ്രയോജനമായിട്ടുണ്ട്. പക്ഷേ ആവശ്യാനുസരണം നല്ല കോഴിക്കുഞ്ഞുങ്ങളെ എല്ലായിപ്പോഴും വിതരണം ചെയ്യാൻ സാധിയ്ക്കുന്നില്ലാ. വിതരണം ചെയ്യുമ്പോൾ വളരെ അകലെ നിന്നും ഉച്ചവെയിലത്തു കൊണ്ടെത്തിയ്ക്കുക വഴി വളരെയധികം കോഴിക്കുഞ്ഞുങ്ങൾ ഉപഭോക്താക്കൾക്ക് നഷ്ടമാകുന്നുണ്ട്. ഇതു സംബന്ധിച്ച് ധാരാളം പരാതികളും ഉയർന്ന് വന്നിട്ടുണ്ട്. എല്ലാവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിയ്ക്കാനുള്ള അവസരം ഉണ്ടാകണം. ആവശ്യകാർക്ക് രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ വിതരണം ചെയ്യണം.

13. താറാവു വളർത്തൽ

ചില ജില്ലകളിൽ മാത്രം ഇതു നടപ്പിലാക്കുന്നുള്ളു. പക്ഷേ വീടു വീടാന്തരം ജലാശയങ്ങളില്ലാത്ത സ്ഥലത്തും കർഷകർ താറാവു വളർത്തുന്നുണ്ട് താറാവിൻകുഞ്ഞുങ്ങളെ ആവശ്യാനുസരണം വിതരണം ചെയ്യാനോ ഉല്പാദിപ്പിയ്ക്കാനോ സാധിയ്ക്കുന്നില്ല.

14. ബീജ സങ്കലനകേന്ദ്രങ്ങൾ

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നോക്കം നിൽക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. പക്ഷേ ഇപ്പോഴും ഇതിനുള്ള സൗകര്യങ്ങൾ ലഭിയ്ക്കാത്ത പ്രദേശങ്ങളുമുണ്ട്. പലപ്രാവശ്യം കുത്തിവച്ച് ചെന പിടിയ്ക്കാത്ത പശുക്കൾക്ക് നഷ്ടപരിഹാരം നൽകാനുള്ള സംവിധാനം ഉണ്ടാകണം. വർഗ്ഗോദ്ധാരണശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ ക്രിത്രിമ ബീജസങ്കലന കേന്ദ്രം സ്ഥാപിയ്ക്കുകയും വേണം.

15. ചികിത്സാ സൗകര്യങ്ങൾ

എല്ലാ പഞ്ചായത്തിലും മൃഗാശുപത്രികൾ ഉണ്ട്. ഇതിനുപുറമേ ക്രിത്രിമ ബീജദാനകേന്ദ്രങ്ങളും ഫാമുകളുമൊക്കെ നിലവിലുണ്ട്. എല്ലായ്പ്പോഴും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാകുന്നില്ലാ. സ്വന്തമായി കെട്ടിടം ഇല്ലാ. പല സ്ഥാപനങ്ങളും അപ്രാപ്യമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. അവശ്യസൗകര്യങ്ങളില്ലാ. വാഹന സൗകര്യങ്ങവില്ലാ. ടെലഫോണുകൾ ഇല്ല. 24 മണിയ്ക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളില്ലാ.

16. വാക്സിൻ നിർമ്മാണവും രോഗ വേക്ഷണവും

വെറ്റിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പാലോടിൽ വാക്സിൻ നിർമ്മാണം ഉണ്ട്. പക്ഷേ പേ വിഷബാധയ്ക്കെതിരെയുള്ള വാക്സിൻ ഇപ്പോൾ ഇവിടെ ലഭ്യമല്ലാ. ആശുപത്രികളിൽ വാക്സിൻ സൂക്ഷിയ്ക്കാനുള്ള സൗകര്യവുമില്ല ആശുപത്രികളിൽ വാക്സിൻ സൂക്ഷിയ്ക്കുന്നതിനു വേണ്ടി ഫ്രിഡ്ജിന്റെ സൗകര്യം ലഭ്യമാക്കേണ്ടതാണ്. പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ സൗജന്യ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

17. സ്വകാര്യമേകലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും

നിലവിലുള്ള സ്വകാര്യമേഖലകളെ നടത്തികൊണ്ടുപോകുന്നതിനും കൂടുതൽ പരിപോഷിപ്പിയ്ക്കുന്നതിനും സർക്കാർ തലത്തിൽ കഴിയുന്നില്ലാ. അവശ്യ ഗുണനിലവാരനിയന്ത്രണ ചട്ടങ്ങൾ പ്രാബല്യത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. പഞ്ചായത്ത് ഇതിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കേണ്ടതാണ്.

18. മാംസപരിശോധനയും പൊതുജനാരോഗ്യവും.

ചില പഞ്ചായത്തുകളിൽ അതീവ നിഷ്കർഷതയോടുകൂടി അറവുശാലകളിൽ മാംസപരിശോധനയും അറവുമാടുകളെ മുൻകൂട്ടി പരിശോധിയ്ക്കുന്ന സമ്പ്രദായവും നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ശക്തമായ നിയമപിൻബലത്തോടെ മാംസപരിശോധന നടപ്പിൽ വരുത്തണം മാംസകച്ചവടം നടത്തുന്നവർക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

മൃഗസരേക്ഷണമേഖലയിൽ സാധാരണ കാണുന്ന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതവിലയും ഗുണനിലവാരനിർമ്മാണ ലബോറട്ടറിയുടെ അഭാവവും.

2. ഉല്പാദകന് കിട്ടുന്ന പാൽവില ഉല്പാദനചിലവിന് അനുസൃതമല്ലാ. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമാകുന്നില്ല.

3. വിപണനരംഗത്തെ അപര്യാപ്തത.

4. ഭാരിച്ച ചികിത്സാ ചിലവ് സമയത്തിന് ചികിത്സ ലഭ്യമല്ലാ. മൃഗാശുപത്രിയുടെ ദൂരക്കൂടുതൽ

5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.

6. ചുരുങ്ങുന്ന തീറ്റ പുൽകൃഷി

7. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.

8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.

9. അശാസ്ത്രീയമായ മാംസോല്പാദന വിപണനരീതികൾ.

10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.

11. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ.

12. ഈ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം.

13. കലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾപ്പോലും ഇല്ലാത്ത മൃഗാശുപത്രിയും ഉപകേന്ദ്രവും (സ്വന്തമായ കെട്ടിടം, ഉപകരണങ്ങൾ പരിശോധനാസ്ഥലം, ലബോറട്ടറി, മരുന്നുകൾ ടെലഫോൺ മുതലായവ ലഭ്യമല്ല).

14. സമഗ്രപേ വിഷനിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.

പഞ്ചായത്ത് തല നിർദ്ദേശങ്ങൾ

1. കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ

   പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ ഉല്പാദിപ്പിക്കുവാൻ കഴിയും. മരിച്ചീനി തവിട് വൈയ്ക്കോൽ, തേങ്ങാപ്പിണ്ണാക്ക്, കടലപ്പിണ്ണാക്ക് എന്നിവയ്ക്ക് പ്രാദേശികമായും നല്ല വില ലഭിയ്ക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുവാനും സഹായിക്കുന്നു.

2. പഞ്ചായത്ത് പുറംമ്പോക്ക് സ്ഥല ങ്ങളും ഭൂവുടമകളുടെ തരിശ് സ്ഥലങ്ങളും കണ്ടെത്തി ലേല വ്യവസ്ഥയിൽ പഞ്ചായത്ത് നിർദ്ദേശമനുസരിച്ച് തീറ്റ പുൽകൃഷിയ്ക്ക് ഉപയോഗിയ്ക്കണം. വേണ്ടുന്ന ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ സർക്കാർ തലത്തിൽ ചെയ്ത്കൊടുക്കേണ്ടതാണ്.

3. പാൽവിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ സ്ഥലത്ത് സ്ഥാപിയ്ക്കുകയും പാൽശേഖരണ വിപണന സൗകര്യങ്ങൾ പലയിടത്തായി ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പാലിന് അർഹമായ വില ഉറപ്പു വരുത്തുകയും വേണം.

4. പാൽസൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും പഞ്ചായത്ത് വാർഡ് മെമ്പറും ഗ്രാമപ്രതിനിധികളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടുള്ള വായ്പ സമ്പ്രദായം ഉണ്ടാക്കുക. തിരഞ്ഞെടുക്കപ്പെടുന്നവർ യഥാർത്ഥ ഗുണഭോക്താക്കളും മൃഗസംരക്ഷണമേഖലയിൽ പ്രത്യേക താല്പര്യം ഉള്ളവരും ആയിരിക്കണം. ബയോഗ്യാസ് പ്ലാൻറ് നിർമ്മിയ്ക്കുവാനുള്ള സാമ്പത്തിക സഹായം സർക്കാർ തലത്തിൽ നടപ്പിലാക്കുക.

5. മൃഗാശുപത്രികളുടെ സേവനം പഞ്ചായത്തിന്റെ എല്ലാ സ്ഥലത്തും ലഭ്യമാകണം. അവശ്യം വേണ്ടുന്ന മരുന്നുകളും ലഭ്യമാക്കണം ഇത് സഹകരണാടിസ്ഥാനത്തിൽ കർഷക സമിതി മുഖേനയാകാം. ഭ്രൂണമാറ്റം നടപ്പിൽ വരുത്തുക.

6. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

7. കൃത്രിമബീജ സങ്കലനകേന്ദ്രങ്ങൾ 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ പുനരാസൂത്രണം ചെയ്ത് മൃഗാശുപത്രികളിൽ അധികാര പരിതിയ്ക്കുള്ളിൽ കൊണ്ടുവരുന്നതും നല്ലതായിരിക്കും. പ്രതിരോധന കുത്തിവയ്പ്പുകളും പ്രാഥമിക രോഗറിപ്പോർട്ടുകൾക്കും ഈ സെൻററുകളുടെ സേവനം ശാസ്ത്രീയമായി ഉപയുക്തമാക്കാൻ കഴിയും.

8. ആധുനിക രീതിയിലുള്ള അറവു ശാലകൾ പ്രാദേശികമായി സ്ഥാപിയ്ക്കുകയും 'ഫീഫ്' പാക്കറ്റുകൾ ലഭ്യമാക്കുകയും വേണം. പരസ്യമായി കൊലചെയ്യുന്നത് തടയുകയും

രോഗപരിശോധന നടത്തി മാംസപരിശോധന നിർബന്ധമാക്കുകയും വേണം. ഈ മേഖലയിലെ കച്ചവടക്കാർക്ക് ലൈസൻസിങ്ങ് നിർബന്ധമാക്കണം. പൊതുജനാരോഗ്യം മുൻ നിർത്തി ഈ മേഖലയ്ക്ക് വളരെ പ്രാധാന്യം കൊടുക്കേണ്ടതാണ്.

9. മൃഗസംരക്ഷണമേഖലയിലെ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ നടപ്പാക്കുന്നത് ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

10. ചികിൽസാ രംഗം രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമായി പ്രാബല്യത്തിൽ വരുത്തണം. ഇത് പരിശോധിയ്ക്കാനുള്ള അധികാരം പഞ്ചായത്തിനുണ്ടാകണം. ഇത് നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർ ഹോർമോണുകളും ആൻറി ബയോട്ടിക്കുകളും കോർട്ടിയ്ക്കോസ്റ്റീറോയിടുകളും അനിയന്ത്രിതമായി ചികിത്സയ്ക്കുപയോഗിച്ച് കർഷകന് സാമ്പത്തികനഷ്ടവും ഇവ കലർന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുക വഴി മനുഷ്യന് അനാരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നു.

11. വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക. ഇത് സ്ത്രീകൾക്ക് തൊഴിൽസാധ്യതയും വരുമാനവും സമൂഹത്തിൽ മാന്യമായ സ്ഥാനവും ഉണ്ടാകും.

12. മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് ആധുനിക സൗകര്യങ്ങളോടെ മൃഗാശുപത്രികൾ പുനർ നിർണ്ണയം ചെയ്യണം. സ്വന്തമായി കെട്ടിടം റഫ്രിജറേറ്റർ, ടെലഫോൺ, വാഹന സൗകര്യം, ലബോറട്ടറി ഓപ്പറേഷൻ തിയേറ്റർ, കാർട്ടേഴ്സ് ഇവ ഉണ്ടായിരിക്കണം.

13. സമഗ്ര പേവിഷനിയന്ത്രണനയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും സൗജന്യനിരക്കിൽ പ്രതിരോധന കുത്തിവയ്പ് നൽകുകയും ലൈസൻസ് സംവിധാനം നിർബന്ധമാക്കുകയും വേണം അലഞ്ഞുതിരിയുന്ന തെരുവു നായ്ക്കളെ നശിപ്പിയ്ക്കുകയും പെൺപട്ടിക്കുഞ്ഞുങ്ങളെ അനാഥമായും ഉപേക്ഷിയ്ക്കുന്ന പ്രവണത നിർത്തി അവയെ ഓപ്പറേഷന് വിധേയമാക്കി സംരക്ഷിയ്ക്കുന്ന തടക്കമുള്ള ബോധവൽക്കരണ പരിപാടി പഞ്ചായത്തിലുടനീളം നടത്തണം.

14. സമ്പന്നനായ ഭൂവുടമകളെ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആകർഷിയ്ക്കാൻ ഒരു ശ്രമം ഊർജ്ജിതമായി നടത്തണം. ഇവർക്ക് ആവശ്യമായ ഈ മേഖലയിലെ തൊഴിലാളികളെ പരിശീലനം നൽകി ഉപയുക്തമാക്കണം. കറവയിലും പാല് ഉല്പാദന വിപണനത്തിലും വൈദഗ്ധ്യമാർജ്ജിച്ച ഒരു പുതിയ തൊഴിലാളി വിഭാഗം സമൂഹത്തിലുണ്ടാകണം.

15. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി സാമ്പത്തിക പരിഗണനകൂടാതെ എല്ലാ വിഭാഗം ജനങ്ങൾക്കും ബാധകമാക്കണം. അവരുടെ സങ്കരയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തീറ്റ വില വർദ്ധനവനുസരിച്ച് സബ്സിഡി ഏർപ്പെടുത്തുകയും വേണം. കാലകാലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും വേണം.

16. കന്നുകാലികളെ രോഗങ്ങൾക്കെതിരായി കുത്തിവയ്പുകൾ യഥാസമയം ചെയ്യുവാൻ പഞ്ചായത്തുതലത്തിൽ നിന്നും നടപടികൾ ഉണ്ടാകണം.

17. പന്നിവളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്കും താല്പര്യമുള്ള വരെ കണ്ടെത്തി ആവശ്യമായ സാങ്കേതിക സഹായം എത്തിയ്ക്കാൻ കഴിയണം. ഇവരെ പ്രോത്സാഹിപ്പിയ്ക്കുകയും വേണം.

18. ആടുവളർത്തൽ പദ്ധതിയ്ക്ക് വളരെ അനുയോജ്യമായ ഈ സ്ഥലം വേണ്ടുവോളം പ്രയോജനപ്പെടുത്തണം. ഈ മേഖല ഇന്ന് വളരെ ലാഭകരമായ ഒരു കുടിൽ വ്യവസായമായി മാറ്റാവുന്നതാണ്. ആടു വളർത്തൽ ഗ്രാമങ്ങൾ സംഘടിപ്പിയ്ക്കുവാൻ കഴിയും.

19. ഇറച്ചിക്കോഴി വളർത്തലിന് കർഷകരുടെ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അതുവഴി ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ ശ്രമിക്കണം. വ്യക്തി താല്പര്യങ്ങൾ കൂടുതൽ കണക്കിലെടുക്കേണ്ടതാണ്. ഓരോ വാർഡിലും രണ്ടാഴ്ചയിലൊരിക്കൽ വിപണനപ്രായമെത്തുന്ന 250 ഇറച്ചിക്കോഴികളെ വളർത്തുന്നതിനും വില്പനയ്ക്കും സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കേണ്ടതാണ്.

'എഗ്ഗർ നേഴ്സറികൾ' പഞ്ചായത്ത് തലത്തിൽ ഒന്നെങ്കിലും ഉണ്ടാകേണം ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക. ഇത് സർക്കാർ ഫാമിൽ നിന്നോ, സ്വകാര്യമേഖലയിൽ നിന്നോ ലഭ്യമാക്കി വളർത്തി നിർദ്ദിഷ്ട വിലയ്ക്ക് പദ്ധതിപ്രകാരം പ്രാദേശികമായി വിതരണം ചെയ്യണം ഇതിന് സർക്കാർ തലത്തിൽ സഹായ പദ്ധതിയുണ്ട്.

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി സാർവ്വത്രികമാക്കണം 60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യണം. കൂടും കോഴിത്തീറ്റയും ലഭ്യമാക്കണം. പ്രാദേശികമായി മുട്ട വിപണന സൗകര്യങ്ങളും ഉണ്ടാക്കേണം.

സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് മൃഗസംരക്ഷണ മേഖലയുമായി ആഭിമുഖ്യം ഉണ്ടാകേണ്ട വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം. വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താത്പര്യവും ലഭിയ്ക്കുന്നതിനുവേണ്ടി സ്ക്കൂൾ പൗൾട്രി ക്ലബ് ഇതിൽ രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക. ഓമന മൃഗങ്ങളെ വളർത്തുന്നതിലും കൈകാര്യം ചെയ്യുന്നതിനും പരിശീലനം നൽകണം.

പാല് ഉല്പാദനമേഖലയിൽ ചെറുകിട നാമമാത്ര കർഷകരെയും കർഷകതൊഴിലാളികളെയും ഈ മേഖലയിലേയ്ക്ക് ആകർഷിയ്ക്കുക. കാലി വളർത്തൽ മുഖ്യത്തൊഴിലായോ ഉപതൊഴിലായോ സ്വീകരിയ്ക്കുന്നതിന് പ്രോത്സാഹം നൽകുക. വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗിയ്ക്കുക. പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ.

പൊതുവെ സ്ത്രീകൾക്ക് പ്രാമുഖ്യം നൽകി അവർക്ക് നേരിട്ട് കൈകാര്യം ചെയ്യാവുന്ന പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ ആസൂത്രണം ചെയ്താൽ വികസന മേഖലയിൽ വളരെ സാധ്യതയുള്ള ഒന്നാണ് ഈ രംഗം.

മത്സ്യമേഖല

പഞ്ചായത്തിന്റെ പടിഞ്ഞാറ് തെക്കായി കിള്ളിയാറും കിഴക്ക്തെക്കായി കരമനയാറും ഒഴുകുന്നുണ്ട്. കിലോമീറ്ററുകളോളം നീളമുള്ള തോടുകളും, പൊതുകുളങ്ങളും നിലവിലുണ്ട്. മത്സ്യ ബന്ധന സാദ്ധ്യതകൾ ഈ ഉപരിതല സ്രോതസ്സുകളെ ആശ്രയിച്ചിരിക്കുന്നു. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പഞ്ചായത്തിൽ വളരെ വിരളമാണ്. സ്വന്തമായി വലയോ, വള്ളമോ ഇല്ലാത്ത അവസ്ഥയാണ്. മത്സ്യം പൊതുമാക്കറ്റുകളിൽ നിന്ന് വാങ്ങി കൊണ്ടുനടന്ന് വിൽക്കുന്ന രീതിയും, മാർക്കറ്റുകളിലെ വിപണനവുമാണ് മുഖ്യമായും നടക്കുന്നത്. മത്സ്യവിപണനം നടത്തുന്ന അഞ്ച് മാർക്കറ്റുകളാണുള്ളത്. 100-ൽപ്പരം ആളുകൾ മത്സ്യ വ്യാപാരം നടത്തി ഉപജീവനം നടത്തുന്നുണ്ട്.

ശുദ്ധജല മത്സ്യകൃഷി

പുഴകൾ, തോടുകൾ, കിണറുകൾ, കുളങ്ങൾ, നെൽപ്പാടങ്ങൾ തുടങ്ങിയ ലവണാംശമില്ലാത്ത ജലാശയങ്ങൾ ശുദ്ധജലമത്സ്യകൃഷിക്കായ് തെരെഞ്ഞെടുക്കാവുന്നതാണ്.

ശുദ്ധജല മത്സ്യങ്ങൾ, കൊഞ്ച്, ആമ, തവള എന്നിവ ഇങ്ങനെ വളർത്തുവാൻ സാധിക്കും. ശുദ്ധ മത്സ്യകൃഷിയിൽ അലങ്കാര മത്സ്യകൃഷിക്ക് നല്ല സാധ്യതയുണ്ട്. കുടുംബവരുമാനം മെച്ചപ്പെടുത്തുവാൻ ഇതിന് കഴിയും.

സാധ്യതകൾ

1. നാട്ടിൻകുളം: പഞ്ചായത്തിലെ പൊതുകുളങ്ങൾ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കോ, വനിതകൾക്കോ മത്സ്യകൃഷിക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. നാട്ടിൻകുളങ്ങളെ വൃത്തിയായി സൂക്ഷിക്കുവാനും മത്സ്യകൃഷി വ്യാപനം നടത്തുവാനും ഇത് മുഖേന സാധിക്കും.

2. മത്സ്യകൂടുകൾ: സ്വന്തമായി കൃഷിയിടമില്ലാത്തവർക്കും, മത്സ്യതൊഴിലാളികൾക്കും ഈ കൃഷി രീതി സഹായകരമായിരിക്കും. വിവിധ മത്സ്യങ്ങൾ, ചെമ്മീൻ, ഞണ്ട്, ചി

പ്പികൾ എന്നിവ നദികളിൽ മത്സ്യക്കൂടുകൾ സ്ഥാപിച്ച് കൃഷി ചെയ്യുവാൻ സാധിക്കും.

3. വീട്ടുകുളം: വീട്ടുവളപ്പുകളിലുള്ള ചെറിയ കുളങ്ങളിൽ മത്സ്യകൃഷി ചെയ്യാവുന്നതാണ്. അടുക്കളയിൽ നിന്നുള്ള അവശിഷ്ടങ്ങൾ വീട്ടുകുളങ്ങളിലെത്തിച്ച് മത്സ്യകൃഷി പോഷിപ്പിക്കുവാൻ സാധിക്കും.

4. ചെമ്മീൻ പാടങ്ങൾ: നെൽകൃഷിക്ക് ശേഷമുള്ള സമയത്ത് മതിയായ ജല സേചനം നടത്തി ചെമ്മീൻ കൃഷി നടത്താവുന്നതാണ്. കൂട്ടുകൃഷിയായി ഇത് നടപ്പിൽ വരുത്താം.

പ്രശ്നങ്ങൾ

1. നല്ലയിനം മത്സ്യം മാർക്കറ്റുകളിൽ കിട്ടുവ നുള്ള ബുദ്ധിമുട്ട്.
2. അമിതമായ വിലയും, സംസ്കരണത്തിന്റെ അപാകതയും
3. മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക പ ജ്ഞാനവും, പരിശീലനവും നേടിയവരു അസാന്നിദ്ധ്യം.
4. നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ ലഭിക്കുവാ ള്ള ബുദ്ധിമുട്ട്.
5. പൊതുമാർക്കറ്റിംഗിന്റെ കുറവ്.

(3) വിദ്യാഭ്യാസം

''മനുഷ്യ വർഗ്ഗത്തിന്റെ സേവനത്തിന്
പറ്റുന്ന എല്ലാ ശിക്ഷണവും ഉൾക്കൊള്ളുന്ന
ഒന്നാണ് വിദ്യാഭ്യാസം''

❐ *ഗാന്ധിജി*

''വിദ്യകൊണ്ട് പ്രബുദ്ധരാവുക
സംഘടനകൊണ്ട് ശക്തരാവുക!''

❐ *നാരായണഗുരു*

''അറിവാണ് ശക്തി''

❐ *തോമസ് ഹോബ്സ്*

ആമുഖം

വിദ്യാഭ്യാസത്തിന്റെ പരമോന്നതലക്ഷ്യം വ്യക്തിത്വത്തിന്റെ സമഗ്ര വികസനമാണ്. നിരക്ഷരത ഏതൊരു സമൂഹത്തിന്റേയും ഏറ്റവും വലിയ ശാപവും ജനാധിപത്യത്തിന് കനത്ത ഭീക്ഷണിയുമാണ്. സാക്ഷരതയുടെ ഭൂപടത്തിൽ ഭാരതത്തിൽ സ്ഥാനം തുലോം പിന്നിലാണ്.

വിദ്യാഭ്യാസരംഗത്ത് മുമ്പന്തിയിലാണ് നമ്മുടെ കൊച്ചുകേരളം. എങ്കിലും കേരളത്തിന് ആശാവഹമായ പുരോഗതി പൂർണ്ണമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നത്തെ വിദ്യാഭ്യാസനില പാടെ മാറ്റേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ അമ്പതാം പിറന്നാൾ ആഘോഷിക്കുവാൻ തയ്യാറെടുക്കുന്ന ഈ അവസരത്തിൽ വിദ്യാഭ്യാസ രംഗത്തെപ്പറ്റി ഗാഢമായി ചിന്തിക്കുന്നത് എന്തുകൊണ്ടും നന്നായിരിക്കും. വിവിധതരം പൗരന്മാരെ വാർത്തെടുക്കുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പാടെ മാറ്റേണ്ടിയിരിക്കുന്നു.

ഭാരതം ഒരു രാഷ്ട്രമാണെങ്കിൽ അവിടെ സർവ്വ പൗരന്മാർക്കും ഒരേ തരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാകണം. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് ഭരണ തന്ത്രത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ച് അര നൂറ്റാണ്ട് പിന്നിട്ടിട്ടും ഭാരതത്തിന് മോചനം നേടാൻ കഞ്ഞിട്ടില്ല എന്നുള്ളത് തികച്ചും ആക്ഷേപാർഹമാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എട്ടു വിദ്യാലയങ്ങളിലായി. 4129 കുട്ടികൾ പഠിക്കുന്നു. (രണ്ടായിരത്തി മൂന്നൂറ്റിഎഴുപത്തിനാല് ആൺകുട്ടികളും ആയിരത്തി എഴുന്നൂറ്റിഅമ്പത്തഞ്ച്പെൺകുട്ടികളും) ഇവരിൽ നല്ലൊരു ഭാഗം വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്ത്നിന്ന് വരുന്നവരാണ്.

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം മൂന്നാം മൂട് മഞ്ചമ്പാറ ലോവർ പ്രൈമറി സ്ക്കൂളാണ് 1915-ൽ ക്രിസ്താശ്രമ ചർച്ചിൽ എൽ.എം.എസ്സിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു.

പിൽക്കാലത്ത് സർക്കാരിന് കൈമാറിയ പ്രസ്തുത വിദ്യാലയം യാതൊരു പുരോഗതിയും കൈവരിക്കാതെ ഇന്നും സ്ഥിതിചെയ്യുന്നു. ഇപ്പോൾ പഞ്ചായത്തിൽ സർക്കാരിന്റേയും വിവിധ മാനേജുമെന്റുകളുടെ കീഴിലുമായി എട്ട് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.

പ്രസ്തുത വിദ്യാലയങ്ങളുടെ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക I

വിദ്യാലയങ്ങളുടെ വിശദവിവരങ്ങൾ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	ഉടമസ്ഥർ	കുട്ടികൾ			അദ്ധ്യാപകർ	
			ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	നിലവിലുള്ളത്	വേണ്ടത്
1.	ഗവ: ഹൈസ്ക്കൂൾ കാച്ചാണി	സർക്കാർ	861	788	1649	47	51
2.	ഗവ:യു.പി.എസ് കുലശേഖരം	സർക്കാർ	215	210	425	15	15
3.	ഗവ:എൽ.പി.എസ് മഞ്ചംപാറ	സർക്കാർ	75	105	180	5	6
4.	എൽ.എഫ്.എം.എസ്.സി എൽ.പി.എസ്. വേറ്റികോണം	എയിഡഡ്	148	129	277	6	6
5.	ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻററി സ്ക്കൂൾ കൊടുങ്ങാനൂർ	അൺ എയിഡഡ്	875	348	1223	60	60
6.	അബ്ദുൾ സലാം റാഫി മെമ്മോറിയൽ റസിഡൻഷ്യൽ സ്ക്കൂൾ നെട്ടയം	അൺ എയിഡഡ്	119	78	197	9	9
7.	ശ്രീരാമകൃഷ്ണ സാംസ്ക്കാരിക സമിതി സ്ക്കൂൾ. നെട്ടയം	അൺ എയിഡഡ്	63	79	142	10	10
8.	ഇമ്മാനുവൽ ഇംഗ്ലീഷ് മീഡിയംസ്ക്കൂൾ, മൂന്നാംമൂട്	അൺ എയിഡഡ്	18	18	36	7	7
			2374	1755	4129	159	164

പഞ്ചായത്തിലെ വിദ്യാഭ്യാസ വളർച്ചയ്ക്ക് കുലശേഖരം മഹാത്മജി സ്മാരക ഗ്രന്ഥശാല, വെള്ളെക്കടവ് കൈരളി ഗ്രന്ഥശാല, പാപ്പാട് സത്കലാ ഗ്രന്ഥശാല വിഴയില വിന്നേഴ്സ് ഗ്രന്ഥശാല, മൂന്നാംമൂട്, സത്യൻ സ്മാരക ഗ്രന്ഥശാല, നെട്ടയം അരുണാചലം പിള്ള സ്മാരക ഗ്രന്ഥശാല, പാണാങ്കര മാതൃഭൂമി സ്റ്റഡിസർക്കിൾ എന്നീ സ്ഥാപനങ്ങൾ അനൗപചാരിക വിദ്യാഭ്യാസരംഗത്തും ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഇതിനുപുറമെ 1000 ത്തോളം വിദ്യാർത്ഥികൾ പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നുണ്ട്. മാത്രമല്ല നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്ന കുട്ടികളുടെ എണ്ണവും കുറവല്ല. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥകളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. ജനനനിരക്കിലെ കുറവ്, സമീപ പ്രദേശങ്ങളിലെ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയത്തിൽ ഭ്രമം എന്നിവ ഇതിനു കാരണങ്ങളായി കാണുന്നു. നിലവിലുള്ള ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ ഒരു കോണിലാണ് സ്ഥിതി ചെയ്യുന്നത്. 1,2,3,5 എന്നീ വാർഡുകളിലേയും 8 മുത്ത് 13 വരെ വാർഡുകളിലെയും കുട്ടികൾ വിദ്യാഭ്യാസത്തിന് നഗരത്തിലെ സ്ക്കൂളുകളെ ആശ്രയിക്കുന്നു.

വിദ്യാഭ്യാസ സർവ്വേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത്, പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ് എന്നാണ്.(അധ്യാപക-അധ്യാപികമാരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു. പട്ടിക 1എ). ഇത് വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. മെച്ചപ്പെട്ട ക്ലാസ്മുറികൾ, കക്കൂസ്, മൂത്രപ്പുര, പാചകപ്പുര, കളിസ്ഥലം, ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ, ശുദ്ധജലം എന്നിവയുടെ അഭാവം വിദ്യാർത്ഥികളുടെ അധ്യായന നിലവാരത്തേയും വ്യക്തിത്വ വികസനത്തെയും പ്രതികൂലമായി ബാധിച്ചുകാണുന്നു.

പട്ടിക 1 A

പഞ്ചായത്തിന്റെ വിദ്യാലയങ്ങളിലെ മൊത്തം അധ്യാപകർ

മൊത്തം അധ്യാപകർ	പുരുഷന്മാർ	സ്ത്രീകൾ
157	18	139

വിദ്യാഭ്യാസ സർവ്വേയിൽ ലഭിച്ച വിവരങ്ങൾ പട്ടിക 1ബി, പട്ടിക 1 സി, പട്ടിക 1ഡി, പട്ടിക 2, പട്ടിക 2 എ, പട്ടിക 3 എന്നിവയിൽ വിശദമായി വിവരിച്ചിരിക്കുന്നു.

പട്ടിക 1 B

എസ്.എസ്.എൽ.സി. വിജയശതമാനം

വർഷം	പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
1991	127	46	36%
1992	138	54	39%
1993	138	31	22.4%
1994	143	49	33.6%
1995	130	35	26.9%

പട്ടിക 1 C

വിദ്യാലയങ്ങളിലെ അക്കാഡമിക് സൗകര്യങ്ങൾ

സൗകര്യങ്ങൾ	ലൈബ്രറി	ലബോറട്ടറി	റേഡിയോ	ടേപ്പ് റിക്കോഡർ	ടി.വി	സിനിമാ പ്രോജക്ടർ	സ്ലൈഡ് പ്രോജക്ടർ	മൈക്ക്
ഉള്ള വിദ്യാലയം	2	2	4	1	3	1	2	2
ഇല്ലാത്ത വിദ്യാലയം	6	6	4	7	5	7	6	6

പട്ടിക 1 D

പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികൾ

പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ
3629	1841	1788

പട്ടിക 2

പഞ്ചായത്തിലെ മൊത്തം അധ്യാപകരും വിദ്യാർത്ഥികളും

പഞ്ചായത്തിലെ മൊത്തം അധ്യാപകർ	ഗവ: സ്ക്കൂൾ അധ്യാപകർ	ശതമാനം	പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികൾ	ഗവ:സ്ക്കൂളിലെ വിദ്യാർത്ഥികൾ	ശതമാനം
157	73	46%	3629	2531	70%

പട്ടിക 2 A

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ

ആകെ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ
376	190	186

പട്ടിക - 3

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളും വിശദവിവരം

ക്രമ നമ്പർ	സ്ക്കൂളിന്റെ പേര്	വിസ്തീർണ്ണം (ഏക്കർ)	ക്ലാസ്മുറികൾ			മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	പാചകമുറി	കളിസ്ഥലം
			വേണ്ടത്	ഉള്ളത്	ഡിവിഷൻ						
1.	ഗവ:യു.പി.എസ് കുലശേഖരം	1	14	12	14	1	1	കിണർ	ഉണ്ട്	ഇല്ല	ഇല്ല
2.	ഗവ:എൽ.പി.എസ് മഞ്ചംപാറ	1	5	3	5	1	1	കിണർ	ഇല്ല	ഉണ്ട്	ഇല്ല
3.	ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻററി സ്ക്കൂൾ കൊടുങ്ങാനൂർ	2.75	10	29	38	10	5	കിണർ, പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്
4.	ഇമ്മാനുവൽ ഇംഗ്ലീഷ് മീഡിയംസ്ക്കൂൾ, മൂന്നാംമൂട്	0.50	6	6	3	1	1	പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല
5.	അബ്ദുൾ സലാം റാഫി മെമ്മോറിയൽ റസിഡൻഷ്യൽ സ്ക്കൂൾ നെട്ടയം	10	33	33	8	2	10	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്
6.	ശ്രീരാമകൃഷ്ണ സാംസ്ക്കാരിക സമിതി സ്ക്കൂൾ. നെട്ടയം	50	6	6	4	1	1	കിണർ	ഉണ്ട്	ഇല്ല	ഇല്ല
7.	എൽ.എഫ്.എം.എസ്.സി എൽ.പി.എസ്. വേറ്റികോണം	35	8	8	8	2	2	കിണർ	ഉണ്ട്	ഉണ്ട്	ഇല്ല
8.	ഗവ: ഹൈസ്ക്കൂൾ കാച്ചാണി	1.64	36	24	36	2	1	കിണർ	ഉണ്ട്	ഉണ്ട്	ഇല്ല

വിദ്യാലയങ്ങളിലെ പഠന നിലവാരം നോക്കുമ്പോൾ, നിലവാരത്തിനു താഴെയാണ്. ഈ പഞ്ചായത്തിലെ ഒരേ ഒരു ഹൈസ്ക്കൂൾ ആയ കാച്ചാണി ഗവൺമെൻറ് ഹൈസ്ക്കൂളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ എസ്സ്. എസ്സ്.എൽ.സി വിജയശതമാനം പട്ടിക 1 ബി കൊടുത്തിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ ട്യൂട്ടോറിയൽ കോളേജുകൾ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി പഞ്ചായത്തിന്റെ അതിർത്തിയിലുള്ള ഗവൺമെൻറ് സെൻട്രൽ പോളി

ടെക്നിക്കിനെ ആശ്രയിക്കുന്നു. എന്നാൽ ഈ സ്ഥാപനത്തിൽ നാമമാത്രമായിട്ടാണ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നത്. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി ഒരു ടെക്നിക്കൽ ഹൈസ്ക്കൂളും ഒരു ഇൻഡസ്ട്രീയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 31 അംഗൻവാടികളും 3 ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 13 അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. ചില അംഗൻവാടികളുടെ നില ശോചനീയമാണ്. വേണ്ടത്ര കളിക്കോപ്പുകളോ ശുചിത്വമുള്ള പരിസരമോ ഇല്ല.

പതിമൂന്നു ഗ്രാമ സഭകളിലും പൊതു വിദ്യാഭ്യാസ രംഗം സജീവ ചർച്ചയ്ക്ക് വിഷയീഭവിച്ചു. ഓരോ വാർഡിലും തനതായ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവായി പരാമർശിക്കപ്പെട്ട പ്രശ്നങ്ങൾ താഴെ പറയും വിധം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കാച്ചാണി ഗവ:ഹൈസ്ക്കൂളിലെ എസ്സ്.എസ്സ്.എൽ.സി വിജയശതമാനം കുറവാണ്.
2. സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ് (പട്ടിക 3)
3. നഗരത്തിന്റെ പ്രാന്ത പ്രദേശമായതിനാൽ നഗരത്തിലെ സ്ക്കൂളുകളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നു.
4. പഞ്ചായത്തിലെ ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ ഒരു കോണിൽ സ്ഥിതി ചെയ്യുന്നതിനാൽ പല വാർഡുകളിലെയും കുട്ടികൾ മറ്റു പ്രദേശത്തെ വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നു.
5. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാദ്ധ്യത കൂടുതലാണ്.
6. ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
7. അംഗൻവാടികളിലെ പ്രവർത്തന വൈകല്യം.
8. അംഗൻവാടികളിൽ ആവശ്യത്തിനുള്ള പഠനോപകരണങ്ങളുടെ അഭാവം
9. അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രിത പരിപാടികൾ ഒന്നും തന്നെയില്ല.
10. കായിക വികസനത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഈ പഞ്ചായത്തിലില്ല.
11. അദ്ധ്യാപകരിൽ കൂടുതലും സ്ത്രീകളായതിനാൽ പാഠ്യേതര പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നു.
12. പി.റ്റി.എ പ്രവർത്തനം ഫലപ്രദമല്ല.
13. പഞ്ചായത്തിലെ പ്രഥമ വിദ്യാലയമായ മഞ്ചൻപാറ ഗവ: എൽ.പി.എസിന്റെ ശോചനീയാവസ്ഥ ആ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു.
14. കുലശേഖരം ഗവ:യു.പി.എസ്സിന്റെ നിലവാരവും കുറഞ്ഞ വരികയാണ്.
15. ഔപചാരിക വിദ്യാഭ്യാസത്തെ സമ്പുഷ്ടമാക്കാൻ സഹായകമായ പ്രീ-പ്രൈമറി വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു.
16. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്
17. പല സ്ഥലങ്ങളിലും രക്ഷിതാക്കളുടെ അവബോധക്കുറവു മൂലം കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുന്നില്ല.
18. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് തുടർപ്രവർത്തനത്തിന്റെ അഭാവം മൂലം നവ സാക്ഷരർ നിരക്ഷരതയിലേയ്ക്ക് വീണ്ടും വഴുതി വീഴുന്നു.
19. മൂല്യ നിർണ്ണയത്തിന് പൊതുവായ മാനദണ്ഡം ഇല്ലാത്തതിനാൽ കൃത്യമായ വിശകലനത്തിനു കഴിയുന്നില്ല.

ഈ പ്രദേശത്തെ വിദ്യാഭ്യാസമേഖലയെപ്പറ്റി ചർച്ച ചെയ്യണമെങ്കിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ, അക്കാഡമിക് സാഹചര്യങ്ങൾ എന്നിവ വിശകലനം ചെയ്യപ്പെടണം. ക്ലാസ്സ് മുറിയ്ക്കകത്ത് സകലതും അനുഭവിക്കാൻ വിധിക്കപ്പെട്ട ഗ്രാമീണ വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ വേണ്ടസൗകര്യങ്ങൾ ഉണ്ടാകണം ലൈബ്രറി, ലബോറട്ടറി, പഠന സൗകര്യങ്ങൾ ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ ഉപയോഗ പ്രദമായ ബ്ലാക്ക്

ബോർഡുകൾ, ഫർണിച്ചറുകൾ എന്നിവ ഉണ്ടാവുകയും വേണ്ടവിധം ഉപയോഗിക്കുകയും വേണം.

ഗ്രാമ സഭകളിൽ പ്രശ്നങ്ങൾ അവതരിപ്പിച്ചതിനോടൊപ്പം ശ്രദ്ധേയമാ. നിരവധി നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഭാവികാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഈ നിർദ്ദേശങ്ങൾ ഏറെ സഹായകമാകും.

നിർദ്ദേശങ്ങൾ (സാധ്യതകൾ)

1. ഗവ: കാച്ചാണി ഗവ:ഹൈസ്ക്കൂളിലെ എൽ.പി. വിഭാഗം മാറ്റി സ്ഥാപിക്കുക. നല്ല നിലവാരം പുലർത്തുന്ന ലൈബ്രറിയും ലബോറട്ടറിയും സ്ഥാപിക്കുക.
2. കുലശേഖരം ഗവ:യു.പി.എസ്സ്-നെ ഹൈസ്ക്കൂൾ ആക്കി ഉയർത്തുക.
3. മഞ്ചൻപാറ ഗവ:എൽ.പി.എസ്സിൽ 1982-ൽ ആരംഭിച്ചതും എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കാത്തതുമായ് കെട്ടിടത്തിന്റെ പണിപൂർത്തിയാക്കുക.
4. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ഒരു പ്ലസ്ടു. വിദ്യാലയം ആരംഭിക്കു. സാങ്കേതിക തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെൻറർ, ടെക്നിക്കൽ ഹൈസ്ക്കൂൾ എന്നിവ ആരംഭിക്കുക.
5. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
   (എ) ആവശ്യത്തിനുള്ള അദ്ധ്യാപകരെ യഥാസമയം നിയമിക്കുക.
   (ബി) വിദ്യാലയത്തിനാവശ്യമായ ബഞ്ച്, ഡസ്ക്, ബ്ലാക് ബോർഡ്, മേശ, കസേര, കെട്ടിയടച്ച മുറികൾ, ചുറ്റുമതിൽ, ശുദ്ധജല ലഭ്യത, കക്കൂസ്, മൂത്രപ്പുരകൾ, പാചകപ്പുര എന്നിവ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
   (സി) സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുക.
   (ഡി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1: 30 ആക്കുക.
   (ഇ) ഇന്നു നിലവിലുള്ള പ്രമോഷൻ സമ്പ്രദായം പുന:പരിശോധിക്കുക.
6. കുട്ടികൾക്ക് സുഗമമായി പഠനം നടത്താനാവശ്യമായ സ്ഥലസൗകര്യം സർക്കാർ വിദ്യാലയങ്ങളിൽ ഉണ്ടാക്കുക.
7. പി.റ്റി.എ മാതൃസംഗമം എന്നിവ കാര്യക്ഷമമാക്കുക.
8. ''അയൽപക്ക വിദ്യാഭ്യാസ സമ്പ്രദായ''ത്തിന് വേണ്ട ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
9. പഞ്ചായത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൂടി ആരംഭിക്കുക.
10. സ്ക്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക.
11. സ്ക്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടികൾക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.
12. എല്ലാ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.
13. പ്രൈമറി-മിഡിൽ സ്ക്കൂളുകളിൽ ക്ലാർക്കന്മാരെ നിയമിക്കുക.
14. തയ്യൽ, ഡ്രായിംഗ്, സംഗീത അദ്ധ്യാപകരെ സ്ക്കൂളുകളിൽ നിയമിക്കുക.
15. പഠിക്കാൻ മിടുക്കരായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുക.
16. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും പെൻഷനായ അദ്ധ്യാപകരേയും വിദ്യാഭ്യാസ വിദഗ്ധരേയും ഉൾപ്പെടുത്തി വിദ്യാഭ്യാസ ഉപദേശക സമിതികൾ ആരംഭിക്കുക.
17. പഞ്ചായത്തിലെ സാക്ഷരതാ നിലവാരം മെച്ചപ്പെടുത്താൻ അക്ഷര സംഘങ്ങൾ പുനരാരംഭിക്കുക.
18. പഞ്ചായത്തിലെ 14 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുക.
19. പാഠ്യേതര വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്ക്കൂളുകളിൽ അദ്ധ്യാപകരിൽ പകുതിപ്പേർ എങ്കിലും പുരുഷന്മാരായിരിക്കണം
20. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് മെച്ചപ്പെട്ട വാടകകെട്ടിടങ്ങൾ എടു

ക്കാൻ ആവശ്യമായ തുക പഞ്ചായത്തിൽ നിന്നും കൊടുക്കുകയോ, കെട്ടിടം നിർമ്മിച്ചുകൊടുക്കുകയോ ചെയ്യുക.

21. പ്രീ-പ്രൈമറി വിദ്യാഭ്യാസം പഞ്ചായത്തു തലത്തിൽ, അംഗൻവാടികളിൽ ആരംഭിക്കുക.

22. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു പൊതു കളിസ്ഥലം നിർമ്മിക്കുക.

23. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളെയും പ്രീ-പ്രൈമറി/അംഗൻവാടി അടക്കം ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

24. കായിക പരിശീലനത്തിനായി സ്ക്കൂളുകളിൽ പരിശീലകരെ നിയമിക്കുക.

25. എല്ലാ സ്ക്കൂൾ കുട്ടികൾക്കും വേണ്ടി പഞ്ചായത്ത് ആഫീസിനോട് ബന്ധപ്പെടുത്തി ഒരു ''റഫറൻസ് ലൈബ്രറി'' തുടങ്ങുക.

26. പഞ്ചായത്തു തലത്തിൽ സ്ക്കൂൾ-കോംപ്ലക്സ് ആരംഭിക്കുക.

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിവിധ സ്ക്കൂളുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനം ഉറപ്പു വരുത്തുക.

ഇത്തരത്തിൽ ക്രിയാത്മക പരിപാടികളിലൂടെ ഓരോ സ്ക്കൂളും നാടിന്റെ സാമൂഹ്യ സാംസ്ക്കാരിക കേന്ദ്രമായി മാറണം. വിദ്യാലയങ്ങൾ സമൂഹത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ പരിതസ്ഥിതി അവബോധം വളർത്താൻ ഉതകുന്ന കേന്ദ്രങ്ങളായും തുടർ വിദ്യാഭ്യാസ പ്രസ്ഥാനങ്ങളായും മാറണം. ഇതാണ് കാലഘട്ടത്തിന്റെ ആവശ്യവും. ഇത്തരത്തിലുള്ള കൂട്ടായ്മ പഞ്ചായത്തിന്റെ നവോത്ഥാനത്തിന് കാരണമാകും. സ്ക്കൂൾ സമിതികളും മാതൃസമിതികളും സമൂഹവുമെല്ലാം കൈകോർത്താൽ വിദ്യാഭ്യാസരംഗത്തെ പുതിയ മുന്നേറ്റത്തിന്റെ തുടക്കമാകും. പഞ്ചായത്തിനകത്തു നിന്നും പുറത്തു നിന്നും ലഭിക്കുന്ന വിഭവങ്ങൾ ആസൂത്രിതമായി വിനിയോഗിച്ചാൽ ഈ നേട്ടം കൈവരിക്കവുന്നതാണ്. പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ വിവിധ വിഭാഗം ആളുകൾക്ക് പരിശീലനം കൊടുത്ത് അവരുടെ സേവനം ഈ രംഗത്ത് ഉപയുക്തമാക്കാൻ സാധിക്കുമെന്നുള്ളത് അവിതർക്കിതമത്രെ.

(16) കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യജീവിതത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിന്റെ പ്രധാന ഘടകങ്ങളിൽപ്പെട്ട വസ്തുതകളാണ് ശുദ്ധ വായു, ശുദ്ധജലം, പോഷകാഹാരം, പാർപ്പിടം തുടങ്ങിയവ.

ആരോഗ്യത്തെ ആശുപത്രി, മരുന്ന്, ഡോക്ടർ എന്നിവ മുഖാന്തിരം സംരക്ഷിക്കുവാൻ സാധിക്കും. എന്നാൽ ഇവയ്ക്കു നൽകുന്ന അതേ പ്രാധാന്യംതന്നെ ശുദ്ധവായു, ശുദ്ധജലം പോഷകാഹാരം തുടങ്ങിയവയ്ക്കും നൽകിയാൽ മാത്രമേ ആരോഗ്യരംഗത്ത് നമുക്ക് സ്വയം ശക്തിപ്പെടുവാൻ സാധിക്കുകയുള്ളു. വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങൾ 10763 ആണ്. ഇതിൽ വെറും 30 ശതമാനത്തോളം കുടുംബങ്ങൾ മാത്രമാണ് പൈപ്പ് കണക്ഷൻ മുഖാന്തിരം ശുദ്ധജലം ഉപയോഗിക്കുന്നത്. ബാക്കി വരുന്ന 70 ശതമാനം കുടുംബങ്ങളിൽ 40 ശതമാനം സ്വന്തം കിണറുകളെ ആശ്രയിച്ചും അവശേഷിക്കുന്ന 30 ശതമാനം കുടുംബങ്ങൾ പൊതു കിണറുകളെയും, പൊതു പൈപ്പുകളെയും, കുഴൽ കിണറുകളെയും മറ്റു ജല സ്രോതസ്സുകളെയും ആശ്രയിച്ചാണ് കുടിവെള്ളം നിറവേറ്റുന്നത്.

പട്ടിക - 1

വട്ടിയൂർക്കാവ് പഞ്ചായത്തിലെ കുടിവെള്ള ലഭ്യത

ഇനം	കുടുംബങ്ങൾ
കിണർ	
പൊതുടാപ്പ്	143
പൊതുകിണർ	78
മറ്റുള്ളവ	

പട്ടിക - 2

ശുദ്ധജല വിതരണ സംവിധാനം

നമ്പർ	ഇനം	എണ്ണം
1.	കുഴൽകിണറും ഹാൻറ് പമ്പും	11
2.	ഗ്രാമീണ ജലസേചന പദ്ധതി	1
3.	പൊതു ടാപ്പുകൾ	143
4.	പഞ്ചായത്ത് കുഴൽകിണർ	11
5.	പഞ്ചായത്ത് കിണർ	78
6.	പൊതു കുളങ്ങൾ	13

ആകെ 13 വാർഡുകളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇവയിൽ 1ഉം 2ഉം വാർഡുകളുടെ അതിർത്തിയോട് ചേർന്നാണ് അരുവിക്കര ശുദ്ധജലവിതരണ കേന്ദ്രത്തിൽ നിന്നും തിരുവനന്തപുരം നഗരത്തിനുള്ള കുടിവെള്ളത്തിന്റെ പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ ലൈനിൽ നിന്നുമുള്ള കണക്ഷനുകൾ ആയതിനാൽ പഞ്ചായത്തിലെ മേൽപ്പറഞ്ഞ വാർഡുകളിൽ പൈപ്പ് കണക്ഷൻ മുഖാന്തിരം എല്ലാ സമയത്തും കുടിവെള്ളം ലഭിക്കുന്നു. എന്നാൽ ബാക്കി 11 വാർഡുകളിലും കുടിവെള്ളം ലഭിക്കുന്നത് പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തു കൂടി കടന്നു പോകുന്ന കരമന ആറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് മണലയം പമ്പ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനിൽ കൂടിയാണ്. ഈ പറയുന്ന പ്രദേശം ഉയർന്നും താഴ്ന്നും കിടക്കുന്ന പ്രദേശമാണ് വൈദ്യുതിയുടെ ക്ഷാമം മൂലം യഥാസമയങ്ങളിൽ വേണ്ട രീതിയിൽ പമ്പിംഗ് നടക്കുന്നതിന് സാധിക്കാത്തതു കൊണ്ടും കുടിവെള്ളത്തിന് കനത്ത ക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ അധിവസിക്കുന്ന മൊത്തം കുടുംബങ്ങളിൽ 40 ശതമാനത്തോളം പേരും കിണറുകളെയാണ് ആശ്രയിച്ചു വന്നിരുന്നത്. എന്നാൽ നഗര പ്രദേശത്തിനോടും തലസ്ഥാനത്തിന്റെയും സമീപ പ്രദേശമായിട്ടുള്ള ഈ പഞ്ചായത്തിൽ ജനസാന്ദ്രത കൂടി വരികയാണ്. അതുകൊണ്ട് കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. അതുപ്രകാരം സ്വന്തമായി വസ്തുവകകൾ കൂടുതലുണ്ടായിരുന്ന പല കുടുംബങ്ങൾക്കും വസ്തുവിന്റെ വിസ്തീർണ്ണം കുറഞ്ഞു വരുന്ന ഒരു അവസ്ഥയാണ് നിലനിൽക്കുന്നത്. നിലവിലുള്ള വസ്തുവിൽ വീടും, കൃഷിസ്ഥലവും കക്കൂസും മറ്റും നിർമ്മിച്ചു കഴിയുമ്പോൾ കിണർ കുഴിക്കുന്നതിനുള്ള സ്ഥലം നഷ്ടമാകുന്നു. അതുകൊണ്ട് മുഴുവൻ കുടുംബങ്ങളും പൈപ്പ് കണക്ഷനെ ആശ്രയിക്കേണ്ടി വരുന്നു. ഇതുമൂലം പൈപ്പ് കണക്ഷൻ കൊണ്ട് എല്ലാ പ്രദേശത്തുമുള്ള കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ വാർഡുകളിൽ പൈപ്പ് കണക്ഷൻ നൽകുന്നതിന് വളരെ വ്യാസം കുറഞ്ഞ പൈപ്പുകളാണ് ഉപയോഗിച്ചിട്ടുള്ളത്. വ്യാസം കുറഞ്ഞ പൈപ്പിൽ നിന്നും ഗാർഹിക ആവശ്യത്തിനുള്ള

കണക്ഷനുകൾ കൂടുതലായി എടുത്തിട്ടുള്ളതിനാൽ കുടിവെള്ളത്തിന്റെ അളവ് കുറയുന്നതിനും കാരണമാകുന്നു.

പട്ടിക - 3

കുടുംബങ്ങളുടെ ജലസ്രോതസ്സ്

ജലസ്രോതസ്സ്	കുടുംബങ്ങൾ
സ്വന്തം കിണർ	-
അയൽക്കാരന്റെ കിണർ	-
പൊതു കിണർ	78
പൊതു കുളം	13
സ്വന്തം കുളം	4
വീടിന്റെ ടാങ്ക്	-
പൊതുടാപ്പ്	143

പഞ്ചായത്തിൽ മൊത്തമുള്ള 13 വാർഡുകളിലുംകൂടി ആകെ 78 പൊതു കിണറുകൾ കുഴിച്ച് ജനങ്ങൾക്കു വേണ്ടി നല്കിയിരിക്കുന്നു. എന്നാൽ പല വാർഡുകളിലും നിലവിൽ കിണറുകളെല്ലാം ഉപയോഗ ശൂന്യമല്ലാതെ കിടക്കുന്ന അവസ്ഥയാണ്. ഇതുപോലെ തന്നെ പല പ്രദേശങ്ങളിലും പൊതു പൈപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ആകെ 143 എണ്ണമാണ് നിലവിലുള്ളത്. ഇതിൽ മിക്കവാറും പൈപ്പുകളിലും കുടിവെള്ളം എല്ലാ സമയത്തും ലഭിക്കുന്നില്ല. പഞ്ചായത്തിൽ ആകെ 11 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ ഒട്ടുമിക്കവാറും കിണറുകൾ ഉപയോഗ ശൂന്യമാണ്.

ഇത്തരത്തിൽ പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നത്തിന് ഏറെ പ്രയാസം അനുഭവിക്കുന്ന ഒരു അവസ്ഥ പഞ്ചായത്തിൽ നിലകൊള്ളുന്നു. ഈ പ്രശ്നത്തിന് ഒരു പരിഹാരം അത്യന്താപേക്ഷിതമാണ്. കേരള സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ഈ പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നത്തിന് വേണ്ടി ഉപയോഗപ്രദമാക്കുവാൻ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ കൂടികയും ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ നിന്നും കുടിവെവ്ള സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യം ഉന്നയിക്കുകയുമുണ്ടായി. ഒരു സമൂഹത്തിന്റെ ആരോഗ്യം ആ പ്രദേശത്തെ കുടിവെള്ളത്തിനെ അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്.

കുടിവെള്ള പ്രശ്നങ്ങൾ ചുവടെപ്പറയുന്ന പ്രകാരം കണക്കിലെടുക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ 13 വാർഡുകളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
2. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകൾ ഉപയോഗ ശൂന്യവും സംരക്ഷണം ഇല്ലാത്തവയുമാണ്.
3. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള പൊതു കിണറുകൾ കേടുപാടു സംഭവിച്ചിട്ടുള്ളതും കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തുകയോ ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിക്കുന്നവയോ അല്ലാത്തതുമാകുന്നു.
4. നിലവിലുള്ള കുഴൽകിണറുകളൊന്നുംതന്നെ ജനങ്ങൾക്ക് ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയിൽ നശിച്ചു കിടക്കുകയും ചെയ്യുന്നു.
5. നമ്മുടെ പഞ്ചായത്തിൽ ഡ്രെയിനേജ് കണക്ഷൻ നിലവിൽ ഇല്ലാത്തതുകൊണ്ട് കിണറുകളിൽ ശുദ്ധജലം ലഭിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നു.
6. നിലവിലുള്ള പൊതു കിണറുകളുടെയും പൊതുടാപ്പുകളുടെയും പരിസരത്ത് വാഹനങ്ങൾ കഴുകുന്നതുകൊണ്ടും കുളിക്കുന്നതുകൊണ്ടും കന്നുകാലികളെ കുളിപ്പിക്കുന്നതുകൊണ്ടും കുടിവെള്ളം മലിനമാകുന്നു.
7. സ്വന്തമായി കിണർ വെള്ളം ആശ്രയിക്കുന്നവർക്ക് കിണർ കുഴിക്കുന്നതിന് സാമ്പത്തികശേഷിയില്ലാത്തതുകൊണ്ട് കുടിവെള്ളത്തിനായി അയൽ കിണറുകളെ ആശ്രയിക്കേണ്ടിവരുന്നു.
8. ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കുടിവെള്ളത്തിനു വേണ്ടി ഉപയോഗിക്കുന്ന കിണറുകളും പൊതു കിണറുകളും കൃത്യമായും ക്ലോറിനേറ്റ് ചെയ്യാത്തതും ശുദ്ധജലത്തിന്റെ ദൗർലഭ്യത്തിന് കാരണമാകുന്നു.
9. പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചിട്ടുള്ള പൈപ്പ്ലൈനുകളുടെ വ്യാസം കുറഞ്ഞിട്ടു

ള്ളതും അതിൽ നിന്നും കൂടുതൽ കണക്ഷനുകൾ നല്കിയിട്ടുള്ളതുകൊണ്ടും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതിന് കാരണമാകുന്നു.

10. പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന കുളങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ ആയതുകൊണ്ട് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

11. പഞ്ചായത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള പൊതു കിണറുകളുടെയും പൊതുടാപ്പുകളുടെയും പരിമിതിയും കുടിവെള്ള പ്രശ്നം ഉണ്ടാകുന്നു.

12. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗതാഗതസൗകര്യമുള്ള പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ലാത്തതുകൊണ്ടും കുടിവെള്ളക്ഷാമം അനനുഭവപ്പെടുന്നു.

13. നിലവിൽ പൈപ്പ് കണക്ഷൻ സ്ഥാപിച്ചിട്ടില്ലാത്ത വേറ്റിക്കോണം, മണികണ്ടേശ്വരം , നെട്ടയം, പിടന്നി, വാഴോട്ടുകോണം വെള്ളൈക്കടവ്, തിട്ടമംഗലം, കുലശേഖരം, തുടങ്ങിയ വാർഡുകളിൽ പുതിയതായി പൈപ്പ് കണക്ഷൻ നിർമ്മിക്കണം.

14. വേറ്റിക്കോണം കാവിത്തലയ്ക്കൽ പ്രദേശത്ത് പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ച് വഴയില പാലംവരെ അനുവദിക്കണം.

15. മണികണ്ടേശ്വരത്ത് കല്ലംപൊറ്റ, തേരുവിള എന്നീ പ്രദേശങ്ങളിൽ പുതിയതായി പൈപ്പ് കണക്ഷൻ സ്ഥാപിക്കണം.

16. മടത്തുവിളാകത്തു അടുപ്പുകൂട്ടാൻ പാറ, കിഴേക്കല്ലുമല എന്നീ പ്രദേശങ്ങളിൽ പുതിയതായി പൈപ്പ് കണക്ഷൻ അനുവദിക്കണം.

സാദ്ധ്യതകൾ

1. വട്ടിയൂർക്കാവ് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ 13 വാർഡുകളിലെ പഞ്ചായത്ത് അംഗങ്ങളെയും വകുപ്പ് ഉദ്യോഗസ്ഥൻമാരെയും സന്നദ്ധ സംഘടനകളെയും ഉൾപ്പെടുത്തി പഞ്ചായത്ത്, അടിസ്ഥാനത്തിൽ ശുദ്ധജലം എല്ലാ പ്രദേശത്തും ലഭിക്കുന്നതിനും പൊതു കിണറുകളും പൊതു ടാപ്പുകളും സംരക്ഷിക്കുന്നതിനും വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്ന ജലസംഭരണികൾ നവീകരിക്കുന്നതിനും വേണ്ടി ജനപങ്കാളിത്തത്തോടുകൂടി ഒരു സമിതി രൂപീകരിച്ചാൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിക്കും.

2. പഞ്ചായത്തിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള പൊതു കിണറുകൾ, പൊതു ടാപ്പുകൾ, കുഴൽ കിണറുകൾ എന്നിവയുടെ കേടുപാടുകൾ, മാറ്റി അറ്റകുറ്റപ്പണികൾ ചെയ്ത്. ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ശുദ്ധജലം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം.

3. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും മുൻ കാലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകളുടെ വ്യാസം വർദ്ധിപിച്ച് ജലവിതരണം ശക്തിപ്പെടുത്താം.

4. പഞ്ചായത്തിന്റെ ഉപയോഗ്യമല്ലാതെ കിടക്കുന്ന കുളങ്ങൾ ശുദ്ധീകരിച്ച് ചെറിയ ടാങ്കുകൾ നിർമ്മിച്ച് അവയിൽ നിന്നും പൈപ്പ് ലൈൻ മുഖാന്തിരം കുടിവെള്ളം എത്തിച്ച് പ്രശ്നത്തിന് പരിഹാരം കാണാം.

5. ഈ പഞ്ചായത്തിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം ഓരോ വാർഡിലും ശരാശരി 15 എണ്ണം ആക്കി. ജലലഭ്യതയുമായി ബന്ധപ്പെടുത്തി സ്ഥാപിച്ചാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

6. പൊതു കിണറുകളുടെ എണ്ണം പരമാവധി ഒരു വാർഡിൽ 4 എണ്ണമായി ഉയർത്തി കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

7. നമ്മുടെ പഞ്ചായത്തിലെ ഒഴുകുപാറ എന്ന നീരുറവയെ തടഞ്ഞു നിർത്തി ടാങ്ക് നിർമ്മിച്ചാൽ പഞ്ചായത്തിന്റെ മണലയം വാർഡിലെ ചെപ്പള്ളി എന്ന പ്രദേശത്തുള്ള 20 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാവുന്നതാണ്.

8. പഞ്ചായത്തിലെ കടുവാക്കുഴി പമ്പ് ഹൗസിൽ നിന്നും മണലയം ടാങ്കിലേക്ക് 10" വ്യാസത്തിലുള്ള പൈപ്പ് ലൈൻ അഡീഷണലായി സ്ഥാപിക്കുകയും മണലയത്ത് ഒരു Clarif filter കൂടി സ്ഥാപിക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ പൈപ്പ് കണക്ഷൻ ഉള്ള കുടുംബങ്ങൾക്ക് എല്ലാസമയത്തും ശുദ്ധജലം ലഭിക്കുന്നതിന് സാധിക്കും.

9. സ്വന്തമായി കിണർ ഉപയോഗിക്കുന്ന ഉപ ഭോക്താക്കൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ വാർഡുകളിലും പരിശോധന നടത്തേണ്ടതും ക്ലോറിനേറ്റ് ചെയ്യുന്നതിനും വേണ്ട നടപടികൾ നടപ്പിലാക്കിയാൽ കിണർ വെള്ളം ഉപയോഗിക്കുന്നവർക്ക് കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുകയില്ല.

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കുറഞ്ഞത് 5 സെൻറ് സ്ഥലമെങ്കിലും സ്വന്തമായിട്ടുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരമോ, ബാങ്കുകൾ മുഖാന്തിരമോ സബ്സിഡി ഇനത്തിൽ കിണർ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചാൽ കുറേയധികം കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

11. പഞ്ചായത്തിന്റെ 13 വാർഡുകളിലും നാളിതുവരെയും പൈപ്പ് കണക്ഷൻ എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ പുതിയ പൈപ്പ് കണക്ഷൻ അനുവദിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

12. പഞ്ചായത്തിന്റെ കുടിവെള്ളത്തിനുവേണ്ടി എടുത്തിട്ടുള്ള ഗാർഹിക കണക്ഷനുകളിൽ നിന്നും കെട്ടിട നിർമ്മാണ പ്രവർത്തനത്തിനും കൃഷി ആവശ്യങ്ങൾക്കും മറ്റും ജലം ദുരുപയോഗപ്പെടുത്തുന്ന കുടുബങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ച് ഇത്തരത്തിൽ കുടിവെള്ളം സംരക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനും സാധിക്കും.

13. പൊതു സ്ഥാപനങ്ങൾക്കും സ്ക്കൂളുകൾക്കും ശുദ്ധജലം ലഭിക്കുന്നതിനുവേണ്ടി കിണർ നിർമിച്ചും പുതിയ പൈപ്പുലൈൻ നൽകിയും കുടിവെള്ള വിതരണ സംവിധാനം നടപ്പിലാക്കിയാൽ നാമിന്ന് സ്ക്കൂളുകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

14. പഞ്ചായത്തിന്റെ പരിസരത്തുകൂടി കടന്നു പോകുന്ന നദികളുടെയും പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങളുടെയും ചുറ്റും കെട്ടി വൃത്തിയാക്കുകയും കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും വേണ്ട സംവിധാനങ്ങൾ നടപ്പിലാക്കിയാൽ കുടിവെള്ളത്തിന്റെ ഉപയോഗത്തിൽ കുറവു വരുത്താൻ സാധിക്കും. ഇത്തരത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും സാധിക്കും.

കുടിവെള്ളപ്രശ്നം ഒരു സാമൂഹ്യ ബാധ്യതയായി കണക്കിലെടുത്ത് വരുന്ന കാലയളവിൽ ഈയൊരു തലത്തിൽ പ്രശ്നങ്ങളെ നോക്കിക്കൊണ്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കി കൂട്ടായ്മയോടുകൂടി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളും വിനിയോഗിക്കുന്നതിന് നമ്മുടെ പഞ്ചായത്തിന് സാധിക്കണം.

ആരോഗ്യം, പരിസരശുചിത്വം

വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയുടെ 90 ശതമാനത്തോളം ജനങ്ങളും ആരോഗ്യപരമായി നല്ലനിലവാരത്തിലാണ്. പഞ്ചായത്തിൽ ആകെ ജനസംഖ്യ 43,572 ആണ് (1996 ന്റെ ആദ്യസെൻസസ് പ്രകാരം നിലവിലുള്ളത്) പഞ്ചായത്തിന്റെ പ്രദേശം നഗരപ്രദേശത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ പ്രഥമശുശ്രൂഷ മുതൽ ആധുനിക രീതിയിലുള്ള ചികിത്സവരെ ലഭിക്കുന്നതിനുള്ള ആശുപത്രികളിൽ എത്തിച്ചേരുന്നതിന് വലിയ പ്രയാസം ഇല്ല. പഞ്ചായത്തിൽ നിലവിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററും. ഒരു ആയുർവേദ ആശുപത്രിയും സ്വകാര്യ ആശുപത്രികളും നിലനിൽക്കുന്നുണ്ട്. സർക്കാർ പ്രൈമറി ഹെൽത്ത് സെൻററിന്റെ കീഴിൽ 6 സബ് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പ്രൈമറി ഹെത്ത്ത് സെൻററിന് വേണ്ടി കുലശേഖരത്ത് സ്ഥലം നാട്ടുകാർ ചേർന്ന് വിലയ്ക്കു വാങ്ങി പഞ്ചായത്തിനെ ഏല്പിച്ചിട്ടുള്ളതുമാകുന്നു. പഞ്ചായത്തിൽ ആകെയുള്ള 43,572 ജനങ്ങളിൽ 14576 സ്ത്രീകളും 3110 കുട്ടികളുമാണ്. പഞ്ചായത്തിലെ ജനനനിരക്ക്. കഴിഞ്ഞ 94 കാലയളവിൽ 156 ഉം 95-ൽ 144-ഉം, 96-ൽ 176 ഉം പ്രകാരമാണ്. മരണനിരക്ക് 94-ൽ 103 ഉം, 95-ൽ 109-ഉം 96-ൽ 100 ഉം ആണ്. ഇന്ന് അലോപ്പതി, ഹോമിയോ, ആയുർവേദ ചികിത്സ കേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിൽ വന്നിട്ടുണ്ട്.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ജനങ്ങൾക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നില്ല. കാരണം പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് അതിർത്തിയോട് ചേർന്നാണ് പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളത്. അതുമാത്രമല്ല ഈ ഹെൽ

ത്ത് സെൻററിന്റെ കെട്ടിട നിർമ്മാണ ജോലികൾക്ക് ഇതുവരെ തുടക്കം കുറിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ഈ സെൻറർ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ മലമൂത്രവിസർജനത്തിനുള്ള Public Comfort Station പഞ്ചായത്തിൽ ഒരു പ്രദേശത്തും നിലവിലില്ല. എല്ലാ വാർഡുകളിലും കക്കൂസ് സ്വന്തമായി ഇല്ലാത്ത കുടുബങ്ങൾ 30 ശതമാനത്തോളം വരും. കക്കൂസ് കുഴികൾ പഴയ രീതിയിൽ കുഴിക്കുന്നതു മൂലം കിണറുകളിൽ കുടിവെള്ളം മലിനമാക്കുന്നതിനും കാരണമാകുന്നു. അതുമൂലം ആരോഗ്യപരമായി പല രോഗങ്ങളും ഈ പഞ്ചായത്തിലെ ചില വാർഡുകളിൽ പിടിപെടുന്നതായും ഗ്രാമസഭാ യോഗത്തിൽ ചർച്ചയിൽ ഉന്നയിക്കുകയുണ്ടായി.

പട്ടിക - 5

വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്

ആരോഗ്യ സ്ഥാപനത്തിന്റെ രേഖ	സ്ഥിതി ചെയ്യുന്ന സ്ഥലം	കെട്ടിടം
സബ് സെൻറർ	നെട്ടയം മണലയം പ്രദേശം	സ്വന്തം
ആയുർവേദ ആശുപത്രി	കാരാംകോട് കുറ്റിയാംമൂട്	സ്വന്തം

പട്ടിക - 6

ജനന മരണ നിരക്ക്

വർഷം	ജനനം	മരണം
1993-94	156	103
1994-95	144	109
1995-96	176	100

ആരോഗ്യകരമായ മലവിസർജന സൗകര്യങ്ങളുടെ അഭാവത്തിന്റെ അനന്തരഫലം ജലം, വായു എന്നിവയുടെ മലിനീകരണം തന്നെയാകുന്നു. പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ സർവ്വെ ഫലം ചൂണ്ടിക്കാണിക്കുന്ന വസ്തുതയും ഇതിന് തെളിവാണ്. 1993 മുതൽ 1996 വരെ പഞ്ചായത്തിൽ ശ്രദ്ധിക്കപ്പെട്ട ജലജന്യ രോഗങ്ങളുടെയും വായു ജന്യരോഗങ്ങളുടെയും വിവരം പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 7

പകർച്ചവ്യാധി - സ്ഥിതി വിവരക്കണക്ക്

വർഷം	ജലജന്യം	വായു ജന്യം	പ്രാണിജന്യം
1993-94	360	3000	680
1994-95	320	3204	1586
1995-96	300	3520	28800

(അവലംബം സെക്ക്റർ ഡാറ്റാ)

പട്ടിക - 8

രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വർഷം	തക്കറോഗം	വാതരോഗം (എല്ലാ വിഭാഗവും)	പകർച്ച വ്യാധികൾ	വിഷ ചികിത്സ (പാമ്പുകടി)
1992-93	92	2700	4020	62
1993-94	112	2620	4000	76
1994-95	110	2510	5100	70
1995-96	120	2070	6700	79

പട്ടിക - 9

സ്ഥായിയായ രോഗബാധിതർ

രക്ത സമ്മർദം	പ്രമേഹം	കാൻസർ	കുഷ്ടം	ക്ഷയം	ഹൃദ്രോഗം
35	20	11	13	16	22

ഈ പഞ്ചായത്തിൽ നിലവിൽ തക്ക് രോഗവും വാതരോഗവും, പകർച്ചവ്യാധികൾ മുഖാന്തിരവും പാമ്പുകടി മുലവും ചികിത്സിക്കുന്ന രോഗികൾ പ്രൈമറി ഹെത്ത് സെൻററിന്റെ ചികിത്സയ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുള്ളതിന്റെ 45 ശതമാനത്തോളം വരും.

ഈരംഗത്തുള്ള ജനസംഖ്യാനിരക്ക് പട്ടിക 8-ൽ കൊടുക്കുന്നു.

അതുപോലെ തന്നെ പഞ്ചായത്തിൽ സ്ഥായിയായി രോഗബാധിതയുള്ള ജനങ്ങളുടെ കണക്കും സർവ്വെ നടത്തിയതിൽ നിന്നും 2 ശതമാനം ആൾക്കാരാണ്. ഇത് കാണിക്കുന്ന വിവരം പട്ടിക 9-ൽ കാണിച്ചിരിക്കുന്നു.

പരിസര ശുചിത്വം

വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിൽ ഇല്ല. അതുകൊണ്ട് ഇതു വഴിയുള്ള മലിനീകരണ പ്രശ്നങ്ങളും ഇല്ല. മുമ്പ് നിലവിലുണ്ടായിരുന്ന പല കൃഷി സ്ഥലങ്ങളും ഇന്ന് നികുതി കെട്ടിടങ്ങളും ഫ്ളാറ്റുകളും നിർമ്മിക്കുന്ന അവസ്ഥയാണ്. അശാസ്ത്രീയമായ രീതിയിൽ സ്ഥല ഉടമസ്ഥർ ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതുമൂലം നീരൊഴുക്കുകൾ തടയപ്പെടുന്നു. അതുപോലെ ശുദ്ധീകരണമില്ലാത്ത കുളങ്ങളിലും പൊതു കിണറുകളിലും മാലിന്യവസ്തുക്കൾ നിക്ഷേപിപ്പിക്കുന്നു. ഇതുമുഖാന്തിരം കെട്ടിക്കിടക്കുന്ന ജലം കൊതുക്കളുടെ അമിതമായ പെരുപ്പത്തിനും ഇടയാക്കുന്നു. ഇത്തരം കൊതുകുകളിലൂടെ സാംക്രമിക രോഗങ്ങൾ പകരുന്നതിനും കാരണമാകുന്നു. ആരോഗ്യവകുപ്പിന്റെ കൊതുകു നിർമാർജന പ്രവർത്തനം മൂലവും മലിനജലം കെട്ടി നിർത്തുന്നതിനെതിരെയും ബോധവൽക്കരണ ക്യാമ്പുകൾ അനിവാര്യവുമാണ്. പഞ്ചായത്തിലെ ചന്തയിലെയും മറ്റും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും വേണ്ടി പഞ്ചായത്ത് സ്വന്തം സ്ഥലം കണ്ടെത്തേണ്ടതും ആവശ്യമാണ്. ഇപ്രകാരമുള്ള പല പ്രശ്നങ്ങളും ഈ പഞ്ചായത്തിലെ ചുരുക്കം ചില വാർഡുകളിലെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നുള്ള വിവരം എല്ലാ ഗ്രാമസഭകളിലും നിന്നും ഉയർന്നും വരികയുണ്ടായി. ആരോഗ്യവും പരിസര ശുചിത്വവും എങ്ങനെ ജനജീവിതത്തിൽ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള പല ചർച്ചകളും നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ഗ്രാമസഭയിൽ ഉണ്ടാകുകയും ചെയ്തു. അത്തരത്തിലുള്ള കാര്യവിവരങ്ങൾ ചുടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. നിലവിലുള്ള പൊതു ജനാരോഗ്യസംവിധാനങ്ങളുടെ സേവനം ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല.
2. പഞ്ചായത്തിലെ 60 ശതമാനത്തോളം ജനങ്ങളും രോഗ ചികിത്സക്ക് സ്വകാര്യ സ്ഥാപനങ്ങളെയും പഞ്ചായത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രികളെയും സമീപിക്കുന്നു.
3. പഞ്ചായത്തിൽ രോഗികൾക്ക് കിടന്നു ചികിത്സയ്ക്കു വേണ്ട ആശുപത്രി നിലവിൽ ഇല്ല.
4. പഞ്ചായത്ത് പരിധിയിൽ മുഴുവൻ സമയവും സേവനം ലഭിക്കുന്ന രീതിയിൽ നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററിൽ ഡോക്ടർമാരില്ല.
5. കൊതുകു നിർമാർജനത്തിന് വേണ്ട സത്വരനടപടികളൊന്നും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.
6. ഈ പഞ്ചായത്തിന്റെ പ്രൈമറി ഹെൽത്ത് സെൻററിന്റെ കീഴിൽ വരുന്ന 7 സബ് സെൻററുകൾ ഉള്ളതിൽ ഒരെണ്ണം മെയിൻ പ്രൈമറി ഹെൽത്ത് സെൻററിൽ ആണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 5 സെൻറുകൾക്കും സ്വന്തമായി സ്ഥലമോ കെട്ടിടമോ നിലവിലില്ല.
7. ഒരു സബ്സെൻററിന് നെട്ടയം മണലയം പ്രദേശത്ത് സ്വന്തമായി കെട്ടിടം ഉണ്ടം. എന്നാൽ അത് വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്.
8. ഈ പഞ്ചായത്തിൽ മലിനജലം ഒഴുക്കിവിടുന്നതിന് വേണ്ട ഓടകൾ എല്ലാ വാർഡുകളിലും നിലവിലില്ല.
9. പഞ്ചായത്ത് അടിസ്ഥാനത്തിൽ വിപണനം നടത്തുന്ന ആരോഗ്യത്തിന് ഹാനികരമായ പാനീയങ്ങൾ ആഹാരസാധനങ്ങൾ എന്നിവ പരിശോധന നടത്തുന്നതിനുള്ള നടപടികൾക്ക് ഊർജ്ജിതമാക്കണം.
10. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അറവുശാലകൾ, ഹോട്ടലുകൾ, മത്സ്യ വില്പന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലില്ല. ഇവ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
11. പഞ്ചായത്തിന്റെ കുടിവെള്ള മേഖലയിൽ ശുദ്ധീകരണം കൃത്യമായും നടക്കുന്നില്ല.
12. ആരോഗ്യ പരിപാലനങ്ങളെ സംബന്ധിക്കുന്ന ബോധവൽക്കരണ ക്യാമ്പുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും

സംഘടിപ്പിച്ചിട്ടില്ലാത്തതുമാണ്.

13. പഞ്ചായത്തിൽ പരിസര ശുചീകരണ ഫല പ്രദമായി നടപ്പിലാകുന്നില്ല.

14. പഞ്ചായത്തിൽ 3 കോളനികൾ (ലക്ഷം വീ ടുകൾ ഉൾപ്പെടെ) നിലവിലുണ്ട്. ഈ ഭാ ഗങ്ങളിൽ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസുകളോ മാലിന്യ വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള സൗ കര്യമോ നിലവിൽ ഇല്ല.

15. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നടത്തുന്ന അംഗൻവാടികളുടെ പ്രവർത്ത നം സമ്പൂർണ്ണമായും മന്ദീഭവിച്ച മട്ടിലാണ്. ഈ കേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളില്ല. കൃത്യമായ രീതിയിൽ പോഷകാഹാരവും വൈദ്യപരിശോധനയും നടക്കാത്തതുമൂലം കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യ ത്തെ നല്ലൊരു ശതമാനം ബാധിക്കുന്നു.

16. രോഗപ്രതിരോധ പ്രവർത്തനം യഥാസമയം നടക്കുന്നില്ല.

17. നഗരപ്രദേശത്തോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്തിൽ ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കിയിട്ടില്ല.

18. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആയുർ വേദ ആശുപത്രിയിൽ അത്യാവശ്യത്തിനു വേണ്ട ഔഷധങ്ങൾ ഒന്നും തന്നെ ലഭ്യമാ ക്കുന്നില്ല.

19. പഞ്ചായത്തിന്റെ പ്രവർത്തന പരിധിക്കു ള്ളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതി നും അതുമൂലം ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതാകുന്നതിനും വേണ്ടി പഞ്ചാ യത്തിൽ പൊതുവായ ഒരു സ്ഥലം നില വില്ല.

20. ഹോട്ടലുകളിലെയും മറ്റു ഭക്ഷണശാലകളി ലെയും അണുനശീകരണ പ്രവർത്തനം കൃ ത്യമായി നടക്കുന്നില്ല.

21. പൊതു കിണറുകളുടെയും പൊതുടാപ്പു കളുടെയും കുളങ്ങളുടെയും സമീപത്ത് കന്നുകാലികളെ കുളിപ്പിക്കുന്നതും വാ ഹനങ്ങൾ കഴുകുന്നതും കാരണം കുടി വെള്ളം അശുദ്ധമാകുന്നു. ഇതിനെതിരെ വകുപ്പ് അധികാരികൾ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

22. നിലവിലുള്ള പ്രാഥമിക ആരോഗ്യകേ ന്ദ്രങ്ങളിൽ ഒന്നും തന്നെ ആവശ്യത്തിനു വേണ്ട മരുന്നുകൾ ലഭ്യമല്ല. ഇവ മൂലം ജനജീവിതം ക്ലേശകരമാണ്.

23. പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ പ്രൈമറി ഹെൽത്ത് സെൻററുകൾ സ്ഥാ പിച്ചിട്ടില്ല.

24. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും 40 ശതമാനത്തോളം കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസുകൾ നിലവിലില്ല.

പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1. ഈ പഞ്ചായത്തിൽ നിലവിലുള്ള പൊതു ജനാരോഗ്യ സംവിധാനം കാര്യക്ഷമമാ ക്കണം.

2. പഞ്ചായ.ത്തിൽ ആധുനിക സൗകര്യത്തോ ടുകൂടിയ ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കണം.

3. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന പ്രൈമറി ഹെൽത്ത് സെൻററിന് കു ലശേഖരത്ത് വാങ്ങിയിട്ടുള്ള വസ്തുവിൽ കിടക്കകളോടും, എല്ലാ സമയത്തും ഡോ ക്ടർമാരുടെയും സേവനം ലഭിക്കത്തക്ക വി ധത്തിൽ ഒരു കെട്ടിടം നിർമ്മിച്ച് പരിഹരി ക്കാവുന്നതാണ്.

4. പഞ്ചായത്തിന്റെ പ്രൈമറി ഹെൽത്ത് സെൻററിന്റെ കീഴിൽ വരുന്ന സബ്ബ് സെൻററുകൾക്ക് ആവശ്യമായ രീതിയിലു ള്ള സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചോ അ ല്ലെങ്കിൽ 2 വാർഡുകൾ ചേരുന്ന പ്രദേശത്ത് വാടക കെട്ടിടം മുഖാന്തിരമോ ഫീൽഡുവർ ക്കു ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഓഫീസ് ജോലി ചെയ്യേണ്ടതിനു വേണ്ട ഫർണിച്ചർ കളും അത്യാവശ്യം ജനങ്ങൾക്ക് പ്രഥമ ശു ശ്രൂഷകർക്കു വേണ്ട മരുന്നുകളും ലഭി ക്കുന്നതിന് ഇവ സൂക്ഷിക്കുന്നതിനുള്ള കെട്ടിടം അടിയന്തിരമായി നിർമിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാം.

5) പഞ്ചായത്തിന്റെ എല്ലാ ജനങ്ങൾക്കും ആ രോഗ്യരക്ഷയ്ക്കു വേണ്ട സൗജന്യ പരിശോ ധന ക്യാമ്പുകളും സൗജന്യമരുന്നു വി തരണവും 6 മാസത്തിൽ ഒരു പ്രാവശ്യമെങ്കി ലും മുഴുവൻ വാർഡിലും നടപ്പിലാ ക്കേണ്ടതുണ്ട്. അതിനു വേണ്ടി വരുന്ന സാമ്പത്തികവും സാങ്കേതികവുമായ ചി

ലവുകൾ പഞ്ചായത്ത് അംഗങ്ങൾ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചേർന്ന് സന്നദ്ധ സംഘടനകളുമായി യോജിച്ച് പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനം മൂലം പഞ്ചായത്തിന്റെ ലക്ഷംവീട് കോളനിപോലുള്ള സ്ഥലങ്ങളിലെ കുട്ടികളുടെയും മുതിർന്നവരുടെയും ആരോഗ്യം സംരക്ഷിക്കാവുന്നതാണ്.

6) പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അടിഞ്ഞുകൂടുന്ന ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പൊതു സ്ഥലം കണ്ടെത്തി ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാവുന്നതാണ്.

7) ഈ പഞ്ചായത്തിന്റെ പ്രൈമറി ഹെൽത്ത് സെൻററിന്റെ ഒരു സബ്ബ് സെൻറർ നെട്ടയം മണലയം പ്രദേശത്ത് സ്വന്തമായിട്ടുള്ള കെട്ടിടം ഉപയോഗപ്രദമാക്കി ഈ പ്രദേശത്തെ ആരോഗ്യമേഖല ശക്തിപ്പെടുത്താവുന്നതാണ്.

8) പഞ്ചായത്തിൽ നിലവിലുള്ള ആയുർവേദ ആശുപത്രി ആധുനിക സൗകര്യങ്ങളോടുകൂടിയുള്ളതാക്കുന്നതിനും കെട്ടിടത്തിന്റെ സ്ഥല പരിമിതി വികസിപ്പിക്കുന്നതിനും കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ചും കെട്ടിടം പുതുക്കിയതിനുശേഷം അവശേഷിക്കുന്ന ബാക്കി സ്ഥലത്ത് ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിച്ചും പ്രസ്തുത പരിസരത്ത് ആയുർവേദ ചികിത്സ മുൻപന്തിയിലെത്തിക്കുന്നതിന് സാധിക്കും.

9) അതുപോലെ തന്നെ നിലവിലുള്ള ആയുർവേദ ആശുപത്രിയിൽ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചും നേത്രരോഗവും വിഷചികിത്സ ചെയ്യുന്നതിനും വേണ്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും നടപ്പിലാക്കണം.

10) പ്രൈമറി ഹെൽത്ത് സെൻററിന്റെ സബ്ബ് സെൻററുകളിൽ അത്യാവശ്യമായിട്ടുള്ള ഫാമിലി ഹെൽത്ത് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ബെനിഫിഷ്യറി രജിസ്റ്റർ, ജനറൽ ഇൻഫർമേഷൻ രജിസ്റ്റർ ഇ.സി. രജിസ്റ്റർ മറ്റു രജിസ്റ്ററുകൾ തുടങ്ങിയവ കഴിഞ്ഞ 4 വർഷങ്ങളായി ജില്ലാ ഹെൽത്ത് സെൻററിൽ നിന്നും നൽകിയിട്ടില്ല. ഇവ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

11) പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് ഓരോ കക്കൂസ് വീതം സൗജന്യമായി പഞ്ചായത്തും സന്നദ്ധ സംഘടനകളും ചേർന്ന് നൽകിയാൽ പഞ്ചായത്തിൽ നിലവിലുള്ള കക്കൂസിന്റെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാം.

12) ദേശീയ ആരോഗ്യ പദ്ധതിപ്രകാരം ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗനിവാരണ ക്യാമ്പുകൾ ഫലപ്രദമാക്കുകയും ചെയ്തു പ്രശ്നം പരിഹരിക്കാവുന്നതാണ്.

13) പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ആരോഗ്യ ക്ഷേമനിധി സ്വരൂപിക്കുന്ന കാര്യം പരിഗണിക്കാവുന്നതും ഇതിലൂടെ പിന്നോക്കം നിൽക്കുന്നവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനും സാധിക്കും.

14) പാരമ്പര്യവൈദ്യൻമാർ, നാട്ടു വൈദ്യൻമാർ മറ്റു ഇതര ഡോക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു പൊതു സംരംഭം രൂപീകരിച്ചാൽ പഴയ ചികിത്സാ രീതികൊണ്ടും പുതിയ ചികിത്സാ രീതികൊണ്ടും ജനങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തുന്നതിനും മറ്റും സഹായകരമാകും.

15) സ്ക്കൂൾ പരിസരങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണം വിതരണം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

16) പൊതു കിണറുകളുടേയും പൊതു ടാപ്പുകളുടേയും പരിസരത്തും കുളിക്കടവുകളിലും കന്നുകാലികളെ കുളിപ്പിക്കുന്നതും വാഹനങ്ങൾ കഴുകുന്നതിനും എതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

17) പഞ്ചായത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ പുതിയതായി ഓടകൾ കെട്ടിയും, കെട്ടി നിൽക്കുന്ന മലിനജലം ഒഴുക്കിവിട്ടും കൊതുകു നിർമാർജനത്തിന് പരിഹാരം കാണാം.

18) ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും പ്രസ്തുത സെൻറർ മുഖാന്തി

അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന ശ്രീ പട്ടം. എ. താണുപിള്ളയുടെ അടുത്ത പരിചയക്കാരനായിരുന്നു രണ്ടാമട പകുതിയിലെ അധികാരിയായിരുന്നു വട്ടിയൂർക്കാവ് വലിയവീട്ടിൽ ശ്രീ. എം. കൃഷ്ണപിള്ള (1879-1955). കച്ചേരിക്കു മുൻവശമുള്ള തൻെറ കുടുംബവക 31 ഏക്കർ സ്ഥലം (പഴയ മരിച്ചിനി വിള) ദിവാൻ സർ സി.പി. യുടെ നിരോധനാജ്ഞയെ വെല്ലുവിളിച്ചുകൊണ്ട് ഉത്തരവാദിത്ത ഭരണം നേടിയെടുക്കുന്നതിനുള്ള തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് വാർഷിക സമ്മേളനത്തിന് വിട്ടുകൊടുക്കുകയും, സമ്മേളന പന്തൽ കെട്ടാനുള്ള സാമ്പത്തിക സഹായം കൊടുക്കുകയും ചെയ്തു. ഇതറിഞ്ഞ സർ. സി.പി. യടെ ഗുണ്ടകളും പോലീസും വട്ടിയൂർക്കാവ് പ്രദേശത്ത് ഭീഷണിയും, മർദ്ദനമുറകളും ആരംഭിച്ചു. ശ്രീ. കൃഷ്ണപിള്ള മലബാറിലെ ഒറ്റുപാലം ഒളിസങ്കേതത്തിൽ അഭയം പ്രാപിച്ചു.

തിരുവിതാകൂർ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം സർക്കാരിൻെറ നിരോധനാജ്ഞയെ ലംഘിച്ച് 1938 ഡിസംബർ 22 -ാം തീയതി വൈകുന്നേരം 4 മണിക്ക് വട്ടിയൂർക്കാവ് മൈതാനത്ത് നടത്തുന്നതിനു തീരുമാനിച്ചു. (ഇന്നത്തെ എൻ.എസ്സ്.എസ്സ് കരയോഗമന്ദിര സ്ഥലം, ചിത്രനഗർ വി.എസ്സ്.എസ്സ്.സി ഫൈബർ പ്ലാൻറ് എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം). ഇതിനും ആഴ്ചകൾക്ക് മുമ്പുതന്നെ സമ്മേളനത്തിൻെറ ആലോചനയോഗം കുലശേഖരം ജംഗ്ഷനിൽ വച്ച് കൂടിയിരുന്നു. അനേകം പ്രധാന വ്യക്തികൾ പങ്കെടുത്തിരുന്നു. ഡിസംബർ21-ാം തീയതി രാത്രി നാനാഭാഗത്തുനിന്നും സമ്മേളനസ്ഥലത്തേക്ക് ചെറിയ കൂട്ടങ്ങളായി ഓരോ നേതാക്കന്മാരുടെ പിന്നിൽ പ്രച്ചരന്നവേഷത്തിൽ പോലീസിൻെറ കണ്ണിൽ പെടാതെ വലിയവീട് കാവിലും, പരിസരപ്രദേശത്തും എത്തിച്ചേർന്നു. ഡിസംബർ21-ാം തീയതി രാത്രി സമ്മേളന പന്തൽ സി.പി. യുടെ ഗുണ്ടകൾ നശിപ്പിച്ചു കളഞ്ഞു. ഡിസംബർ 22-ാം തീയതി പ്രഭാതം പൊട്ടി വിടർന്നപ്പോൾ വട്ടിയൂർക്കാവ് കണികണ്ടത് സി.പി. യുടെ പോലീസിനെയും കുതിരപട്ടാളത്തേയുമായിരുന്നു. സമ്മേളനപരിസരം പോലീസും പട്ടാളവും വളഞ്ഞു. കമണ്ടൻറ് വാട്സ്കി, ജില്ലാ മജിസ്ട്രേറ്റ് പരമേശ്വരപണിക്കർ പോലീസ് കമ്മിഷണർ അബ്ദുൽ കരിം എന്നിവർ പോലീസിന് നേതൃത്വം നൽകി.

സമ്മേളനത്തിൻെറ അദ്ധ്യക്ഷനായി നിശ്ചയിച്ചിരുന്ന ശ്രീ. നാരായണപിള്ളയെ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ വച്ച് അറസ്റ്റു ചെയ്തു. എന്നാൽ സമ്മേളനമൈതാനം ശൂന്യമായതിനാൽ പോലീസ് തിരികെ പോയി. ഈ അവസരത്തിൽ വൈകുന്നേരം ആറ് മണിയോടുകൂടി വോളൻറിയർ ക്യാപ്റ്റൻ ശ്രീ. ജി. ചന്ദ്രശേഖര പിള്ളയുടെ നേതൃത്വത്തിൽ സമരഭടന്മാർ സമ്മേളന മൈതാനത്തേക്ക് നുഴഞ്ഞുകയറുകയും ശ്രീ. കുഞ്ഞൻ നാടാരുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തുകയും പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. സമ്മേളനം നടക്കുന്നതറിഞ്ഞ് പോലീസും, കുതിരപട്ടാളവും സമ്മേളനസ്ഥലം വളഞ്ഞു. വിവരമറിഞ്ഞ ആയിരക്കണക്കിനു നാട്ടുകാരും സ്വാതന്ത്ര്യ സമര ഭടന്മാരുടെ പോലീസിൻെറ വലയത്തിനു പുറത്ത് മനുഷ്യമതിൽ സൃഷ്ടിച്ച് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കി. സമ്മേളനം സമാധാനപരമായി പര്യവസാനിച്ചു. വൈസ്രോയിയുടെ തിരുവിതാംകൂർ സന്ദർശനസമയത്താണ് ഈ സമ്മേളനം നടന്നത്. അതിനാൽ ഇത് പ്രത്യേകം ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. ശ്രീ. ജി. ഭാസ്ക്കരൻ നായർ, ശ്രീ. കുഞ്ഞുകൃഷ്ണ പിള്ള, ശ്രീ. വേലുക്കുട്ടി മേസ്തരി, ശ്രീ. ഗുമസ്തൻ, എസ്. ദാമോദരൻപിള്ള, കമ്യൂണിസ്റ്റ് കുട്ടൻപിള്ള എന്നിവർ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വ്യക്തികളാണ്. ഇവരുടെ സംഭാവനകൾ ഞങ്ങൾ ഈ അവസരത്തിൽ നന്ദിപുരസ്സരം സ്മരിക്കുന്നു.

അധികാരി കൃഷ്ണപിള്ള

വട്ടിയൂർക്കാവിലെ പുരാതനമായ വലിയവീട് തറവാട്ടിൽ 1879 ആഗസ്റ്റ് മാസം 24-ാം തീയതി ശ്രീ. എം. കൃഷ്ണപിള്ള ജനിച്ചു. വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം രണ്ടാംമട പകുതിയിൽ (വില്ലേജ് ആഫീസ്) പാർവ്വത്യയാർ ആയി സർക്കാർ ജോലിയിൽ പ്രവേശിച്ചു. 1935 കാലഘട്ടത്തിൽ അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന ശ്രീ പട്ടം താണുപിള്ളയുമായുള്ള അടുത്ത സുഹൃത് ബന്ധം കൃഷ്ണപിള്ളയെ സ്വാതന്ത്ര്യ സമരത്തിലേക്ക് ആകർഷിച്ചു.

നിരോധിക്കപ്പെട്ട കോൺഗ്രസ്സിന് വാർഷിക സമ്മേളനം നടത്തുന്നതിനു വേണ്ടി തൻെറ കുടുംബ സ്വത്ത് ആയ 31 ഏക്കർ സ്ഥലം വിട്ടുകൊടുക്കുകയും സമ്മേളനപന്തൽ കെട്ടാനുള്ള സാമ്പത്തിക സഹായവും ചെയ്തു. സർ സി.പി. യുടെ വിരോധത്തിനു പാത്രമായ ശ്രീ. കൃഷ്ണപിള്ള ഒറ്റപ്പാലത്തുള്ള ഒളിസങ്കേതത്തിൽ അഭയം പ്രാപിച്ചു. സി.പി.യുടെ കാലശേഷമാണ് അദ്ദേഹം തിരികെ സ്വദേശത്ത് വന്നത്. 1595 ജൂലായ് 18-ാം തീയതി അദ്ദേഹം സ്വവസതിയായ ലക്ഷമീവിലാസത്തിൽ വച്ച് നിര്യാതനായി.

വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്ത്

പൊതുവിവരണം

പേര്	വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്
ജില്ലാ പഞ്ചായത്ത്	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
ജില്ലാ ഡിവിഷൻ	വട്ടിയൂർക്കാവ്
ലോകസഭാ മണ്ഡലം	തിരുവനന്തപുരം
നിയോജകമണ്ഡലം	തിരുവനന്തപുരം നോർത്ത്
ബ്ലോക്ക്	തിരുവനന്തപുരം റൂറൽ ബ്ലോക്ക്
താലൂക്ക്	തിരുവനന്തപുരം
വിസ്തീർണ്ണം	10.61 ച. കി. മീറ്റർ

അതിർത്തികൾ

വടക്ക്	വഴയില പള്ളിത്തറ ക്രൈസ്റ്റ് നഗർ ജംഗ്ഷൻ മുതൽ കരകുളം പഞ്ചായത്ത് മുക്കോല കാച്ചാണി, അരുവിക്കര പഞ്ചായത്ത് മുട്ടത്തെരുവു കരമനയാറ്.
കിഴക്ക്	കരമന ആറ് മുട്ടത്തെരുവു മുതൽ കുണ്ടമൺകടവുവരെ
തെക്ക്	കുണ്ടമൺ കടവ് തട്ടാരശ്ശേരി കടവു മുതൽ തിരുവനന്തപുരം കോർപ്പറേഷൻ
പടിഞ്ഞാറ്	തിരുവനന്തപുരം കോർപ്പറേഷൻ പേരൂർക്കട എ.കെ.ജി നഗർ റോഡ്, കുന്നിൻപുറം വരെ (വഴയില)

		പുരുഷന്മാർ	*സ്ത്രീകൾ*
ആകെ ജനസംഖ്യ	33653	16839	17014
സാക്ഷരത നിരക്ക്		92 %	87%
ശരാശരി	89%		
പട്ടികജാതി		1962	2080
ആകെ വീടുകളുടെ എണ്ണം	9872		
ലോകസഭാ അംഗം	ശ്രീ. കെ.വി. സുരേന്ദ്രനാഥ്		
നിയമസഭാസാമാജികൻ	ശ്രീ. എം. വിജയകുമാർ		
ജില്ലാ പഞ്ചായത്ത് അംഗം	ശ്രീ. അഡ്വ. കെ. മോഹൻകുമാർ		
ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ			
നെട്ടയം ഡിവിഷൻ	ശ്രീ. പേരൂർക്കട ശ്രീകുമാർ		
കൊടുങ്ങാനൂർ ഡിവിഷൻ	ശ്രീ. ജെ. അരവിന്ദൻ		

രം ഗർഭിണികൾക്കും കുട്ടികൾക്കും നല്കാവുന്ന പോഷക ആഹാരവും വൈദ്യ പരിശോധനയും സമയബന്ധിത പരിപാടിയായി നടപ്പിൽ വരുത്തിയാൽ എല്ലാ പേർക്കും ആരോഗ്യം എന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കാം.

19) പഞ്ചായത്തിന്റെ എല്ലാ വാർഡിലും പരിസര ശുചീകരണം നടപ്പിലാക്കുവാൻ ശ്രമിക്കണം.

20) പഞ്ചായത്തിൽ ആഹാര സാധനങ്ങളും ശീതളപാനീയങ്ങളും വില്പന നടത്തുന്ന ഹോട്ടലുകൾ, മറ്റു വില്പന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരുടെ പരിശോധന സംവിധാനം കാര്യക്ഷമമാക്കിയാൽ വളരെയധികം ആരോഗ്യപ്രശ്നത്തിന്റെ പരിഹാരത്തിന് സാധ്യതയാകും.

21) പഞ്ചായത്തിന്റെ പൊതു കിണറുകളിലും കുടുംബങ്ങളുടെ കിണറുകളിലും കൃത്യമായി ക്ലോറിനേറ്റ് ചെയ്യുന്നതിന് വേണ്ട മാർഗ്ഗം സ്വീകരിച്ചാൽ കുടിവെള്ളം മുഖാന്തിരം ഉണ്ടാകുന്ന സാംക്രമിക രോഗങ്ങൾ പരിഹരിക്കുവാൻ സാധിക്കും.

22) ഹോട്ടലുകളിലെയും മറ്റു ഭക്ഷണ ശാലകളിലെയും അണു നശീകരണത്തിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കണം.

23) രോഗപ്രതിരോധത്തിനു വേണ്ട ആസൂത്രണ പദ്ധതികൾ നടപ്പിലാക്കുക.

24) ഈ പഞ്ചായത്ത് നഗരപ്രദേശത്തിനോട് ചേർന്നു കിടക്കുന്നതിനാൽ ഡ്രയിനേജ് സൗകര്യം അടിയന്തിരമായി പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

25) വാർഡടിസ്ഥാനത്തിൽ രക്ത പരിശോധന നടപ്പിലാക്കിയാൽ സാംക്രമിക രോഗങ്ങളിൽ നിന്നും രോഗ ദുരിതം അനുഭവിക്കുന്ന മുഴുവൻ ജനങ്ങളെയും രോഗബാധ്യതകളിൽ നിന്നും രക്ഷിക്കുന്നതിന് സാധിക്കും.

ഇത്തരത്തിൽപ്പറഞ്ഞിട്ടുള്ള നിർദ്ദേശ പരിഹാര പ്രശ്നങ്ങൾ മൂലം ഈ പഞ്ചായത്തിൽ ഒമ്പതാം പദ്ധതിയുടെ ആരംഭഘട്ടത്തിലൂടെ എല്ലാ ജനങ്ങൾക്കും ആരോഗ്യം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ പരിസര ശുചിത്വത്തിനും വേണ്ട പദ്ധതികൾ തയ്യാറാക്കി നമ്മുടെ ഈ പഞ്ചായത്തിനെ ആരോഗ്യ വിമുക്ത മേഖലയാക്കി മാറ്റാം.

(5) വ്യവസായം

ഒരു പഞ്ചായത്തിന്റെ വികസനത്തിന് അനുപേഷണീയമായ ഘടകമാണ് വ്യവസായം, ജനങ്ങളുടെ ഉയർച്ചയ്ക്കും പ്രദേശത്തിന്റെ ഉന്നമനത്തിനും വ്യാവസായികവളർച്ച വളരെ അത്യന്താപേക്ഷിതവും, ഒഴിച്ചുകൂടാൻ പറ്റാത്തതുമാണ്. സാമ്പത്തിക പുരോഗമന പ്രക്രിയയിലെ അവിഭാജ്യ ഘടകം കൂടിയായ വ്യവസായരംഗം ഇന്ന് പല പ്രതിസന്ധികൾ നമ്മുടെ കേരളത്തിൽ നേരിടുന്നു.

വട്ടിയൂർക്കാവ് പഞ്ചയാത്തിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷി തന്നെയാണ്. തലസ്ഥാന നഗരിയോട് ചേർന്ന്കിടക്കുന്ന പഞ്ചായത്തായിട്ടും വ്യാവസായികമേഖലയിൽ വേണ്ടത്ര ശ്രദ്ധയോ ചലനമോ സൃഷ്ടിക്കുവാൻ ഈ പ്രദേശത്തിന് കഴിഞ്ഞിട്ടില്ലെന്ന അവസ്ഥയാണുള്ളത്.

എം.ആർ.എഫിന്റെ ഒരു ടയർ റീട്രേഡ് യൂണിറ്റ് മാത്രമാണ് എടുത്ത്പറയത്തക്ക ഒരു വ്യവസായ സംരംഭം. പിന്നെ ഒരു ബ്രെഡ് നിർമ്മാണ യൂണിറ്റും, ചില അച്ചടിശാലകളും , എണ്ണയാട്ട് മില്ലുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായ യൂണിറ്റുകളും പറയത്തക്ക നിലയിലല്ല. കൈത്തറി മേഖല പാടെ തകർന്നിരിക്കുന്നു. ഒറ്റപ്പെട്ട ചിലത് കുടിൽ വ്യവസായമെന്ന നിലയിൽ ശോചനീയാവസ്ഥയിലുമാണ്. കയർ, കശുവണ്ടി, ബീഡി, കളിമൺ, തടി വ്യവസായങ്ങൾ പൂർണ്ണമായും ഇല്ല എന്ന് തന്നെ പറയാം. സ്വകാര്യ മേഖലയിൽ ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. തടി അറുപ്പ് മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ തന്നെ വ്യാവസായിക മേഖലയുടെ ശോചനീയാവസ്ഥ വളരെ പ്രകടമായി മനസ്സിലാക്കുവാൻ കഴിയും. കാർഷികമേഖലയിൽ ധാരാളം വ്യവസായ സാധ്യതകളുണ്ട്. കൂടാതെ മറ്റ് സ്വതന്ത്ര വ്യവസായ മേഖലകളിലും കാര്യമായ കാഴ്ചപ്പാടോടെ ഒരു മുന്നേറ്റം നടത്തുവാൻ നമുക്ക് സാധിക്കും. അത്തരത്തിലുള്ള പ്രശ്നങ്ങളിലും സാധ്യതകളിലും മാത്രം ഊന്നി വ്യവസായവികസനപദ്ധതി നമുക്കാവിഷ്ക്കരിക്കുവാൻ സാധിക്കും.

പഞ്ചായത്തിനകത്ത് ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ.

1. കേരോല്പന്ന നിർമ്മാണ യൂണിറ്റ്.

(എ) നാളികേരവ്യവസായം

പച്ച തേങ്ങായിൽ നിന്നും ഈർപ്പരഹിതമായ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതിന് പുറമേ, നാളികേരക്രീം, തേങ്ങാപ്പൊടി, തേങ്ങാപിണ്ണാക്ക്, മിഠായികൾ, സമ്മന്തിപ്പൊടി, തേങ്ങാവെള്ളം ഉപയോഗിച്ചുള്ള പാനീയങ്ങൾ എന്നിവ ഉല്പാദിപ്പിക്കാൻ സാധിക്കും. ഈ വ്യവസായത്തിന് വേണ്ടുന്നനാളികേരം യഥേഷ്ടം സംഭരിക്കാൻ സാധിക്കും. ചെറുകിട വ്യവസായ യൂണിറ്റികളായോ, കുടിൽ വ്യവസായമായോ തുടങ്ങുവാൻ സാധിക്കും.

(ബി) തെങ്ങോല സംസ്ക്കരണം

രാസപ്രയോഗത്തിലൂടെ പല വർഷങ്ങൾ ഈടുനിൽക്കുന്ന ഓല സംസ്ക്കരിച്ചെടുത്ത് പുരമേയാനും മറ്റും ഉപയോഗിക്കാം. നിശ്ചിത വരുമാനക്കാർക്ക് ഇത് വളരെ പ്രയോജനം ചെയ്യും.

(സി) കരകൗശല യൂണിറ്റുകൾ

തൊണ്ട്, ചിരട്ട എന്നിവ ഉപയോഗിച്ച് കരകൗശല ഉല്പന്നങ്ങൾ നിർമ്മിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

(ഡി) കെട്ടിട നിർമ്മാണ സാമഗ്രികൾ

തെങ്ങിൻതടി ഉപയോഗിച്ച് കെട്ടിട നിർമ്മാണ സാമഗ്രികളും, ഫർണിച്ചറും നിർമ്മിച്ച് കൈതൊഴിലുകാർക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും, ഭവനനിർമ്മാണ ചിലവ് കുറക്കുവാനും സാധിക്കും.

2. കാർഷികോല്പന്ന കുടിൽ വ്യവസായങ്ങൾ

(എ) കപ്പ സംസ്ക്കരണയൂണിറ്റ്

വറ്റൽ,ചൗവരി,പുട്ടുമാവ് എന്നിവ ഉണ്ടാക്കുവാനും വനിതകൾക്ക് തൊഴിൽ സാധ്യത ഉറപ്പ് വരുത്തുവാനും സാധിക്കും.

(ബി) ജാം നിർമ്മാണം

പൈനാപ്പിൾ,മാമ്പഴം,പപ്പായ,മധുരവള്ളിക്കിഴങ്ങ്, തക്കാളി എന്നിവ ഉപയോഗിച്ച് ക്രീമുകളും,ജാമുകളും നിർമ്മിക്കാൻ സാധിക്കും.

3. ഖാദി-ഗ്രാമവ്യവസായ യൂണിറ്റുകൾ

സോപ്പ്, തീപ്പെട്ടി, മെഴുകുതിരി, സുഗന്ധതിരികൾ, തേൻ ഉല്പാദനം, വേസ്റ്റ് പേപ്പർ ഉപയോഗിച്ചുള്ള കാർബോർഡ് നിർമ്മാണം, പുറുത്തിനും,വാഴനാരും ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ എന്നിവ കുടിൽ വ്യവസായമായോ ചെറുകിടവ്യവസായമായോ ആരംഭിക്കാവുന്നതാണ്. ഇതിന് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങളും, സാമ്പത്തികസഹായവും ഖാദി-ഗ്രാമ വ്യവസായ ബോർഡിൽ നിന്ന് ലഭ്യമാണ്. വനിതകളായ സ്വയംതൊഴിൽ സംരംഭകർക്ക് ഇത് വളരെ അനുയോജ്യമാണ്.

4. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്

നമ്മുടെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നം കാലിത്തീറ്റയുടെ വിലവർദ്ധന തന്നെയാണ്. കുത്തക മുതലാളിത്ത സ്ഥാപനങ്ങൾ ഇടയ്ക്കിടെ വർദ്ധിപ്പിക്കുന്ന വില കർഷകർക്ക് താങ്ങാൻ കഴിയുന്നതിനുമപ്പുറമാണ്. വളരെയേറെ വികസന സാധ്യതയുള്ള ഈ മേഖലയെ പിടിച്ചു നിർത്തുവാൻ പഞ്ചായത്ത് തലത്തിൽ തന്നെ നമുക്ക് പലതും ചെയ്യുവാൻ സാധിക്കും. പഞ്ചായത്ത് ടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണുവാൻ കഴിയും. പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്ന് തന്നെ അസംസ്കൃത സാധനങ്ങൾ സംഭരിക്കാൻ കഴിയും. കുറച്ച്പേർക്ക് തൊഴിൽ സാധ്യതകൂടി ഉറപ്പാക്കുന്ന ഈ സംരംഭം കർഷകർക്ക് ഒരു അനുഗ്രഹം കൂടിയാണ്.

5. വസ്ത്രനിർമ്മാണ യൂണിറ്റ്

ചെറുകിട വ്യവസായമായി ആരംഭിക്കാവുന്ന ഒന്നാണിത്. റെഡിമേഡ് തുണിത്തരങ്ങളുടെ നിർമ്മാണമാണ് യോജിച്ചത്. കൂടാതെ യന്ത്രവൽകൃത തറി ഉപയോഗിച്ച് ഖാദി വസ്ത്ര നിർമ്മാണവും ആരംഭിക്കാവുന്നതാണ്. പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഖാദി ബോർഡിൽ നിന്നും നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും ലഭിക്കുന്നു.

6. പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണം

ഈ പഞ്ചായത്തിൽ വളരെയേറെ സാധ്യതയുള്ള മേഖലയാണിത്. ലാറ്റക്സ് പെൻസുലാപോളിമേഴ്സ എന്നീ സ്ഥാപനങ്ങളിൽ നിന്ന് വേസ്റ്റ് സംഭരിച്ച് അസംസ്കൃത സാധനങ്ങൾ സ രൂപിക്കാവുന്നതാണ്.

ഗ്ലാസ്സുകൾ, മഗ്ഗുകൾ, വളകൾ, ബട്ടണുകൾ, സിറിഞ്ചുകൾ, പോളിത്തീൻ ബാഗുകൾ തുടങ്ങിയവയെല്ലാം ഇങ്ങനെ നിർമ്മിക്കുവാൻ സാധിക്കും.

7. ചുടുകല്ല്, ഹോളോബ്രിക്സ്

ഈ വ്യവസായത്തിന് വേണ്ടുന്ന നല്ലയിനം മണ്ണ്, കരിങ്കല്ല്, എന്നിവ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളായിട്ട് ആരംഭിച്ച് ഉല്പാദനം വർദ്ധിപ്പിച്ചാൽ കെട്ടിട നിർമ്മാണ ചിലവ് കുറയ്ക്കുവാനും, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം പരിഹരിക്കുവാനും കഴിയും.

8. അച്ചടി വ്യവസായം

തലസ്ഥാന നഗരിയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തായതിനാൽ അച്ചടി വ്യവസായത്തിന്വളരെയേറെ പ്രാധാന്യമുണ്ട്. ആധുനിക സൗകര്യങ്ങളോട് കൂടിയ ഓഫ്സെറ്റ് പ്രസ്സുകൾ ഈ പഞ്ചായത്തിലില്ല. സ്ക്രീൻ പ്രിൻറിംഗ് തുടങ്ങിയവ ഇവയോടനുബന്ധിച്ച് ആരംഭിക്കുവാൻ സാധിക്കും.

9. മോട്ടോർ വർക്ക്ഷാപ്പ്, റീട്രേഡ് യൂണിറ്റുകൾ

വർദ്ധിച്ചുവരുന്ന വാഹന ഉപയോഗം കണക്കാക്കി മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, സ്പ്രേ പെയിൻറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും, ടയർ റീട്രേഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള സാധ്യതകൾ പഞ്ചായത്ത് തലത്തിൽ കണ്ടെ

ത്തേണ്ടതുണ്ട്. ഇതിനാവശ്യമായ വിദഗ്ദ്ധരായ തൊഴിലാളികളെ ഉപയോഗിക്കേണ്ടതും, ഈ മേഖലയിൽ മതിയായ തൊഴിൽ ലഭ്യത അവർക്ക് ഉറപ്പ് വരുത്തേണ്ടതുമാണ്.

10. റബ്ബർ ഉല്പന്ന വ്യവസായം

ഇന്ത്യയിലുൽപ്പാദിപ്പിക്കുന്ന റബ്ബറിന്റെ 90 ശതമാനത്തിലധികവും കേരളമാണ് സംഭാവന ചെയ്യുന്നതെങ്കിലും പറയത്തക്ക ഒരു വ്യവസായ സംരംഭം പോലും സംസ്ഥാനത്തില്ല. പ്രാദേശിക തലത്തിൽ കിട്ടുന്ന റബ്ബർപാൽ, റബ്ബർഷീറ്റുകൾ എന്നിവ സംഭരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ചെരിപ്പ്, ബലൂണുകൾ, റബ്ബർബാൻറുകൾ എന്നിവ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുവാൻ സാധിക്കും.

കൂടാതെ റബ്ബർ തടി ആവശ്യമായ രീതിയിൽ സംസംക്കരിച്ച് ഫർണിച്ചർ,ജന്നൽ, കട്ടള തുടങ്ങിയവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇത് വളരെയധികം സാമ്പത്തിക ലാഭം ഉറപ്പുവരുത്താവുന്നതാണ്.

11. മറ്റ് കുടിൽ വ്യവസായങ്ങൾ

വിവിധയിനം അച്ചാറുകൾ, ബേക്കറി ഉല്പന്നങ്ങൾ എന്നിവ കുടിൽ വ്യവസായമായി തുടങ്ങുവാൻ സാധിക്കും. അതുപോലെ തയ്യൽ ജോലി, കുടനിർമ്മാണം, കുമിൾവ്യവസായം എന്നിവയും വിപണന സാധ്യതകളുള്ള കുടിൽ വ്യവസായങ്ങളാണ്.

12. ഇലക്ട്രോണിക്സ് വ്യവസായം

ഇലക്ട്രോണിക്സ് രംഗത്തെ പുതിയ മാറ്റങ്ങളും, ചലനങ്ങളും, നമ്മുടെ പഞ്ചായത്തിലും വ്യാപിപ്പിക്കേണ്ടതുണ്ട്. അതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ ആൾക്കാരെ കണ്ടെത്തി ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായഘടകം സ്ഥാപിക്കേണ്ടതുണ്ട്. വളരെ ആശാവഹവും, ഉല്പാദനപരവുമായ മാറ്റം ഈ രംഗത്ത് പ്രതീക്ഷിക്കാവുന്നതാണ്.

ഇലക്ട്രോണിക്സ് ചോക്ക്, ബൾബ്, എമർജൻസി ലാമ്പുകൾ, ഫാൻ റഗുലേറ്ററുകൾ എന്നിവയ്ക്ക് വൻവിപണന സാധ്യതയുമുണ്ട്.

മുകളിൽ പ്രസ്താവിച്ച വ്യവസായഘടകങ്ങൾ നമ്മുടെ പഞ്ചയാത്തിൽ തുടങ്ങുവാൻ പറ്റുന്ന വ്യവസായങ്ങളാണെങ്കിലും ഈ രംഗം നേരിടുന്ന പ്രശ്നങ്ങളേയും, സാധ്യതകളേയും വിലയിരുത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ


1. ഉല്പാദന-വിപണന സാധ്യതകളെപ്പറ്റിയുള്ള അറിവില്ലായ്മ
2. പഞ്ചായത്ത് തല വിവരങ്ങളുടെ അഭാവം.
3. പദ്ധതികളും, അനുയോജ്യമായ സ്കീമുകളും തെരെഞ്ഞെടുക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം.
4. കൈത്തറി മേഖലയിലെ മുരടിപ്പ്
5. അസംസ്കൃതസാധനങ്ങളുടെ ദൗർലഭ്യം
6. പരമ്പരാഗത വ്യവസായങ്ങളുടെ പിന്നോക്കാവസ്ഥ.
7. മുഖ്യ കാർഷിക ഉല്പന്നമായ തേങ്ങ വ്യാവസായികമായി പ്രയോജനപ്പെടുത്തുന്നില്ല.
8. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലമില്ലായ്മ.
9. വ്യവസായ സംരംഭകർക്കാവശ്യമായ ലൈസൻസ് ലഭിക്കുവാനുള്ള കാലതാമസം.
10. വൈദ്യുതിയുടെ അഭാവം.
    കിട്ടുന്നെങ്കിൽ തന്നെ കുറഞ്ഞ വോൾട്ടേജ്.
11. സാമൂഹികമായ പ്രശ്നങ്ങൾ
12. വിപണിക്കനുസൃതമായ രീതിയിൽ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ,രൂപകല്പന, ഉല്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്താനുള്ള കെല്പില്ലായ്മ.
13. സർക്കാർ ഉദ്യോഗത്തിന് വേണ്ടിയുള്ള അഭ്യസ്തവിദ്യരുടെ അഭിവാഞ്ഛ.
14. സ്വയം തൊഴിൽചെയ്യുവാനുള്ള താത്പര്യമില്ലായ്മ.
15. വ്യാവസായ സംരംഭകർക്ക് ഉതകുന്ന വിദ്യാഭ്യാസ-സാങ്കേതിക പരിജ്ഞാന രീതിയുടെ അഭാവം.
16. വായ്പ ലഭിക്കുവാനുള്ള ബുദ്ധിമുട്ടും, അമിതമായി ഈടാക്കുന്ന പലിശയും.
17. വിൽപ്പന രംഗത്തെ പരിചയകുറവ്.

18. ആകർഷണീയമല്ലാത്ത പാക്കിംഗ്, അപര്യാപ്തമായ പരസ്യം.

സാധ്യതകൾ

1. വ്യാവസായിക കമ്മിറ്റി രൂപീകരണം

പഞ്ചായത്ത് തലത്തിൽ വ്യാവസായിക കമ്മിറ്റിയ്ക്ക് രൂപം നൽകുകയും, നിലവിലുള്ള പ്രമുഖ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, വിഭവങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുകയും തൊഴിൽ സാധ്യതയും, സൗകര്യവും ഉണ്ടാക്കുകയും വേണം. പഞ്ചായത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഒരു ക്രോഡീകരണം സാധിതമാക്കി വിപണന-സേവന സൗകര്യങ്ങൾ ഏകീകരിക്കണം. ഈ യൂണിറ്റുകൾക്ക വേണ്ടുൻ ട്രെയിനിംഗും, കാളിറ്റി ടെസ്റ്റിംഗും, മാർക്കറ്റിങ്ങും, പൊതുവിപണിയും സ്ഥാപിക്കണം.



2. വ്യാവസായിക വികസന സമിതിയുടെ രൂപീകരണം

പഞ്ചായത്തിലെ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി വ്യാവസായിക വികസന സമിതിക്ക് രൂപം നൽകണം.

(എ) വ്യവസായ സാദ്ധ്യതകൾ

(ബി) സെമിനാറുകൾ, പരിശീലനങ്ങൾ, പ്രദർശന മേളകൾ എന്നീവയിലൂടെ പൊതുജനങ്ങളെ ബോധവത്കരിക്കുക.

(സി) വിവരങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുക.

(ഡി) പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുക.

(ഇ) അസംസ്കൃത സാധനങ്ങൾ, വിപണി, സാങ്കേതിക വിദ്യ, സാമ്പത്തികസഹായം എന്നിവ ഉറപ്പ്വരുത്തുക.

(എഫ്) വിദഗ്ദ്ധരെ കണ്ടെത്തുക

(ജി) വ്യവസായ സംരംഭകത്വ സ്വഭാവം പ്രാദേശിക തലത്തിൽ വളർത്തിയെടുക്കുക.

3. കേന്ദ്രീകൃതയൂണിറ്റും-ഗാർഹിക യൂണിറ്റുകളും

ഒരേസ്വഭാവം പുലർത്തുന്ന വ്യവസായങ്ങളെ ക്രോഡീകരിച്ച് ഒരു മദർയൂണിറ്റും അതിനോടനുബന്ധിച്ച് വിവിധ ഭാഗങ്ങളിലായി ഗാർഹിക യൂണിറ്റും സ്ഥാപിക്കാവുന്നതാണ്. ഇത് ഒരേ ഗുണ നിലവാരം ഉറപ്പ്വരുത്തുവാനും, കെട്ടിടം തുടങ്ങിയ അനാവശ്യ ചിലവുകൾ ഒഴിവാക്കുവാനും, കൂട്ടായ പ്രവർത്തനശൈലി സ്വായത്തമാക്കുവാനും, കഴിയുന്നു. ചിലവ്കുറച്ച് കൂടുതൽ ഉല്പാദനം നടത്തി ആവശ്യമായ ലാഭസമ്പാദനം നടത്തുവാൻ സഹായിക്കുന്നു.

4. സ്വയം തൊഴിൽ എക്സ്ചേഞ്ച് സംവിധാനം

പഞ്ചായത്തിലെ വ്യാവസായികപരിശീലനം നേടിയ വിദഗ്ധരും, യോഗ്യതയുള്ളവരുടേതുമായ ഒരു ലിസ്റ്റ് തയ്യാറാക്കുവാൻ ശ്രമിക്കുകയാണ് അടുത്ത നടപടി. ഇത് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും, വിദഗ്ദ്ധരായ ആൾക്കാരെ എളുപ്പത്തിൽ ലഭ്യമാക്കുവാനും സാധിക്കും.

5. പൊതുവിപണി

പഞ്ചായത്ത് തലത്തിൽ വ്യാവസായികമായി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുവാനും, നല്ല വില ലഭിക്കുവാനും ഒരു പൊതുവിപണി കണ്ടെത്തേണ്ടതുണ്ട്. ഇതോടൊപ്പം വിദൂര വിപണന സാധ്യതകളും കണ്ടെത്തണം.

6. ധനസഹായം

ഇന്ന് ബാങ്കിംങ് സ്ഥാപനങ്ങൾ വ്യവസായ സംരംഭകർക്ക് യഥേഷ്ടം വായ്പകൊടുക്കുന്നുണ്ട്. കൊടുത്ത വായ്പ യഥാകാലം തിരിച്ചടക്കാത്തതിനാൽ പുതിയ വായ്പകൾ നൽകുന്നതിൽ ചില ബാങ്കുകൾ നിയന്ത്രണം ഏർ

പ്പെടുത്തുന്നുമുണ്ട്. കൂടതെ വ്യവസായ വായ്പയ്ക്ക് ഈടാക്കുന്ന പലിശയും മറ്റ് വായ്പയുടേതിനേക്കാൾ ഉയിർന്നതുമാണ്. ഹ്രസ്വകാലവായ്പകളായിട്ടാണ് അനുവദിക്കുന്നതും.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ആവശ്യമായ വായ്പകൾ ലഭ്യമാക്കുവാൻ സാഹചര്യങ്ങൾ സൃഷ്ടിച്ചാലും ബാങ്കുകൾ വായ്പകൾ നൽകുവാൻ വിമുഖതകാട്ടുകയാണ്. ഉദാഹരണത്തിന് പി.എം.ആർ.വൈ. സ്കീമനുസരിച്ച് ഒരു തൊഴിൽ സംരംഭകന് വേണ്ടത്ര സബ്സിഡിയോടെ ഒരു ലക്ഷം രൂപ യാതൊരു സെക്യൂരിറ്റിയുമില്ലാതെ വാണിജ്യബാങ്കുകൾ നൽകണമെന്നാണ് വ്യവസ്ഥ. ജില്ലാ വ്യവസായകേന്ദ്രങ്ങൾ ശുപാർശചെയ്താലും മിക്ക ബാങ്കുകളും നൽകുന്നില്ല എന്നുള്ളതാണ് വാസ്തവം. പഞ്ചായത്ത് വ്യവസായ വികസന സമിത ഈ സാഹചര്യത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. മതിയായ സെക്യൂരിറ്റി നൽകി വായ്പ ലഭ്യമാക്കണം.

7. ഉന്നതപരിശീലനം

ജില്ലയുടെ അകത്ത് നിന്നും, പുറത്ത് നിന്നും ഉള്ള സാങ്കേതിക വിദഗ്ദ്ധരെ കണ്ടെത്തി വ്യവസായ സംരംഭകർക്കും, തൊഴിലാളികൾക്കും ആവശ്യമായ പരിശീലനം പഞ്ചായത്ത് തലത്തിൽ നൽകണം.

വലിയസംരംഭങ്ങൾ തുടങ്ങുവാൻവേണ്ടി മുന്നോട്ടുവരുന്ന വ്യക്തികൾക്കും, സംഘടനകൾക്കും വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രത്യേക പരിശീലനപരിപാടികൾ ലഭ്യമാക്കാവുന്നതാണ്.

പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യേണ്ടതാണ്. അവർക്ക് അനുയോജ്യമായ ബാങ്ക് വായ്പകളും, സബ്സിഡികളും ലഭ്യമാക്കുന്നതിന് ഇത് സഹായിക്കും.

ഉദാഹരണത്തിന് P.M.R.Y, S.U.M.E, I.R.D.P, D.W.P, D.W.C.R.A എന്നിങ്ങനെയുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും, അല്ലാത്തവർക്കും ഉള്ള പദ്ധതികൾ അനുസരിച്ച് രജിസ്റ്റർ ചെയ്തവരെ തരം തിരിക്കാവുന്നതാണ്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

വട്ടിയൂർക്കാവ് പഞ്ചായത്തിലെ വ്യാവസായിക വികസനത്തിന് ഇന്ന് ഏറ്റവും അനുയോജ്യമായത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സംവിധാനം സ്ഥാപിക്കുകയാണ്. ഇതിനുള്ള സാധ്യതകളേറെയുള്ള പഞ്ചായത്താണിത്. വട്ടിയൂർക്കാവ് പഞ്ചായത്ത് സമിതി തിരുവനന്തപുരം മെട്രോപൊളിറ്റൻ കൗൺസിലിന് നൽകിയ സ്കീം പ്രൊപ്പോസലിൽ (പദ്ധതി ശുപാർശ) പേരൂർക്കട അടുപ്പുകൂട്ടാമ്പാറയിലെ സർക്കാർവക ഉപയോഗ ശൂന്യമായി കിടക്കുന്ന റവന്യൂ ഭൂമിയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെപ്പറ്റിയുള്ള ശുപാർശയുണ്ട്. ഇതിന്റെ പ്രാഥമിക പ്രവർത്തനത്തിനായി 3 ലക്ഷം രൂപയും, ലക്ഷ്യപ്രാപ്തിക്കായി 5 കോടി രൂപയും ശുപാർശ ചെയ്തിട്ടുണ്ട്.

(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്തിൽ റോഡുകളുടെ ദൈർഘ്യം പൊതുവെ കൂടുതലാണെങ്കിലും മെച്ചപ്പെട്ട റോഡ് ശൃംഖലയാണ് ഉള്ളതെന്ന് പൂർണ്ണമായും പറയുവാൻ കഴിയില്ല. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 176.328 കി: മീറ്ററാണ്. ഇതിൽ 26.2 കി.മീറ്ററിൽ റോഡുകളിൽ മാത്രമാണ് ടാറിട്ടിട്ടുള്ളത് പഞ്ചായത്തിൻ കീഴിലുള്ള റോഡുകളുടെ ദൈർഘ്യം 149.808 ആണ്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കഴിഞ്ഞ മൂന്നു വർഷകാലയളവിൽ 9.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

> "അസാദ്ധ്യമെന്നത് മടിയന്മാരുടെ നിഘണ്ടുവിൽ മാത്രമുള്ള പദമാണ്"
>
> **നെപ്പോളിയൻ**

റോഡുകൾക്ക് നടപ്പാതയും ഓവുചാലുകളും കലുങ്കുകളും ഇല്ല. ഈ കാരണങ്ങളാൽ മിക്ക റോഡുകളും മഴക്കാലത്ത് ഗതാഗതയോഗ്യമല്ല. കുണ്ടുംകുഴിയും നിറഞ്ഞ റോഡിൽ കാൽ നടപോലും അസാദ്ധ്യമായിരിക്കുകയാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ P.W.D റോഡുകളും ഗുണകരമല്ല. ശരിയായ രീതിയിൽ ഓവുചാലുകൾ നിർമ്മിച്ചുകൊണ്ട് റോഡുകളുടെ നിലമെച്ചപ്പെടുത്തേണ്ടതാണ്.

എന്നാലും ഈ പഞ്ചായത്തിൽ പല വാർഡുകളിലും പുതിയ നിരവധി റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടുകൂടി നടന്നുവരുന്നു. ഭൂരഹിതതൊഴിൽദാനപരിപാടി, വെള്ളപൊക്കദുരിതാശ്വാസ പദ്ധതി. എന്നിവയുടെ വിഹിതത്തിൽ നിന്നും ഗണ്യമായ ഭാഗവും റോഡ് നിർമ്മാണത്തിനായി മാറ്റിവെയ്ക്കുന്നുണ്ട്. പക്ഷേ വേണ്ടവണ്ണം ഉപയോഗിക്കുന്നില്ല.

വിവേചനരഹിതമായി റോഡുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ ഫലമായി റോഡിൽ നിന്ന് വെള്ളം ഒഴുകിപോകാൻ ഓവുചാലുകൾ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം പരിസരവാസികൾ നൽകാതെയും വീടുകളിൽ നിന്നും മലിനജലം റോഡിൽ ഒഴുകി വിടുന്നതുകൊണ്ടും നിരവധി റോഡുകളിൽ വെള്ളകെട്ടുണ്ടാക്കുകയും പ്രദേശമാകെ മഴക്കാലത്ത് യാത്ര യോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു. മാത്രമല്ല പരിസ്ഥിതി പ്രശ്നങ്ങൾ അതി ഭീകരമായി മാറി. വയലുകൾ മണ്ണിട്ട് നികത്തിയും (കൃഷി ഭൂമി) തോടുകൾ നികത്തിയും റോഡുകൾ നിർമ്മിച്ചതാനാൽ വീടുകൾക്ക് അത് ഭീക്ഷണിയാകുകയും കൃഷി നാശത്തിനു കാരണങ്ങളായി മാറി. വസ്തു നിഷ്ഠമായ കാഴ്ചപ്പാട് ഇല്ലായ്മ കൊണ്ട് വികലമായ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഭാവിയിൽ ആവർത്തനചിലവുകൾ ഉണ്ടാകുന്നു.

വാർഡുകളിൽ പൊതുജന പങ്കാളിത്തത്തോടുകൂടി പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ പഞ്ചായത്ത് ഭരണസമിതിയും ഗ്രാമസഭകളും വളരെ നിഷ്കർഷമായി പരിശോധിക്കേണ്ടതുണ്ട്. നിർമ്മാണം മാത്രമല്ല വരും കാലങ്ങളിൽ റോഡുകളുടെ സംരക്ഷണവും തദ്ദേശവാസികളെ ഏല്പിക്കണം.

യാത്രാ സൗകര്യവും മെച്ചപ്പെട്ട വാണിജ്യ മേഖലകളുടെ നിലനില്പും റോഡുകളെ ആശ്രയിച്ചിരിക്കുന്നു. റോഡ് ജനജീവിതത്തിന് ഒഴിച്ചുകൂടാൻ ആവാത്ത അഭിഭാജ്യ ഘടകമാണ്. പഞ്ചായത്തിലെ വിവിധ പ്രദേശത്തുള്ള റോഡുകൾ പി.ഡബ്ല്യൂ.ഡി. റോഡുകളുമായി ബന്ധപ്പെടുന്നതിനാൽ നാനാതുറകളിലുള്ള ജനവിഭാഗങ്ങൾക്ക് ഗതാഗതസൗകര്യം എളുപ്പമാകുന്നു.

വട്ടിയൂർക്കാവ്-നെട്ടയം മുതൽ കാച്ചാണി ഹൈസ്ക്കൂൾ ജംഗ്ഷൻ വരെയും പേരൂർക്കട മുതൽ വഴയില വരെയും, വഴയില മുതൽ വേറ്റിക്കോണം മുക്കോല ജംഗ്ഷൻവരെയും, തോപ്പുമുക്ക് മുതൽ വെള്ളെക്കടവ് വരെയും നെട്ടയം മലമുകൾ, മുന്നാംമൂട് വരെയും, തോപ്പുമുക്ക് മുതൽ കുലശേഖരം വരെയുമുള്ള പി.ഡബ്ല്യൂ.ഡി. റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. തോപ്പുമുക്ക്, വെള്ളെക്കടവ് റോഡ്, നെട്ടയം മലമുകൾ മൂന്നാംമൂട് എന്നീ റോഡുകൾ ഈ പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ റോഡുകളാണ്. നിർമ്മാണപ്രവർത്തനങ്ങൾക്കും കച്ചവടങ്ങൾക്കുമായി റോഡിന്റെ ഇരുവശങ്ങളിലും ഇറക്കിവച്ചിരിക്കുന്ന സാധനങ്ങളും ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ, ട്രാൻസ്ഫോമറുകൾ എന്നിവ കാരണവും ഗതാഗതതടസം ഉണ്ടാവുന്നു. പ്രദേശത്ത് ഏതെങ്കിലും റോഡിൽ അറ്റകുറ്റപണികൾ വന്നാൽ അവ ഉടൻ പരിഹാരം ഉണ്ടാക്കുവാനുള്ള ചുമതല ബന്ധപ്പെട്ടവർ ഏറ്റെടുത്താൽ അപകടം ഒഴിവാക്കാം.

നിശ്ചിത സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുകയും, ഓട്ടോറിക്ഷകൾക്കും, ടാക്സികൾക്കും മറ്റ് ഇതര വാഹനങ്ങൾക്കും പാർക്കിങ്ങിനുള്ള സൗകര്യമില്ല. റോഡുവക്കത്തുള്ള അനധികൃത പാർക്കിംഗ് ഗതാഗത കുരുക്കുകൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. വികസനം ലക്ഷ്യമാക്കി ടാക്സി, ഓട്ടോസ്റ്റാൻറുകൾ നിർമ്മിക്കുന്നതിലൂടെ സങ്കീർണ്ണമായ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിയും. യാത്രക്ലേശം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സാമാന്യം നല്ല റോഡായിട്ടും ബസ്സ് സർവ്വീസ് ഇല്ലാത്തതിനാൽ പ്രയാസം അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ പ്രദേശത്തിലുള്ളവരുടെ യാത്രാക്ലേശം കണ്ടറിഞ്ഞ് അവിടങ്ങളിൽ അടിയന്തിരമായി കെ.എസ്. ആർ.ടി.സി സർവ്വീസ് നടത്തുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിനും സ്വയംഭരണസ്ഥാപനങ്ങൾക്ക് പൂർണ്ണമായ അധികാരം നല്കിയാൽ പ്രാദേശിക തലത്തിലുള്ള യാത്രക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

നടപാത

മഴക്കാലത്ത് പഞ്ചായത്തിൽ പല പ്രദേശങ്ങളിൽ റോഡുകളും നടപാതകളും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെടാറുണ്ട്. ഇതിന് ശാശ്വതമായ പരിഹാരം കണേണ്ടിയിരിക്കുന്നു. വയലുകളിലും താണപ്രദേശങ്ങളിലും വെള്ളം കെട്ടിനില്ക്കാത്ത തരത്തിൽ ഇടക്കിടെ റോഡുകളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്തിയും വയലുകളിൽ ഇരുവശവും കരിങ്കൽ ഭിത്തികെട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

ഓരോ പ്രദേശത്തേയും ജനങ്ങളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ റോഡുകളും ഗതാഗതസൗകര്യങ്ങളും ഉണ്ടാകേണ്ടത് ആവശ്യമാണ്. സാധനങ്ങളേയും സഞ്ചാരികളേയും ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് എത്തിക്കുന്ന റോഡ് ഗതാഗത ശൃംഖലയ്ക്ക് ഗ്രാമ പ്രദേശങ്ങളെ നഗരങ്ങളുമായി കൂട്ടിയിണക്കുന്ന പ്രധാന കർത്തവ്യമുണ്ട്. നിലവിലുള്ള റോഡുകളുടെ സ്ഥിതി കാര്യക്ഷമമാക്കുകയും ഗതാഗതസൗകര്യങ്ങൾ ആവശ്യമായ രീതിയിൽ ത്വരിതപ്പെടുത്തേണ്ടതാണ്. അധികാരം ജനങ്ങളിലേക്ക് എന്ന യാഥാർത്ഥ്യം സാക്ഷാത്കരിക്കുമ്പോൾ കാലാനുസൃതമായ മാറ്റം പ്രതീക്ഷിക്കുന്നു.

പ്രശ്നങ്ങൾ

1. റോഡുകളുടെ വീതികുറവ്
2. റോഡുകളിൽ കാണുന്ന അപകടം നിറഞ്ഞ വളവുകൾ
3. ഉള്ള റോഡുകളുടെ സംരകഷണ കുറവ്
4. റോഡിന്റെ മറുവശത്തേക്ക് വെള്ളം ഒഴുകിപോകാത്തതിന്റെ പ്രയാസം
5. വശങ്ങളിൽ ഓവുചാലുകൾ ഇല്ല
6. ഇടവഴികൾ റോഡാക്കി മാറ്റുമ്പോൾ മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നത്
7. ഓട്ടോറിക്ഷകളും, ടാക്സികളും, റോഡിന്റെ വശങ്ങൾ ഇട്ടിരിക്കുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.
8. വാഹനങ്ങൾക്ക് പാർക്കിങ്ങിന് സംവിധാനമില്ല
9. അശാസ്ത്രീയമായ റോഡ് നിർമ്മാണം
10. കലുങ്ങുകളുടെ കുറവ്
11. ഉള്ള ഓവുചാലുകൾ സംരക്ഷിക്കപ്പെടുന്നില്ല
12. ചരിവുള്ള പ്രദേശങ്ങളിൽ കരയിടിച്ചിൽ ഉണ്ടാകുന്നു.
13. പല റോഡുകളും ഗുണനിലവാരം

ഇല്ലാത്തതാണ്

14. നടപ്പാലങ്ങളുടെ കുറവ്

15. ഓവുചാലുകൾ മണ്ണിട്ട് നികത്തി പുരയിടങ്ങളിലേക്ക് വാഹനം കൊണ്ടുപോകുന്നു

16. റോഡിലേക്ക് വളർന്ന് നിൽകുന്ന മരങ്ങൾ യാത്രയ്ക്ക് തടസ്സമുണ്ടാകുന്നു.

പരിഹാരങ്ങൾ

1. റോഡിന്റെ വിതീകുറവ് പരിഹരിച്ച് ഗതാഗത സൗകര്യം മെച്ചപ്പെടുത്തണം

2. അപകടമുണ്ടാക്കുന്ന വളവുകൾ ഇല്ലാതാക്കാൻ നടപടികൾ ഉണ്ടാക്കണം.

3. പാലങ്ങൾ പണിയണം

4. വെള്ളം ഒഴുകിപോകുന്നതിന് ആവശ്യമുള്ളിടത്ത് കൾവേർട്ടുകൾ ഉണ്ടാക്കണം

5. കൈയ്യേറ്റം ചെയ്യപ്പെട്ട റോഡ് പുറമ്പോക്ക് ഒഴിപ്പിച്ചെടുക്കണം

6. ബസ് വെയിറ്റിംഗ് ഷെഡുകൾ ഉണ്ടാക്കണം

7. സ്ത്രീകൾക്കും കുട്ടികൾക്കും വെയിറ്റിംഗ് ഷെഡുകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകണം.

8. ഇലക്ട്രിക്ക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ, ട്രാൻസ്ഫോർമർ, ഇലക്ട്രിക് ലൈൻ എന്നിവ മൂലമുണ്ടാകുന്ന തടസ്സം ഒഴിവാകണം.

9. ജനങ്ങളുടെ പങ്കാളിത്തത്തോടെ പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം.

പട്ടിക I (തുരുത്തും മൂല)

നിലവിലുള്ള റോഡുകൾ

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ. മെറ്റൽ	ചരൽ	നീളം	വീതി
1.	റാന്നി ലൈൻ			1000		1000	4
2.	റാന്നി-മുണ്ടപ്ലാവിള റോഡ്					1200	4
3.	എം.ജി. നഗർ					700	5
4.	എം.ജി. നഗർ ശാഖാറോഡ് (5)					900	5
5.	രാധാകൃഷ്ണാലൈൻ					1400	4½
6.	കസ്തൂർബാലൈൻ					500	2½
7.	രാധാകൃഷ്ണാ-ശാഖാറോഡ് -I					2.200	3½
8.	രാധാകൃഷ്ണാ-ശാഖാറോഡ് -II					400	2½
9.	ആനന്ദ് നഗർ					400	3
10.	ഗെപ്പയിൽ നഗർ					800	3½
11.	കന്നുപുറം ലൈൻ					750	3
12.	റാന്നി ലൈൻ -II					1000	4
13.	എൻ.വി. നഗർ റോഡ്					1000	4
14.	എൻ.പി.പി.നഗർ റോഡ്			300		700	5
15.	പേൾനഗർ-റോഡ്					500	5
16.	കമലാ ഗാർഡൻസ്					500	5
17.	ജി.ഒ. നഗർ					500	5
18.	കൃഷ്ണനഗർ					500	5
19.	ശാസ്താം ക്ഷേത്രം റോഡ്					1000	6
20.	നാടാത്തിവിള റോഡ്					400	2½
21.	രാധാകൃഷ്ണലെയിൻ എം.ജി. നഗർ ഇടറോഡ്					500	3½

പട്ടിക II (മഠത്തുവിളാകം)

നിലവിലുള്ള റോഡുകൾ

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	മഠത്തുവിളാകം - ഇരുമരത്ത് ഇടവഴി						400	4
2.	മടത്തുവിളാകം-ഐ.ആർ.ലൈൻ						500	4
3.	കെ.കെ.നഗർ ഇടവഴി						500	3
4.	മുളവിളാകം ഇടവഴി						250	4
5.	കീഴെകല്ലുമല-ഇടവഴി						300	4
6.	കല്ലുമല-ഇടവഴി						150	2
7.	പുത്തൻവിള-ഇടവഴി						250	4
8.	ഭീമൻ ലൈൻ-(അടുപ്പുക്കൂട്ടാൻ പാറ)						600	5
9.	അമ്പലത്ത് വിളാകം ഇടവഴി						250	4
10.	മണികണ്ടേശ്വരം - മഠത്തുവിളാകം						1. Km.	8
11.	മണ്ണാംമൂല കലവൂർകോണം റോഡ്						500	4
12.	ടെമ്പിസ് ലെയിൻ						400	4
13.	പനയ്ക്കത്തറ ലെയിൻ						500	4

പട്ടിക III (മണികണ്ടേശ്വരം)

നിലവിലുള്ള റോഡുകൾ

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	നെട്ടയം-മണികണ്ടേശ്വരം റോഡ്			2.Km			400	8
2.	ചീനിക്കോണം-ഇരുകുന്നം ഏല						300	5
3.	ഇരുകുന്നം-പടിഞ്ഞാറേക്കര കൂക്കംപാറ ഏല						900	2½
4.	ചീനിക്കോണം-കൂക്കംപാറ						200	2½
5.	ഇരുകുന്നം-മേലത്തുവിള						600	3
6.	പാറയടി-അംഗൻവാടി-മേലത്തുവിള ഇടവഴി						150	1
7.	പാറയടി-വാഴവിള						200	2½
8.	പാറയടി-കല്ലുംപെറ്റ-ചെറുപാലോട് ഏല						250	2½
9.	പാറയടി-കല്ലുംപെറ്റ-കൈതോട്						100	1
10.	കല്ലുംപൊറ്റ-കടയ്ക്കൽ						100	1½
11.	തേരുവിള-മഠത്തുവിളാകം പാലം						500	2½
12.	ചെറുപാലോട്-മടത്തുവിളാകം പാലം						500	2
13.	മണികണ്ടേശ്വരം-മേലത്തുവിള ഇടവഴി						200	1½
14.	ചീനിക്കോണം-പുലയ്ക്കാവിള റോഡ്						100	1½

പട്ടിക IV (വേറ്റിക്കോണം)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	വേറ്റിക്കോണം ശ്രീനഗർ മണ്ണിംഗവിള						1000	5
2.	മാമ്പഴക്കുന്ന്-ചെറുപാലോട്						600	4
3.	വേറ്റിക്കോണം-കുഴിവിള-കാവടിതലയ്ക്കൽ						1000	4
4.	മണ്ണിംഗവിള-കുരിശ്ശടി-ടി.വി.പാർക്ക്						350	2
5.	പന്നിക്കുഴിക്കര-കോഴിയാംകോണം-കുന്നുംപുറം						350	2
6.	പന്നിക്കുഴിക്കര-ചെറുപാലോട്-ആറ്റരികത്ത്						350	4
7.	വാഴവിള-ചീനിക്കോണം വടക്കേക്കരകുളം						250	3
8.	ശ്രീനഗർ-നറയ്ക്കാട്ടിക്കോണം						200	1
9.	മുടവൻകോട് - നായ്ക്കോട്ടുകോണം						250	3
10.	പന്നിക്കുഴിക്കര-ചെറുപാലോട്-മാമ്പഴകുന്ന്						150	2½
11.	പന്നിക്കുഴിക്കര-ക്ഷേത്രം ലൈൻ						150	2
12.	കാവടിതലയ്ക്കൽ-മണ്ണറവയൽ-കുന്നുംപുറം						200	3½
13.	വേറ്റിക്കോണം ടി.വി. പാർക്ക് തോട്ടിൻകര						150	3½
14.	വേറ്റിക്കോണം പന്നിക്കുഴിക്കര റോഡ്						1000	4
15.	വേറ്റിക്കോണം പണയിൽ ലൈൻ						150	3
16.	കാവടിതലയ്ക്കൽ-മേലേക്കട്ടയ്ക്കൽ തടം						100	1
17.	വഴയില്ല-വേറ്റിക്കോണം-നെട്ടയം						1500	6
18.	മേലേക്കട്ടയ്ക്കൽ-ആറ്റരികത്ത് കുളികടവ്						75	1½

പട്ടിക V (നെട്ടയം)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	കല്ലിംഗവിള - നടുവത്തറ റോഡ്						400	3½
2.	സി.പി.റ്റി. തട്ടാൻവിളാകം						1300	6
3.	നെട്ടയം-കഴക്കുംകര-മാർക്കറ്റ് റോഡ്						1300	6
4.	കട്ടയ്ക്കാൽ-പിടയണി						300	4
5.	പാപ്പാട്-വികാസ് നഗർ						300	4
6.	നെട്ടയം-കിഴക്കുംകര-പുതൂർക്കോണം						1400	6
7.	നെട്ടയം-മാർക്കറ്റ് റോഡ്						150	1½
8.	സി.പി.റ്റി തെക്കേവിള						1000	3
9.	മേലത്തുമേലെ-പുതൂർക്കോണം						500	5
10.	വളവിൽ-ഇരുകുന്നം						500	5
11.	മേലത്തുമേലെ-പമ്പണ ഇടവഴി						750	3½
12.	മേലത്തുമേലെ-ചാമവിള						800	3½
13.	മേലത്തുമേലെ-ഇരുകുന്നം						600	3½
14.	മേലത്തുമേലെ-മേലത്തുവിള						800	5½
15.	പാപ്പാട്-കൊല്ലം വിളാകം						800	2
16.	തട്ടാൻവിളാകം-മുളവിളാകം						400	4
17.	തട്ടാൻവിളാകം-കല്ലിംഗവിള						500	1½
18.	തട്ടാൻവിളാകം-ടാഗോർ നഗർ						800	2
19.	പി.ആൻറ്.റ്റി കോൾട്ടേഴ്സ് റോഡ്						400	5
20.	ആശ്രമം-എൻകേപ്പ് റോഡ്						400	5

പട്ടിക VI (കാച്ചാണി)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	ഒഴുകുപാറ						800	5
2.	പ്ലാവറകോണം						500	3
3.	കല്ലിംഗവിള-തെനൂർകോണം						1000	4
4.	കല്ലിംഗവിള-നെല്ലിവിള						1200	4
5.	നെല്ലിവിള-പുന്നാംകോണം						800	4
6.	പുന്നാംകോണം-കാച്ചാണി						500	5
7.	പേരൂർതറട-പുന്നാംകോണം						1500	4
8.	ഇടവറ-പുലിക്കോട്ടുകോണം						2300	4
9.	തുമ്പർത്തല ഇടവഴി						400	3
10.	വട്ടവിള-പുലിക്കോട്ടുകോണം						1000	3
11.	പത്മനാഭാലൈൻ						1000	4
12.	കല്ലംപൊറ്റലൈൻ						350	4
13.	മുക്കോല മസ്ജിത് ലൈൻ						750	4
14.	കീഴിക്കോണം - പോസ്റ്റ് ഓഫീസ് ലൈൻ						400	2
15.	കീഴിക്കോണം-പുന്നാംകോണം						400	2

പട്ടിക VII (മണലയം)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	മൂന്നാംമൂട്-മേലെക്കടവ്						1200	6
2.	മണലയം-മലമുകൾ						100	6
3.	മലമുകൾ-പാലക്കുഴി						700	6
4.	ഊന്നംപാറ-കാച്ചാണി						600	6
5.	മലമുകൾ-പനയ്ക്കോട്-വട്ടത്തിൽമൂലം						1700	8
6.	മലമുകൾ-പനയ്ക്കോട്-മുട്ടത്തെരുവ്						1000	8
7.	മലമുകൾ-വട്ടത്തിന്മുല പമ്പ് ഹൗസ്						1000	6
8.	കാച്ചാണി-നെല്ലിവിള						1000	6
9.	ഇയ്യക്കുഴി-കാരാംകോട്-മങ്കാരം						1200	4
10.	മണലയം-പാളയംകോട് കുഴി						2000	4
11.	മണലയം-മുളക്കാട്						1000	4
12.	മണലയം-കൊച്ചുകുടയാൽ						500	4
13.	ആശ്രമം സെറ്റിൽമെൻറ് കോളനി						1000	8
14.	മുളക് കാട് ഗിരിജൻ കോളനി						1000	2
15.	കാച്ചാണി-കാപ്പിവിള						500	4
16.	മേലേകടവ്-കൂട്ടുംവാതിൽ						100	2
17.	അംഗൻവാടി-പാളയം കോട്ട് കുഴി						150	2
18.	ഇടത്തറ-ചെപ്പള്ളി						100	1
19.	ഒഴുകുപാറ-ഇടത്തറ						100	1½

പട്ടിക VIII (പിടയണി)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	സി.പി.റ്റി പാപ്പാട് റോഡ്						1500	5
2.	ഭരത്നഗർ റോഡ്						600	4
3.	പാപ്പാട് കുളത്തിൻകര വയലിക്കട						1500	4.5
4.	അയ്യനും മൂല ഇടവഴി						200	2
5.	പുല്ലുവിള ഇടവഴി						300	2
6.	അന്താൾ ഇടവഴി						175	3
7.	അർത്തല ഇടവഴി						300	2½
8.	കല്ലറ ഇടവഴി						400	1½
9.	സി.പി.റ്റി പ്രസ്സ് ഇടവഴി						125	1
10.	ചിത്രനഗർ ലൈൻ						400	5
11.	ചിത്രനഗർ ലൈ റോഡുകൾ						450	4
12.	കുറ്റിയാംമൂട് ബി.റ്റി.ആർ നഗർ						750	5
13.	കുറ്റിയാംമൂട്-ഇയ്യക്കുഴി						300	3
14.	കുറ്റിയാംമൂട്-കൊല്ലംക്കോട്ട് ഇടവഴി						100	5
15.	കുറ്റിയാംമൂട്-ലക്ഷംവീട്						150	2
16.	കുറ്റിയാംമൂട്-കാരംകോട് നടപ്പാത						100	1
17.	മണലയം-ഇയ്യക്കുഴി-വയലിക്കട റോഡ്						1500	5
18.	ഇയ്യക്കുഴി-ഇടറോഡുകൾ 4 എണ്ണം						200	2

പട്ടിക IX (വാഴോട്ടുകോണം)

നിലവിലുള്ള റോഡുകൾ

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	മണ്ണറക്കോണം - വലിയവീട് ലൈൻ						1000	5
2.	മണ്ണറകോണം-വെൺമണിലിറോഡ്						500	5
3.	വാഴോട്ടുകോണം						250	5
4.	തോപ്പുമുക്ക്						400	5
5.	കല്ലുമല-പരുത്തിവിള						500	5
6.	കടിയക്കോണം - വാഴോട്ടുകോണം ലൈൻ						500	5
7.	വയലിക്കട-കാരംകോട്						200	5
8.	പൊറ്റയിൽ-കടിയകോണം						1500	3
9.	വെൺമണലിൽ-കല്ലുമല ഇടവഴി						300	2
10.	മൂന്നാം മൂട് സോമൻനഗർ						50	2
11.	കല്ലുമല-പരുത്തിവിള						100	2
12.	വാഴോട്ടുകോണം-കടിയകോണം മേലെപുത്തൻവിള						350	2
13.	മൂന്നാംമുട്-കോണത്ത് വിള						450	2
14.	അഭ്രകമ്പനി-കോണത്ത് വിള						150	2

പട്ടിക X (വെള്ളെക്കടവ്)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	വിവേകാനന്ദ ലൈൻ						400	3½
2.	പാറോട്ടുകോണം ഇടവഴി						75	3
3.	കോൺട്രിനെൻറൽ ഗാർഡൻസ്						400	3½
4.	ചെമ്പുകോണം റോഡ്						450	3½
5.	മൂന്നാംമൂട് കടയിൽ മുടുമ്പ് കുലശേഖരം						1500	8
6.	പണാങ്കരറോഡ്						400	3½
7.	പണാങ്കര ആലുവിള അരുവിക്കോണം						700	4
8.	മൂന്നാംമൂട്-അരുവിക്കോണം						650	7
9.	മഞ്ചപാറ-വയലിക്കട						700	5
10.	മൂന്നാംമൂട്-കുട്ടർത്തല കടയിൽ മുടുമ്പ്						1000	5
11.	കരിമൺകുഴി-ചാത്തൻതറ റോഡ്						700	5
12.	വെള്ളെക്കടവ്-മൺകുഴി-കുലശേഖരം						1800	5

പട്ടിക XI (കുലശേഖരം)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	മുള്ളൻചാണി-കടയിൽ മുടുമ്പ്						300	2½
2.	ആഴാണ്ടർത്തല ഇടവഴി						300	2½
3.	കടയിൽമുടുമ്പ്-മൂന്നാംമൂട്						100	5
4.	പുളിയറത്തല - കടയിൽ മുടുമ്പ്						300	3½
5.	കുലശേഖരം-കാട്ടിൽ ഇടവഴി						250	2½
6.	കുലശേഖരം-കാപ്പിവിള						250	2½
7.	കുലശേഖരം-അമ്മൻകോവിൽ						300	4
8.	തേനും മൂല റോഡ്						500	5
9.	കുഴിമൺകടവ്-കുലശേഖരം						250	3½
10.	കുലശേഖരം-തമുക്കോട്-റോഡ്						200	3
11.	കുന്നുംപുറം - കടയിൽ മുടമ്പ് റോഡ്						600	3
12.	ഇടശ്ശേരിക്കടവ്-കുളിക്കടവ് കുലശേഖരം						250	5
13.	കുലശേഖരം കടയിൽ മുടുമ്പ്						150	3
14.	കുലശേഖരം പ്ലാവോട് റോഡ്						150	3
15.	തേനുമൂല-കുഴിമൺകടവ്						100	2½
16.	കുലശേഖരം-കുഴിമൺകടവ്						150	3

പട്ടിക XII (കൊടുങ്ങാനൂർ)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	പുലിക്കുഴിവിള-നമ്പവൻകാവ്						350	3.2
2.	പേങ്ങാട്ടുകോണം ലൈൻ						140	3
3.	ഗോവിന്ദ്ലൈൻ						230	4
4.	കിഴക്കേക്കര ലൈൻ						150	3
5.	ബംഗ്ലാവുവിള						225	3.2
6.	ചെമ്പുകോണം ഏല						125	3
7.	എവർഗ്രീൻ ലൈൻ						125	4
8.	മുള്ളൻചാണി റോഡ്						658	4
9.	പൊറ്റവിള ലൈൻ						45	1.5
10.	ശാസ്താംവിള ലൈൻ						90	1.5
11.	പന്നിവിള ലൈൻ						40	4
12.	തേരിവിള ലൈൻ						470	4
13.	ആലുംക്കുഴിവിള ലൈൻ I						195	4.3
14.	ആലുംക്കുഴിവിള ലൈൻ II						160	2.75
15.	കോണത്തുവിള ലൈൻ I						200	3.2
16.	കോണത്തുവിള ലൈൻ II						130	4.3
17.	വാറുവിളാകം						140	2.9
18.	ഹോമിയോ ക്ലീനിക് ലൈൻ						100	3
19.	കൊടുങ്ങാനൂർ ലക്ഷം വീട്						200	3.2
20.	കാവുവിള ലൈൻ						140	2
21.	പന്തുകളം-മുടിയൻകോട്						250	3.5
22.	പന്തുകളം കാവുവിള						325	2.8
23.	കുഴിവിള ലൈൻ						150	1.5

പട്ടിക XIII (തിട്ടമംഗലം)

നമ്പർ	റോഡിന്റെ പേര്	PWD	പഞ്ചായത്ത്	ടാർ	മെറ്റൽ	ചരൽ	നീളം	വീതി
1.	പന്തുകളം-കരിഞ്ഞാണ്ടുമൂല ഇടവഴി						350	3
2.	പ്ലാവോട്-മുടിപ്പുര ഇടവഴി						450	2
3.	പ്ലാവോട്-ഒരുമുഖം കടവ് ഇടവഴി						100	3
4.	പുല്ലുവിളാകം-കൊടുങ്ങാനൂർ മുടിപ്പുര						550	4
5.	അമ്പനാട്						250	4
6.	തിട്ടമംഗലം പ്ലാവോട്						1000	8
7.	പ്ലാവറ-കൊടുങ്ങാനൂർ ക്ഷേത്രം						750	4
8.	പ്ലാവോട് ചിങ്ങംവിളാകം						150	4
9.	തിട്ടമംഗലം കദളിക്കുഴിവിള						100	3
10.	കുന്നംപാറ-നെട്ടറത്തല റോഡ്						450	3
11.	പ്ലാവോട് ഇലംങ്കംവിള ഇടവഴി						150	3
12.	ഇലവുമൂട്ട്വിള						350	3½
13.	പുലിക്കുഴിവിള-നമ്പവൻകാവ്കര						350	3
14.	പേങ്ങാട്ടുകോണം ലൈൻ						140	3

മുൻഗണന

ഗ്രാമസഭകളുടെ നിർദ്ദേശത്തിൽ വന്ന റോഡുകൾ

ടാർ മെറ്റൽ പഞ്ചായത്ത് P.W.D

1. റാന്നിക്കുളം-മുണ്ടപ്ലാവിള-ആയൂർക്കോണം
2. ഇന്ദിരാനഗർ-മണികൺഠേശ്വരം
3. ചീനിക്കോണം-കൂക്കംപാറ
4. വേറ്റിക്കോണം-ശ്രീനഗർ-മണ്ണിംഗവിള
5. പുതൂർക്കോണം-ഇരുകുന്നം-നെട്ടയം
6. കല്ലിംഗവിള-കീഴിക്കോണം-കാച്ചാണി
7. ഇടത്തറ-മണലയം റോഡ്
8. പാപ്പാട്-വയലിക്കട റോഡ്
9. മണ്ണറക്കോണം-വെണ്മണലിയിൽ
10. വാഴോട്ടുകോണം-ചെമ്പുകോണം
11. തേനുംമൂല റോഡ്
12. കൊടുങ്ങാനൂർ-ബംഗ്ലാവ്വിള
13. പുല്ലുവിളാകം-കളിയിക്കൽ
14. അമ്പനാട്
15. പത്തുകുളം-ചന്തമുക്ക് റോഡ്
16. കുലശേഖരം-വെള്ളൈക്കടവ് റോഡ്
17. പാണാങ്കര-ആലുവിള അരുവിക്കോണം
18. പന്തുകുളം-കാരംകോട് റോഡ്
19. ചിത്രനഗർ-വയലിക്കട റോഡ്
20. അരുവിക്കോണം-മണലയം
21. പുന്നാംകോണം-നെല്ലിവിള
22. മേലത്തുമേലെ-ഇരുകുന്നം
23. മാംമ്പഴകുന്ന്-ചെറുപാലോട്
24. ചീനിക്കോണം-പുലയ്ക്കാവിള മേലത്തുമേല
25. മഠത്തുവിളാകം-ആയൂർക്കോണം
26. വഴയില-കുന്നിൻപുറം
27. കെ.കെ.നഗർ
28. പന്നികുഴിക്കര-ചെറുപാലോട് ആറ്റരികമ്പ്
29. കുഴിവിള-കാവടിനലയ്ക്കൽ
30. പി.ആൻറ്.ടി.ക്വാർട്ടേഴ്സ്
31. പുന്നാംകോണം ക്ഷേത്രം
32. കടുവാക്കുഴി-പനയ്ക്കോട് റോഡ്
33. ഭരത്നഗർ കുറ്റിയാംമൂട്
34. വാഴോട്ടുകോണം-കടിയകോണം
35. വിവേകാനന്ദപുരം
36. കുലശേഖരം-തമക്കോട് റോഡ്
37. കൊടുങ്ങാനൂർ-ലക്ഷംവീട്
38. പ്ലാവോട്-ചിങ്ങവിളാകം-കൊടുങ്ങാനൂർ
39. പ്ലാവോട്-കല്ലറത്തല റോഡ്
40. നമ്പവൻകാവ്-പുലിക്കുഴിവിള റോഡ്
41. കെ.കെ.നഗർ1

42. കാൻഡിനൻറൽ ഗാർഡൻസ്
43. ചെറുവള്ളിക്കോട്-പാപ്പാട്
44. കുറ്റിയാംമൂട്-ലക്ഷംവീട്
45. വട്ടത്തിന്മൂല-പനയക്കോട്
46. കാച്ചാണി പുന്നാംകോണം-നെല്ലിവിള
47. ചാമവിള റോഡ്
48. കാവടിതലയ്ക്കൽ-കുന്നുംപുറം റോഡ്
49. ഇരുകുന്നും-പടിഞ്ഞാറേക്കര
50. ഇന്ദിരാനഗർ ടെമ്പിൾലൈൻ
51. റാന്നിലൈൻ അവസാനഭാഗം
52. രാധാകൃഷ്ണ ലൈൻ
53. അടുപ്പുകൂട്ടാൻ പാറ
54. വേറ്റിക്കോണം തോട്ടിൻകര
55. തെക്കേവിള
56. അരുണാചലം പിള്ള റോഡ്
57. കാച്ചാണി-കാപ്പിവിള
58. മണലയം-ഇയ്യകുഴി
59. മൂന്നാംമൂട്-അഭ്രകുഴികോണത്ത്വിള
60. മൂന്നാംമൂട്-കട്ടറത്തല
61. കുലശേഖരം-അമ്മൻകോവിൽ
62. പനയറവിളാകം
63. തിട്ടമംഗലം-കദളികുഴിവിള

റോഡിന്റെ സമഗ്രവികസനത്തിനായി പുതുതായി പണിയേണ്ട പാലങ്ങളുടെ പട്ടിക ചുവടെ ചേർക്കു

ക്രമ നമ്പർ	സ്ഥലം
1.	മഠത്തുവിളാകം/നെട്ടയം
2.	തേനുമൂല-വിളപ്പിൽ
3.	കട്ടർത്തല കുലശേഖരം റോഡ്

ബസ് സർവ്വീസിന് സാധ്യതകളുള്ള റോഡുകൾ

1. രാധാകൃഷ്ണ ലൈൻ-ആയൂർക്കോണം-മണികണ്ഠേശ്വരം
2. ഇന്ദിരാനഗർ-മഠത്തുവിളാകം-മണികണ്ഠേശ്വരം
3. മണ്ണിംഗവിള-ശ്രീനഗർ-വേറ്റിക്കോണം
4. മണലയം-മൂന്നാംമൂട്
5. മലമുകൾ-പാലകുഴി-കാച്ചാണി
6. സി.പി.റ്റി.പാപ്പാട്-വയലിക്കട
7. മൂന്നാംമൂട്-കടയിൽമുടുമ്പ്-കുലശേഖരം
8. വെള്ളെക്കടവ്-മൺകുഴി-കുലശേഖരം
9. കൊടുങ്ങാനൂർ-പ്ലാവോട്-കുലശേഖരം
10. പ്ലാവോട്-കുലശേഖരം
11. തിട്ടമംഗലം-കുണ്ടമൺകടവ്

ഊർജ്ജം

ഊർജ്ജം എന്ന്പറയുമ്പോൾ വൈദ്യുതിയാണെന്ന ധാരണ മിഥ്യയാണ്. വിറക്, പാചകവാതകം, ജൈവവാതകം,മണ്ണെണ്ണ,ഡീസൽ,പെട്രോൾ, എന്നിവയെല്ലാം ഊർജ്ജരൂപങ്ങളാണ്. സൂര്യനിൽ നിന്ന് ലഭിക്കുന്ന ചൂടും നാം ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ, ഗ്യാസ് അടുപ്പുകളുടെ ഉപയോഗം ശക്തിപ്പെട്ടിട്ടുണ്ടെങ്കിലും വിറകടുപ്പുകളുടേയും മറ്റ്ദക്ഷത കൂടിയ അടുപ്പുകളുടേയും സ്ഥാനം മറക്കുവാൻ പാടുള്ളതല്ല. ഊർജ്ജ ഉപയോഗം കണക്കിലെടുക്കുമ്പോൾ അവയുടെഉപയോഗം മെച്ചപ്പെടുത്തുവാനും, ലാഭകരമാക്കുവാനും സുലഭമാക്കുവാനുമാണ് ശ്രമിക്കേണ്ടത്.

തദ്ദേശസ്വയംഭരണ സ്ഥനങ്ങളുടെ നേതൃത്യത്തിൽ ഗാർഹിക ഊർജ ഉപഭോഗം മെച്ചപ്പെടുത്തുന്നതിനും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും സാധിക്കും. കൂടാതെ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനും കഴിയും.

ആവശ്യമായി ചെയ്യേണ്ടത് മെച്ചപ്പെട്ട വിറകടുപ്പുകളുടെ വ്യാപനമാണ്. പഞ്ചായത്തിലെ പകുതിയിലേറെ വീടുകളിൽ വിറകാണ് കത്തിക്കുന്നത്. അടുക്കളയിലെ ''പുകവല'' നമ്മുടെ വീട്ടമ്മമാരുടെ ആരോഗ്യത്തിന് ഹാനികരം തന്നെയാണ് ആയതിനാൽ പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം അത്യന്താപേക്ഷിതമാണ്.

പാവപ്പെട്ടവന്റെ ഇന്ധനമാണ് വിറകെങ്കിലും വിലക്കെടുത്ത് വിറക് വാങ്ങുന്നവന്റെ ഒരു മാസത്തെ ചിലവ്, പാചകവാതകം(ഗ്യാസ്) ഉപയോഗിക്കുന്നവരുടെ ചിലവിനേക്കാൾ ഉയർന്നതാണ്. വിറകിന്റെ അഞ്ചിരട്ടി ഇന്ധനക്ഷമത ഗ്യാസ് സ്റ്റൗവ്കൾ പ്രദാനം ചെയ്യുന്നുണ്ട്. മെച്ചപ്പെട്ട അടുപ്പുകൾ കേരളത്തിൽ വിതരണം ചെയ്യുന്ന സർക്കാർ സ്ഥാപനമാണ് 'അനെർട്ട'. അതുകൂടാതെ സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (I R E P) യിലൂടെ സംസ്ഥാന സർക്കാർ സബ്സിഡിയും നൽകുന്നുണ്ട്.

വിറകിന്റെ ലാഭസമ്പാദനം പോലെതന്നെ പാചക ഊർജം ലഭിക്കുന്നതിന് വലിയൊരളവിൽ സഹായിക്കുന്ന ഉപകരണങ്ങളാണ്, പ്രെഷർകുക്കറും കച്ചിപ്പെട്ടിയും പ്രഷർക്കുക്കറുകളുടെ വില ഉയർന്നതാണെന്നുള്ള വസ്തുത ഗ്രാമവാസികളെ ഇതിൽ നിന്നും പിൻതിരിപ്പിക്കുന്നു. ഇത് കണക്കിലെടുത്ത് അനെർട്ട് പ്രെഷർകുക്കറുകൾക്കും സബ്സിഡി നൽകുന്നുണ്ട്. അരിവെയ്ക്കുമ്പോഴാണ് വീടുകളിൽ ഏറ്റവും അധികം ഇന്ധനം ചെലവാകുന്നത്. വെള്ളം തിളച്ചുകഴിഞ്ഞാൽ വാസ്തവത്തിൽ പിന്നെ അടുപ്പ് കത്തിക്കേണ്ട ആവശ്യമില്ല. വെയ്പ് പാത്രത്തിലെ ചൂട് നിലനിർത്തിയാൽ മതി. നല്ലതാപപ്രതിരോധ ശേഷിയുള്ള ഒരു പെട്ടിയിൽ പാത്രം ഇറക്കി അടച്ച് വച്ചാൽ മതി ഇതിനുള്ള പരിഹാരമാണ് കച്ചിപ്പെട്ടി. കച്ചിപ്പെട്ടിയെന്നാൽ ഒരു വീഞ്ഞപ്പെട്ടിയിൽ വയ്ക്കോലോ, ചകിരിയോ, ഇട്ട് താപപ്രതിരോധം സൃഷ്ടിച്ച് അടച്ച് വയ്ക്കാൻ സഹായിക്കുന്ന ഉപകരണമാണിത്.

ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ നിലവിലുണ്ട്. നാം ഉപയോഗിക്കുന്ന വൈദ്യുതി ബൾബുകൾ വെളിച്ചത്തെക്കാൾ ചൂടാണ് നൽകുന്നത്. ട്യൂബ് ലൈറ്റിന് ബൾബിനെക്കാൾ അഞ്ച് ഇരട്ടി പ്രകാശമയമുണ്ട്. ട്യൂബ്ലൈറ്റിൽ ഉപയോഗിക്കുന്ന ചോക്ക് അമിതമായി വൈദ്യതി ഈടാക്കുന്നുണ്ട്. ഈ സ്ഥാനത്ത് ഇലക്ട്രോണിക്സ് ചോക്ക് ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതിയുടെ അളവ് കുറയ്ക്കുവാനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനും സാധിക്കും.

വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും അനുയോജ്യം സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക എന്നതാണ്.

വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്തിലെ മിക്ക വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ വിറക് സുലഭമായി ലഭിച്ചിരുന്നു. ഇന്ന് അത് ലഭ്യമല്ല. വലിയ വിലകൊടുത്ത് വാങ്ങി ഉപയോഗിക്കേണ്ടിവരുന്നു. മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി എന്നിവയും ഉപയോഗിക്കുന്നുണ്ട്. വിറകിൽ നിന്നും ഗ്യാസിലേയ്ക്കുള്ള മാറ്റത്തിന്റെ വേഗത കൂടികൊണ്ടിരിക്കുന്നു.

ദക്ഷത കൂടിയ അടുപ്പുകൾ പഞ്ചായത്തിൽ പരിമിതമായ തോതിൽ നിലവിലുണ്ട്. സൗരോർജ്ജവിളക്കുകൾ പഞ്ചായത്തിൽ ഇല്ലതാനും. സൗരോജ്ജ സ്ത്രോതസ്സുകളെ കുറിച്ചുള്ള അവബോധം ജനങ്ങൾക്കില്ല. അനെർട്ടിന്റെ അഭാവം കാണുന്നു. അനെർട്ടിനെ കൊണ്ട് പഞ്ചായത്തിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതാണ് സാധാരണ വീടുകളിൽ വിറക്,തെങ്ങുത്പന്നങ്ങൾ, റബ്ബർ കായതോട് എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ നെട്ടയം കേന്ദ്രമായി സ്വകാര്യ ഗ്യാസ് ഏജൻസി പ്രവർത്തി

ക്കുന്നുണ്ട്. 1989 മുതൽ 96 നവംബർ 30 വരെ പഞ്ചായത്ത് പ്രദേശത്ത് കൊടുത്ത ഗ്യാസ് കണക്ഷനുകളുടെ എണ്ണം 4525 ആണ് ഇനിയും 2700 കണക്ഷനുകൾ കൊടുക്കാനുമുണ്ട്.

പാചകവാതകം ഗ്രാമത്തിൽ ലഭ്യമാകുവാൻ തുടങ്ങി. എങ്കിലും ഈ വീടുകളിലും മണ്ണെണ്ണ സ്റ്റൗ കരുതാറുണ്ട്. 1991 മുതൽ ഉള്ള സെൻസസ് പ്രകാരമുള്ള ഇന്ധന ഉപയോഗത്തിന്റെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

	ഇന്ധന ഉപയോഗം	എണ്ണം
A	വിറക് അടുപ്പ്	7389
B	പുകയില്ലാത്ത അടുപ്പ്	1103
C	ഗ്യാസ്	4525
D	മണ്ണെണ്ണ സ്റ്റൗ	5321
E	ഇലക്ട്രിക് സ്റ്റൗ	194
F	ഗോബർ ഗ്യാസ്	02

പഞ്ചായത്തിൽ തിരുമലയിലും പേരൂർക്കടയിലുമായിരുന്നു. ഇലക്ട്രിക് സെക്ഷൻ ആഫീസുകൾ പ്രവർത്തിച്ചിരുന്നത്. മുഴുവൻ ഉപഭോക്താക്കൾക്കും ഈ ആഫീസുകളുമായി ബന്ധപ്പെടാൻ ഏറെ വിഷമങ്ങൾ അനുഭവിക്കേണ്ടി വന്നിരുന്നത് കണക്കിലെടുത്ത് വട്ടിയൂർക്കാവിൽ ഒരു മേജർ ഇലക്ട്രിക് സെക്ഷൻആഫീസ് കൂടി നിലവിൽ വന്നു . ഇത് പഞ്ചായത്തിലെ പകുതിയിലധികം പേർക്കും ഗുണകരമായിമാറി.

വൈദ്യുതി വിതരണത്തിന് വേണ്ടി വച്ചിട്ടുള്ള എൽ.റ്റി. ട്രാൻസ്ഫോർമറുകളിൽ പലതും കാര്യശേഷി ഉള്ളവയല്ല.

പഞ്ചായത്ത് വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം വട്ടിയൂർക്കാവ് സെക്ഷനിൽ മാത്രം 19909/ രൂപ അടയ്ക്കുന്നു. എന്നാൽ അവിടെ നിന്ന് കിട്ടുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം പരിമിതമാണ് വട്ടിയൂർക്കാവ് സെക്ഷന്റെ കീഴിൽ 1134 ഉം പേരൂർക്കടയിൽ നിന്ന് 326 എണ്ണവും തിരുമലയിൽ നിന്ന് 90 എണ്ണവും ആണ് ഉള്ളത്.

പല പ്രദേശങ്ങളിലും വൈദ്യുതി എത്തുവാനുമുണ്ട്. പഞ്ചായത്ത് പരിധിയിൽ ഉള്ള എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 2

നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

1. എൻ.പി.പി.നഗർ
2. വിന്നേഴ്സ് നഗർ
3. ഇന്ദിരാനഗർ ക്ഷേത്രം
4. പേരൂർക്കട ഗ്രന്ഥശാല
5. ജെ.ജെ.ആശുപത്രി
6. മണികണ്ഠേശ്വരം
7. ചീനിക്കോണം
8. വാഴവിള
9. നെട്ടയം 1
10. നെട്ടയം 2
11. മേലത്തുമേലെ
12. പുതൂർക്കോണം
13. കാച്ചാണി
14. മുക്കോല
15. കാച്ചാണി പോസ്റ്റ് ആഫീസ്
16. മലമുകൾ
17. പമ്പ്ആഫീസ്
18. മലമുകൾ
19. ആശ്രമം
20. വയലിക്കട
21. പാപ്പാട്
22. വാഴോട്ടുകോണം
23. തോപ്പുമുക്ക്
24. മഞ്ചൻപാറ
25. കുലശേഖരം 1
26. കുലശേഖരം 11
27. കൊടുങ്ങല്ലൂർ
28. പ്ലാവോട്

പ്രേഷണ സംവിധാനത്തിന്റെ തകരാറാണ് വൈദ്യുതി നഷ്ടത്തിന്റെ പ്രധാന കാരണം. ട്രാൻസ്ഫോർമറിന്റെ കാര്യശേഷിയില്ലായ്മയും വളരെ ദൈർഘ്യമുള്ള ലൈനുകളുമാണ് മറ്റൊരു കാരണം. പ്രേഷണ വിതരണ രംഗത്തുള്ള നഷ്ടം കുറക്കുന്നതിന് ലൈനുകളിൽ തൊട്ടുകിടക്കുന്ന മരകൊമ്പുകൾ കൃത്യസമയത്തിനുള്ളിൽ മുറിച്ച് മാറ്റേണ്ടതാണ്.

പട്ടിക 3

	വട്ടിയൂർക്കാവ്	പേരൂർക്കട	തിരുമല
A ഗാർഹികം	4044	1146	811
B വ്യാപാരം	433	76	64
C വ്യാവസായികം	43	12	10
D കാർഷികം	74	05	4

വൈദ്യുതി കണക്ഷനുകൾ ലഭിയ്ക്കുന്നതിനായി ഏറെ അപേക്ഷകർ ഉണ്ട് (ഫ്രീ കണക്ഷനുകൾ ഉൾപ്പെടെ)

പട്ടിക. 4

സെക്ഷനിൽ കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവർ

	വട്ടിയൂർക്കാവ്	പേരൂർക്കട	തിരുമല
1 ഓർഡിനറി	184	348	214
2 വ്യാപാരം	13	50	34
3 വ്യാവസായികം	31	748	18

പട്ടിക 5

പുതിയ ട്രാൻസ്ഫോർമറുകൾ ആവശ്യമായ സ്ഥലം

	സ്ഥലം	വാർഡ്
1	ആയൂർക്കോണം	തുരുത്തുംമൂലം
2.	കെ.കെ. ഗാർഡൻസ്	മാത്തുവിളാകം
3.	കൂക്കം പാറ	മണികണ്ഠേശ്വരം
4.	പന്നിക്കുഴിക്കര/മണ്ണിംഗവിള	വേറ്റിക്കോണം
5.	മൊട്ടലുംമൂട്	കാച്ചാണി
6.	മണലയം ജംഗ്ഷൻ, എ.കെ.ജി. നഗർ	മണലയം
7.	കുറ്റിയാംമൂട്	പിടയനി
8.	വെള്ളെക്കടവ് ജംഗ്ഷൻ	വെള്ളെക്കടവ്
9.	പുല്ലുവിളാകം	തിട്ടമംഗലം

പഞ്ചായത്തിലെ പ്രധാന റോഡുകളിലും ഇടവഴികളിലും സ്ട്രീറ്റ് ലൈൻ വലിച്ച് പോസ്റ്റുകൾ ഇട്ട് കാണുന്നില്ല. പോസ്റ്റ് ഉള്ള സ്ഥലങ്ങളിൽ ട്യൂബുകളോ ബൾബുകളോ (തെരുവ് വിളക്കുകൾ) ഇല്ല. സോഡിയം വേപ്പർലാബ്, മെർക്കുറി വേപ്പർ ലാബ് എന്നിവ കൂടി പഞ്ചായത്തിൽ ഉണ്ടാവണം. താഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കണം.

1. റാന്നിലൈൻ-മുണ്ടപ്ലാവിള
2. കീഴേകല്ലുമല, ഐ.ആർ. ലൈൻ, മാത്തുവിളാകം, പനയ്കൽ തറ
3. കുണ്ടാലാംകുഴി
4. കാവടി തലയ്ക്കൽ മേലേകട്ടയ്ക്കൽ I, II
5. ഞറുക്കാട്ടിക്കോണം
6. കാവടിതലയ്ക്കൽ-നായ്ക്കോട്ടുകോണം, കുഴിവിള
7. ചെറുപാലോട്-അറ്റരികത്ത്
8. മൂന്നാംമൂട് മണലയം
9. മലമുകൾ പനയ്ക്കോട്
10. ഒലിപ്പുറം-ഇടത്തറ
11. ഒഴുപാറ-ഇടത്തറ
12. ഇടത്തറ-ചെപ്പള്ളി
13. അരുവിക്കോണം-മുള്ളൻചാണി
14. കാരാംകോട്-ലങ്കാരംലൈൻ
15. കരിഞ്ഞാണ്ടമൂല-പന്തുകളം
16. പുല്ലുവിളാകം-കളിയിക്കൻ
17. നമ്പവാൻകാവ്-കൊടുങ്ങാനൂർ
18. കളിയിക്കൽ-പുതുകുളങ്ങര
19. ഇലങ്കംവിളാകം, ഇലവുംമൂട്
20. തിട്ടമംഗലം-കദളികുഴിവിള
21. കല്ലിംഗവിള-പുന്നാംകോണം
22. കീഴികോണം
23. തെനൂർകോണം-ഒഴുകുപാറലൈൻ
24. മൊട്ടലും മുട് നെല്ലിവിള കാച്ചാണിലൈൻ
25. വയലിക്കട-പാപ്പാട്
26. കുറ്റിയാംമൂട്-ഇല്ലകഴി
27. ചിത്രനഗർ ഉപറോഡുകൾ

പ്രശ്നങ്ങൾ

1. വിറകിന്റെ വില വർദ്ധനവ്, ലഭ്യതകുറവ്
2. വോൾട്ടേജ് സ്റ്റെപ്പ് അപ്പ്, ഇലക്ട്രിക് ഹീറ്ററുകൾ എന്നിവയുടെ അമിതമായ ഉപയോഗം
3. ഊർജ്ജ സ്ത്രോസസ്സുകൾ കണ്ടെത്തുന്നതിന്റെ വൈഷമ്യം
4. നിലവിലുള്ള ട്രാൻസ്പോർമറുകളുടെ കാര്യ ശേഷി ഇല്ലായ്മ
5. വൈദ്യുതിയുടെ ദുർവിനിയോഗം

സാധ്യതകൾ

1. കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കൽ
2. ഊർജ്ജ. ലാഭമുള്ള വൈദ്യുതി
3. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റൽ
4. ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കൽ
5. പഴയതും ജീർണ്ണിച്ചതുമായ പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കണം
6. തെരുവു ലൈറ്റുകൾ ഇല്ലാത്ത സ്ഥലത്ത് ഉടൻ സ്ഥാപിക്കണം
7. ലക്ഷം വീട്, മിച്ചഭൂമി തുടങ്ങിയ ദുർബല വിഭാഗങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ വൈദ്യുതി എത്തിക്കണം
8. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

മാർക്കറ്റ്

നാടിന്റെ പുരോഗതിക്ക് ആ നാട്ടിലുള്ള മാർക്കറ്റുകൾക്കുള്ള സ്ഥാനം ചില്ലറയല്ല. ഉൽപ്പന്നങ്ങൾ വിൽക്കുവാനും വാങ്ങുവാനും സാമ്പത്തിക നിലമെച്ചപ്പെടുത്തുവാനും മാർക്കറ്റുകൾ ഗുണകരമാണ്. വിഭവ സമാഹരണ രംഗത്ത് മാർക്കറ്റുകൾക്കുള്ള സ്വാധീനം വവരെ വലുതാണ്. പ്രാചീനകാലത്ത് വ്യാപാരം നടത്തിയിരുന്ന വിദേശികൾ പോലും ഉല്പന്നങ്ങൾ വാങ്ങി മടങ്ങുന്ന കാഴ്ച ഇന്ത്യൻ ഗ്രാമത്തിന്റെ മുഖമുദ്രയായിരുന്നു.

വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്തിൽ മാർക്കറ്റുകളുടെ എണ്ണം വളരെ കുറവാണ്. നാളീകേരം, കശുവണ്ടി, അടക്ക, നെല്ല്, നേന്ത്രക്കായ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയാണ് പ്രധാന കാർഷിക ഉല്പന്നങ്ങൾ. ഇവ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിന്റെ സംവിധാനം ഇല്ലാത്തതിനാൽ അന്യ സ്ഥലങ്ങളിൽ പോയി വിൽക്കുവാൻ കർഷകർ നിർബന്ധിതരായി തീരുന്നു.

പഞ്ചായത്തതിർത്തിയിൽ നിലവിലുള്ള മാർക്കറ്റുകൾ മലീമസമാക്കപ്പെട്ടവയാണ്. വിറ്റഴിക്കാൻ കഴിയാത്ത മത്സ്യമാംസാദികൾ, മറ്റ് അവശിഷ്ടങ്ങളും പരിസരമാകെ വലിച്ചെറിയുന്നു. ആധുനിക രീതിയിലുള്ള അറവുശാലകളില്ലാത്തതിനാൽ പലപ്പോഴും സമീപപ്രദേശങ്ങളിൽ ദുർഗ്ഗന്ധം വമിക്കുകയും, കുടിവെള്ളം മലിനപ്പെടുകയും ചെയ്യുന്നു. അവശിഷ്ടങ്ങൾ മൂലം ഉണ്ടാകുന്ന പരിസര മലിനീകരണം ഒഴിവാക്കണം. പഞ്ചായത്തിൽ വിപണന സംവിധാനം മെച്ചപ്പെടുത്തുകയും വേണം.

പട്ടിക I

നിലവിലുള്ള മാർക്കറ്റുകൾ

		വാർഡ്	അന്തിചന്ത
1	നെട്ടയം	നെട്ടയം	ഇല്ല
2	കൊടുങ്ങാനൂർ	കൊടുങ്ങാനൂർ	ഇല്ല
3	വെള്ളെക്കടവ്	വെള്ളെക്കടവ്	ഇല്ല
4.	മൂന്നാംമൂട്	വെള്ളെക്കടവ്	ഇല്ല
5.	വഴയില	തുരുത്തുംമൂല	ഇല്ല

മാർക്കറ്റുകൾ ശുചിത്വമുണ്ടായാൽ മാത്രമേ വൃത്തിയുള്ള ഉല്പന്നങ്ങൾ ലഭിക്കുകയുള്ളൂ. ആരോഗ്യ പരിപാലനത്തിൽ മാർക്കറ്റുകൾ പ്രധാന കണ്ണിയാണ്. നല്ലരീതിയിൽ പുതിയ സ്ഥലങ്ങളിൽ മാർക്കറ്റുകൾ നിർമ്മിച്ചുകൊണ്ട് ജൈവ വള നിർമ്മാണത്തിലൂടെയും പഞ്ചായത്തിൽ വരുമാനമാർഗ്ഗവും ഉണ്ടാക്കാൻ കഴിയും. പഞ്ചായത്ത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇവിടെതന്നെ വിറ്റഴിക്കാനും കഴിയും. ചന്തയെന്നാൽ മത്സ്യം വാങ്ങാനുള്ള സ്ഥലം എന്ന രീതിമാറ്റണം. ഒരു കുടുംബത്തിനാവശ്യമായ എല്ലാ സാധനങ്ങളും കിട്ടുന്നതിനുള്ള സംവിധാനം വേണം. സ്വയം പര്യാപ്തമായ ഗ്രാമത്തിന്റെ രൂപം മാർക്കറ്റിൽ പ്രതിഫലിച്ച് കാണേണ്ടതാണ്.

പ്രശ്നങ്ങൾ

1. മാർക്കറ്റുകളുടെ പോരായ്മ
2. അവശിഷ്ടം നശിപ്പിക്കാൻ സൗകര്യമില്ല
3. വിപണന സംവിധാനത്തിൽ പാളിച്ചകൾ ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില കിട്ടുന്നില്ല
4. സാനിട്ടറി സൗകര്യത്തിന്റെ പോരായ്മ
5. മറ്റു സ്ഥലങ്ങളിലെ മാർക്കറ്റുകളെ ആശ്രയിക്കുന്നു.
6. അറവുശാലകൾക്ക് പൊതുവായ സ്ഥലം ഇല്ല

സാധ്യതകളും, നിർദ്ദേശങ്ങളും

1. പച്ചക്കറി സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും സംവിധാനം ഉണ്ടാവണം
2. വിവിധ പ്രദേശങ്ങളിൽ മാർക്കറ്റുകൾ ഉണ്ടാവണം
3. പഞ്ചായത്തിനകത്ത് സഹകരണ മേഖലയിൽ പലയിടങ്ങളിലായ് ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാവണം.
4. മാർക്കറ്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കണം.
5. കൊടുങ്ങാനൂർ, വെള്ളൈക്കടവ്, മൂന്നാംമൂട് എന്നീ മാർക്കറ്റുകളിൽ വേണ്ടത്ര സൗകര്യങ്ങൾ ഉറപ്പുവരുത്തണം
6. അന്തിചന്തകൾ ഉണ്ടാവണം
7. മാർക്കറ്റിനോട് ബന്ധപ്പെട്ട് അറവുശാലയും വിൽപനകേന്ദ്രവും പഞ്ചായത്തിന്റെ അനുമതിയോടുകൂടി വേണ്ടത്ര സംവിധാനത്തോടെ നടത്തണം.
8. നെട്ടയം മാർക്കറ്റ് വിപുലപ്പെടുത്തണം. പരിസരമലിനീകരണം ഒഴിവാക്കാനുള്ള സംവിധാനം വേണം.
9. ജൈവവള നിർമ്മാണത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

(7) പാർപ്പിടവും സാമൂഹ്യക്ഷേമവും

തിരുവനന്തപുരം നഗരത്തോട് ചേർന്ന് കിടക്കുന്ന 13.61 Km ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഗ്രാമപ്രദേശമാണ് വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്. 13 വാർഡുകൾ ചേർന്ന ഈ പഞ്ചായത്തിൽ മണലയം, മലമുകൾ പ്രദേശങ്ങൾ കുന്നും. താഴ്വരകളും ചേർന്നതാണ്. തിരുവനന്തപുരത്തെ പ്രധാനനദികളായ കരമനയാറും, കിള്ളിയാറും ഈ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തികളാകുന്നു. കുന്നുകളും, സമതലങ്ങളും, നദീതടങ്ങളും ചേർന്നൊരുക്കുന്ന ഈ നഗരാതിർത്തി ഗ്രാമം, ഗ്രാമനഗരങ്ങളുടെ സങ്കലിത സംസ്ക്കാരത്തെ പ്രതിനിധാനം ചെയ്യുന്നു.

ഇടത്തരം സർക്കാർ ജീവനക്കാരും, കൂലിപ്പണിക്കാരും, കൈത്തൊഴിലുകാരുമാണ് ജനസംഖ്യയിൽ ഭൂരിഭാഗവും. ശതമാനത്തിൽ കുറവാണെങ്കിലും കൃഷിപ്പണിക്കാരും, ചെറുകിട വ്യാപാരികളും ചേർന്ന മൊത്തം ജനത, പൊതുവെ വിദ്യാഭ്യാസം സിദ്ധിച്ചവരും, സംസ്ക്കാര സമ്പന്നരുമാണ്. കാർഷിക വൃത്തിയോടുള്ള വെറുപ്പും, വെള്ളക്കോളർ പണിയോടുള്ള ആഭിമുഖ്യവും പുലർത്തുന്നവരാണ് ഈ പഞ്ചായത്തിലെ വളരുന്ന തലമുറ. ജനങ്ങളുടെ ഈ മനോഭാവം അവരുടെ ഗൃഹനിർമ്മാണത്തിലും കാണാവുന്നതാണ്. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും അണുകുടുംബ വ്യവസ്ഥയിലേക്കുള്ള സാമൂഹ്യ പരിണാമം പാർപ്പിട പ്രശ്നത്തെ കൂടുതൽ ഭീഷണമാക്കുന്നു.

തലസ്ഥാന നഗരത്തോട് അടുത്തു കിടക്കുന്ന ഗ്രാമമെന്ന നിലയിൽ നഗരവത്ക്കരണത്തിന്റെ ദോഷങ്ങളും ഗുണങ്ങളും ഒരുപോലെ ജനങ്ങളുടെ സാമൂഹ്യക്ഷേമത്തിലും, ജീവിത സാഹചര്യങ്ങളിലും വന്നുചേരുന്നത് പാർപ്പിടത്തിലെന്നപോലെ സാമൂഹ്യക്ഷേമത്തിലും പ്രതിഫലിക്കുന്നുണ്ട്. ഇരുപത്തിയഞ്ച് വർഷം മുമ്പ് തനി ഗ്രാമീണമായ കാർഷികവൃത്തിയിലും മറ്റും ഏർപ്പെട്ടിരുന്ന ജനത ക്രമേണ തനത് കാർഷിക വിദ്യയും, സമ്പ്രദായങ്ങളും ഉപേക്ഷിച്ച് ത്രിദ്വീയ മേഖലയിലേയ്ക്കും നഗരജീവിതത്തിലേയ്ക്കും തള്ളിക്കയറാൻ ശ്രമിക്കുന്നതിന്റെ ദോഷഫലങ്ങൾ യഥാർത്ഥ വികസനത്തിന്റെ പാതയിൽ സൃഷ്ടിക്കുന്നത്, പ്രതിബന്ധങ്ങൾ മാത്രമാണ് വ്യാവസായിക വളർച്ച തലസ്ഥാന നഗരം നേടാത്തതിനാൽ ഈ പഞ്ചായത്തിലെ വളരുന്ന തലമുറയിൽ ഭീമമായ തൊഴിലില്ലായ്മയും ജീവിതാ നിശ്ചിതത്വവും സൃഷ്ടിച്ചിട്ടുണ്ട്. വിദ്യാസമ്പന്നരും, സംസ്ക്കാര സമ്പന്നരും, കൈത്തൊഴിൽ വിദഗ്ദരും ആയ മനുഷ്യ ശക്തിയെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിലേക്ക് തിരിച്ചുവിടാനുള്ള പദ്ധതി തയ്യാറാക്കുന്നത് സാമൂഹിക രംഗത്ത് വളരെ പുരോഗതി സൃഷ്ടിക്കാൻ സഹായിക്കും.

പാർപ്പിടം

പഞ്ചായത്ത് നികുതി രജിസ്റ്റർ പ്രകാരം 9863 (ഒമ്പതിനായിരത്തി എണ്ണൂറ്റി അറുപത്തി മൂന്ന്) വീടുകളാണ് ആകെ ഉള്ളത്. എന്നാൽ നികുതി പിരിയ്ക്കാൻ തക്ക സൗകര്യങ്ങളില്ലാത്ത കൊച്ചു കുടിലുകൾ 800 എണ്ണം കൂടി ഈ പഞ്ചായത്തിലുണ്ട്. തുണ്ടു ഭൂമിയോ, കുടിലുകളോ പോലും ഇല്ലാത്ത മറ്റ് 860 കുടുംബങ്ങൾ ഉണ്ടെന്നുള്ളതാണ് വസ്തുത. പഞ്ചായത്തിലാകെ ഒരു ഗിരിജൻ കോളനിയും പതിനൊന്ന് ഹരിജൻ കോളനിയും മൂന്ന് ലക്ഷം വീട് കോളനികളും മൂന്ന് മറ്റു കോളനികളും ഉണ്ട്. ഈ കോളനികളിലെ പാർപ്പിടങ്ങളും, സൗകര്യങ്ങളും, ആരോഗ്യപരിതസ്ഥിതികളും വളരെ പരിമിതങ്ങളാണ്. പഞ്ചായത്തിലെ ആകെ സ്ഥിതിവിവരം പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക - 1

ഒന്നിൽക്കൂടുതൽ നിലകളുള്ള കെട്ടിടങ്ങൾ	732
കോൺക്രീറ്റ്	2751
ഓട് മേഞ്ഞവ	3353
ഓല മേഞ്ഞവ	2642
മറ്റുള്ളവ	282
ആകെ	**9863**

മുഖ്യമായ പാർപ്പിട പ്രശ്നങ്ങൾ താഴെപ്പറയുന്നു.

1. ഭൂമിയോ വീടോ ഇല്ലാത്ത നിർദ്ധനരായ ആൾക്കാർക്ക് സ്ഥലം കണ്ടെത്തുന്നതിനും സൗജന്യമായി വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

2. ചെറ്റക്കുടിലുകളിൽ കഴിയുന്നവർക്ക് പുതിയ വീടുകൾ നിർമ്മിക്കേണ്ടതിന് വേണ്ടതായ ഏർപ്പാടുകൾ ഉണ്ടാകേണ്ടതാണ്.

3. ഓലമേഞ്ഞ വീടുകൾ ഭൂരിഭാഗം വീടുകളും, ആരോഗ്യപരമായ നിലവാരത്തിലേക്ക് ഉയർത്താൻ പുതുക്കിപ്പണി നടത്തേണ്ടതാണ്.

മേൽപ്പറഞ്ഞ മൂന്നു പ്രശ്നങ്ങളെ ശാസ്ത്രീയമായി പരിഹരിക്കുന്നതിനും അടുത്ത അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കേണ്ട കാര്യങ്ങൾ താഴെ നിർദ്ദേശിക്കുന്നു.

1. തരിശു നിലങ്ങളായി കിടക്കുന്ന പുറമ്പോക്കു പ്രദേശങ്ങൾ ഈ പഞ്ചായത്തിനകത്ത് ധാരാളമുണ്ട്. കൃത്യമായി അവയുടെ വിവരം ശേഖരിച്ച് അവ പഞ്ചായത്ത് ഏറ്റെടുക്കുകയും, നിർദ്ധനരായ ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുക.

2. ജവഹർ റോസ്ഗാർ യോജനയുടേയും, മൈത്രിഭവന നിർമ്മാണ പദ്ധതിയുടേയും സഹായത്തോടും മറ്റു സാമൂഹ്യ കേ,മ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകളുടെ സഹായത്തോട് കൂടി മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട പാവങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ പഞ്ചായത്ത് നേതൃത്വം നൽകുക.

3. പഞ്ചായത്ത്, പാവങ്ങൾക്കം വിതരണം ചെയ്ത തുണ്ടു ഭൂമികൾക്ക് പട്ടയം പതിച്ച് കിട്ടാത്തതിനാൽ അവർക്ക് വീട് നിർമ്മിക്കുന്നതിന് കഴിയാതെ ചെറ്റക്കുടിലുകളിൽ കഴിയുകയാണ്. എത്രയും വേഗം അത്തരം ഭൂമികൾക്ക് പട്ടയം പതിച്ചു കൊടുക്കേണ്ടതാണ്.

4. ജെ.ആർ.വൈ പദ്ധതിപ്രകാരം അൺടെയ്ഡ് ഫണ്ട് പ്രകാരവും ഇപ്പോൾ 22,000 രൂപ മാത്രമാണ് വീടുകൾ നിർമ്മിക്കുന്നതിന് അനുവദിക്കുന്നത്. ഇന്നത്തെ ഗൃഹനിർമ്മാണ ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക വളരെ പരിമിതമാണെന്നു കാണാം. ആയതിനാൽ ഈ തുക 50000/- ആയി ഉയർത്തേണ്ടതാണ്.

5. ഹൗസിംഗ് ബോർഡ്, ബിൽഡിംഗ് കൺസ്ട്രക്ഷൻ കോ. ഓപ്പറേറ്റീവ് ബാങ്ക്, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഫിനാൻഷ്യൽ എൻറർപ്രൈസസ് എന്നിവ മുഖേന വീടുവയ്ക്കുന്നതിനും, വീടുകൾ പുതുക്കിപ്പണിയുന്നതിനും പലിശ കുറച്ച് ദീർഘകാല വായ്പയായി നല്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ആരോഗ്യപരമായ വളർച്ചയും, ഉയർച്ചയും നേടുന്നതിന് എല്ലാ വീടുകളിലും ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി പഞ്ചായത്തിലുള്ള ജലവിതരണ പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതാണ്.

7. കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ സർക്കാർ ധനസഹായത്തോടെ കക്കൂസുകൾ നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിൻറെ ആവശ്യകതയെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കേണ്ടതാണ്.

9. ഗൃഹനിർമ്മാണ സാധനങ്ങൾ (ഹോളോ ബ്രിക്സ്, തടി, മണൽ, സിമൻറ്, തുടങ്ങിയവ ശേഖരിക്കുന്നതിനും, ഇടത്തട്ടുകാരെ ഒഴിവാക്കി, കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും പഞ്ചായത്തിൻറെ നേതൃത്വത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

10. വയൽ നികത്തി വീടു നിർമ്മിക്കുന്ന പ്രവണതക്കെതിരായി ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

11. എല്ലാ വീടുകവിലും അനെർട്ടിൻറെ സഹായത്തോടെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

12. ഈ പഞ്ചായത്തിൽ ഏറിയ ഭവനങ്ങളും ഓലമേഞ്ഞവയായതിനാൽ അവ ഓടു മേയുന്നതിനും, മറ്റു അറ്റകുറ്റപണികൾ നടത്തുന്നതിന് 20,000/- രൂപ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വായ്പ അനുവദിക്കുക.

സാമൂഹ്യക്ഷേമം

ജനങ്ങളുടെ ജീവിത വീക്ഷണവും, അവബോധവും, ആരോഗ്യവും ഉയർത്തിക്കൊണ്ടുവരാൻ പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ തലസ്ഥാന നഗരത്തോട് ചേർന്ന് കിടക്കുന്ന സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിൻറെ നിലവാരത്തിലേക്കുയരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ ഇനിയും നടപ്പാക്കേണ്ടതായിട്ടാണിരിക്കുന്നത്.

സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി ഈ പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക 3

അംഗൻവാടികൾ	28+3
പി.എച്ച് സെൻറർ	1
സോഷ്യൽ വെൽഫെയർ സെൻറർ	1
ബാലവാടികൾ	3
ആയൂർവേദ ഡിസ്പൻസറി	1
റേഷൻകടകൾ	21
പോസ്റ്റാഫീസുകൾ	3

ഇവ കൂടാതെ സഹകാര്യമേഖലയിൽ മണലയം വാർഡിൽ ഒരു അഗതിമന്ദിരവും വെള്ളൈക്കടവ് വാർഡിൽ വികലാംഗർക്കുള്ള ഒരു റീഹാബിലിറ്റേഷൻ സെൻററും പ്രവർത്തിച്ചു വരുന്നു. സർക്കാർ മേഖലയിലെ സാമൂഹ്യക്ഷേമ പദ്ധതികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ വേണ്ടത്ര ലക്ഷ്യം കൈവരിച്ചിട്ടില്ലെന്നു കാണാനാകും നിലവിലുള്ള ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 1581 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. എന്നാൽ സർക്കാർ ധനസഹായം നാളിതുവരെ ലഭിച്ചിട്ടുള്ളത് 312 കുടുംബങ്ങൾക്ക് മാത്രമാണ്. സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ 130 എണ്ണമാണ്.

പട്ടിക(3) ഈ കണക്കു കാണിക്കുന്നത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അപര്യാപ്തമാണ് എന്നതാണ്. ട്രൈസം തൊഴിൽ പരിശീലന പദ്ധതി പ്രകാരം ആകെ പരിശീലനം ലഭിച്ചവരുടെ സംഖ്യ 70 മാത്രമാണ്. (പട്ടിക (4) പരിശോധിക്കുക) (D.W..C.R.A.) പദ്ധതിപ്രകാരം രൂപം കൊണ്ട തൊഴിൽ സംരഭങ്ങൾ 3 എണ്ണമാണ്.

(പട്ടിക 5 നോക്കുക)

സാമൂഹ്യവനവത്ക്കരണ പരിപാടിയുടെ വിവരം പട്ടിക 6-ൽ കാണാം. സാനിട്ടറി കക്കൂസുകളെ സംബന്ധിച്ച വിവരം പട്ടിക 8-ൽ കാണാം.

വെള്ളൈക്കടവ് വാർഡിൽ റീഹാബിലിറ്റേഷൻ സെൻറർ നടത്തിയ സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ വിവിധ പ്രായപരിധിയിൽപ്പെടുന്ന 222 വികലാംഗരാണുള്ളത്. ഈ വിവരം പട്ടിക 9-ൽ കാണാം എന്നാൽ പേരൂർക്കട വില്ലേജു വഴി സർക്കാർ നല്കുന്ന വികലാംഗ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം അംഗുലീപരിമിതമാണ്. അത് പട്ടിക 10-ൽ പരിശോധിക്കുക.

പട്ടിക - 3

IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

സർവ്വേ പ്രകാശം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കടുംബങ്ങൾ
1581	311	312	180	130	1551

ഓരോ വീടും ഓരോ വിദ്യാലയമാണ്
മാതാപിതാക്കൾ അധ്യാപകരും

- ഗാന്ധിജി

പട്ടിക - 4

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പരിശീലനം ലഭിച്ച മേഖല	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
1. സ്ക്കൂട്ടർ റിപ്പെയറിംഗ്	1	1	--
2. ടി.വി. റേഡിയോ മെക്കാനിസം	4	2	2
3. ടൂവീലർ മെക്കാനിസം	1	1	--
4. പ്ലാസ്റ്റിക് വർക്സ്	2	--	2
5. ബുക്ക് ബൈൻഡിങ്ങ്	3	3	--
6. എംബ്രോയിഡറി - റെഡിമെയ്ഡ് ഗാർമെൻറ്സ്	36	26	10
7. കുട നിർമ്മാണം	13	13	--
8. പ്ലംബ്ബിംഗ്	2	2	--
9. മറ്റ് മേഖല	8	5	3
ആകെ	70	53	17

പട്ടിക - 5

IRDP പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	ഇനം	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം
XIII	കുടനിർമ്മാണം	1992-93	12
XIII	കുമിൾ കൃഷി	1994-95	10
VII	കുമിൾ കൃഷി	1995-96	

പട്ടിക - 6

സാമൂഹ്യവനവൽക്കരണ പരിപാടിയിലൂടെ ഉല്പാദിപ്പിച്ച തൈകളുടെ വിവരം

തൈകളുടെ ഇനം	തൈകളുടെ എണ്ണം				വിതരണം നടത്തിയതിന്റെ എണ്ണം			
	1991	1992	1993	1994	1991	1992	1993	1994
തേക്ക്	3000	6000	4000	5000	3000	6000	4000	5000
മഹാഗണി	2000	2000	2000	2000	2000	2000	2000	2000
കാറ്റാടി	3000	4000	2000	1000	3000	4000	2000	1000
പുളി	1500	2000	3000	2000	1500	2000	3000	2000
നാരകം	1500	2000	4000	2000	1500	2000	4000	2000
ആകെ	11000	17000	15000	12000	11000	17000	15000	12000

പട്ടിക - 7

CCS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

ആസ്തികൾ	ആകെ
കിണറുകൾ	34
കുളങ്ങൾ	8
വാട്ടർ ടാങ്കുകൾ	1
പമ്പ് ഹൗസുകൾ	1
പമ്പ്സെറ്റുകൾ	2

പട്ടിക - 8

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDP സർവ്വേ പ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
521	124	124	397

പട്ടിക - 9

വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

	5 വയസ്സുള്ളവർ		5 നും 10 നും		10-18		18-25		25-45		60 ന് 45-50		മേൽ		ആകെ	
വാർഡ്	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
I	3	Nil	Nil	3	1	4	2	1	1	2	Nil	Nil	1	Nil	Nil	Nil
II	Nil	Nil	Nil	Nil	Nil	Nil	2	2	3	3	2	Nil	Nil	Nil	Nil	Nil
III	1	1	1	2	2	2	Nil	Nil	2	2	3	2	1	1	Nil	Nil
IV	Nil	Nil	1	1	Nil	1	2	Nil	4	Nil	1	Nil	Nil	Nil	Nil	Nil
V	2	1	1	1	3	2	1	3	6	1	5	Nil	Nil	3	Nil	Nil
VI	Nil	Nil	Nil	1	1	2	2	3	2	3	4	2	Nil	2	Nil	Nil
VII	Nil	1	Nil	Nil	2	2	2	2	4	Nil	Nil	1	Nil	1	Nil	Nil
VIII	Nil	1	1	3	2	3	5	4	7	5	4	1	1	1	Nil	Nil
IX	Nil	Nil	2	1	1	4	2	1	7	4	Nil	2	Nil	1	Nil	Nil
X	Nil	Nil	Nil	2	1	2	Nil	2	1	2	1	1	Nil	Nil	Nil	Nil
XI	Nil	Nil	Nil	Nil	3	1	2	1	2	4	2	2	2	1	Nil	Nil
ആകെ	6	4	4	14	17	23	20	19	39	26	22	11	5	10	93	107

(അവലംബം - സർവ്വേ - റീഹാവിലിറ്റേഷൻ സെൻറർ, മൂന്നാം മൂട്)

പട്ടിക - 10

പെൻഷനുകൾ സംബന്ധിച്ച വിവരങ്ങൾ

പേരൂർക്കട വില്ലേജ്	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യകാല പെൻഷൻ
1992-93	4	3	3
1993-94	6	6	1
1994-95	11	16	3
1995-96	1	2	2
ആകെ	22	27	9

സാമൂഹ്യക്ഷേമ പദ്ധതികളുടെ നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ ഇത്ര വിശദമായി വിവരിച്ചത് നമ്മുടെ പഞ്ചായത്ത് ഇക്കാര്യത്തിൽ ഇനിയും വളരെയധികം നേടിയെടുക്കാനുണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ്.

സാമൂഹ്യക്ഷേമരംഗത്ത് നമ്മുടെ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി അടുത്ത 5 വർഷം കൊണ്ട് നടപ്പിലാക്കേണ്ട പദ്ധതികൾ താഴെ വിവരിക്കുന്നു.

1. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ആൾക്കാരെ സമുദ്ധരിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുക.
   (a) അത്തരം കുടുംബങ്ങളിൽപെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകുക.
   (b) അത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുക.
2. വികലാംഗപെൻഷൻ, വാർദ്ധക്യപെൻഷൻ, വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ അർഹരായവർക്കെല്ലാം ലഭിക്കുന്നതിനും, ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുക.
3. കർഷകതൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളി ക്ഷേമനിധി തുടങ്ങിയ ക്ഷേമനിധികളിൽ എല്ലാ തൊഴിലാളികളെയും അംഗങ്ങൾ ആക്കുക.
4. റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് നൽകുക.
5. പിടയണിവാർഡിൽ പ്രവർത്തിച്ചുവരുന്ന പഞ്ചായത്തിലെ ഏക സോഷ്യൽ വെൽഫെയർ സെൻററിന് പുതിയ കെട്ടിട നിർമ്മാണത്തിന് സഹായം നൽകുക.
6. സെൻട്രൽ പോളിടെക്ക്നിക്കിന് കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി പോളിടെക്കിനിക്ക് വഴി നടത്തുന്ന പരിശീലന കോഴ്സുകളുടെ ഒരു കേന്ദ്രമായി വെൽഫെയർ സെൻററിനെ ഉയർത്തുക.
7. നിർമ്മാണ തൊഴലാളികൾക്കും, കൃഷിപ്പണിക്കാർക്കും ആധുനിക രീതിയിലുള്ള തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള സഹായം നൽകുക.
8. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വനിതകൾക്കായി പഞ്ചായത്തിൻെറ നേതൃത്വത്തിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുക.
9. നെട്ടയം കേന്ദ്രമാക്കി ആധുനിക സൗകര്യങ്ങളോടുകൂടിയ കല്യാണമണ്ഡപവും, ആഡിറ്റോറിയവും നിർമ്മിക്കുക.
10. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.
11. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക.
12. മഹിളാ സമാജങ്ങൾ വഴി തൊഴിൽ പരിശീലനം നൽകുക.
13. നെട്ടയത്തും മൂന്നാം മൂട്ടിലും ഒരു പോസ്റ്റാഫീസ് പ്രവർത്തനമാരംഭിക്കുക.
14. വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം 2000/- രൂപയിൽ നിന്നും 10,000/- രൂപയാക്കി ഉയർത്തുക.
15. പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കാനായി ഒരു സാംസ്ക്കാരിക കേന്ദ്രം ഉണ്ടാക്കുക.

(8) സംസ്കാരം, കായികം

സംസ്കാരം എന്ന പദത്തിനു ശുദ്ധീകരണം, പാകപ്പെടുത്തൽ, പ്രഭാവം, അലങ്കാരം, തുടങ്ങി നാനാർത്ഥങ്ങളുണ്ട്. ഒരു പ്രദേശത്തിന്റെ സംസ്കാരം, ആ പ്രദേശത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അയ്യായിരം വർഷങ്ങൾക്കുമുമ്പുള്ള സിന്ധുനദീതട സംസ്കാരമാണല്ലോ ഭാരതത്തിനുള്ളത്. ആ മഹത്തായ സംസ്കാരത്തിന്റെ അംശം നമ്മുടെ രാജ്യത്തിന്റെ ഓരോ പ്രദേശത്തും പൈതൃകമായിതന്നെ നിലകൊള്ളുന്നു.

ചരിത്രം

നമ്മുടെ പഞ്ചായത്ത് വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്ത് എന്ന നാമധേയത്തിലാണ് അറിയപ്പെടുന്നതെങ്കിലും 'വട്ടിയൂർക്കാവ്' എന്ന പേരിലറിയപ്പെടുന്ന പ്രധാന കവല ഇന്ന് തിരുവനന്തപുരം കോർപ്പറേന്റെ ഭാഗമാണ്''. ''രണ്ടാമട പഞ്ചായത്ത്'' എന്ന പേരിൽ വട്ടിയൂർക്കാവ് പാപ്പാട് തുടങ്ങിയ സ്ഥലങ്ങളിൽ മാറിമാറി പ്രവർത്തിച്ച് ഒടുവിൽ 79 മുതൽ 84 വരെ നെട്ടയത്തും. അവിടെ നിന്ന് നെട്ടയം ശ്രീരാമകൃഷ്ണാശ്രമത്തിന്റെ അടിവാരത്തും പിന്നീട് 1987 -ൽ ഇന്നത്തെ സ്വന്തം കെട്ടിടത്തിലേയ്ക്കും വട്ടിയൂർക്കാവ് പഞ്ചായത്താഫീസ് മാറിമാറി പ്രവർത്തിച്ചു.

ഇൻഡ്യൻ സ്വാതന്ത്ര സമരചരിത്രത്തിൽ വട്ടിയൂർക്കാവിനു ഉജ്ജ്വലമായ പങ്കാണുള്ളത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ വട്ടിയൂർക്കാവ് സമ്മേളനം ചരിത്രരേഖയാണ്. അതിന്റെ സ്മരണക്കായി ഇന്നത്തെ പോളിടെക്നിക്ക് കോളേജിനു മൻപിൽ ഒരു ശിലാഫലകം സ്ഥാപിച്ചിട്ടുണ്ട്. യോഗം നടത്താൻ സ്ഥലം അനുവദിച്ചതിന്റെ പേരിൽ പ്രവർത്തകരായിരുന്ന ലക്ഷ്മീ വിലാസത്തിൽ എം. കൃഷ്ണ പിള്ളയുടെ പെൻഷൻ സർ. സി.പി. തടഞ്ഞുവച്ചു. സ്വാതന്ത്ര സമരസേനാനികളായിരുന്ന അന്തരിച്ച കമ്മ്യൂണിസ്റ്റ് കുട്ടൻ പിള്ള, എം.പി. കുരുക്കൾ, കാവല്ലൂർ തങ്കപ്പൻ നായർ എന്നവരുടെ സ്മരണ എന്നും നമ്മുടെ പഞ്ചായത്തിന്റെ മണ്ണിൽ തങ്ങിനിൽക്കും.

അനുഗ്രഹീത ചിത്രകാരൻ പേരൂർക്കട ദിവാകരൻ 1963 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ തുരുംത്തുംമൂല വാർഡിലെ പ്രതിനിധിയായിരുന്നു. നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെംമ്പർ ശ്രീമതി ഷെരീഫാ ബീവിയായിരുന്നു.

ഒരുപ്രദേശത്തിന്റെ സംസ്കാരത്തിനു നദികളുമായി ബന്ധമുണ്ടാകുമല്ലോ. നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകി കടന്നുപോകുന്ന കിള്ളയാറും, അഗസ്ത്യാർകൂട താഴ്വരയിൽ നിന്നു ആരംഭിച്ച് വട്ടിയൂർക്കാവ് പഞ്ചായത്തിലെ മണലയം, വെള്ളക്കടവ്, കുലശേഖരം, തിട്ടമംഗലം വാർഡുകളിലൂടെ ഒഴുകുന്ന കരമനയാറും നമ്മുടെ പഞ്ചായത്തിന്റെ രണ്ട് അതിർത്തികളാണ്. നമ്മുടെ പഞ്ചായത്തിനെ നഗരവുമായി ബന്ധിപ്പിച്ച ആദ്യകണ്ണിയാണ് മരുതുംകുഴി പാലം.

ആരാധനാലയങ്ങൾ

ക്ഷേത്രങ്ങൾ - വട്ടിയൂർക്കാവ് പഞ്ചായത്തിൽ പ്രധാനമായും 12 ക്ഷേത്രങ്ങളുണ്ട്:-

1. വഴയില ശ്രീധർമ്മശാസ്താ ക്ഷേത്രം
2. മണികണ്ഠേശ്വരം ശിവക്ഷേത്രം
3. പന്നിക്കുഴിക്കര ദേവിക്ഷേത്രം
4. പുതൂർക്കോണം ദേവിക്ഷേത്രം

''മയക്കുമരുന്നുകളും മദ്യവും പിശാചിന്റെ രണ്ടുകൈകളാണ് അവ കൊണ്ടാണ് പിശാച് തന്റെ അടിമകളെ ബുദ്ധിശൂന്യതയിലേക്ക് ലഹരിയിലേക്കും അടിച്ച് വീഴ്ത്തുന്നത്''

ഗാന്ധിജി

''സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിട്ടാതെയാരു തത്ത്വശാസ്ത്രത്തെയും''

വയലാർ രാമവർമ്മ

''സാംസ്കാരികപരമായ സൃഷ്ടിക്ക് ഉതകുന്ന തരത്തിലുള്ള സാമൂഹ്യവ്യവസ്ഥയാണ് നാഗരികത''

വിൽ ഡുറൻറ്

5. പുന്നാംകോണം ഭഗവതിക്ഷേത്രം
6. തിട്ടമംഗലം ഭഗവതിക്ഷേത്രം
7. കടയിൽമുടുമ്പ് ദേവിക്ഷേത്രം
8. കുഴശേഖരം ശിവക്ഷേത്രം
9. അമ്മൻകോവിൽ ക്ഷേത്രം
10. മേലെക്കടവ് തമ്പുരാൻ പാറ
11. കട്ടറത്തല പഞ്ചമീദേവിക്ഷേത്രം
12. മായാണ്ടിസ്വാമി ക്ഷേത്രം

കൂടാതെ കുടുംബ ആരാധനാലയങ്ങളുമുണ്ട്. നെട്ടയം ജംഗ്ഷനു കിഴക്കുഭാഗത്ത് കുന്നിൽ ശ്രീരാമ കൃഷ്ണമിഷന്റെ ഒരു ആശ്രമം സ്ഥിതി ചെയ്യുന്നു. പ്രസ്തുത ആശ്രമം നെട്ടയം പ്രദേശത്തിന്റെ സാംസ്കാരിക വികസനത്തിനു നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

ക്രിസ്ത്യൻ പള്ളികൾ - വിവിധ വിഭാഗങ്ങളായ റോമൻ കത്തോലിയ്ക്ക, ലാറ്റിൻ കത്തോലിയ്ക്ക, സി.എസ്.ഐ, സിലോൺ പെന്തക്കോസ്തു മിഷൻ, സാൽവേഷൻ ആർമി എന്നീ വിഭാഗം പള്ളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

മുസ്ളീം പള്ളികൾ - നമ്മുടെ പഞ്ചായത്തിൽ മുക്കോലയിലും, വാഴോട്ടുകോണത്തും രണ്ടു മുസ്ളീം ആരാധനാലായമുണ്ട്. നെട്ടയത്തു അടുത്തകാലത്തായി ഒരു നിസ്കാര പള്ളിയും സ്ഥാപിച്ചിട്ടുണ്ട്. മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ഒരു സ്കൂൾ കാച്ചാണി വാർഡിലെ നെല്ലിവിളയിൽ പ്രവർത്തിയ്ക്കുന്നു.

ജനങ്ങളുടെ സാംസ്കാരിക നിലവാരം - നമ്മുടെ പഞ്ചായത്തിലെ ഒന്നു മുതൽ 13 -വരെ വാർഡുകളിൽ വസിക്കുന്ന ജനങ്ങൾ വിവിധ മതതിതിലും വിശ്വാസത്തിലുമുള്ളവരുമാണ്. എങ്കിലും ജാതിമത ചിന്ത കൾക്കതീതമായി മാനവ മൈത്രി ഊട്ടിഉറപ്പിയ്ക്കുന്നതിനുവേണ്ടി തങ്ങളുടെ വിശ്വാസത്തിലൊതുങ്ങി നിന്ന്, മറ്റുവിശ്വാസ പ്രമാണങ്ങളെ ചോദ്യം ചെയ്യാതെ സാഹോദര്യത്തോടുകൂടി ജീവിയ്ക്കുന്ന ജനങ്ങളാണുള്ളത്.

എല്ലാവാർഡിലും ചിലമേഖലകളിൽ വിവിധ വിഭാഗം ജനങ്ങളുടെ ഏറ്റക്കുറിച്ചിലുകൾ കാണാം. നാട്ടിൽ സമാധാനം നിലനിന്നുകാണുന്നതിനുവേണ്ടി ഏല്ലാവിഭാഗം ആളുകളും അവരവരുടെ പ്രവർത്തന ശൈലിയിൽ എല്ലാമേഖലയിലും പ്രവർതിതിയ്ക്കുന്നുണ്ട് എന്നുള്ളത് വളരെ ആശ്വാസകരമാണ്. വിദ്യാഭ്യാസപരമായും ഔദ്യോഗികമായും ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. എല്ലാവിഭാഗം ജനങ്ങളിലും വിദ്യാഭ്യാസപരമായി ഉന്നത നിലവാരം പുലർത്തുന്ന ആളുകളുള്ളതുകൊണ്ട് വിദ്യാഭ്യാസപരമായി ഉന്നത നിലവാരം പുലർത്താൻ വിദ്യാർത്ഥികൾക്ക് കഴിയുന്നു.

പുകവലി, മദ്യപാനം തുടങ്ങിയ ദുഃശ്ശീലങ്ങളിലകപ്പെട്ടുപോയവരുടെ എണ്ണംവിരളമല്ല. അതിൽ നല്ലൊരു ശതമാനം യുവജനങ്ങളാണെന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. ചാരായ നിരോധനംമൂലം നല്ല മാറ്റമുണ്ടായിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ ഇപ്പോഴും മദ്യപാനികളുടെ എണ്ണം കുറവല്ല. ജനങ്ങളെ ലഹരിവസ്തുക്കൾ ഉപയോഗിയ്ക്കുന്നതിൽ നിന്നും തടയുന്നതിനുവേണ്ടി ബോധവൽക്കരണം ആവശ്യമാണ്.

പത്രമാധ്യമങ്ങൾ - നമ്മുടെ പഞ്ചായത്തു മേഖലയിൽ ഭൂരിഭാഗം ആളുകൾക്കും ദിനപത്രം സ്വന്തമായിവരുത്തുവാൻ പ്രാപ്തിയില്ലഎന്നിരുന്നാലും എവിടുന്നെങ്കിലും പത്രങ്ങൾ വായിച്ച് വിവരങ്ങൾ അറിയാൻ താൽപര്യം കാട്ടുന്ന ആളുകളുണ്ട്. എന്നാൽ ഖേദകരമെന്ന് പറയട്ടെ സ്ത്രീകളിൽ ആധികവും ദിനപത്രങ്ങൾക്ക് പകരം വാരികകളും , മാസികകളുമാണ് വായിക്കുന്നത്. അതുമോശമെന്നല്ല, എന്നാൽ അവയിലച്ചടിച്ചുവരുന്ന നിലവാരമില്ലാത്ത നീണ്ടകഥകളും മറ്റും വായിച്ച് ജീവിതത്തിൽ അതു പകർത്താൻ ശ്രമിയ്ക്കുന്നതിന്റെ ഫലമായി കുടുംബാന്തരീക്ഷങ്ങളിൽ അസ്വസ്തകൾ ഉണ്ടാകാറുണ്ട്. ദൂരദർശനിലൂടെ സംപ്രക്ഷണം ചെയ്യുന്ന പരിപാടികൾ ആസ്വദിയ്ക്കുന്നവരാണ് ഭൂരിഭാഗം ജനങ്ങളും, എന്നാൽ ദൂരദർശൻ പരിപാടികൾ പലപ്പോഴും നിലവാരത്തകർച്ച ബാധിച്ചവയും സകുടുംബം കാണാൻ പറ്റാത്തതുമാണെന്ന് ഏവരും സമ്മതിയ്ക്കുന്നു.

ഗ്രന്ഥശാലകളും വായനശാലകളും - വട്ടിയൂർക്കാവ് പഞ്ചായത്തിൽ പലവാർഡുകളിലും ഗ്രന്ഥശാലകളോ, വായനശാലകളോ ഇല്ല. മാത്തുവിളാകം വാർഡിൽ വഴയില ഭാഗത്തായി വിന്നേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും ലൈബ്രറിയും ഒരുമിച്ച് പ്രവർത്തിയ്ക്കുന്നു. 1973 -ൽ സ്ഥാപിതമായ ഇതിന്റെ അവസ്ഥ ശോചനീയമാണ്. ഏകദേശം 3600 പുസ്തകങ്ങളും ഇവിടെയുണ്ടെങ്കിലും വായനക്കാരുടെ എണ്ണം കുറവാണ്.

അന്തരിച്ച മുൻ പഞ്ചായത്തു പ്രസിഡൻറ് ശ്രീ.റ്റി. അരുണാചലം പിള്ള അവർകളുടെ നാമധേയത്തിൽ ഒരു ഗ്രന്ഥശാല നെട്ടയം കേന്ദ്രമാക്കി പ്രവർത്തിയ്ക്കുന്നു. ഇതിന്റെ അവസ്ഥയും ശോ

ചനീയം തന്നെ 1982 -ൽ ഏപ്രിൽ മാസത്തിൽ ആരംഭിച്ച ഈ ഗ്രന്ഥശാലയിൽ 1520 പുസ്തകങ്ങളുണ്ട്. 205 അംഗങ്ങളുള്ളതിൽ 185 -പേർ പുരുഷന്മാരും 20 പേർ സ്ത്രീകളുമാണ്, അഞ്ചു മലയാളം പത്രങ്ങളും ഒരു ഇംഗ്ലീഷ് പത്രവും നാലുവാരികളും രണ്ടുമാസികളുമുണ്ട്. ശ്രീരാമ കൃഷ്ണമിഷന്റെ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിനു സ്വന്തമായി ഒരു ആസ്ഥാനമുണ്ടാക്കേണ്ടതാണ്. രജിസ്റ്റർ നമ്പർ 3994 -ആയി 1962 -ൽ സ്ഥാപിതമായി പിടയണി വാർഡിൽ പാപ്പാട് സ്ഥിതി ചെയ്യുന്ന സത്കലാ ഗ്രന്ഥശാലയാണ് മറ്റൊന്ന്. ആകെ 2,479 പുസ്തകങ്ങൾ ഇവിടെയുണ്ട്. 280 അംഗങ്ങൾ നിലവിലുള്ളതിൽ 30 പേർമാത്രമാണ് സ്ഥിരം വായനക്കാർ. പഴകിയതെങ്കിലും സ്വന്തമായി ഒരുകെട്ടിടമുണ്ട്. മൂന്നുപത്രങ്ങളും അഞ്ചുമാസികകളും മൂന്നു വാരികകളും വരുത്തുന്നുണ്ട്. ഈ ഖേലയിലെ സാംസ്കാരിക പരിവർത്തനത്തിനു ധാരാളം സംഭാവനകൾ നൽകിയുട്ടുള്ള ഇതിന്റെ ശോചനീയാവസ്ഥയ്ക്കു മാറ്റം വരുത്തേണ്ടതാണ്.

സത്കലാ ഗ്രന്ഥശാലയ്ക്ക് സമീപം സോഷ്യൽ വെൽഫയർ ബോർഡിന്റെ കീഴിലുള്ള സോഷ്യൽ വെൽഫയർ സെൻററും വനിതാ സമാജം എന്നിവ പ്രവർത്തിയ്ക്കുന്നുണ്ട്. ഇവിടെ ഒരു നഴ്സറിയും തയ്യൽ പരിശീലന കേന്ദ്രവും ഉണ്ട്. പത്ത് സെൻറു സ്ഥലവും കെട്ടിടവും സ്വന്തമായുള്ള ഈ സ്ഥാപനത്തിൽ മൂന്നു വനിതകൾ ജോലി നോക്കുന്നു.

മണലയം വാർഡിൽ പ്രവർത്തിയ്ക്കുന്ന ഗ്രന്ഥശാലകളിലൊന്നിൽ കരുണാ തിയേറ്റേഴ്സ് പ്രവർത്തിയ്ക്കുന്നു. ആ പ്രദേശത്തെ ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനും കലാബോധം വളർത്തുന്നതിനും പ്രസ്തുത സംഘടനയുടെ സംഭാവന വലുതാണ്.

വെള്ളൈക്കടവ് വാർഡിൽ പ്രവർത്തിയ്ക്കുന്ന ഗ്രന്ഥശാലകളിലൊന്ന് മൂന്നാംമുട് കേന്ദ്രമാക്കി പ്രവർത്തിയ്ക്കുന്ന സത്യൻ സ്മാരക ഗ്രന്ഥശാലയാണ്. ഈ വാർഡിൽ പ്രവർത്തിയ്ക്കുന്ന കൈരളി ഗ്രന്ഥശാലയണ് മറ്റൊന്ന്. അനവധി പുസ്തകങ്ങൾ ഉള്ള ഈ ഗ്രന്ഥശാലയെ നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വളർത്തിയെടുക്കേണ്ടതാണ്.

കുലശേഖരത്ത് സ്ഥിതി ചെയ്യുന്ന മഹാത്മജി സ്മാരക ഗ്രന്ഥശാല ആ മേഖലയിലെ വായനക്കാരുടെ സാംസ്കാരിക നിലവാരത്തിന്റെ നാഴികക്കല്ലാണ്. മഹത്ഗ്രന്ഥങ്ങൾ ഉൾപ്പെടെ വലിയൊരു പുസ്തകശേഖരം ഈ ഗ്രന്ഥശാലയിലുണ്ട് എങ്കിലും സ്ഥിരം വായനക്കാരുടെ എണ്ണം കുറവാണ്. ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കികൊണ്ട് പോകണമെന്നാഗ്രഹിയ്ക്കുന്ന സംഘാടകരാണ് ഈ സ്ഥാപനത്തിന്റെ മുതൽക്കൂട്ട്.

കൊടുങ്ങാന്നൂർ സ്ഥാപിച്ചിട്ടുള്ള ന്യൂസ്റ്റാ എന്നപേരിലറിയപ്പെടുന്ന ഗ്രന്ഥശാല പഴയ 'ഉദയ' ഗ്രന്ഥശാലയാണ്. ഇവിടെ ഇപ്പോൾ നൂറോളം പുസ്തകങ്ങളുണ്ട്. അതിനെ അഭിവൃദ്ധിപ്പെടുത്താനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ കൊടുങ്ങാനൂർ കോന്ദ്രമാക്കി പ്രവർത്തിയ്ക്കുന്ന ചന്ദ്രകലാ തിയേറ്റേഴ്സ് എന്ന വായനശാലയും ഈ പ്രദേശത്ത്. സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി പ്രവർതിതിയ്ക്കുന്ന വായനശാലയാണ്. മേൽപറഞ്ഞ ഗ്രന്ഥശാലകളെ നല്ലരീതിയിൽ പ്രവർത്തിപ്പിയ്ക്കുന്നതിന് പഞ്ചായത്ത് സമിതിയും, ഗ്രാമസഭയും നടപടി കൈകൊള്ളേണ്ടതാണ്.

മറ്റു സാംസ്കാരിക സ്ഥാപനങ്ങൾ - വെള്ളൈക്കടവ് വാർഡിൽ പാണാങ്കര പ്രദേശത്ത് 'ഗ്രാമോദ്ധാരണ' മാതൃഭൂമി സ്റ്റഡിസർക്കിൾ എന്ന സ്ഥാപം കഴിഞ്ഞ 12 വർഷമായി പ്രവർത്തിയ്ക്കുന്നു. വാടകകെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന ഇവിടെ റീഡിംഗ് റൂമും, റ്റി.വി. സെറ്റും, ഫുട്ബോൾ വോളിബാൾ, ബാറ്റ്മിൻറൻ തുടങ്ങിയ സ്പോർട്സ് ക്ലബ്ബും പ്രവർത്തിയ്ക്കുന്നു. കൂടാതെ മൂന്നാംമൂട് ജയ്ഹിന്ദ് കലാസാംസ്കാരിക കേന്ദ്രം, കുലശേഖരം ശ്രീചിത്തിര ആർട്സ് ആൻറ് സ്പോട്സ് ക്ലബ്ബ്, മാസ് ആഡിറ്റോറിയം കടയൽ മുടുമ്പ്, മേലേക്കടവിലുള്ള അഗതിമന്ദിരം (സ്വീഡൻ സായിപ്പ് നടത്തുന്നത്) മൂന്നാംമൂട് അന്ധബധിരവിദ്യാലയം, തിട്ടമംഗലത്തുള്ള സർക്കാർ അംഗീകാരമുള്ള ചിന്മയാമിഷൻ നടത്തുന്ന ശ്രീ ശങ്കരബാലാശ്രമം, നെട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന പുരോഗമന കലാ-സാഹിത്യസംഘത്തിന്റെ ഒരു യൂണിറ്റും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ നെട്ടയം വാർഡിൽ തിരുവനന്തപുരം ''വ്യാസ'' എന്ന നാടകസമിതിയും, സ്വരസംഘം എന്ന പേരിലുള്ള ഗാനമേള ട്രൂപ്പും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വാഴോട്ടുകോണത്തു പഞ്ചായത്തുവക ഒരു ''കമ്മ്യൂണിറ്റി ഹാളും'' നിലവിലുണ്ട്. വയലാർ നാടകവേദി എന്ന പേരിൽ ഒരു സാസ്കാരിക കേന്ദ്രവും സംഗീത വിദ്യാലയവും പഞ്ചായത്തു മേഖലയിൽ നെട്ടയം വാർഡിൽ പ്രവർത്തിക്കുന്നു.

കലാകായിക രംഗം

കലാ-കായിക രംഗങ്ങളിൽ ശ്രദ്ധേയരായ പലരും നമ്മുടെ പഞ്ചായത്തു മേഖലയിലുണ്ട്. കലാ-കായിക. താരങ്ങളുടെ പ്രതിഭ വളർത്തുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിലും മറ്റും മേളകൾ സംഘടിപ്പിക്കാറുണ്ടെങ്കിലും അവ വെറും ഒരു ചടങ്ങു മാത്രമായിരുന്നു. കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ ഉതകുന്ന സംവിധാനങ്ങൾ ഒന്നും നമ്മുടെ പഞ്ചായത്തിലില്ല. അന്തർ ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ള കായികതാരങ്ങളെ വാർത്തെടുക്കണമെങ്കിൽ അതിനുവേണ്ടുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കണം. ആകെ പഞ്ചായത്തിലുള്ളത് വഴയിലയുള്ള ഒരു മിനി സ്റ്റേഡിയം മാത്രമാണ്. കലാരംഗത്താണ് കൂടുതൽ മുരടിപ്പ് അനുഭവപ്പെടുന്ന കാര്യം ഇവിടെ അടിവരയിട്ടു സൂചിപ്പിക്കുകയാണ്. ഇന്ന് നമ്മുടെ സാമൂഹിക വ്യവസ്ഥിതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക മൂല്യച്യുതിയ്ക്കും, ജീർണതയ്ക്കും ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി കലാ-സാഹിത്യ രംഗങ്ങളിലെ പ്രതിഭകളെ കണ്ടെത്തി അവരെ പ്രാപ്തരാക്കണം. മനുഷ്യമനസ്സുകളിലെ കുറ്റവാസനകളെ ജനപ്പിക്കുന്നവിധം പടച്ചുവിടുന്ന കലാസൃഷ്ടികളെയും, സാഹിത്യസൃഷ്ടികളെയും വേർതിരിച്ചറിഞ്ഞ്, ജനങ്ങളെ അതിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള ഉറവിടങ്ങൾ കണ്ടെത്തുകയും ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യണം.

ഉത്സവങ്ങൾ - ആഘോഷങ്ങൾ

കേരളക്കരയിലാകെ എന്നതുപോലെ നമ്മുടെ പഞ്ചായത്തിലും എല്ലാവരും ഒരുമയോടെ ആഘോഷിക്കുന്ന ഒന്നാണ് ഓണം. ക്രൈസ്തവാനികളുടെ ആഘോഷമായ ക്രിസ്തുമസ്സും, മുസ്ലീങ്ങളുടെ ആഘോഷമായ ബക്രീദും, റംസാനുമെല്ലാം ഒരുമയോടെ ആഘോഷിക്കുന്നില്ലെങ്കിൽപോലും ഭാഗികമായിട്ടെങ്കിലും, എല്ലാവിഭാഗം ജനങ്ങളെയും അണിനിരത്തുവാൻ കഴിയുന്നു. ഹിന്ദുക്കൾ ശിവരാത്രിയും, ദീപാവലിയും, കൃത്തികയും വിഷുവും, ദുർഗ്ഗാഷ്ടമിയുമൊക്കെ ആഘോഷിക്കാറുണ്ട്. ചില സ്ഥലങ്ങളിൽ വയലുകളിൽ മുടിപ്പുര കെട്ടി തോറ്റൻ പാട്ടോടുകൂടിയ കാളിയൂട്ടു മഹോത്സവങ്ങൾ നടത്താറുണ്ട്. ഇവിടങ്ങളിൽ അരങ്ങേറുന്ന കലാരൂപങ്ങളിൽ പ്രാദേശിക കലാകാരന്മാരും നാടൻ കലാരൂപങ്ങൾക്കും മറ്റുക്ഷേത്രകലാകാരന്മാർക്കും പ്രാതിനിധ്യം കുറവാണെന്ന ദുഃഖസത്യം ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

ആഗോളവ്യാപകമായി അത് അത്ഭുതകരമായ ശാസ്ത്രനേട്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും, നമ്മുടെ നാട്ടിലെ ഭൂരിഭാഗം ജനങ്ങളും, അന്ധവിശ്വാസങ്ങളുടെയും, അനാചാരങ്ങളുടെയും പുറകെ പരക്കം പായുന്നതുകാണുമ്പോൾ നമ്മുടെ സാസ്കാരിക പൈതൃകത്തിനേറ്റ വൈകല്യത്തെക്കുറിച്ചോർത്ത് ലജ്ജിക്കുകയേ നിവൃത്തിയുള്ളൂ.

സാസ്കാരിക രംഗത്തു നടപ്പിലാക്കേണ്ട പദ്ധതികൾ

1. പഞ്ചായത്തിലെ ഓരോ വാർഡുകളിലും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ വായനശാലകൾ സ്ഥാപിക്കണം.
2. ഒന്നും രണ്ടും വാർഡുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ തരത്തിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കണം.
3. പഞ്ചായത്തിലെ മുഴുവൻ സാസ്കാരിക സ്ഥാപനങ്ങളുടെയും കേന്ദ്രമെന്ന നിലയിൽ നെട്ടയത്തു ഒരു സാസ്കാരിക കേന്ദ്രം പണിയുക. (ആഡിറ്റോറിയവും ഗ്രന്ഥശാലയും ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ഹാൾ)
4. കായികതാരങ്ങളെ പരിശീലിപ്പിക്കുന്നതിനുവേണ്ടി പൊതുമൈതാനങ്ങൾ നിർമ്മിക്കുകയും അതിനാവശ്യമായ സംവിധാനങ്ങളുണ്ടാക്കുകയും വേണം.
5. പ്രാചീന കലാരൂപങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും വേണ്ടി ഒരു കലാവിദ്യാലയം പഞ്ചായത്തു തലത്തിൽ സ്ഥാപിക്കണം. അതിനാവശ്യമായ പരിശീലകർ ഈ പഞ്ചായത്തു മേഖലയിൽ തന്നെയുണ്ടെന്ന കാര്യം ഓർമിപ്പിക്കുന്നു.
6. സർഗ്ഗവൈഭവമുള്ള കലാപ്രതിഭകളെയും, മികവുറ്റ കായിക താരങ്ങളേയും പഞ്ചായത്തുദത്തെടുത്ത് അവർക്കു വളരുവാനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കണം.
7. പ്രാദേശിക തലത്തിലുള്ള യുവസാഹിത്യ പ്രതിഭകളെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു പ്രതിമാസ പ്രസിദ്ധീകരണം ആരംഭിക്കണം.

8. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി സന്നദ്ധസംഘടനകൾക്ക് രൂപം നൽകണം.

9. അവശതയനുഭവിക്കുന്നു പഞ്ചായത്തു മേഖലയിലെ വൃദ്ധജനങ്ങളെ അധിവസിപ്പിക്കുന്നതിനുവേണ്ടി ഒരു അഗതിമന്ദിരം സ്ഥാപിക്കണം.

10. വർഗ്ഗീയതയ്ക്കതിരെയുള്ള ആശയപ്രചാരണത്തിനുപകരിക്കത്തക്കവിധം ഒരു മാനവമൈത്രീ പ്രസ്ഥാനത്തിനു രൂപം നൽകണം.

11. കലാ-കായിക മത്സരങ്ങൾ യഥാസമയം നടത്തി പ്രതിഭകൾക്ക് ഗുണകരമായ വിധത്തിലുള്ള സമ്മാനങ്ങൾ ഏർപ്പെടുത്തുക.

12. വില്ലടിച്ചാൻ പാട്ട്, കമ്പടികളി, കളരിപ്പയറ്റ്, തിരുവാതിരക്കളി തുടങ്ങിയ കേരളീയ നാടൻ കലകളിൽ പ്രാവീണ്യമുള്ള കലാകാരന്മാർ ഈ പഞ്ചായത്തു പ്രദേശത്തുണ്ട്. അവരെ ഏകോപിപ്പിച്ച് നാടൻ കലകളെ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തു തലത്തിൽ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

13. നിലവിലുള്ള മഠത്തുവിളാകം വാർഡിലുള്ള വിന്നേഴ്സ് ലൈബ്രറി, പിടയണി വാർഡിലെ സത്കലഗ്രന്ഥശാല, നെട്ടയം വാർഡിലെ അരുണാചലം പിള്ള സ്മാരക ഗ്രന്ഥശാല തുടങ്ങിയ ഗ്രന്ഥശാലകൾക്ക് സ്വന്തമായ സ്ഥലവും, കെട്ടിടവും, നിർമിക്കേണ്ടതിനു ആവശ്യമായ ധനസഹായം ലഭ്യമാക്കേണ്ടതാണ്.

14. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നെട്ടയം കേന്ദ്രമാക്കി ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുക.

15. പിടയണി വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ ഏകസോഷ്യൽ വെൽഫയർ സെൻററിന്റെ കെട്ടിടം ഇന്നുവളരെ ജീർണാവസ്ഥയിലാണ്. വെൽഫയർ സെൻററിനു ആധുനിക രീതിയിലുള്ള കെട്ടിടം ഉണ്ടാകേണ്ടത്.



(9) വനിത

വട്ടിയൂർക്കാവ് പഞ്ചായത്തിലെ ജനസംഖ്യയിൽ 50.6 ശതമാനം സ്ത്രീകളാണ്. നമ്മുടെ സംസ്ഥാന ശരാശരിയായ 1000 പുരുഷന്മാർക്ക് 1036 എന്ന കണക്കിനേക്കാൾ കുറവാണ് ഈ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം. അതായത് 1000 പുരുഷന്മാർക്ക് 1024 സ്ത്രീകൾ.

ഈ പഞ്ചായത്തിലെ കാർഷിക-തൊഴിൽ-വിദ്യാഭ്യാസ- വ്യവസായ-ആരോഗ്യ-സാമൂഹിക മേഖലകളിലൂടെ ഒരു എത്തിനോട്ടം നടത്തിയാൽ സ്ത്രീകൾക്ക് ഈ മേഖലയിലെ പങ്കും, അവർ അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങളും, അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും നമുക്ക് കണ്ടെത്തുവാനും വിശദമായ പഠനത്തിനു സാധിക്കും.

എ. കാർഷിക മേഖല

കാർഷിക മേഖലയിലെ തളർച്ചയും, ഉല്പാദനകുറവും കർഷകതൊഴിലാളികളുടെ തൊഴിലവസരങ്ങൾ കുറക്കുവാനും, അവരുടെ കുടുംബവരുമാനം നാമമാത്രമായി അവശേഷിക്കുവാനും ഇടയായി. ഈ മേഖലയിൽ പണിയെടുത്തിരുന്നവർ ഇന്ന് ഉപജീവനത്തിനായും മികച്ച കൂലി സൗകര്യത്തിനായും കെട്ടിടനിർമ്മാണം, റോഡ്പണി, ചല്ലിയടിക്കൽ തുടങ്ങിയ ജോലികളിൽ വ്യാപൃതരായി. നഗരപ്രദേശങ്ങളിൽ ഇത്തരം തൊഴിലവസരങ്ങൾ കൂടുതലുള്ളതിനാൽ കൂടുതൽ പേരും നഗരപ്രദേശത്തും അതിന് ചുറ്റുമായി കുടിയേറി.

ഈയൊരു സ്ഥിതിവിശേഷത്തിൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ കർഷകകുടുംബങ്ങൾക്ക് മോചനം ഉറപ്പുവരുത്തുവാനും, അവരുടെ മനുഷ്യപ്രയത്നം പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഉപയുക്തമാക്കുകയും വേണം. പ്രത്യേകിച്ചും സ്ത്രീതൊഴിലാളികളെ കാർഷിക മേഖലയിലേക്ക് പുനരധിവാസം നടത്തി അവരുടെ അധ്വാനഭാരം കുറക്കുകയും, സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇവർ നിർമ്മാണ-പീഡിത മേഖലകളിൽ പ്രവർത്തിക്കുമ്പോൾ ശാരീരികവും, മാനസികവുമായ അവരുടെ ആരോഗ്യത്തിനും ആയുസ്സിനും കോട്ടം തട്ടും.

കാർഷികമേഖലയിലെ മുന്നേറ്റ പ്രവർത്തനങ്ങളിൽ ക്രിയാത്മക ഘടകമായി മാറുവാനും, മാറ്റുവാനും സ്ത്രീകൾക്ക് കഴിയണം. പച്ചക്കറികൃഷി, ഔഷധകൃഷി, ഉദ്യാനകൃഷി തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ ശ്രദ്ധ തിരിയുവാനും അതുവഴി മിച്ചവരുമാനം സമ്പാദിക്കുവാനും കഴിയണം.

അതുപോലെ സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാവുന്ന മേഖലയാണ് കന്നുകാലി വളർത്തലും - ക്ഷീരവികസനവും. ഈ മേഖലകളിൽ നല്ല സാധ്യതയാണുള്ളത്. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിച്ച് ഒരു പ്രദേശത്തെ രണ്ടോ-അതിലധികമോ വനിതകൾക്ക് സ്വയം തൊഴിൽ സാധ്യത സൃഷ്ടിക്കുവാൻ കഴിയും. പാലുല്പന്നവും, വിതരണവും മാത്രമല്ല ഈ മേഖലയോടനുബന്ധിച്ച് പാലുല്പന്ന നിർമ്മാണത്തിനും, വിപണനത്തിനും ഗണ്യമായ മുന്നേറ്റ സാധ്യതകളുമുണ്ട്.

ഈ പഞ്ചായത്തിലെ കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ സ്ഥിതി പരിശോധിച്ചാൽ സ്ത്രീസാന്നിദ്ധ്യം വളരെ ശോചനീയമാണെന്ന് കാണുവാൻ സാധിക്കും.

	പുരുഷന്മാർ	സ്ത്രീകൾ
കാർഷികമേഖല	2168	326
മൃഗസംരക്ഷണം	101	30

● അവലംബം - 1991 ലെ സെൻസസ്.

തൊഴിൽ മേഖലകളിൽ മറ്റ് പഞ്ചായത്തുകളിൽ നിന്ന് വ്യത്യസ്തമായി മറ്റ് മേഖലയെ അപേക്ഷിച്ച് സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യ വേതനം ലഭിക്കുന്നുണ്ട്.

തൊഴിൽമേഖല	പുരുഷന്മാർ	സ്ത്രീകൾ
കർഷകതൊഴിലാളി	100	100
നിർമ്മാണതൊഴിലാളി	110	130

ബി. തൊഴിൽമേഖല

സാങ്കേതിക രംഗത്ത് മികവ് കാട്ടിയവരുൾപ്പെടെയുള്ള ഉന്നതബിരുദങ്ങൾ നേടിയ സ്ത്രീകൾ വളരെയേറെയുണ്ടെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം അനുദിനം കുറഞ്ഞ് വരുകയാണ്. ഒട്ടുമിക്ക സ്ത്രീകളും സർക്കാർ സർവ്വീസുകളിലും, മറ്റ് സ്വകാര്യമേഖലകളിലും പ്രവർത്തിക്കുവാൻ താല്പര്യം കാട്ടുന്നു.

പരമ്പരാഗത തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്ക് കുറയുകയാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. തൊഴിൽ ദിനങ്ങളുടെ കുറവ്, കുറഞ്ഞ വേതനം, തൊഴിൽജന്യരോഗങ്ങൾ, വർധിച്ച് വരുന്ന ജീവിത ചെലവ് തുടങ്ങിയവ ഈ മേഖലയിലെ സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ നശിപ്പിച്ച് കൊണ്ടിരിക്കുന്നു. ഇവർക്കായി നിലവിലുള്ള സർക്കാർ സ്കീമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, അർഹതപ്പെട്ടവർക്ക് അത് സാധിത പ്രായമാക്കികൊടുക്കുകയും വേണം.

തൊഴിൽ മേഖല	പുരുഷന്മാർ.	സ്ത്രീകൾ
പാറയുടക്കൽ	51	4
നിർമ്മാണം, സർവ്വീസ്, ഗാർഹിക വ്യവസായം	866	254
കെട്ടിടനിർമ്മാണം	635	21
വ്യാപാരം, വാണിജ്യം	925	193
ഗതാഗതം, സ്റ്റോറേജ്	718	59
നാമമാത്ര തൊഴിലാളികൾ	599	301
മറ്റ് മേഖല	1715	947

(● അവലംബം - 1991 സെൻസസ്)

മുകളിൽ പ്രസ്താവിച്ച പട്ടികയനുസരിച്ച് സ്ത്രീകളുടെ പങ്ക് എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുവാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിൽ ഒരു മേഖലയിലും പണിയെടുക്കാത്ത പുരുഷന്മാരുടെ എണ്ണം 8,141 ആയിരിക്കുമ്പോൾ സ്ത്രീകളുടെത് 14,783 ആണ്.

സി. ചെറുകിട വ്യവസായം

വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള മേഖല ചെറുകിടവ്യവസായ യൂണിറ്റുകളാണ്. എന്നാൽ മിക്ക ചെറുകിട യൂണിറ്റുകളുടേയും ആധിപത്യം പുരുഷന്മാർ കൈയടക്കിയിരിക്കുകയാണ്. വനിതാവികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം തുടങ്ങിയ ഏജൻസികൾ മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തം കുറച്ചെങ്കിലും നിലനിർത്തുന്നത്. ഈ അവസരങ്ങൾ തന്നെ അജ്ഞതമൂലവും, മറ്റ് കാരണങ്ങളാലും വേണ്ടവിധം ഉപയോഗപ്പെടുത്തുന്നുമില്ല. മെഴുകുതിരി, റെഡിമെയ്ഡ്, അച്ചാർ, കുറ്റിമുല്ലകൃഷി, ആടുവളർത്തൽ എന്നിങ്ങനെയുള്ള മേഖലകളിൽ മാത്രം സ്ത്രീ പങ്കാളിത്തം ഒതുങ്ങിനിൽക്കുന്നു. ഇവതന്നെ വേണ്ടത്ര വിപണന സൗകര്യങ്ങളുടെ കുറവ്, ലാഭമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ലഭ്യമായ വായ്പകൾ തിരിച്ചടക്കുവാൻ കഴിയാത്ത അവസ്ഥയിലുമാണ്.

പ്രശ്നങ്ങൾ

1. ലാഭമില്ലായ്മ
2. വിപണന സൗകര്യകുറവ്
3. ഗുണമേന്മയില്ലായ്മ
4. ക്രിയാത്മകമായ മാനേജ്മെൻറ് അഭാവം
5. പരിശീലനത്തിൻെറ കുറവ്

സാധ്യതകൾ:

1. പഞ്ചായത്ത്തലത്തിൽ പച്ചക്കറി, ചെറുകിടവ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ വിറ്റഴിക്കുവാൻ വനിതാ സഹകരണ മാർക്കറ്റിംഗ് ഫ്രഡറേഷന് രൂപം നൽകണം.
2. ഫ്രഡറേഷന് കീഴിൽ പഞ്ചായത്തിലെ വിവിധഭാഗങ്ങവിൽ അനുബന്ധ യൂണിറ്റുകൾ സ്ഥാപിക്കണം.
3. വിവിധ മേഖലകളിൽ പണിയെടുക്കുന്നവർക്ക് വേണ്ടത്ര പരിശീലനവും സാങ്കേതിക പരിജ്ഞാനവും സാധിതമാക്കണം.
4. ആവശ്യമായ ധനാഗമ മാർഗ്ഗങ്ങൾ വിവിധ ഏജൻസികൾവഴി ലഭ്യമാക്കണം.
5. സർക്കാർ ഏജൻസികളിൽ നിന്നുള്ള സഹായം യഥാർത്ഥ തൊഴിൽ സംരഭകർക്കും, ഗുണഭോക്താക്കൾക്കും ലഭ്യമാക്കണം.

ട്രൈസം പദ്ധതിയനുസരിച്ച് പ്ലാസ്റ്റിക് ജോലി, ബുക്ക് ബൈൻഡിംഗ്, എംബ്രോയഡറി, റെഡിമെയ്ഡ് ഗാർമെൻറ്സ്, കുടനിർമ്മാണം തുടങ്ങിയ മേഖലകളിൽ പഞ്ചായത്തിൽ 56 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും, ഇതിൽ 44 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തു.

DWCRA പദ്ധതിപ്രകാരം 1992-93 കാലയളവിൽ പഞ്ചായത്തിലെ XIII -ാം വാർഡിൽ 12 പേർക്ക് കുട നിർമ്മാണത്തിലും, 1994-95 വർഷത്തിൽ XIII -ാംവാർഡിൽ 10 പേർക്ക് കുമിൾ കൃഷിയിലും, 1995-96 -ൽ VII -ാം വാർഡിൽ 10 പേർക്ക് കുമിൾകൃഷിയിലും തൊഴിൽ സംരഭങ്ങൾ തുടങ്ങുവാൻ സാധിച്ചു.

ഡി. ആരോഗ്യം:

പഞ്ചായത്തിൽ സ്ത്രീകളും, കുട്ടികളും കൂടുതലാണ്. ആരോഗ്യരംഗത്ത് മതിയായ പരിഗണനയും വിശാലമായ കാഴ്ചപ്പാടും കൂടുതൽ ഉണ്ടാകേണ്ടിയിർക്കുന്നു. ആശുപത്രികളിൽ സ്ത്രീകളുടേയും, കുട്ടികളുടേയും തിരക്ക് കാണിക്കുന്നത് ആരോഗ്യരംഗത്ത് അവർ പിന്തള്ളപ്പെട്ടിരിക്കുന്നുവെന്നതിന്റെ സൂചനതന്നെയാണ്.

സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിൽ പ്രൈമറി ഹെൽത്ത് സെൻററുകൾക്ക് അർഹമായ പങ്ക് വഹിക്കുവാനുണ്ട്. പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററുകളുടെ എണ്ണം വളരെ പരിമിതമാണ്. 13 വാർഡുകളിലെ പ്രവർത്തനത്തിന് ഒരു പ്രൈമറി ഹെൽത്ത് സെൻററാണ് ഉള്ളത്. അതും പഞ്ചായത്തിന്റെ ഒരു കോണിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമോ മറ്റ് സൗകര്യമോ ഇതിനില്ല. ആവശ്യത്തിന് ചികിൽസാ സൗകര്യമോ, വേണ്ടത്ര മരുന്നുകളോ ലഭിക്കുന്നുമില്ല.

പ്രശ്നങ്ങൾ:

1. ജനബാഹുല്യമനുസരിച്ച് വേണ്ടത്ര പ്രൈമറി ഹെൽത്ത് സെൻററുകളില്ല.
2. ശിശുജന്യ രോഗങ്ങളെകുറിച്ചുള്ള അജ്ഞത
3. പ്രാഥമിക സൗകര്യങ്ങൾക്കുള്ള അപര്യാപ്തത.

സാധ്യതകൾ:

1. ശിശു - മാതൃപരിപാലനത്തിൽ പൂർണ്ണമായ സാമൂഹ്യവൽക്കരണം.
2. സ്ത്രീകളേയും, സ്ത്രീകൾക്കുണ്ടാകുന്ന രോഗങ്ങളേയും കുറിച്ച് അവരെ ബോധവതികളാക്കുക.
3. ശുചിത്വം, ശരിയായ ആഹാരരീതി, ചിക്ത്സാ മാർഗ്ഗങ്ങൾ
4. പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻററുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, വേണ്ടത്ര മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുക.
5. സഹകരണ മേഖലയിൽ വേണ്ടത്ര സൗകര്യങ്ങളോടെ മികച്ച സേവനം ലഭിക്കത്തക്കവിധത്തിൽ ആശുപത്രി സ്ഥാപിക്കുക.

പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലാണെങ്കിലും വരുംതലമുറയിൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞ് വരുന്നതായി താഴെകാണുന്ന പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കും.

0-6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം	ആൺകുട്ടികൾ - 2,252
	പെൺകുട്ടികൾ - 2,130

സി. വിദ്യാഭ്യാസം

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 3629 വിദ്യാർത്ഥികളിൽ 1788 പെൺകുട്ടികളുണ്ട്. അതുപോലെതന്നെ സാക്ഷരതയുടെ കാര്യത്തിലും സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന് പുരുഷന്മാരോടൊപ്പം എത്തുവാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.

	പുരുഷന്മാർ	സ്ത്രീകൾ
സാക്ഷരത	13728	13274

അഭ്യസ്തവിദ്യരായ സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും സർക്കാർ സർവ്വീസുകളിലും, മറ്റ് മേഖലകളിലും ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം വളരെകുറവാണ്. പഞ്ചായത്തിൽ 1991 ലെ സെൻസസനുസരിച്ച് ഒരു മേഖലയിലും പണിയെടുക്കാത്ത സ്ത്രീകളുടെ എണ്ണം 14,783 ആണ്. ഇത് വളരെ ആശങ്കാ ജനകമായ സ്ഥിതിയാണ്.

പ്രശ്നങ്ങൾ:

1. മതിയായ വിദ്യാഭ്യാസം ലഭിച്ചിട്ടും അർഹിക്കുന്ന ജോലി ലഭിക്കുന്നില്ല.
2. വിവാഹാനന്തരം ജോലിതേടുന്ന ശ്രമം ഉപേക്ഷിക്കുന്നു.
3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ്
4. സാമൂഹിക ബന്ധമില്ലായ്മ
5. സേവനത്തുറകളിലെ സ്ത്രീകളുടെ അസാന്നിദ്ധ്യം

സാധ്യതകൾ:

1. തൊഴിൽശാലകളിലും, സർക്കാർ സർവ്വീസുകളിലും വേണ്ടത്ര സംവരണം.
2. വേണ്ടത്ര പരിശീലനം നൽകൽ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുക.
3. സേവന മേഖലയിലും, സാമൂഹിക പ്രശ്നങ്ങളിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

4. സ്ത്രീകൾക്ക് അർഹമായ പരിഗണനയും സ്ഥാനവും നൽകുക.

എഫ്. സാമൂഹിക ക്ഷേമം

സ്ത്രീകളുടെ ക്ഷേമം ഉറപ്പ്വരുത്തേണ്ടത് സമൂഹബാധ്യതയാണ്. സാംസ്കാരികവും, സാമൂഹികവും, മാനസ്സികവും, ശാരീരികവുമായ പീഡനങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കേണ്ടതുണ്ട്.

സ്ത്രീപീഡനം, ലൈഗികാക്രമണം, മാധ്യമങ്ങളിലെ അശ്ലീലവും, സ്ത്രീവിരുദ്ധാക്രമണവും, പുരുഷന്മാർക്കിടയിലെ മദ്യപാനവും ഒക്കെ തുടച്ച്നീക്കുവാൻ സാധിച്ചെങ്കിൽ മാത്രമേ സ്ത്രീക്ഷേമം ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിൽ 31 അങ്കണവാടികളും രണ്ട് ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 13 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. അങ്കണവാടികൾ നിലവിൽവന്ന തോടുകൂടി സ്ത്രീകളുടേയും, കുട്ടികളുടേയും കുറെയൊക്കെ പ്രശ്നങ്ങൾക്കി പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള അംഗൻവാടികളുടെ സൗകര്യംമെച്ചപ്പെടുത്തേണ്ടതുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുവാനുള്ള വേദിയാക്കി അങ്കണവാടികളെമാറ്റുവാൻ കഴിയണം.

ഗ്രാമീണ മേഖലയിൽ ധാരാളം വായനശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടേയ്ക്ക് കടന്ന് ചെല്ലുവാൻ സ്ത്രീകൾ ഇന്നും അറയ്ക്കുകയാണ്. ഇക്കാര്യത്തിലും സ്ത്രീകളെ ബോധവൽക്കരിക്കേണ്ട ആവശ്യമുണ്ട്.

മഹിളാ പ്രസ്ഥാനങ്ങൾ, മഹിളാ സമാജങ്ങൾ, മഹിളാ സഹകരണ സംഘങ്ങൾ എന്നിവ മുഖേന സ്ത്രീകളെ സംഘടിപ്പിക്കുവാനും, അവരിൽ സാമൂഹിക പ്രതിബദ്ധത സൃഷ്ടിക്കുവാനും സാധിക്കും.

പ്രശ്നങ്ങൾ

1. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ കുറവ്
2. പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം.
3. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
4. സ്ത്രീപീഡനം
5. അനാചാരം
6. പൊതുമാധ്യമങ്ങളിലെ സ്ത്രീചൂഷണം
7. പൊതുസ്ഥലങ്ങളിലെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
8. അംഗനവാടി, ബാലവാടി എന്നിവിടങ്ങളിൽ ന്യായമായ വേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ലി.
9. ബാലവാടികളിലെ സൗകര്യകുറവ്
10. വിധവാ പെൻഷൻ ലഭിക്കുന്നതിന്റെ കാലതാമസം
11. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായത്തിന്റെ അപര്യാപ്തത.

സാധ്യതകൾ:

1. സ്ത്രീകൾക്കായുള്ള നേതൃത്വപരിശീലനങ്ങൾ
2. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.
3. അങ്കണവാടികളുടേയും, ബാലവാടികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തൽ
4. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരത്തൽ
5. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്കി പ്രത്യേക പരിഗണന.
6. വിധവകൾക്കുള്ള പെൻഷൻ പദ്ധതി സുതാര്യമാക്കുക.
7. വിധവകൾക്കുള്ള പെൻഷൻ പദ്ധതി 35 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കും ലഭ്യമാക്കുക.
8. സാമൂഹികക്ഷേമ പദ്ധതികളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.
9. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം കൂട്ടുകയും, കാലതാമസമില്ലാതെ ലഭ്യമാക്കുകയും ചെയ്യുക.
10. മഹിളാ സമാജങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.
11. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ നേരിടുവാൻ പഞ്ചായത്ത്തല ലീഗൽസെൽ സ്ഥാപിക്കുക.
12. പഞ്ചായത്ത് തല ബോധവൽക്കരണവും, അതിക്രമങ്ങൾക്കിരയാകുന്നവരെ പുനരധിവസിപ്പിക്കുകയും ചെയ്യുക.
13. സാമൂഹിക ക്ഷേമപ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രമാക്കി അങ്കണവാടികളെ മാറ്റുക.
14. വനിതകൾക്കായി ഗ്രാമീണ വായനശാലകൾ തുറക്കുക.

15. വനിതാ സാംസ്കാരിക സംഘടനകൾ ആരംഭിച്ച് സമൂഹത്തിൽ വനിതാ സാന്നദ്ധ്യം ഉറപ്പ്വരുത്തുക.

ജി. പട്ടിക-ജാതി-പട്ടികവർഗ്ഗം

പഞ്ചായത്തിലെ 1991 സെൻസസ് പ്രകാരം പട്ടികജാതിക്കാരുടെ എണ്ണം 3992 ആണ്. ഇതിൽ പുരുഷന്മാർ 1962 ഉം, സ്ത്രീകൾ 2030 ഉം ആണ്. പട്ടികവർഗ്ഗക്കാർ 20 എണ്ണമേ ഉള്ളൂ - 12 പുരുഷന്മാരും 8 സ്ത്രീകളും. സ്ത്രീകൾ തന്നെയാണ് ഈ മേഖലയിലും മുന്നിൽ. അതുകൊണ്ട്തന്നെ കാർഷിക മേഖലയിലെ മുരടിപ്പ് ഈ വർഗ്ഗത്തിലെ കർഷകതൊഴിലാളി സ്ത്രീകളുടെ തൊഴിൽ സാധ്യതക്ക് മങ്ങലേല്പിക്കുന്നു.

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട 376 കുട്ടികൾ പഠിക്കുന്നുണ്ട്. 190 ആൺകുട്ടികളും 186 പെൺകുട്ടികളും.

പ്രശ്നങ്ങൾ:

1. കുട്ടികളുടെ വിദ്യാഭ്യാസം വഴിക്ക്വച്ച് മുടങ്ങുന്നു.
2. തൊഴിൽ സാധ്യത കുറയുന്നു - തൊഴിൽപരമായ പിന്നോക്കാവസ്ഥ
3. കാർഷിക മേഖലയിലെ പിന്നോക്കാവസ്ഥ കർഷക തൊഴിലാളികളെ വലയ്ക്കുന്നു.
4. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത.
5. ദാരിദ്ര്യം, പട്ടിണി.

സാധ്യതകൾ

1. ജനസംഖ്യാനുപാതികമായി വികസന പദ്ധതികൾക്ക് തുകനീക്കി വയ്ക്കണം.
2. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്കീമുകൾ നടപ്പിലാക്കണം.
3. ക്ഷേമ പ്രവർത്തനങ്ങളും, ദാരിദ്ര്യനിർമാർജ്ജന പദ്ധതികളും ഊർജ്ജിതമാക്കണം.
4. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.
5. IRDP, DWCRA പദ്ധതികൾ വിപുലീകരിക്കണം.
6. വിവിധ പെൻഷനുകൾക്കുള്ള നടപടി ഉദാരമാക്കണം.
7. തൊഴിൽരഹിതരേയും, ഭവനരഹിതരേയും പുനരധിവസിപ്പിക്കണം.
8. വിദ്യാഭ്യാസം നിർബന്ധമാക്കണം.

ജനകീയാസൂത്രണ പ്രസ്ഥാന പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ 13 വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗങ്ങളിൽ നടന്ന ഗ്രൂപ്പുചർച്ചയിൽ നിന്നും ഉയർന്ന്വന്ന പൊതുപ്രശ്നങ്ങൾ താഴെ വിവരിക്കുന്നു.

1. വനിതകൾക്ക് കുടിൽ വ്യവസായം ചെയ്യുന്നതിന്വേണ്ട ധനസഹായം ഏർപ്പെടുത്തണം.
2. സ്വയം തൊഴിൽ കണ്ടെത്തുന്നവർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ പഞ്ചായത്ത്തല വിവണന കേന്ദ്രം സ്ഥാപിക്കണം.
3. വനിതകളെ ബോധവൽക്കരിച്ച് അവരുടെ ഉന്നമനത്തിനായ് സ്വയം സഹായ പദ്ധതി (Self Help Group) നടപ്പിലാക്കുക.
4. വട്ടിയൂർക്കാവ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് ധനസഹായവും, കെട്ടിടത്തിന് വേണ്ട സ്ഥലസൗകര്യവും, വൈദ്യുതിയും ഏർപ്പെടുത്തുക.
5. സ്കൂളുകളിൽ പഠനോപകരണങ്ങൾ, ജലലഭ്യത, ഡ്രെയിനേജ് സൗകര്യം എന്നിവ അടിയന്തിരമായി ഏർപ്പെടുത്തുക.
6. സ്കൂളുകളിൽ റിട്ടയർ ചെയ്ത ഒഴിവിലേക്ക് താല്കാലികമായി പഞ്ചായത്തിൽ നിന്ന് യോഗ്യതയുള്ള വനിതകളെ നിയമിക്കുക.
7. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബത്തിലെ പെൺകുട്ടികളെ പഞ്ചായത്തിന്റെ സഹായത്തോടെ സമൂഹവിവാഹം ചെയ്ത് കൊടുക്കുക.
8. നിയമസഭയിലേക്കും, പാർലമെൻറിലേക്കും വനിതകൾക്ക് 33% സംവരണം ഏർപ്പെടുത്തുക.
9. വിദേശമദ്യം ഉൾപ്പടെ പഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
10. സ്ത്രീപീഢനം, സ്ത്രീധനപീഢനം എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുക?
11. ടെലിവിഷൻ പരിപാടികൾ കുടുംബസദസ്സിൽ കാണാൻ കഴിയുന്ന വിധം പ്രദർശിപ്പിക്കുക.
12. വാർഡ്തല കുടിവെള്ള ദൗർലഭ്യം പരിഹരിക്കുക.

13. പൊതു തെരുവ് വിളക്കുകൾ ശരിയാം വണ്ണം കത്തിക്കു.

14. അഭ്യസ്ത വിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുക.

15. വീടുകളിലെ കക്കൂസുകളുടെ അപര്യാപ്തത പരിഹരിക്കുക. കക്കൂസുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

16. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ അശ്ലീല പോസ്റ്ററുകൾ പതിപ്പിക്കുന്നത് കർശനമായും തടയുക.

17. വാർഡ്തലത്തിൽ സ്ത്രീകൾക്ക് വേണ്ടി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

18. സ്ത്രീകൾക്ക് വേണ്ടി മാത്രം വിവിധ ഭാഗങ്ങളിൽ ബസ്സ് സർവ്വീസ് ആരംഭിക്കണം.

19. തപാൽപെട്ടികൾ സ്ഥാപിക്കണം.

20. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നല്കുക. പാർപ്പിടം, ഭൂമി ഇവ ഇല്ലാത്തവരെ പുനരധിവസിപ്പിക്കുക.

21. വീട് പുതുക്കിപണിയുവാൻ ധനസഹായം ലഭ്യമാക്കുക.

22. പഞ്ചായത്ത് തലത്തിൽ വനിതാ സഹകരണസംഘം സ്ഥാപിക്കുക.

23. സ്ത്രീകളെ വില്പനചരക്കാക്കുന്ന പരിപാടികളും, പരസ്യങ്ങളും നിരോധിക്കുക.

24. വാർഡ്തലങ്ങളിൽ സാനിട്ടറി സൗകര്യമേർപ്പെടുത്തുക.

25. ബസ്സുകളിൽ 50% സീറ്റുകൾ സ്ത്രീകൾക്ക് ഉറപ്പ് വരുത്തുക. ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കുക.

26. നിസ്സഹായരായ വൃദ്ധജനങ്ങൾക്ക് വേണ്ട ധനസഹായം നല്കുക.

27. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ അർഹതയുള്ളവർക്ക് ലഭ്യമാക്കുക.

28. നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യം ഏർപ്പെടുത്തുക.

29. അനാഥരും വിധവകളുമായ ദരിദ്രസ്ത്രീകൾക്ക് വേണ്ടി തൊഴിലധിഷ്ഠിത പുന:രധിവാസ കേന്ദ്രങ്ങൾ തുറക്കുക.

30. സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്ത്രീകളെ മാത്രം ഏൽപ്പിക്കുക.

31. ജനപ്രാതിനിധ്യ സ്വഭാവമുള്ള എല്ലാതലത്തിലും സ്ത്രീസംവരണം 50% ആക്കുക.

യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവത
—
എവിടെ സ്ത്രീ ആദരിക്കുന്നുവോ
അവിടെ ഐശ്വര്യം കളിയാടുന്നു

(10) സഹകരണമേഖല

അവലോകനം

എഴുപതോളം വർഷങ്ങൾക്കുമുമ്പുതന്നെ വട്ടിയൂർക്കാവ് പ്രദേശത്ത് സഹകരണസംഘങ്ങൾ പലതും പ്രവർത്തനം തുടങ്ങിയിരുന്നെങ്കിലും, അവയ്ക്കൊന്നിനും ജനകീയ സ്വഭാവമോ ബഹുജനപ്രസ്ഥാനങ്ങളുമായി ബന്ധമോ ഉണ്ടായിരുന്നില്ല. അതു കൊണ്ടുതന്നെ അവയ്ക്ക് ജനങ്ങളിൽ പ്രകടമായ സ്വാധീനം ചെലുത്താനും കഴിഞ്ഞിരുന്നില്ല. തൽഫലമായി അവയിൽ പലതും പ്രവർത്തനരഹിതമാകുകയോ കടലാസു സംഘങ്ങളായി മാറുകയോ ചെയ്തിട്ടുണ്ട്.

എന്നാൽ 1970 കാലഘട്ടം മുതൽ പുരോഗമന ജനകീയ പ്രസ്ഥാനങ്ങളുടെ സഹകരണ മേഖലയിലേക്കുള്ള പ്രയാണത്തിന്റെ ഫലമായി സഹകരണസംഘങ്ങൾക്ക് ജനകീയ സ്വഭാവം കൈവന്നു. ഇതോടുകൂടി ഈ മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാകുകയും സഹകരണ സംഘങ്ങൾ ജനകീയ സ്ഥാപനങ്ങളായി മാറുകയും ചെയ്തു. തുടർന്ന് സഹകരണ മേഖലയിൽ പുരോഗതി ഉണ്ടായി എങ്കിലും ജനങ്ങളുടെ പലവിധ ആവശ്യങ്ങൾ നിറവേറ്റാൻ പൂർണ്ണമായും ഈ പഞ്ചായത്തു പ്രദേശത്തെ സംഘങ്ങൾക്കു കഴിഞ്ഞിട്ടില്ല. അതിനുള്ള ഒരു പ്രധാന കാരണം, തിരുവനന്തപുരം സിറ്റിയോടു ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ അവരുടെ പലവിധമായ ആവശ്യങ്ങൾക്ക് ആശ്രയിക്കുന്നതിന് നഗരാതിർത്തിക്കുള്ളിലും സമീപപഞ്ചായത്തിലും ഉള്ള പല സംഘങ്ങളും ഈ പഞ്ചായത്തിൽതന്നെയുള്ള സ്വകാര്യ സ്ഥാപനങ്ങളും ഉണ്ട് എന്നുള്ള ഒരു സവിശേഷതയാണ്. അക്കാരണത്താൽ ഈ പഞ്ചായത്തിലെ ഗുണഭോക്താക്കൾ സഹകരണ പ്രസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സംഘടിക്കേണ്ട പ്രേരണ ഉണ്ടായിട്ടില്ല എന്നു മാത്രമല്ല, അവരെ സംഘടിപ്പിച്ച് സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് ഈ പഞ്ചായത്തിലെ ജനകീയ പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടുമില്ല.

വട്ടിയൂർക്കാവ് പഞ്ചായത്തു പ്രദേശം പ്രവർത്തനമേഖലയായുള്ളതും നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ സംഘങ്ങളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

പട്ടിക I

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ജീവനക്കാർ	ലാഭം/ നഷ്ടം
1.	വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 1652	1927	13187	40,99,260	19,28,55,000	20	നഷ്ടം
2.	നെട്ടയം ഹരിജൻ സർവ്വീസ് സഹകരണ സംഘം T. 708	1978	1100	1,17,814	34,221	1	നഷ്ടം
3.	നെട്ടയം ക്ഷീരോല്പാദക സഹകരണ സംഘം (APCOS) 3206	1951	724	9860	13,08,600	3	ലാഭം
4.	വെള്ളൈക്കടവ് ക്ഷീരോല്പാദക സഹകരണ സംഘം (APCOS) T. 233	1991	95	1030	3,70,000	2	ലാഭം
5.	വട്ടിയൂർക്കാവ് ക്ഷീരവ്യവസായ സഹകരണ സംഘം 3211	1950	296	3460	45,00,000	2	ലാഭം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ജീവനക്കാർ	പാദം/ നഷ്ടം
6.	വട്ടിയൂർക്കാവ് കൈത്തറി നെയ്ത്ത് സഹകരണ സംഘം (APCOS) T. 233	1954	183	9,09,828	12,00,000	3	നഷ്ടം
7.	ഇഷ്ടിക നിർമ്മാണ സഹകരണ സംഘം, കുലശേഖരം	1976	64	—	—	—	ലാഭം
8.	കൊടുങ്ങാനൂർ കൂട്ടു കൃഷി സഹകരണ സംഘം	1990	110	15,555	—	ഇല്ല	ലാഭം
9.	കുലശേഖരം ക്ഷീരവ്യവസായ സഹകരണ സംഘം 3211			(പ്രവർത്തന രഹിതം)			
10.	എക്സ് ട്രെയിനീസ് ഹരിജൻ പ്രിൻറിംഗ് സഹകരണ സംഘം, വാഴോട്ടുകോണം			(പ്രവർത്തന രഹിതം)			

വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്ക്

സഹകരണ സംഘങ്ങളിൽ പ്രധാനപ്പെട്ട സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ നടത്തുന്നത് വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്കാണ്. വട്ടിയൂർക്കാവ് പഞ്ചായത്തു അതിർത്തിക്കു പുറത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും വട്ടിയൂർക്കാവ് പഞ്ചായത്തു പ്രദേശം മുഴുവനും പ്രവർത്തനപരിധിയുള്ള ഈ സഹകരണ സ്ഥാപനത്തെ വട്ടിയൂർക്കാവ് പഞ്ചായത്തിലെ ഒരു പ്രധാന സഹകരണസംഘമായി കണക്കാക്കാവുന്നതാണ്. പകുതിയിൽ കൂടുതൽ അംഗങ്ങളും പഞ്ചായത്തു പ്രദേശത്തുള്ളവരാണ്. വട്ടിയൂർക്കാവ് പഞ്ചായത്തുപ്രദേശം കൂടാതെ തിരുവനന്തപുരം നഗരസഭയിലെ വട്ടിയൂർക്കാവ് വാർഡും കാഞ്ഞിരംപാറ വാർഡും ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നു.

1927-ൽ വിവിധോദ്ദേശ സഹകരണ സംഘമായി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് 45 വർഷത്തോളം ജനകീയ സ്വഭാവം ഉണ്ടായിരുന്നില്ല. 45 വർഷത്തിനുശേഷം ഭരണനിഷ്ക്രിയത്വം കാരണം ഡിപ്പാർട്ടുമെൻറ് ഈ സ്ഥാപനത്തെ 'റെക്റ്റിഫിക്കേഷൻ' കീഴിലാക്കുകയും അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തു. നാട്ടുകാരുടെ സഹകരണത്തോടെ 1973-ൽ ഇതിനെ സർവ്വീസ് സഹകരണസംഘമായി രജിസ്റ്റർ ചെയ്യുകയും ജനാധിപത്യപ്രക്രിയ ആരംഭിക്കുകയും ചെയ്തു. തുടർന്ന് 1977-ൽ ഇതു ഒരു സർവ്വീസ് ബാങ്കായി വളരുകയുണ്ടായി. ഇപ്പോൾ പതിമൂന്നായിരത്തിൽപരം 'എ' ക്ലാസ് അംഗങ്ങളും 40 ലക്ഷത്തിൽ കൂടുതൽ ഓഹരി മൂലധനവും ഉള്ള ഈ ബാങ്ക് പഞ്ചായത്തു അതിർത്തിക്കുസമീപം സ്വന്തമായുള്ള മൂന്നു നില കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

റേഷൻകട, വളം ഡിപ്പോ, കൺസ്യൂമർ സ്റ്റോർ, പ്രതിമാസ ലേലചിട്ടികൾ, ബാങ്കിംഗ് ബിസിനസ്, കാർഷിക-കാർഷികേതര വായ്പകൾ, സ്വർണപണയം, എന്നിവ കൈകാര്യം ചെയ്യുന്നു. നാലു കോടിയോളം രൂപാ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

ഈ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റാൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ.

• സങ്കുചിതമായ കക്ഷിരാഷ്ട്രീയ മത്സര ഫലമായുള്ള ഭരണസ്ഥിരതയില്ലായ്മയും കൂടെകൂടെയുള്ള അഡ്മിനിസ്ട്രേറ്റർ ഭരണവും അതോടൊപ്പമുള്ള കോടതി കേസുകളും ഈ ബാങ്കിന്റെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അംഗങ്ങൾ വായ്പ തുക വിനിയോഗിക്കുന്നതു കൂടുതലും പ്രത്യുല്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കാണ്. തിരിച്ചടക്കൽ യഥാസമയം നടക്കുന്നില്ല. റിക്കവറിയും കേസുകളും കൂടുന്നു. തന്മൂലം എസ്റ്റാബ്ലിഷ്മെൻറ് ചെലവും കൂടുന്നു. മൂന്ന് വർഷത്തലൊരിക്കലുള്ള തെരഞ്ഞെടുപ്പു ചെലവ് ഭാരിച്ച, ആഡിറ്റു ചെലവ് എന്നിവ സഹകരണസംഘത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നു. കൂടാതെ ബാങ്കിംഗ് മേഖലയിൽ സ്വകാര്യധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണമി

ല്ലാത്ത രംഗപ്രവേശവും അവർക്കു യഥേഷ്ടം പലിശ നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യവും സഹകരണ സംഘങ്ങളിലെ ബാങ്കിംഗ് ബിസിനസിനെ വിഷമസ്ഥിതിയിലാക്കിയിട്ടുണ്ട്.

സാധ്യതകൾ

പ്രവർത്തനം വിപുലീകരിച്ചാൽ ഈ ബാങ്കിന് വട്ടിയൂർക്കാവ് പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതിയിൽ ഏറ്റവും നിർണ്ണായകമായ ഒരു പങ്ക് നിർവഹിക്കാൻ കഴിയും. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രധാന സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ തുടങ്ങി പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്. നിക്ഷേപസമാഹരണത്തിന് പഞ്ചായത്തിൽ നിന്നും സാഹചര്യം ഒരുക്കികൊടുക്കുകയും ജനകീയാസൂത്രണത്തിൻ കീഴിൽ പഞ്ചായത്തു നടപ്പിലാക്കുന്ന വിവിധങ്ങളായ വികസന പ്രവർത്തനങ്ങളുടെ സാമ്പത്തിക ഏജൻസിയായി ഈ ബാങ്കിനെ അംഗീകരിക്കുകയും പണമിടപാടുകൾ ഈ ബാങ്കുമുഖാന്തിരം കൈകാര്യം ചെയ്യുകയും ചെയ്യണം. അങ്ങനെയായാൽ ഈ പഞ്ചായത്തിലെ ഉത്പാദന വ്യാപാര രംഗങ്ങളിൽ ഈ സഹകരണബാങ്കിന് ഫലപ്രദമായി ഇടപെടാൻ കഴിയും.

ആഡിറ്റിംഗിന് ഇപ്പോഴുള്ള കാലതാമസം ഒഴിവാക്കാൻ ഇപ്പോഴത്തെ ആഡിറ്റു സമ്പ്രദായം മാറ്റി പകരം പ്രത്യേകം ഒരു ആഡിറ്റ് പാനൽ രൂപീകരിക്കുകയും അവരെക്കൊണ്ട് അപ്പോഴപ്പോൾ ആഡിറ്റിംഗ് നടത്തുകയും ആഡിറ്റ് ചെലവ് ഗവൺമെൻറ് വഹിക്കുകയും വേണം. തെരഞ്ഞെടുപ്പു അഞ്ചു വർഷത്തിലൊരിക്കലാക്കിയാൽ ആ ഇനത്തിലുള്ള ആവർത്തനചെലവു കുറയ്ക്കാൻ കഴിയും. ജീവനക്കാർക്ക് പ്രൊഫഷണൽ ട്രെയിനിംഗ് സംവിധാനമുണ്ടാക്കണം.

നെട്ടയം ഹരിജൻ സർവ്വീസ് സഹകരണ സംഘം T. 708

1978 മുതൽ പഞ്ചായത്ത് ആ സ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘമാണ്. ഇപ്പോൾ 1100 അംഗങ്ങൾ ഉണ്ട്. മുൻകാലങ്ങളിൽ ഉള്ള മാനേജ്മെൻറിന്റെ കാര്യക്ഷമതയിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഹരിജൻ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കേണ്ട സാമ്പത്തിക സഹായം യഥാസമയം ലഭിക്കാതിരുന്നത്. സംഘത്തിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഒരു വായ്പാ സഹകരണ സംഘം ആയ ഈ സംഘം ജില്ലാ സഹകർബാങ്കിൽ നിന്നും വായ്പ എടുത്ത് അംഗങ്ങൾക്ക് പലിശയിൽ അല്പം വ്യത്യാസം വരുത്തി വിതരണം ചെയ്തിരുന്നു. വായ്പയ്ക്ക് പലിശ സബ്സിഡിക്ക് അർഹതയുണ്ടായിരുന്നതിനാൽ അംഗങ്ങളിൽ നിന്ന് മുൻകാലങ്ങളിൽ ഈടാക്കിയിരുന്നില്ല. സർക്കാരിൽ നിന്നും അവ (പലിശ സബ്സിഡി) യഥാസമയം ലഭിക്കുകയുണ്ടായില്ല. എന്നാൽ ബാങ്കിൽ കൃത്യസമയത്ത് പലിശ അടയ്ക്കേണ്ടതായും വന്നു. ഇത് സംഘത്തെ സാമ്പത്തിക ബുദ്ധിമുട്ടിൽ എത്തിച്ചു.

സ്വന്തായി ഓഫീസ് മന്ദിരം ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്. ഭീമമായ തുക വാടകയിനത്തിൽ പ്രതിവർഷം ചെലവാകുന്നു. അതിനാൽ സ്വന്തമായി ഒരു ഓഫീസ് കെട്ടിടം ആവശ്യമാണ്. സംഘത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതുവരെ മാനേജീരിയൽ സബ്സിഡി തുടർച്ചയായി നൽകണം. വായ്പാവിതരണത്തിന് വേണ്ടി പ്രവർത്തനമൂലധന ഫണ്ട് വർദ്ധിപ്പിച്ച് നൽകിയാൽ ജില്ലാ ബാങ്കിൽ നിന്ന് വലിയ പലിശ നൽകി വായ്പ എടുക്കേണ്ട അവസ്ഥ മാറ്റാൻ സാധിക്കും. വായ്പയ്ക്ക് ജാമ്യം നിൽക്കുന്നതിന് പ്രവർത്തന പരിധിക്കുള്ളിൽ ഹരിജനങ്ങളായ ഉദ്യോഗസ്ഥന്മാരുടെ കുറവ്, ശരിക്കുള്ള ജാമ്യവ്യവസ്ഥ ഏർപ്പെടുത്താൻ കഴിയുന്നില്ല. അതിനാൽ പ്രവർത്തന പരിധിക്കു പുറത്തുള്ളവരെയും ഹരിജനങ്ങൾ അല്ലാത്തവർക്കും ആയി 'സി' ക്ലാസ്സ് അംഗത്വം സംഘത്തിൽ ഏർപ്പെടുത്തിയാൽ ഇത് പരിഹരിക്കാം. ഹരിജൻ സംഘങ്ങളുടെ അപ്പക്സ് സംഘമായ '' ഹരി-ഗിരി ' ഫെഡറേഷനിൽ നിന്നും വിവിധ ചെറുകിട സംരംഭങ്ങൾക്ക് ദീർഘകാലം വായ്പകൾ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കിയാൽ സംഘം പ്രവർത്തനത്തിൽ പുരോഗതിയുണ്ടാകും. ഈ സംഘത്തെ പുനരുദ്ധരിക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിൽ നിന്നും, സർക്കാരിൽ നിന്നും സഹായവും ഉണ്ടാകേണ്ടതാണ്.

ക്ഷീരോത്പാദന സഹകരണ സംഘം

ഈ പഞ്ചായത്ത് അതിർത്തിയിൽ നെട്ടയം, വെള്ളൈക്കടവിലും, തിട്ടമംഗലത്തും ക്ഷീരോത്പാദന സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂന്നു സംഘങ്ങളിലുമായി നൂറോളം ക്ഷീരോത്പാദകരിൽ നിന്നും പ്രതിമാസം 15,000 ലിറ്റർ പാൽ ശേഖരിക്കുകയും 6000 ലിറ്റർ പാൽ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുകയും ബാക്കി മിൽമയ്ക്ക് അയക്കുകയും ചെയ്യുന്നു. 115 അം

ഗങ്ങളുള്ളതിൽ പത്തിൽ ഒന്നു അംഗങ്ങൾ പോലും ഇപ്പോൾ ക്ഷീരോൽപാദനത്തിൽ ഏർപ്പെട്ടിട്ടില്ല. ക്ഷീരോൽപാദകർ ക്രമേണ കുറഞ്ഞുവരികയാണ്. കാലിതീറ്റയുടെ അമിതമായ വില വർദ്ധനവും, നല്ലയിനം കാലികളെ കിട്ടാനുള്ള ബുദ്ധിമുട്ടും നെൽകൃഷി കുറഞ്ഞതുകാരണം വയ്ക്കോൽ കിട്ടാനുള്ള ബുദ്ധിമുട്ടും ആണ് സാധാരണക്കാരെ ഈ തൊഴിലിൽ നിന്നും പിന്തിരിപ്പിച്ചു കൊണ്ടിരിക്കുന്നത്. കൂടുതൽ പാലുല്പാദകരെ സൃഷ്ടിച്ച് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. അതിനായി നല്ലയിനം കാലികളെ ലഭ്യമാക്കുകയും കുറഞ്ഞ പലിശനിരക്കിൽ സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുകയും കുറഞ്ഞ നിരക്കിൽ കാലിതീറ്റ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും ക്ഷീരോത്പാദക സംഘങ്ങളെ പുഷ്ടിപ്പെടുത്താനും കഴിയും.

അതുപോലെതന്നെ സംഘത്തിലെ ക്ഷീരകർഷകർക്ക് മിൽ മയിൽനിന്നും ലിറ്ററിന് 7 രൂപ 50 പൈസ ആണ് പാൽ വിലയായി ലഭിക്കുന്നത്. മിൽമ 11 രൂപയ്ക്കാണ് പുറത്ത് വില്പന നടത്തുന്നതും. ഇവ രണ്ടും തമ്മിലുള്ള ഭീമമായ അന്തരം കുറച്ച് ലിറ്ററിന് 9 രൂപയെങ്കിലും കുറഞ്ഞവിലയായി ലഭിക്കത്തക്ക സാഹചര്യമുണ്ടാകണം. മിൽമയുടെ ചൂഷണത്തിൽ നിന്ന് ഉല്പാദകന് സംരക്ഷണം നൽകിയാൽ മാത്രമേ ഈ മേഖലയിൽ ഗണ്യമായ പുരോഗതിയുണ്ടാകുകയുള്ളൂ.

പഞ്ചായത്ത് പ്രദേശത്ത് സഹകരണ മേഖലയിൽ ഉള്ള സാദ്ധ്യതകൾ

1. നിക്ഷേപസമാഹരണം വഴി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് കൂടുതൽ പ്രത്യുല്പാദനകാര്യങ്ങൾക്ക് വായ്പ നൽകാൻ സർവ്വീസ് സഹകരണ ബാങ്കിനെ പര്യാപ്തമാക്കുക.
2. കാർഷികമേഖലയിൽ ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷിയിറക്കുന്നതിന് പ്രത്യേക ഗ്രൂപ്പു വായ്പാ സമ്പ്രദായം ഏർപ്പെടുത്താൻ സർവ്വീസ് ബാങ്കിനെ പ്രാപ്തമാക്കുക.
3. പഞ്ചായത്തിൽ ഒരു ക്ഷീര സംസ്ക്കരണയൂണിറ്റ് സ്ഥാപിക്കുക
4. പഞ്ചായത്തതിർത്തിക്കുള്ളിൽ മണിക്കണ്ടേശ്വരം, വാഴോട്ടുകോണം എന്നീ കേന്ദ്രങ്ങളിൽ കൈത്തറി ഉത്പാദന വിക്രയ സഹകരണസംഘം രൂപീകരിക്കുക.
5. തയ്യൽ പരിശീലനം, റെഡിമേയ്ഡ് വസ്ത്രങ്ങൾ, അച്ചാർ, പർപ്പടകം, കുട, പനമ്പ്, കവർ, മെഴുകിതിരി, സാമ്പ്രാണിത്തിരി, തീപ്പെട്ടി എന്നിവയുടെ നിർമ്മാണം ലക്ഷ്യമാക്കികൊണ്ടുള്ള വനിതാ സഹകരണസംഘങ്ങൾ പഞ്ചായത്തിൽ ഒരു വാർഡിൽ ഒരെണ്ണം എന്ന കണക്കിൽ ആരംഭിക്കാവുന്നതാണ്.
6. ഉപഭോക്തൃ സഹകരണസംഘങ്ങൾ രൂപീകരിക്കുക
7. പഞ്ചായത്തിൽ ഒരു കൂട്ടുകൃഷി സഹകരണസംഘം രൂപീകരിക്കുക. കർഷകന് വിവിധതരം കൃഷികൾ നടത്തുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക, തരിശു ഭൂമികൾ ഏറ്റെടുത്ത് കൃഷി നടത്തുക. കർഷകന്റെ കൃഷിഭൂമി പാട്ടത്തിനേറ്റെടുത്ത് കൃഷി ഇറക്കുക, കർഷകനാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാകാം.
8. വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക
9. ഭവന നിർമ്മാണസഹകരണസംഘം രൂപീകരിക്കുക. പ്രദേശത്തെ വീടില്ലാത്തവർക്ക് വസ്തു വാങ്ങി വീട് നിർമ്മിച്ചു കൊടുക്കുക, വസ്തുവാങ്ങുന്നതിനും വീട് വാങ്ങുന്നതിനും നിലവിലുള്ള വീട് പുതുക്കിപണിയുന്നതിനും, കൂടുതൽ ഭൂമി ഒന്നായി വാങ്ങി പ്ലോട്ടുകളായി തിരിച്ച് വില്ക്കുന്നതിനും, കെട്ടിട നിർമ്മാണസാധനങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനും, മുൻകൈ എടുക്കുക.
10. സംഭരണ സംസ്ക്കരണ വിപണന സഹകരണ സംഘം രൂപീകരിക്കുക. കാർഷികോൽപന്നങ്ങളായ നെല്ല്, വാഴക്കുല, മരച്ചീനി, പച്ചക്കറികൾ, റബ്ബർ, കുരുമുളക്, മുട്ട മുതലായവ സംഭരിച്ച് ആവശ്യമായ സംസ്ക്കരണം നടത്തി വിപണി കണ്ടെത്തുകയും അതിലൂടെ ഉത്പാദകന് ന്യായമായ വില ലഭ്യമാക്കാനും ഉതകുന്ന തരത്തിൽ പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയായി നെട്ടയം ആസ്ഥാനമാക്കി സംഭരണ

സംസ്ക്കരണ വിപണന സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.

11. കൊപ്ര സംഭരണ സംസ്ക്കരണ വിപണന സഹകരണ സംഘം രൂപീകരിക്കുക

12. പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് പഞ്ചായത്തിൽ നാമമാത്രമായിട്ടു മാത്രമേ വായ്പാ വിതരണം ചെയ്യുന്നുള്ളൂ. കൂടുതൽ വായ്പകൾ നല്കാൻ കഴിയണം.

13. സഹകരണ രംഗത്തെ രാഷ്ട്രീയാതിപ്രസരവും ഭരണസ്തംഭനവും ഒഴിവാക്കുവാൻ സംഘങ്ങളുമായി വായ്പാ-നിക്ഷേപ-സംവിധാനങ്ങളുമായി ഇടപാട് നടത്തുന്നവർക്ക് മാത്രം വോട്ടവകാശം നൽകുക എന്ന തത്വം പരീക്ഷിക്കേണ്ടിയിരിക്കുന്നു.

(11) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

വട്ടിയൂർക്കാവ് പഞ്ചായത്തിൽ 1991-ലെ സെൻസസ് അനുസരിച്ച് ആകെയുള്ള ജനസംഖ്യയുടെ പന്ത്രണ്ട് ശതമാനത്തോളം പട്ടികജാതിക്കാരാണ്. പഞ്ചായത്തിലെ 3992 പട്ടികജാതിക്കാരിൽ 1962 പുരുഷന്മാരും 2030 സ്ത്രീകളുമാണുള്ളത്. പട്ടികവർഗ്ഗങ്ങൾ നാമമാത്രമേയുള്ളു ംസെൻസസനുസരിച്ച് 40 പട്ടിക വർഗ്ഗക്കാരേ പഞ്ചായത്തിലുള്ളു.

ജനസഖ്യയുടെ 12% ഉണ്ടെങ്കിലും കാർഷിമേഖലയും പരമ്പരാഗത മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും പട്ടികജാതിക്കാരുടെ പങ്കാളിത്തം അനുദിനം കുറഞ്ഞ് വരുകയാണ്. വ്യാവസായിക മേഖലയിൽ ഇവരുടെ അസാന്നിദ്ധ്യം വളരെ പ്രകടവുമാണ്.

പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ ഓരോ മേഖലയും പരിശോധിച്ചാൽ മനസ്സിലാക്കുവാൻ സാധിക്കും.

തൊഴിൽ മേഖല

കാർഷികമേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ തൊഴിൽ സാധ്യത കുറയുകയാണ്. ഈ മേഖലയിലെ ആദായം കുറയുന്നതും, മറ്റ് മേഖലയിലെ കൂലിയുമായി താരതമ്യം ചെയ്യുമ്പോഴുള്ള അന്തരവുമാണ് ഇതിന് കാരണം. കൂടാതെ പട്ടികജാതിക്കാർക്ക് മതിയായ രീതിയിലുള്ള കൃഷി ഭൂമിയുമില്ല. മുൻകാലങ്ങളിലെപ്പോലെ ഭൂമി പാട്ടമായിനൽകുന്ന പതിവ് തീരെ ഇല്ലാതായി വരുകയുമാണ്. വിദ്യാഭ്യാസ മേഖലയിലേക്ക്കുള്ള കാഴ്ചപ്പാട് കൂടിവരുന്നതിനാൽ കാർഷികതൊഴിലിന് ആളെകിട്ടാതെ വരുന്നു.

വ്യവസായ മേഖല

പഞ്ചായത്തിന്റെ വ്യാവസായ പിന്നോക്കാവസ്ഥ പോലെ തന്നെ, ഈ രംഗത്ത് പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ സാന്നിദ്ധ്യം തീരെ ഇല്ല എന്ന് തന്നെ പറയാം. വായ്പകൾ ഉപയുക്തമായ രീതിയിൽ പ്രയോഗിക്കാത്തതിന്റെ കുറവുമുണ്ട്.

സർക്കരിന്റെയും, വാണിജ്യബാങ്കിന്റെയും വിവിധ സബ്സിഡിയോടുകൂടിയുള്ള പദ്ധതികൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി ക്ഷേമവും ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതൊക്കെ നമ്മുടെ പഞ്ചായത്തിൽ വേണ്ടരീതിയിൽ ഉപയോഗിച്ച് കാണുന്നില്ല. ജനങ്ങളിൽ അവബോധത്തിന്റെ കുറവായിരിക്കാം ഇതിന് കാരണം.

വിദ്യാഭ്യാസമേഖല

പഞ്ചായത്തിലെ 1991-ലെ സെൻസസ് പ്രകാരം സർക്കാർ - സ്വകാര്യസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 376 പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ട്. ഇവരിൽ 190 ആൺകുട്ടികളും, 186 പെൺകുട്ടികളുമാണ്. മിക്ക കുടുംബങ്ങളിലും വിദ്യാഭ്യാസം നിർബന്ധമാക്കി കാണുന്നുണ്ട്. ഇതനുസരിച്ച് അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ എണ്ണവും വർദ്ധിച്ച് വരുന്നുണ്ട്.

വാർഡ്	അംഗീകൃത കോളനികൾ
മണികൺഠേശ്വരം	മേലത്ത് വിള ഹരിജൻ കോളനി
വേറ്റിക്കോണം	കുടയാൽമുകൾ, മണ്ണിംഗവിള, വേറ്റിക്കോണം IHDP കോളനി
കാച്ചാണി	പുന്നാം കോണം, കീഴിക്കോണം
മണലയം	നെല്ലിവിള പാളയംകോട്ടുകുഴി, മുളവ് കാട് ഗിരിജൻ കോളനി.
കുലശേഖരം	മുള്ളൻച്ചാണി.
വെള്ളൈകടവ്	മഞ്ചമ്പാറ മുളം മൂട് കോളനി
കൊടുങ്ങാനൂർ	പന്തുകളം

ആരുംതന്നെ തൊട്ടുകൂടാത്തവരായി ചിറക്കുന്നില്ല.
എല്ലാവരും ഒരേയൊരു അഗ്നിയിൽ നിന്നും ചൊട്ടി ഉതിരുന്ന സ്ഫുലിംഗങ്ങളാണ്

ഗാന്ധിജി

മറ്റ് കോളനികൾ

തുരുത്തുമൂല	ആയൂർക്കോണം
നെട്ടയം	വിലങ്ങറക്കോണം
കാച്ചാണി	നെല്ലിവിള
തിട്ടമംഗലം	കരിഞ്ഞാങ്ങര മൂല

വാർഡ്	ലക്ഷം വീട് കോളനികൾ
പിടയന്നൂർ	കുറ്റിയാംമൂട്
കൊടുങ്ങാനൂർ	പന്തുകളം
കുലശേഖരം	കുലശേഖരം
കാച്ചാണി	എ.കെ.ജി നഗർ 4 സെൻറ് പ്ലോട്ട്
പിടയന്നൂർ	ഇയ്യക്കുഴി 4 സെൻറ് പ്ലോട്ട്
കുലശേഖരം	കുലശേഖരം 4 സെൻറ് പ്ലോട്ട്
പിടയന്നൂർ	ഇയക്കുഴി രണ്ട് സെൻറ് പ്ലോട്ട്

കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി അത്ര മോശമല്ലാത്ത നിലയിലാണ്. മിക്ക കോളനികളിലും വൈദ്യുതി ലഭ്യമാണ്. കുടിവെള്ളപ്രശ്നവും ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട് പാർപ്പിടലഭ്യതയും ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യം, കുട്ടികളുടെ ഭാവി എന്നിവയെ കുറിച്ച പ്രശ്നങ്ങൾ ബാക്കിയുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ സ്ഥിതി പരിതാപകരമാണ്. പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രമാണുള്ളത്. അവിടെ തന്നെ ആവശ്യത്തിന് മരുന്നുകളോ, ചികിത്സയോ ലഭിക്കാത്ത അവസ്ഥയാണ്.

IRDP പദ്ധതി പ്രകാരം 1996-97 ലേക്ക് ധനസഹായത്തിന് തെരെഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ 80 പേരിൽ 28 പേരും പട്ടിക ജാതിക്കാരാണ്. പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുവാനും, വരുമാന ജനകമായ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുവാനും, തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുവാനും, കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനും കഴിഞ്ഞാൽ പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം കുറെക്കൂടി കാര്യക്ഷമമാക്കുവാൻ സാധിക്കും.

പ്രശ്നങ്ങൾ - ഗ്രാമസഭകളിൽ നിന്ന് ക്രോഡീകരിച്ചത്

1. കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകുക.
2. ഭൂരഹിതർക്ക് ഭൂമി നൽകുക.
3. ഭവനനിർമ്മാണ പദ്ധതികൾക്കുള്ള വായ്പകൾ ഗ്രാൻറുകൾ എന്നിവ ഉദാരമാക്കുക.
4. വെള്ളം, വെളിച്ചം, ഗതാഗതം എന്നിവ നൽകുക.
5. ഒരു വീട്ടിൽ ഒരു അംഗത്തിനെങ്കിലും വിദ്യാഭ്യാസ യോഗ്യതയമുസരിച്ച് ജോലി നൽകുക.
6. പൊതു സ്മശാനം ഉണ്ടാക്കുക.
7. അംഗൻവാടികൾ, പൊതു ടി.വി. എന്നിവ സ്ഥാപിക്കുക.
8. ഓല മേഞ്ഞ വീടുകൾ ഒഴിവാക്കി ഓട് മേഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ നൽകുക.
9. ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിനുള്ള നിയമതടസ്സവും, കാലവിളംബവും ഒഴിവാക്കുക.
10. പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക
11. കാർഷിക മേഖലയിലുള്ള തൊഴിലവസരങ്ങൾ ഉറപ്പാക്കുക
12. പരമ്പരാഗതമായി കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൃഷിഭൂമി നൽകുക
13. വിദ്യാഭ്യാസം ഉദാരമാക്കുക
14. വിദ്യാർത്ഥികൾക്കുള്ള ഗ്രാൻറ്, പ്രതിമാസ സ്റ്റൈപൻറ് എന്നിവയുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുക
15. എസ്.എസ്.എൽ.സി തോറ്റ കുട്ടികൾക്ക് ഒരു ചാൻസ് കൂടി പഠിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുക.
16. വാർദ്ധക്യപെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവയുടെ തുകകൾ വർദ്ധിപ്പിക്കുക
17. വിധവകളുടെ പെണ്മക്കളെ വിവാഹം കഴിച്ച് കൊടുക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക
18. മിശ്രവിവാഹിതർക്ക് കിട്ടുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക

സാധ്യതകൾ

1. സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കുള്ള പ്രത്യേക പരിശീലനങ്ങൾ
2. ജനസംഖ്യാനുപാതികമായി വികസന പദ്ധതികൾക്കു തുക നീക്കിവയ്ക്കുക.
3. വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
4. സർക്കാർ വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ.
5. വരുമാനം വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്കീം നടത്തിപ്പ്
6. ചെറുകിട ജലസേചനം, ഗ്രാമീണ വൈദ്യുതീകരണം, മണ്ണ് സംരക്ഷണം എന്നിവയുടെ വികസനത്തിനായി സ്കീമുകൾ
7. ചെറുകിട ജലസേചനം, ഗ്രാമീണ വൈദ്യുതീകരണം, മണ്ണ് സംരക്ഷണം എന്നിവയുടെ വികസനത്തിനായി സ്കീമുകൾ
8. ആരോഗ്യമേഖലയിൽ വേണ്ടുന്ന സൗകര്യങ്ങളും, ആശുപത്രികളുടേയും വികസനം
9. ബോധവൽക്കരണ പദ്ധതികൾ
10. തൊഴിൽപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് പരമ്പരാഗത വ്യവസായത്തിലും, കാഷിക വൃത്തിയിലും മുൻഗണന നൽകുക.
11. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തികൊണ്ടുള്ള വികസനം.

(12) വിഭവസമാഹരണം

മനുഷ്യവിഭവവും കാർഷിക സമ്പത്തും ജലസമ്പത്തും സംയോജിപ്പിച്ച് ഗുണപരമായി ഉപയോഗിച്ചാൽ ഉൽപാദനപ്രക്രിയയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുന്ന വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് ഒരു സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്താണ്.

സമൂഹത്തിന്റെ സമസ്ത മേഖലകളെയും ബാധിച്ചിട്ടുള്ള ഒരു തരം മുരടിപ്പ് നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി നിലവിലുള്ള വിഭവസമാഹരണം ഊർജിതപ്പെടുത്തുന്നതോടൊപ്പം പുതിയ വിഭവ സ്രോതസുകൾ കണ്ടെത്തേണ്ടതും അത്യന്താപേക്ഷിതമാണ്. തനത് വരുമാനത്തിലുള്ള വർദ്ധനവ് പ്രകടമാണ് എങ്കിലും പൊതു ഭരണ ചെലവിന്റെ സിംഹഭാഗമായി വരുന്ന ഉദ്യോഗസ്ഥരുടെ ശംബളം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് പഞ്ചായത്തുതല നിയന്ത്രണം അസാധ്യമാണ്. നിർമ്മാണ പ്രവർത്തനങ്ങളിലും മറ്റും ഇടനിലക്കാരുടെ കടന്നുകയറ്റം വിഭവചോർച്ചയ്ക്ക് വഴി ഒരുക്കുന്നതോടൊപ്പം വികസന പ്രക്രിയയുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച അജഗജാന്തര വ്യത്യാസവും സൂചിപ്പിക്കുന്നു. പദ്ധതികളും നടത്തിപ്പും ഇടത്തട്ടുകാർക്കും കോൺട്രാക്ടർമാർക്കും മറ്റും വേണ്ടി മാത്രമാണോ എന്നു ചിന്തിക്കുന്ന തലം വരെ കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജനകീയ ആസൂത്രണത്തിന്റെ അന്തസ്സത്തയും പ്രചോദനവും ഉൾക്കൊണ്ട് ഉയിർത്തെഴുന്നേറ്റ ഒരു നവജനതയുടെ ആശയാഭിലാക്ഷങ്ങൾ പൂർത്തീകരിക്കാൻ പോന്ന പ്രവർത്തനങ്ങൾ തീർച്ചയായും ഇതിനൊക്കെ കടിഞ്ഞാണിടാൻ പോന്നവയാണെന്ന് തെളിയിക്കുന്ന കാലം വിദൂരമല്ലെന്നു നമുക്കു പ്രത്യാശിക്കാം.

നഗരവുമായി അതിരുകൾ പങ്കിടുന്ന നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണ് കൂടുതൽ എങ്കിലും ഗണ്യമായ ഒരു വിഭാഗം സർക്കാർ ജീവനക്കാരും സ്ഥിരതാമസക്കാരാണ്. യുവാക്കളിൽ ഭൂരിഭാഗവും വിദ്യാസമ്പന്നരായ തൊഴിൽ അന്വേക്ഷകരാണ്. ജോലി സംബന്ധമായി ഗൾഫ് നാടുകളെ ആശ്രയിച്ചിട്ടുള്ളവരും കുറവല്ല.

പഞ്ചായത്തിന്റെ തനത് വരുമാന മാർഗ്ഗങ്ങളിൽ പ്രധാനം കെട്ടിട നികുതിയാണ്. ഈ ഇനത്തിൽ 94-95 സാമ്പത്തിക വർഷം 8,85,710 രൂപയും 95-96 സാമ്പത്തികവർഷം 9,28,184 രൂപയുമാണ് വരുമാനം. തൊഴിൽ നികുതി, സ്വത്ത് നികുതി, ലൈസൻസ് ഫീസ് എന്നിവയാണ് മറ്റു വരുമാന മാർഗ്ഗങ്ങൾ. കെട്ടിട നിർമ്മാണ രംഗത്ത് ഉണ്ടായിട്ടുള്ള വർദ്ധനവ് വരുമാന വർദ്ധനവിലും പ്രതിഫലിച്ചുകാണുവാൻ കഴിയും. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിലും ശുഷ്കാന്തി കാണിക്കേണ്ടിയിരിക്കുന്നു. നിലവിൽ 9763 കെട്ടിടങ്ങളാണ് പഞ്ചായത്തിലുള്ളത്.

സർക്കാർ ഗ്രാൻറിനത്തിൽ വസ്തു കൈമാറ്റം, അടിസ്ഥാന നികുതി, എസ്റ്റാബ്ലിഷ്മെൻറ്, വി.ആർ.എം., വി.ടി.സി. ഗ്രാൻറുകൾ എന്നിവയാണ് ലഭിച്ചു വരുന്നത്.

ഉപാധി രഹിതഫണ്ടും ജെ.ആർ.വൈയും പഞ്ചായത്ത് വിഹിതമായി ലഭിക്കുന്നുണ്ട്.

തൊഴിൽ നികുതി ഇനത്തിലും വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കനറാ ബാങ്ക്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, എന്നീ ദേശസാൽകൃത ബാങ്കുകളും വട്ടിയൂർക്കാവ് സർവീസ് സഹകരണ ബാങ്കുമാണ് പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ.

കാനറാബാങ്ക്, ഇഡ്യൻ ഓവർസീസ് ബാങ്ക് എന്നിവയിൽ 95-96 സാമ്പത്തികവർഷത്തിൽ നിക്ഷേപമായി യഥാക്രമം 875 ലക്ഷം, 406 ലക്ഷം എന്നീ കണക്കിൽ ആണ്.

വായ്പയിനത്തിലും മറ്റുമായി വിതരണം ചെയ്തിട്ടുള്ളത് യഥാക്രമം 155,139 ലക്ഷം രൂപയാണ്.

സഹകരണ സ്ഥാപനമായ വട്ടിയൂർക്കാവ് സർവീസ് സഹകരണ ബാങ്ക് 95-96 സാമ്പത്തികവർഷം 425 ലക്ഷം രൂപ നിക്ഷേപമായും 367 ലക്ഷം രൂപ വായ്പ നൽകുകയും ചെയ്തിട്ടുണ്ട്.

നിക്ഷേപങ്ങളിലും വായ്പയിനങ്ങളിലും ദേശസാൽകൃതബാങ്കുകളും സഹകരണ ബാങ്കും തമ്മിലുള്ള വ്യക്തമായ അന്തരം ഒരു പുനർ വിചിന്തനത്തിനു വക നൽകുന്നു.

ദേശസാൽകൃത ബാങ്കുകൾ നിക്ഷേപാനുപാതത്തിൽ വായ്പകൾ മതിയായ ജാമ്യവ്യവസ്ഥയിൽ വിതരണം ചെയ്താൽ നമ്മുടെ പഞ്ചായത്തിൽ ചെറുകിട, കാർഷിക വ്യാവസായിക രംഗത്ത് ഉല്പാദനപരമായ വർദ്ധനവ് ഉണ്ടാകുന്നതോടൊപ്പം തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ കഴിയുമെന്നുള്ളതും തർക്കമറ്റ വസ്തുതയത്രെ.

നെട്ടയം 'ജംഗ്ഷനിൽ 1987-ൽ ഗ്രാമവികസനവകുപ്പിന്റെ സഹായത്തോടെ പൂർത്തിയാക്കിയ ഇരുനിലകെട്ടിടത്തിൽ രണ്ടാം നിലയിൽ പഞ്ചായത്ത് ആഫീസും കോൺഫറൻസ് ഹാളും പ്രവർത്തിക്കുന്നു. ഒന്നാം നിലയിൽ എട്ടുമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ് ആണ്.

പ്രവർത്തനരഹിതമായി കിടന്നിരുന്ന വാഴോട്ടുകോണം കമ്മ്യൂണിറ്റി ഹാൾ പുനർനിർമ്മാണം നടത്തിവരുന്നു.

കൊടുങ്ങാനൂരിൽ സാംസ്ക്കാരിക നിലയം പൂർത്തിയായി വരുന്നു.

നിലവിൽ അഞ്ചു മാർക്കറ്റുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും നെട്ടയം ജംഗ്ഷനിൽ പഞ്ചായത്ത് വക സ്ഥലത്ത് പ്രവർത്തിക്കുന്നതാണ് പ്രധാനം. ഇതിൽ നിന്നു മാത്രമാണ് പഞ്ചായത്തിന് വരുമാനം ലഭിക്കുന്നത്. ബാക്കിയുള്ളവയിൽ വഴയില, വെള്ളൈക്കടവ് എന്നിവിടങ്ങളിൽ പൊതു സ്ഥലത്തും കൊടുങ്ങാനൂർ, മൂന്നാംമൂട് എന്നീ സ്ഥലങ്ങളിൽ സ്വകാര്യ സ്ഥലങ്ങളിലുമാണ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നത്. ഈ മാർക്കറ്റുകൾക്ക് പഞ്ചായത്ത് ആവശ്യമായ സ്ഥലം നൽകി നിയമപ്രകാരമുള്ള പിരിവ് ഏർപ്പെടുത്തിയാൽ ഗണ്യമായ വരുമാന വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

നിലവിലുള്ള കെട്ടിടനിർമ്മാണ അനുമതികൾ പൂർണ്ണമായും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയാൽ പുതുക്കി പണിതവീടുകൾക്ക് കാലാനുസൃതമായി നികുതി പുനർനിർണ്ണയിക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾക്ക് നിയമസാധ്യത കൺക്കിലെടുത്ത് പിഴചുമത്തി നികുതി നിർണ്ണയിക്കുന്നതിനും കിട്ടേണ്ടുന്നതായ വരുമാനം മുഴുവൻ ഈടാക്കുന്നതിനും കഴിയും. ഇത് തനതുവരുമാനത്തിൽ ചെറുതല്ലാത്ത വർദ്ധനവ് ഉണ്ടാക്കുന്നതാണ്.

പ്രശ്നങ്ങൾ, സാധ്യതകൾ

1. മനുഷ്യവിഭവ ശേഷിയുടെ തോത് കണക്കാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ സാമൂഹ്യസർവ്വേ നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടുംബവരുമാനവും വ്യക്തിഗതവരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
2. ശാസ്ത്രീയവും കാലാനുസൃതവുമായ കൃഷിരീതി അവലംബിക്കുകയും കാർഷിക വിഭവശേഷി വർദ്ധിപ്പിക്കുകയും കാർഷികാടിസ്ഥാനത്തിലുള്ള അനുബന്ധവ്യവസായങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക - വ്യാവസായിക ഉൽപന്നങ്ങൾ സംഭരിക്കുന്നതിനും വില്പന നടത്തുന്നതിനുമുള്ള മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം. ഇത് വ്യവസായിക - കാർഷിക മേഖലകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും.
4. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലെ പഞ്ചായത്ത് പുറംപോക്കിൽ പൊതുമാർക്കറ്റുകൾ സ്ഥാപിച്ച് വരുമാനവർദ്ധനവും പ്രാദേശിക വിതരണവും സാധ്യമാക്കുക.
5. വിവിധ സാങ്കേതിക വകുപ്പുകളുടെ സേവനം ലഭ്യമാകുന്ന തരത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ പരിശീലന കേന്ദ്രം നടപ്പിൽ വരുത്തുക.
6. വിദേശ മലയാളികളുടെ നിക്ഷേപം, ബാങ്കുകളുടെ വായ്പ, വ്യവസായ വകുപ്പിന്റെ ആനുകൂല്യങ്ങൾ മുതലായവ സംയോജിപ്പിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് രൂപം നൽകുകയും പ്രസ്തുത യൂണിറ്റുകൾക്ക് നിലനിൽപ് ഉറപ്പുവരുത്തുകയും ചെയ്യുക.
7. വട്ടിയൂർക്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകളും മാവേലി സ്റ്റോറുകളും പഞ്ചായത്ത് ഉപകേന്ദ്രങ്ങളിൽ തുടങ്ങുക.
8. മിൽക് സൊസൈറ്റികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
9. പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് പുറകുവശത്ത് നിലവിലുള്ള പൊതുമാർക്കറ്റ് നെട്ടയം വാർഡിൽ പുന്നചിറകുളം സ്ഥിതി ചെയ്യുന്ന

സ്ഥലത്തിനു സമീപം ആവശ്യമായ സ്ഥലം ലഭ്യമാക്കി വിപുലമായി പുനസ്ഥാപിക്കുക.

10. നിലവിൽ മാർക്കറ്റ് ഉൾപ്പെടെ സ്ഥിതി ചെയ്യുന്ന നെട്ടയം ജംഗ്ഷനിലുള്ള സ്ഥലത്ത് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

11. മഠത്തുവിളാകം വാർഡിൽ ഉൾപ്പെടുന്ന അടുപ്പു കൂട്ടാൻപാറ പ്രദേശത്തെ വിശാലമായ പുറമ്പോക്കു ഭൂമിയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചാൽ തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുന്നതോടൊപ്പം വരുമാന വർദ്ധനവുണ്ടാക്കുന്നതിനും കഴിയും.

12. ഇരുത്തുംമൂല വാർഡിൽ വേഴയിലയിലുള്ള പഞ്ചായത്തു സ്ഥലത്ത് ഷോപിംഗ് കോംപ്ലക്സും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.

13. കരമനയാറിന്റെ ഓരത്ത് പ്രകൃതി ഭംഗിയാൽ രമണീയവും സുഖശീതളകാലാവസ്ഥയാൽ അനുഗൃഹീതവുമായ നമ്മുടെ പഞ്ചായത്തിലുള്ള 'കൂട്ടുംവാതിൽ' ഒരു വിനോദ സഞ്ചാര കേന്ദ്രമായി വികസിപ്പിച്ചെടുക്കാവുന്നതാണ്.

പട്ടിക - 1

വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് വരവ്

ക്രമ നമ്പർ	ഇനം	1993-94	1994-95	1995-96
എ.	തനത് വരുമാനം			
1.	കെട്ടിട നികുതി	6,41,250	8,85,710	9,28,184
2.	തൊഴിൽ നികുതി	1,50,115	1,51,985	2,15,076
3.	വിനോദ നികുതി, പരസ്യ നികുതി	10,553	8,986	742
4.	ലൈസൻസ് ഫീ.	4602	6360	6869
5.	ലീസ്, ലേലം, പലവക	9,165	1,55,182	17,847
ബി.	സർക്കാർ ഗ്രാൻറ്			
1.	അടിസ്ഥാനനികുതി			13,436
2.	എസ്റ്റാബ്ലിഷ്മെൻറ്			
3.	വി.ആർ.എം.		6,67,522	
4.	വി.ടി.സി			1,37,030
5.	എം.ഐ			
6.	വസ്തുകൈമാറ്റ ചുങ്കം	3,69,797	2.67,546	3,65,327
സി.	മറ്റിനങ്ങൾ			
1.	ഉപാധി രഹിതഫണ്ട്	1,70,250	2,07,500	4,87,990
2.	ഡെപ്പോസിറ്റ്	59,863	82,500	30,912
3.	ജെ.ആർ.വൈ	1,268	——	2,42,100

പട്ടിക - 2 ചെലവ്

	ഇനം			
1.	ഭരണം	5,76,946	6,64,198	7,92,817
2.	പൊതുമരാമത്ത്	4,64,701	5,31,029	6,19,601
3.	വിദ്യാഭ്യാസം	10,000	1,910	3,856
4.	ജലവിതരണം, ആരോഗ്യം	--	61,933	68,816
5.	തെരുവു വിളക്ക്	2,18,617	2,47,127	2,97,610
6.	മറ്റുള്ളവ	6,12,214	3,08,241	4,26,573

BANKING

ബാങ്കിംഗ്

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	നിക്ഷേപം (കോടിയിൽ)			വായ്പ (കോടിയിൽ)		
		1993-94	1994-95	1995-96	1993-94	1994-95	1995-96
1.	കാനറാ ബാങ്ക്	--	7.25	8.75	--	1.54	1.55
2.	ഇൻഡ്യൻ ഓവർസീസ് ബാങ്ക്	2.47	2.93	3.34	1.03	1.28	1.40
3.	വട്ടിയൂർക്കാവ് സർവീസ് സഹകരണ ബാങ്ക്	2.34	3.48	4.28	1.87	2.62	3.68

ഉപസംഹാരം

1996 ഒക്ടോബർ 2-ന് പുതിയ പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റതിനുശേഷം സന്നദ്ധ പ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും സഹകരണത്തോടുകൂടി ഒട്ടേറെ വികസന പ്രവർത്തനങ്ങൾ പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ നടന്നു. നോർത്ത് നിയോജക മണ്ഡലം എം.എൽ.എ ശ്രീ. എം. വിജയകുമാർ, ജില്ലാ പഞ്ചായത്തു മെമ്പർ അഡ്വ.ശ്രീ.കെ.മോഹൻകുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ശ്രീ.എം.ഹരിലാൽ വൈസ്പ്രസിഡൻറ്, പേരൂർക്കട ശ്രീകുമാർ, കവടിയാർ വാർഡ് കൗൺസിലർ ശ്രീമതി പ്രൊഫസർ ചന്ദ്ര, മുൻ പഞ്ചായത്ത് പ്രസിഡൻറുമാരായ ശ്രീ. റ്റി. ഗണേശൻ പിള്ള, ശ്രീ. ജി.തങ്കപ്പൻ നായർ, മുൻ പഞ്ചായത്ത് മെമ്പർ ശ്രീ. എം.സി. സുരേന്ദ്രൻ, മുൻ കവടിയാർ വാർഡ് കൗൺസിലർ ശ്രീമതി ലളിതാ സദാശിവൻ, പ്രൊഫസർ ശ്രീ. അപ്പുക്കുട്ടൻ നായർ, റിട്ട. പ്രൊഫസർ ശ്രീ. പ്രഭാകരൻ നായർ, ശ്രീ. കെ. ആർ.നായർ, എന്നിവരുടെ നേതൃത്വത്തിൽ പത്തുലക്ഷം രൂപ മതിപ്പ് ചിലവുള്ള പേരൂർക്കട - ഇന്ദിരാനഗർ മഠത്തുവിളാകം റോഡിൻെറ നിർമ്മാണം സന്നദ്ധപ്രവർത്തനത്തിലൂടെ വിജയകരമായി നടന്നുവരുന്നു.

രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും മറ്റുള്ളവരും, ചേർന്ന വികസനത്തിൻെറ വിസ്മയകരമായ കൂട്ടായ്മ മാതൃകാപരമാണ്. കൂടാതെ പഞ്ചായത്തിൽ സന്നദ്ധപ്രവർത്തനത്തിലൂടെ വഴയില-കുന്നുംപുറം ബണ്ട് റോഡ്, മേലത്തുവിള ഇടവഴി, കുന്നുംപുറം റോഡ്, കുഴിവിള-കാവടിത്തലയ്ക്കൽ റോഡ്, പന്നികുഴിക്കര ചെറുപാലോട് ഇടവഴി, വാഴവിള-ചീനിക്കോണം വടക്കേക്കര റോഡ് - നെട്ടയം-കിഴക്കുംകര ഇടവഴി പുലിക്കോട്ടുകോണം ഇടവറ റോഡ്. - പനയ്ക്കോട്-ഒലിപുറം വട്ടത്തിൽ മൂല റോഡ് മൂന്നാംമൂട് മങ്കാരംറോഡ്, കാച്ചാണി-കാപ്പിവിളറോഡ്, ഒഴുക്കുപാറ ഇടത്തറ റോഡ്. കുഴിയക്കോണം - പൊറ്റയിൽ റോഡ്, കല്ലുമല പരുത്തിവിള റോഡ്, ചെമ്പുകോണം റോഡ്. തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഞ്ചായത്ത് അംഗങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധരാഷ്ട്രീയ പ്രവർത്തകരും നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ യോജിപ്പ് പ്രകടമാക്കിയിട്ടുണ്ട്. '95-'96 സാമ്പത്തിക വർഷം തുടങ്ങിയതു മുതൽ കാച്ചാണി -പുന്നാംകോണം, മുള്ളംചാണിവിള-കുലശേഖരം, തോപ്പുമുക്ക്-കല്ലുമല, മുളവവിളാകം, കാച്ചാണി -പാലകുഴി, എന്നീ റോഡുകൾ ടാർ ചെയ്യുകയും, സി.പി.റ്റി-തട്ടാൻവിളാകം റോഡ്, വാഴോട്ടുകോണം, കഡിയക്കോണംലെയിൻ, നെട്ടയം-ശ്രീരാംനഗർ റോഡ്, കല്ലിംഗവിള റോഡ്, കുന്നുംപുറം റോഡ്, എന്നിവയുടെ ടാറിംഗ് പണികൾ നടന്നുവരുന്നു. JRY, IAY, Un-Died Fund എന്നീ പദ്ധതികളിലായി ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് 58 വീടുകളും 62 കക്കൂസുകളും നല്കിയിട്ടുണ്ട്. കൂടാതെ ദേശീയ നീർമറി വികസന പദ്ധതി (വാട്ടർഷെഡ്) പ്രദേശത്ത് 35 കുടുംബങ്ങൾക്ക് ആട്ടിൻകുട്ടികളെയും 225 കുടുംബങ്ങൾക്ക് കോഴികുഞ്ഞുങ്ങളേയും, തുകൽ പണി മരപ്പണി. ഇരുമ്പുപണി, ബാർബർ, ഈറ്റപ്പണി, അച്ചാർ നിർമ്മാണം കൂൺകൃഷി, തീറ്റപ്പുൽകൃഷി, മണ്ണ് സംരക്ഷണ പദ്ധതി എന്നിവയ്ക്ക് ധനസഹായം നല്കുകയും ചെയ്തു. സാസ്കാരിക വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ പഞ്ചായത്ത് കൊടുങ്ങാനൂരിൽ സ്ഥാപിച്ച 'സാംസ്കാരിക' നിലയത്തിൻെറ നിർമ്മാണജോലികൾ പൂർത്തിയായി. കൂടാതെ വാഴോട്ടുകോണം കമ്മ്യൂണിറ്റി ഹാളിനോട് അനുബന്ധിച്ച് ഒരു സദ്യാലയവും, പാചകപുരയും നിർമ്മാണം പൂർത്തിയായിവരുന്നു. രണ്ടായിരമാണ്ടോടെ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുക, എല്ലാ വീടുകളിലും കക്കൂസ് നിർമ്മിക്കുക,

ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് തോപ്പുമുക്ക്-കല്ലുമല, മുള്ളച്ചാണി, ചെപ്പള്ളി എന്നീ പദ്ധതികളുടെ കരട് രൂപം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഭൂരഹിതരായ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഭൂമിയും, വീടും നല്കുക, സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അംഗണവാടികൾക്കും കെട്ടിടം നിർമ്മിക്കുക. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളും സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിന് ആസ്ഥാനം ഉണ്ടാക്കുക. ആരോഗ്യ, വിദ്യാഭ്യാസ രംഗത്ത് നിലവാരം ഉയർത്തുന്നതിനുള്ള ബോധവൽക്കരണവും പ്രവർത്തനങ്ങളും നടത്താനും പഞ്ചായത്ത് പരിശ്രമം നടത്തും. കൂടാതെ തുടർ സാക്ഷരതാ വിദ്യാഭ്യാസവും വിപുലപ്പെടുത്തും.

നാളിതുവരെ ജനങ്ങൾ നല്കിയിട്ടുള്ള സഹകരണങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. വരുന്ന അഞ്ച് വർഷത്തേയ്ക്കും, ദീർഘകാലത്തേക്കും, ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്കാണ് പഞ്ചായത്ത് രൂപം നല്കുന്നത്. ഈ വികസന റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കും, നിർദ്ദേശങ്ങൾക്കുമായി വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്തിന് വേണ്ടി സമർപ്പിക്കുന്നു.

S. അനിരുദ്ധൻ
പ്രസിഡൻറ്
വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്

റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിച്ച റിസോഴ്സ് പേഴ്സൺമാർ ഉദ്യോഗസ്ഥർ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സന്നദ്ധ പ്രവർത്തകർ എന്നിവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ അച്ചടി പൂർത്തിയാക്കിതന്ന ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ മാനേജിംഗ് ഡയറക്ടർക്കും മറ്റ് ജീവനക്കാർക്കും നന്ദി.